
# മദർ ശൈന

## ബഥനിയുടെ വലിയ മദർ



ബഥനി സന്ന്യാസിനി സമൂഹത്തിന്റെ
ആദ്യ മദർ സുപ്പീരിയർ;
മാർ ഈവാനിയോസ് തിരുമേനിയിൽ
നിന്ന് പരിശീലനം സിദ്ധിച്ച
ഉത്തമസന്ന്യാസിനി; സമർപ്പിത.
ബഥനി സന്ന്യാസിനികൾക്ക്
സ്നേഹനിധിയായ അമ്മ.
ഉന്നതവും ലളിതവുമായ ജീവിതംകൊണ്ട്
ധന്യയായ വലിയ മദറിനെക്കുറിച്ച്
മുൻ മദർ ജനറൽ സിസ്റ്റർ ഫിലോമിന
രചിച്ച ജീവചരിത്രഗ്രന്ഥം.

സിസ്റ്റർ ഫിലോമിന എസ്. ഐ. സി.

ബഥനി സിസ്റ്റേഴ്സ് പ്രൊവിൻഷ്യൽ ഹൗസ്
പത്തനംതിട്ട

www.malankaralibrary.com Scanned with CamScanner

# മദർ ശൈന

## ബഥനിയുടെ വലിയ മദർ

സിസ്റ്റർ ഫിലോമിന എസ്. ഐ. സി.



www.malankaralibrary.com Scanned with CamScanner

www.malankaralibrary.com Scanned with CamScanner

മദർ ശൈന

ബഥനിയുടെ വലിയ മദർ

www.malankaralibrary.com Scanned with CamScanner

(Malayalam)
**Mother Shina**
**Bethaniyude Valia Mother**
Biography
by
**Sister Philomena SIC**

First Published February 2009

Cover Design : Bhattathiri
TypeSetting at Printbase, Thiruvananthapuram
Printed at St. Joseph's Press, Thiruvananthapuram
Price Rs. 100.00

Rights Reserved

Published by
**Bethany Provincial House**
**Pathanamthitta**

www.malankaralibrary.com Scanned with CamScanner

# മദർ ശൈന

## ബഥനിയുടെ വലിയ മദർ

(ജീവചരിത്രം)

സിസ്റ്റർ ഫിലോമിന എസ്. ഐ. സി.

പ്രസാധനം

ബഥനി പ്രൊവിൻഷ്യൽ ഹൗസ്

പത്തനംതിട്ട

www.malankaralibrary.com Scanned with CamScanner

www.malankaralibrary.com Scanned with CamScanner

**THE SYRO - MALANKARA CATHOLIC CHURCH**
**MAJOR ARCHDIOCESE OF TRIVANDRUM**

**Moran Mor Baselios Cleemis**
Major Archbishop - Catholicos
of The Malankara Catholic
Church & major Archbishop of
Trivandrum

Thirusannidhi
Major Archbishop's House,
Pattom, Trivandrum 695 004,
Kerala, India

06.03.2009

## അവതാരിക

ക്രിസ്തീയ സന്ന്യാസത്തിന്റെ അടിസ്ഥാനവും ആദർശരൂപവും യേശുനാഥൻ തന്നെയാണ്. സന്ന്യാസ സമർപ്പണത്തിലൂടെ യേശുസാന്നിദ്ധ്യം സഭയിലും സമൂഹത്തിലും മിഴിവോടെ ആവിഷ്കരിക്കപ്പെടുന്നു. ക്രിസ്തീയ സന്ന്യാസം സഭയിലാണ്. ഓരോ സന്ന്യാസസമൂഹവും ഓരോ കാലഘട്ടത്തിൽ ഓരോ പ്രതിസന്ധിയിൽപ്പെട്ടുഴലുമ്പോൾ സഭയ്ക്ക് ദൈവദാനമായി ലഭിച്ചതാണ്. അപ്രകാരം ബഥനി സമൂഹം മലങ്കര സഭയ്ക്കു ലഭിച്ച വരദാനം തന്നെ.

ക്രാന്തദർശിയും പുണ്യചരിതനുമായ ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനിയുടെ സത്യാന്വേഷണത്തിന്റെയും താപസജീവിതത്തിന്റെയും ഫലമായി ജന്മംകൊണ്ടതാണ് ബഥനി സന്ന്യാസ സമൂഹം. ഇത് മിശിഹാനുകരണ സന്ന്യാസസമൂഹം എന്നറിയപ്പെടുന്നു. സന്ന്യാസസമൂഹം 1919 ലും സന്ന്യാസിനിസമൂഹം 1925 ലും ആരംഭിച്ചു. മിശിഹാനുകരണ സന്ന്യാസിനി സമൂഹത്തിന്റെ പ്രഥമാംഗവും ആദ്യത്തെ മദർ സൂപ്പീരിയറുമായ ബഥനിയുടെ വലിയ മദർ എന്നറിയപ്പെടുന്ന മദർ ശൈനയുടെ ജീവചരിത്രം ഇപ്പോൾ പ്രസിദ്ധീകരിക്കുകയാണ്. ബഥനി സന്ന്യാസിനി സമൂഹത്തിന്റെ മദർ ജനറലായിരുന്ന സിസ്റ്റർ ഫിലോമിന എഴുതിയ മനോഹരമായ ഈ ഗ്രന്ഥം ബഥനിയുടെ ചരിത്രംകൂടിയാണ്. സ്ഥാപകരുടെ ചൈതന്യം കാലോചിതമായി എന്നും നിലനിർത്തുക എന്നുള്ളതാണ് ഏത് സന്ന്യാസ സമൂഹത്തിന്റെയും വെല്ലുവിളി. ബഥനിയുടെ ആദ്യയംഗമായ മദർ ശൈനയുടെ ജീവചരിത്രം സ്ഥാപകന്റെ ചൈതന്യം ഉൾക്കൊള്ളാൻ ഇന്നത്തെ തലമുറയ്ക്ക് സഹായകമാകും.

പത്തൊൻപത് അദ്ധ്യായങ്ങളുള്ള ഈ ഗ്രന്ഥത്തിന്റെ ആദ്യ രണ്ടദ്ധ്യായങ്ങൾ മദർ ശൈനയുടെ വ്യക്തിവൈശിഷ്ട്യവും കുടുംബ പശ്ചാത്തലവും ബാല്യവും വിവരിക്കുന്നു. മലങ്കര സഭയെ ഉദ്ധരിക്കുവാനുള്ള പരിശ്രമത്തിൽ പുരുഷന്മാർ മാത്രമല്ല സ്ത്രീകളും സന്ന്യാസ ജീവിതത്തിലേക്ക് കടന്നുവരണമെന്ന് ഫാദർ പി. റ്റി. ഗീവർഗ്ഗീസിന്റെ ദർശനവും അതിനുവേണ്ടിയുള്ള നടപടികളുമാണ് മൂന്നാമദ്ധ്യായത്തിൽ. 1915 ജൂൺ മുതൽ ബാരിസോളിലും



www.malankaralibrary.com Scanned with CamScanner

അതിന്റെ തുടർച്ചയായി 1920 മെയ് മുതൽ തിരുമൂലപുരത്തുമായി വിത്തു പാകി മുളപൊട്ടിയ ബഥനി സന്ന്യാസിനി സമൂഹത്തിന്റെ ആദ്യകാല പരിശീലനവും 1925 സെപ്റ്റംബർ 21-നു നടന്ന പ്രഥമ സന്ന്യാസ പ്രതിഷ്ഠയും അടുത്ത മൂന്നദ്ധ്യായങ്ങളിൽ വിവരിച്ചിരിക്കുന്നു. 1925 മെയ് 1-ാം തീയതി ആബോ ഗീവർഗ്ഗീസ് മാർ ഈവാനിയോസ് എന്ന നാമധേയത്തിൽ മെത്രാനായി വാഴിക്കപ്പെട്ടു. മെയ് 13-ാം തീയതി അദ്ദേഹം ബഥനി മക്കൾക്കയച്ച ഹൃദ്യമായ കത്തും ആറാമദ്ധ്യായത്തിൽ ചേർത്തിട്ടുണ്ട്. മാർ ഈവാനിയോസ് പിതാവിനോടൊപ്പം പുനരൈക്യപ്പെടുന്നതിന് ബഥനി സന്ന്യാസിനിമാർ, പ്രത്യേകിച്ചും സുപ്പീരിയറായിരുന്ന മദർ ശൈന അനുഭവിക്കേണ്ടിവന്ന ആന്തരിക സംഘർഷങ്ങളാണ് പുനരൈക്യപാതയിലേക്ക് എന്ന അദ്ധ്യായത്തിന്റെ പ്രമേയം. ബഥനി മഠാംഗങ്ങൾ ഒന്നൊഴിയാതെ സിസ്റ്റർ ശൈനയുടെ നേതൃത്വത്തിൽ ഒറ്റ സമൂഹമായി പുനരൈക്യപ്പെട്ട് മലങ്കര കത്തോലിക്കാസഭയിലെ ആദ്യത്തെ സന്ന്യാസിനി സമൂഹമായ ചരിത്രസംഭവമാണ് 'അവിസ്മരണീയമായ പുനരൈക്യം' എന്ന അദ്ധ്യായത്തിൽ വിവരിക്കുന്നത്. മദർ ശൈനയുടെ നേതൃത്വത്തിൽ എതിർപ്പുകളെ അതിജീവിച്ചുകൊണ്ടുള്ള ബഥനിയുടെ മുന്നേറ്റം ഒൻപതാമദ്ധ്യായത്തിൽ വിവരിക്കുന്നു.

സാർവ്വത്രിക സഭാ പ്രവേശനത്തോടെ ബഥനി മഠത്തിന് ലഭിച്ച ആദരം വിവരിക്കുന്നതോടൊപ്പം ബഥനിയുടെ അതിശീഘ്രമായ വളർച്ചയും മിശിഹാനുകരണ സന്ന്യാസിനി സമൂഹത്തിന്റെ സന്ന്യാസദർശനവും മദർ ശൈന ഉൾക്കൊണ്ട പുനരൈക്യ ദർശനവുമാണ് അടുത്ത മൂന്നദ്ധ്യായങ്ങളിൽ. 'പ്രേഷിതാഭിമുഖ്യ'മെന്ന പതിമൂന്നാമദ്ധ്യായത്തിൽ മലങ്കര കത്തോലിക്കാ സഭയുടെ പ്രേഷിതദൗത്യം വിശദീകരിക്കുകയും മാർത്താണ്ഡം കേന്ദ്രമാക്കി പുതിയ മിഷനറി സമൂഹമായ മേരിമക്കൾ ആരംഭിച്ച മേരീമക്കൾ സന്ന്യാസിനി സമൂഹത്തിന്റെ ആരംഭം അവതരിപ്പിക്കുകയും ചെയ്യുന്നു. 1938-ൽ മാർത്താണ്ഡത്ത് ആരംഭിച്ച മേരിമക്കൾ സന്ന്യാസിനി സമൂഹത്തിന്റെ പരിശീലനത്തിൽ സിസ്റ്റർ ബാസിമിന്റെ നേതൃത്വത്തിൽ ബഥനി സിസ്റ്റേഴ്സാണ് സഹായിച്ചത്. വിജാതീയരുടെ ഇടയിലുള്ള പ്രവർത്തനങ്ങളിൽ മദർ ശൈന പുലർത്തിയിരുന്ന സവിശേഷമായ താൽപര്യം വ്യക്തമാക്കുന്നതാണ് പ്രേഷിത പ്രവർത്തനങ്ങൾ എന്ന അദ്ധ്യായം. പ്രാർത്ഥനാ ജീവിതവും ശുശ്രൂഷാജീവിതവും കോർത്തിണക്കിയ മദർ ശൈനയുടെ ജീവിതശൈലി വിവരിക്കുന്ന പതിനഞ്ചാമദ്ധ്യായം ബഥനിയുടെ പ്രാർത്ഥനയിലൂന്നിയ നിഷ്ഠാജീവിതത്തിന്റെ ആവിഷ്കാരം കൂടിയാണ്. പ്രാർത്ഥനയുടെ അമ്മയായിരുന്ന മദർ ശൈനയുടെ ഹൃദ്യമായ നൂറുങ്ങ് പ്രാർത്ഥനകൾ പതിനാറാമദ്ധ്യായത്തിൽ ചേർത്തിരിക്കുന്നു. വലിയ മദറിന്റെ ധന്യമായ ജീവിതത്തിന്റെ അന്ത്യവും അനന്തര കർമ്മങ്ങളുടെ ഹൃദയസ്പർശിയായ വിവരണവുമാണ് 'നിത്യതയിലേക്ക്' എന്ന പതിനേഴാമദ്ധ്യായത്തിൽ, മാർ ഈവാനിയോസ്



www.malankaralibrary.com Scanned with CamScanner

തിരുമേനിയുടെ കാർമ്മികത്വത്തിലാണ് സംസ്കാര കർമ്മങ്ങൾ നടന്നത്. മാർ ഈവാനിയോസ് പിതാവ് സംസ്കാരകർമ്മം നിർവ്വഹിച്ച ഏക ബഥനി സന്ന്യാസിനിയും മദർ ശൈനയാണ്. വലിയ മദറിനെപ്പറ്റിയുള്ള സിസ്റ്റേഴ്സിന്റെ ആദരപൂർവ്വമായ ഓർമ്മകൾ പതിനെട്ടാമദ്ധ്യായത്തിൽ പങ്കുവച്ചിരിക്കുന്നു. സിസ്റ്റർ തൈബൂസ്, റവ. ഫാ. പക്കോമിയോസ് ഓ. ഐ. സി. എന്നിവരുമായുള്ള അഭിമുഖങ്ങളാണ് അവസാന അദ്ധ്യായമായി ചേർത്തിരിക്കുന്നത്.

പുണ്യചരിതയായ മദർ ശൈന ദിവംഗതയായിട്ട് 57 വർഷം പൂർത്തിയാകുന്നു. ബഥനി സന്ന്യാസിനി സമൂഹത്തിന്റെ പ്രഥമാംഗമായ മദർ ശൈന മാർ ഈവാനിയോസ് തിരുമേനിയുടെ സന്യാസദർശനം സ്വന്തം ജീവിതത്തിൽ ഒപ്പിയെടുത്തുകൊണ്ട് മിശിഹാനുകരണ സന്ന്യാസിനി സമൂഹത്തിന് ശരിയായ ദിശയിലൂടെ നേതൃത്വം നൽകി. ആ ധന്യജീവിതത്തെപ്പറ്റിയുള്ള പഠനം നമ്മിൽ പുതിയ ചൈതന്യം നിറയ്ക്കുവാൻ സഹായകമാകും. ബഥനിയുടെ ചരിത്രം ഇഴചേർന്ന് കിടക്കുന്ന ഈ ജീവചരിത്രം തയ്യാറാക്കുവാൻ ത്യാഗമേറ്റടുത്ത സിസ്റ്റർ ഫിലോമിനയെ ഞാൻ അഭിനന്ദിക്കുന്നു. സന്ന്യസ്തർക്ക് മാത്രമല്ല സഭാമക്കൾക്കേവർക്കും ആത്മീയമായ ഉണർവ്വ് നൽകുവാനും സത്യാന്വേഷണകരായ ചരിത്രപഠിതാക്കൾക്ക് വെളിച്ചം പകരുവാനും ഈ ഗ്രന്ഥം സഹായകമാകും. ഈ മനോഹര ഗ്രന്ഥം വായിക്കുന്ന ഏവരെയും സർവ്വശക്തനായ ദൈവം അനുഗ്രഹിക്കട്ടെ. ഈ ഗ്രന്ഥത്തിന് പ്രചുരപ്രചാരം നേർന്നുകൊണ്ട് സന്തോഷപൂർവ്വം പൊതുജനസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

+Baselios Cleemis

**ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവാ**
**+ മലങ്കര കത്തോലിക്കാസഭയുടെ മേജർ ആർച്ചുബിഷപ്പ്**



www.malankaralibrary.com Scanned with CamScanner

www.malankaralibrary.com Scanned with CamScanner

## ആശംസ

ബഥനി സമൂഹാംഗങ്ങളുടെ ചരിത്രമാണ് ബഥനിയുടെ ചരിത്രം. അവരുടെ ജീവിത അനുഷ്ഠാനങ്ങൾ എല്ലാം ബഥനിയെ രൂപീകരിച്ചു. പ്രത്യേകിച്ചും ആദ്യാംഗങ്ങളുടെ ജീവിതവും മാതൃകയും ബഥനിക്ക് അടിസ്ഥാനമിട്ടു. ബഥനിയുടെ ആദ്യ അംഗമായ മദർ ശൈനയുടെ ജീവിതം പരിശോധിച്ചാൽ അത് അഭിമാനത്തിന് വകനല്കുന്നതാണ്. മദർ ശൈനാ ബഥനി സന്ന്യാസിനി സമൂഹത്തിലെ സമർപ്പിതയായ ആദ്യ അംഗമെന്ന നിലയിലും സമൂഹത്തിന്റെ ആദ്യത്തെ മദർ എന്ന നിലയിലും പ്രത്യേകം ഓർമ്മിക്കപ്പെടേണ്ട വ്യക്തിയാണ്. ബഥനിയുടെ വലിയ മദർ സമൂഹാംഗങ്ങൾ എല്ലാവരുടെയും അമ്മയായിരുന്നു.

തൃപ്പൂണിത്തുറയിൽ പുരാതനകുടുംബമായ മൂക്കഞ്ചേരിൽ ജനിച്ചു. ദൈവദാസൻ മാർ ഇവാനിയോസ് തിരുമേനി പെൺകുട്ടികൾക്കായി ഒരു സന്ന്യാസസമൂഹം ആരംഭിക്കുന്നുവെന്നറിഞ്ഞപ്പോൾ സഭയിൽ ചേർന്ന് സമർപ്പിത ജീവിതം നയിക്കുവാൻ അതിയായി ആഗ്രഹിച്ചു. സ്വസഹോദരൻ പത്രോസ് ശെമ്മാശനിലൂടെ വന്ദ്യപിതാവുമായി സമ്പർക്കം പുലർത്തി പരിശീലനത്തിനായി ബാരിസോളിലേക്കുപോയി. സന്ന്യാസപരിശീലനം പൂർത്തിയാക്കി 1925 സെപ്തംബർ 21-ന് സമർപ്പിതരായവരോടൊപ്പം സ്വയം ദൈവത്തിന് അർപ്പിച്ചു. ബഥനി ഔദ്യോഗികമായി നിലവിൽവന്ന അവസരത്തിൽ സമൂഹത്തിന്റെ പ്രഥമസുപ്പീരിയറായി വന്ദ്യപിതാവ് മദർ ശൈനയെ നിയോഗിച്ചു. ബഥനിയുടെ ബാലാരിഷ്ടതകളിൽ തളരാതെ മുമ്പോട്ടു നയിച്ചതിൽ ഒരു മുഖ്യപങ്ക് മദർ വഹിച്ചു.

ഇന്നത്തെ തലമുറ ബഥനിയുടെ സിദ്ധികളിലേക്ക് തിരിഞ്ഞുനോക്കുമ്പോൾ മദർ ശൈനയെ പ്രത്യേകം സ്മരിക്കുകയും മദറിലൂടെയും ആദ്യ അംഗങ്ങളിലൂടെയും ലഭിച്ച പാരമ്പര്യത്തെ ആദരിക്കുകയും അതിൽ അഭിമാനംകൊള്ളുകയും ചെയ്യുന്നു. മദർ ശൈനയിലൂടെ ബഥനിക്ക് ലഭിച്ച അനുഗ്രഹങ്ങളെ പറ്റി ബഥനി സന്ന്യാസിനി സമൂഹത്തിന്റെ മുൻ സുപ്പീരിയർ



www.malankaralibrary.com Scanned with CamScanner

ജനറൽ സി. ഫിലോമിന(പത്തനംതിട്ട) അനുസ്മരിച്ച് മദറിന്റെ ജീവചരിത്രം സംഗ്രഹിച്ച് പ്രസിദ്ധീകരിക്കുകയാണ്. വരുംതലമുറയ്ക്ക് ആദ്യത്തെ മദറിന്റെ ജീവിതം പരിചയപ്പെടുത്തുവാൻ, മദർ ശൈനായിലൂടെ ബഥനിക്ക് ലഭിച്ച കൃപകളോർത്ത് ദൈവത്തിന് നന്ദി പറയുവാൻ ഈ ഗ്രന്ഥം ഉപകരിക്കുമെന്നതിൽ യാതൊരു സംശയവുമില്ല. ആദ്യകാല സമൂഹത്തെയും അംഗങ്ങളെയും അറിയാവുന്ന സിസ്റ്ററിന്റെ ഈ ഗ്രന്ഥം സമൂഹത്തെപ്പറ്റിയും മദറിനെപ്പറ്റിയുമുള്ള ശരിയായ അറിവ് പകരുന്നതിന് സഹായകമാണ്. സിസ്റ്റർ ഫിലോമിനയുടെ ത്യാഗപൂർണ്ണമായ ഈ സംരംഭത്തിന് സർവ്വശക്തൻ ധാരാളമായ പ്രതിഫലം നല്കട്ടെയെന്ന് നമുക്ക് പ്രാർത്ഥിക്കാം.

Sr. Benjamin SIC

സിസ്റ്റർ ബഞ്ചമിൻ എസ്.ഐ.സി.
മദർ ജനറൽ
ബഥനിസിസ്റ്റേഴ്സ് ജനറലേറ്റ്
കോട്ടയം



www.malankaralibrary.com Scanned with CamScanner

# ആമുഖം

ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ ദീർഘവീക്ഷണത്തിൽ നിന്നും ഉരുത്തിരിഞ്ഞ ബഥനി സന്ന്യാസിനി സമൂഹത്തിലെ പ്രഥമ അംഗമായ വന്ദ്യ മദർ ശൈന, ബഥനിയുടെ മണിമുത്താണ്. പ്രിയപ്പെട്ട മദറിനെ വരുംതലമുറയ്ക്ക് പകർന്നേകുവാൻ ലഭ്യമായ ഈ അസുലഭാവസരം ബഥനിക്ക് പുണ്യസ്വത്തുതന്നെ. ആചാര്യശ്രേഷ്ഠനും പുണ്യശ്ലോകനുമായ മാർ ഈവാനിയോസ് പിതാവിന്റെ പ്രചോദനം ഉൾക്കൊണ്ട് താപസപാത പുൽകിയ മദർ "ബഥനിയുടെ വലിയ മദർ" എന്ന സ്ഥാനത്തിന് അർഹയായി. സമൂഹത്തിലെ പ്രഥമ സന്ന്യാസിനി, പ്രഥമ മദർ സുപ്പീരിയർ-ബഥനിയുടെ ഒന്നാമത്തെ അംഗം, മാതൃസഭയിലേക്ക് പുനരൈക്യപ്പെട്ട ധീരവനിത എന്നീ നിലകളിൽ മദർ പ്രഥമഗണനീയയാണ്.

തൃപ്പൂണിത്തുറ മൂക്കഞ്ചേരിൽ കുടുംബത്തിൽ പത്രോസിന്റെയും മറിയത്തിന്റെയും ദൈവദാനമായി 1883 ഓക്ടോബർ 14-ന് പിറന്ന കുഞ്ഞ് വാത്സല്യപൂർവം വളർത്തപ്പെട്ടു. വന്ദ്യ മദറിന്റെ ജീവിതത്തിലാകമാനം ദൈവപരിപാലനയുടെ കരങ്ങളും, ഭക്തിയും ചൈതന്യവും തുളുമ്പുന്ന മുഖവും നമുക്ക് ദർശിക്കാവുന്നതാണ്. ബഥനിയുടെ കാരിസത്തിൽ അടിയുറച്ചു നിന്നുകൊണ്ട് മലങ്കരസഭയുടെ ആധ്യാത്മികനവോത്ഥാനത്തിന് തന്റെ ജീവിതം ഉഴിഞ്ഞുവച്ച സ്ത്രീരത്നമാണ് മദർ ശൈന. ദൈവനിയോഗത്തിന്റെ ഭാഗമായി ക്രമീകരിക്കപ്പെട്ട ബാരിസോളിലെ പഠനം സന്ന്യാസസംന്യാഗ ജീവിതത്തിന് വേരുപാകി. അദ്ധ്വാനപരമായ ജീവിതവും, ഭക്തിയും ലാളിത്യവും നിറഞ്ഞ പ്രാർത്ഥനാജീവിതവും ബഥനിയിലെ അംഗങ്ങൾക്ക് മാതൃകയും പ്രചോദനവും ഏകി. ശാന്തശീലയും വിനയാന്വിതയുമായ മദർ ശൈന തന്റെ ആഴമായ സന്ന്യാസപ്രതിഷ്ഠയിലൂടെ ആർജ്ജിച്ചെടുത്ത മനഃശക്തികൊണ്ട് ജീവിതത്തിൽ നേരിട്ട ഏത് അഗ്നിപരീക്ഷണത്തെയും അതിജീവിക്കാൻ പ്രാപ്തയായി.

മദർ ശൈനയുടെ 125-ാം ജന്മവാർഷികം ആചരിക്കുന്ന ഈ അവസരത്തിൽ ബഥനിയുടെ പ്രഥമ മദറിനെ ഇപ്രകാരം വരച്ചുകാട്ടുവാൻ, വരും കാലങ്ങളിൽ ബഥനിമക്കൾ ഓർമ്മയുടെ ചെപ്പിൽ ആദരത്തോടും സ്നേഹത്തോടുംകൂടി സൂക്ഷിക്കുവാൻ വലിയ മദറിന്റെ ജീവിതസംഭവങ്ങൾ ഒരു



www.malankaralibrary.com Scanned with CamScanner

ഗ്രന്ഥരൂപത്തിലാക്കുവാൻ മുൻകൈയെടുത്ത സിസ്റ്റർ ഫിലോമിന തികച്ചും അഭിനന്ദനാർഹതന്നെ. ദീർഘവീക്ഷണത്തോടും സമൂഹത്തിന്റെ ഉന്നതി കാംക്ഷിച്ചും അംഗങ്ങളുടെ ആത്മീയ സമ്പുഷ്ടി ലക്ഷ്യംവച്ചും ബഥനിയുടെ ആദ്യ അംഗത്തെ ഓരോ ബഥനി സന്ന്യാസ സമർപ്പിതയ്ക്കും ജീവിത മാതൃകയാക്കുവാൻ, പ്രചോദനമാകുവാൻ, സിസ്റ്റർ ഫിലോമിന നടത്തിയ ഈ സംരംഭം വരുംതലമുറയ്ക്ക് ഒരു മുതൽക്കൂട്ടാണ്.

തന്റെ ജീവിതത്തിലെ ഒരു നാഴികക്കല്ലാക്കി മാറ്റിയ ഈ യത്നത്തിലൂടെ, ശാരീരിക അസ്വസ്ഥതകളെയൊക്കെ അവഗണിച്ച്, വിജയപഥത്തിലെത്തിച്ച ഈ കർമ്മത്തിലൂടെ, ബഥനിമക്കൾക്ക് അഭിമാനമായി മാറിയ സിസ്റ്റർ ഫിലോമിനായ്ക്ക് പത്തനംതിട്ട പ്രോവിൻസിന്റെ അഭിനന്ദനങ്ങളും ആശംസകളും ധാരാളമായി നേർന്നുകൊണ്ട്,

**മദർ ദീപ എസ്. ഐ.സി.**
**മദർ പ്രൊവിൻഷ്യൽ**
**ബഥനി പ്രൊവിൻഷ്യൽ ഹൗസ്**
**പത്തനംതിട്ട.**



www.malankaralibrary.com Scanned with CamScanner

## മുഖവുര

ഭാഗ്യസ്മരണാർഹനായ ദൈവദാസൻ, അഭിവന്ദ്യമാർ ഈവാനിയോസ് പിതാവിന്റെ സത്യാന്വേഷണപാതയിൽ പ്രാർത്ഥനാപൂർവ്വം അനുഗമിക്കുകയും, കടുത്ത വെല്ലുവിളികളെ നേരിട്ടുകൊണ്ട് മാതൃസഭയുടെ മടിത്തട്ടിലേക്ക് ധൈര്യപൂർവ്വം തന്റെ ഒൻപതു സന്ന്യാസിനി സഹോദരങ്ങളുമൊത്ത് കടന്നുവരികയും ചെയ്ത ബഥനിയുടെ നേതൃത്വനിരയിലെ ഒരുജ്വലതാരമാണ് 'വലിയ മദർ' എന്നറിയപ്പെടുന്ന മദർ ശൈന. ബഥനി സന്ന്യാസിനി സമൂഹത്തിന്റെ ആരംഭദശയിൽ ബഥനിക്കു നേതൃത്വം നൽകിയ മദർ ശൈനയുടെ പാവനസ്മരണ നിലനിർത്തുന്നതിനായി വന്ദ്യമദറിന്റെ 125-ാം ജന്മവാർഷികത്തോടനുബന്ധിച്ച് ഒരു ലഘുജീവചരിത്രം പൊതുജനസമക്ഷം സമർപ്പിക്കുന്നതിൽ സന്തോഷമുണ്ട്.

"ദൈവസേവനത്തേക്കാൾ അത്യുത്തമം ദൈവസമ്പാദനം" എന്ന അഭിവന്ദ്യ മാർ ഈവാനിയോസ് പിതാവിന്റെ ആദർശത്തിനും സന്ന്യാസനിഷ്ഠകൾക്കും അനുരൂപമായി ബഥനിയെ കൈപിടിച്ചുനടത്തിയ ബഥനിസന്ന്യാസിനി സമൂഹത്തിന്റെ പ്രഥമസാരഥിയായ മദർ ശൈനയുടെ പ്രാർത്ഥനയും പ്രവർത്തനവും ബഥനിയെ ചൈതന്യനിർഭരമാക്കിക്കൊണ്ടിരിക്കുന്നു. സ്വന്തം കുടുംബത്തെയും ജനിച്ചുവളർന്ന സമുദായത്തെയും പരിത്യജിച്ച് ദൈവത്തിന് എത്രയും പ്രീതികരമായ ഹോമയാഗമായി തന്നെത്തന്നെ സ്വയം ദൈവത്തിനു സമർപ്പിച്ച 'വലിയ മദർ' ഇന്ന് സ്വർഗ്ഗത്തിലിരുന്നു നമുക്കുവേണ്ടി മാദ്ധ്യസ്ഥം വഹിക്കുന്നു. വന്ദ്യമദറിന്റെ മാദ്ധ്യസ്ഥം നമ്മുടെ വിശ്വാസത്തിന് കോട്ടയും സമർപ്പണത്തിന് ശക്തിയുമേകട്ടെ!

സ്ത്രീകൾക്കായി മലങ്കരസഭയിൽ ഇദംപ്രഥമമായി സ്ഥാപിതമായ ബഥനി സന്ന്യാസിനി സമൂഹത്തിൽ 'ആദ്യപ്രതിഷ്ഠ' നടത്തിയവരിൽ ഒന്നാമത്തെ അംഗവും ആദ്യത്തെ മദർ സുപ്പീര്യറുമായിരുന്ന മദർ ശൈന പുനരൈക്യത്തിന്റെ പ്രാരംഭഘട്ടത്തിൽ നേരിട്ട വെല്ലുവിളികളും, അനുഭവിക്കേണ്ടിവന്ന ക്ലേശങ്ങളും കഷ്ടതകളും ദൈവതൃക്കരങ്ങളിൽ നിന്നെന്നവണ്ണം, വീരോചിതമായി സഹിച്ചു. ക്ഷമയുടെയും ലാളിത്യത്തിന്റേതുമായ പാഠങ്ങൾ പഠിപ്പിച്ചു. എല്ലാവർക്കും പ്രിയംകരിയായ വലിയ മദറിന്റെ ത്യാഗപൂർണ്ണവും പുണ്യസുരഭിലവുമായ ജീവിതവഴിത്താരയിലൂടെ നമുക്കും യാത്ര ചെയ്യാം.



www.malankaralibrary.com Scanned with CamScanner

ഈ ഗ്രന്ഥത്തെ അമൂല്യമായ ഒരു അവതാരികകൊണ്ടനുഗ്രഹിച്ച മലങ്കരസഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാ ബാവായ്ക്കും ഇതിന്റെ പ്രസിദ്ധീകരണത്തിന് അനുമതിയും അംഗീകാരവും ആശംസയും നൽകിയ ബഥനിസന്ന്യാസിനി സമൂഹത്തിന്റെ മദർ ജനറൽ മദർ ബഞ്ചമിൻ എസ്. ഐ. സി. യ്ക്കും ഇതിന്റെ പ്രസിദ്ധീകരണത്തിന് മുൻകൈയെടുക്കുകയും പ്രോത്സാഹനം നൽകുകയും ആമുഖം എഴുതിത്തരികയും ചെയ്ത പത്തനംതിട്ട പ്രോവിൻസിന്റെ മദർ പ്രൊവിൻഷ്യൽ ബ. മദർ ദീപ എസ്. ഐ. സി.ക്കും പ്രത്യേകമായ കൃതജ്ഞത അർപ്പിക്കുന്നു. ഈ ചരിത്രം മുഴുവൻ വായിച്ച് വേണ്ട തിരുത്തലുകളും നിർദ്ദേശങ്ങളും നൽകി എഡിറ്റുചെയ്യുകയും വളരെ സമയമെടുത്ത് ഇതിന്റെ പ്രൂഫ് പരിശോധിക്കുകയും ഇതിന്റെ പ്രിന്റിംഗിനുവേണ്ടതെല്ലാം ചെയ്തുതരികയും ചെയ്ത ഡോ. ജോർജ്ജ് ഓണക്കൂറിന് ഹൃദയംനിറഞ്ഞ നന്ദി. ഇതിന്റെ അച്ചടിയും ബയന്റിംഗും ഭംഗിയായി നിർവ്വഹിച്ചുതന്ന സെന്റ് ജോസഫ്സ് പ്രസ് മാനേജർ, റവ. ഫദർ ജെയ്ക്കബ് കോരക്കൽ, ഡെപ്യൂട്ടി മാനേജർ റവ. ഫാദർ അഗസ്റ്റിൻ കിഴക്കേയിൽ ഇവർക്ക് ഹൃദയപൂർവ്വം നന്ദി അർപ്പിക്കുന്നു.

ബഥനി സന്ന്യാസിനി സമൂഹത്തിലെ ആദ്യാംഗവും പ്രഥമ സുപ്പീര്യറും മലങ്കരമക്കൾക്ക് വഴികാട്ടിയും മാർഗ്ഗദീപവുമായ മദർ ശൈനായുടെ 125-ാം ജന്മവാർഷികത്തിൽ, വന്ദ്യമദറിന്റെ പാവനസ്മരണയ്ക്കു മുൻപിൽ ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ട് ഈ ജീവചരിത്രം പുണ്യ ശ്ലോകനും പാവനചരിതനും ബഥനിസന്ന്യാസിനി സമൂഹത്തിന്റെ സ്ഥാപകപിതാവുമായ ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ പാദാരവിന്ദത്തിൽ സവിനയം സമർപ്പിച്ചുകൊള്ളുന്നു.

പത്തനംതിട്ട
06.03.2009

**സിസ്റ്റർ ഫിലോമിന എസ്. ഐ. സി.**
**പത്തനംതിട്ട പ്രോവിൻസ്**



www.malankaralibrary.com Scanned with CamScanner

ഉള്ളടക്കം

1. എന്താണ് മദർ ശൈനയുടെ മഹത്ത്വം? ........ 17
2. കുടുംബപശ്ചാത്തലം- കുടുംബം, ബാല്യം ........ 19
3. സ്ത്രീകൾക്ക് മലങ്കരയിൽ സന്ന്യാസമോ? ........ 24
4. 'പെരുനാട്ടിലേക്കുള്ള തീർത്ഥാടനം' ........ 32
5. ബഥനിയിലെ ആദ്യകാലങ്ങൾ ........ 40
6. ബഥനി സന്ന്യാസിനീസമൂഹസ്ഥാപനം ........ 44
7. പുനരൈക്യപാതയിലേക്ക് ........ 51
8. അവിസ്മരണീയമായ പുനരൈക്യം ........ 58
9. എതിർപ്പുകളുടെ പാതയിലൂടെ ........ 61
10. ആദരിക്കപ്പെട്ട ബഥനി ........ 65
11. സന്ന്യാസദർശനം ........ 71
12. പുനരൈക്യദർശനം ........ 76
13. പ്രേഷിതാഭിമുഖ്യം ........ 78
14. പ്രേഷിതപ്രവർത്തനങ്ങൾ ........ 83
15. പ്രാർത്ഥനാജീവിതവും കർമ്മോദ്യുക്ത ജീവിതവും ........ 86
16. മദർ ശൈനായുടെ പ്രാർത്ഥനകൾ ........ 90
17. നിത്യതയിലേക്ക് ........ 95
18. അവിസ്മരണീയമായ അനുഭവങ്ങളിലൂടെ ........ 99
19. അഭിമുഖങ്ങൾ ........ 103



www.malankaralibrary.com Scanned with CamScanner

www.malankaralibrary.com Scanned with CamScanner

## അധ്യായം - 1

# എന്താണ് മദർ ശൈനയുടെ മഹത്ത്വം?

ബഥനി മഠാംഗങ്ങൾക്കെല്ലാം ശ്രവണമാത്രയിൽ തന്നെ അഭിമാനമുണർത്തുന്ന പാവനനാമമാണ് 'മദർ ശൈന'. മാർ ഈവാനിയോസ് തിരുമേനി (എം. എ. അച്ചൻ) വിഭാവനം ചെയ്ത സന്ന്യാസിനി സമൂഹത്തിലെ ആദ്യ അംഗമായി തീരാൻ ദൈവം മുൻകൂട്ടി നിശ്ചയിക്കുകയും തെരഞ്ഞെടുക്കുകയും ചെയ്ത സ്ത്രീരത്നം. 1925-ൽ ബഥനിയിൽ പ്രഥമ അംഗമായി, തികച്ചും പൗരസ്ത്യവും ഭാരതീയവുമായ രീതിയിൽ പ്രതിഷ്ഠിതയായിത്തീരുകയും 1926-ൽ മഹൽപ്രതിഷ്ഠ (Solemn dedication) നടത്തുകയും ചെയ്ത ബഥനിയിലെ പ്രഥമ വ്യക്തിയും ഏക വ്യക്തിയുമാണ് മദർ ശൈന.

അഭിവന്ദ്യ മാർ ഈവാനിയോസ് പിതാവിന്റെ സത്യാന്വേഷണപാതയിൽ, പ്രാർത്ഥനാപൂർവ്വം മദർ ശൈന അനുഗമിച്ചു. 1930 സെപ്റ്റംബർ 20-ാം തീയതി നടന്ന ചരിത്രപ്രസിദ്ധമായ പുനരൈക്യത്തെ തുടർന്ന് മാതൃസഭയുമായുള്ള കൂട്ടായ്മയിലേക്ക് ധൈര്യപൂർവ്വം സ്വസഹോദരിമാരായ സന്ന്യാസിനിമാരുമൊത്ത് കടന്നു വന്നു. ബഥനി സന്ന്യാസിനി സമൂഹത്തിലെ ആദ്യഅംഗവും ബഥനിയിലെ ആദ്യത്തെ മദർ സുപ്പീര്യറുമായി "വലിയ മദർ" എന്ന് അറിയപ്പെട്ടു.

തൃപ്പൂണിത്തുറയിലെ പുരാതനമായ "മൂക്കഞ്ചേരിൽ" കുടുംബത്തിൽ പത്രോസ്, കുഞ്ഞാംമറിയം ദമ്പതിമാരുടെ മകളും, സ്ലീബാദാസ സമൂഹ സ്ഥാപകനായ അഭിവന്ദ്യ പത്രോസ് മാർ ഒസ്താത്തിയോസ് തിരുമേനിയുടെ സഹോദരിയുമായിരുന്നു അവർ.

1925 സെപ്റ്റംബർ 21-ാം തീയതി ബഥനി മിശിഹാനുകരണ സന്ന്യാസിനി സമൂഹം മലങ്കര യാക്കോബായ സഭയിൽ സമാരംഭിച്ചു. അന്ന് സന്ന്യാസപ്രതിഷ്ഠ നടത്തിയ മൂവരിൽ ഒന്നാമത്തെ അംഗമാണ് മദർ ശൈന. ബഥനിയുടെ സ്ഥാപകപിതാവും പുനരൈക്യ പ്രസ്ഥാനത്തിന്റെ പ്രണേതാവുമായ മാർ ഈവാനിയോസ് തിരുമേനിയുടെ മുമ്പാകെ സത്യപ്രതിജ്ഞ ചെയ്തുകൊണ്ട് കൂടെയുണ്ടായിരുന്ന ഒൻപത് സഹോദരങ്ങളോടൊപ്പം 1930 സെപ്റ്റംബർ 22-ാം തീയതി വെല്ലുവിളികളെ നേരിട്ടുകൊണ്ട് ധൈര്യപൂർവ്വം മാതൃ



www.malankaralibrary.com Scanned with CamScanner

സഭയിലേക്ക് പുനരൈക്യപ്പെട്ടു. അങ്ങനെ ബഥനി സന്ന്യാസിനി സമൂഹാംഗങ്ങളുടെ ഹൃദയവേദികളിൽ നിത്യപ്രകാശമായി.

മാർ ഈവാനിയോസ്, മാർ തെയോഫിലോസ് എന്നീ പിതാക്കന്മാരിൽ നിന്നും നേരിട്ട് സന്ന്യാസപരിശീലനം ലഭിച്ച ബഥനി സന്ന്യാസിനിയും ബഥനി മക്കൾക്ക് എന്നും സ്നേഹനിധിയായ അമ്മയുമായിരുന്നു മദർ. ഇദംപ്രഥമമായി മലങ്കരസഭയിൽ സ്ഥാപിതമായ ബഥനി സന്ന്യാസിനി സമൂഹത്തിന്റെ പ്രഥമ മദർ സുപ്പീര്യർ ആയിരുന്ന മദർ ശൈന 1926 മുതൽ 1930 വരെ സിസ്റ്റർ സുപ്പീര്യറായും, 1930 മുതൽ 1936 വരെ മദർ സുപ്പീര്യറായി തിരുമൂലപുരത്തും 1936 മുതൽ 1939 വരെ തിരുവനന്തപുരത്ത് മദർജനറലായും മഠാംഗങ്ങളെ സ്നേഹപൂർവ്വം നയിച്ചു. മലങ്കരസഭയിൽ സ്ത്രീകൾക്ക് സന്ന്യാസം നിഷിദ്ധമായിരുന്ന കാലത്ത് ദൈവത്തിനായി സ്വയം പ്രതിഷ്ഠിക്കുവാൻ തയ്യാറായി മുന്നോട്ടു വന്ന യുവതികൾക്ക് നേതൃത്വം കൊടുക്കുവാൻ ദൈവം തെരഞ്ഞെടുത്ത കന്യകാരത്നമാണ് മദർ ശൈന.

ആദ്യമായി നാലാഞ്ചിറ മഠംവകയായി പുതുതായി നിർമ്മിച്ച സെമിത്തേരിയിൽത്തന്നെ, ആദ്യ അംഗമായ മദർ ശൈനയുടെ മൃതശരീരം സംസ്കരിക്കപ്പെട്ടു. ആരായിരുന്നു കാർമ്മികനെന്നോ? പുനരൈക്യ പ്രസ്ഥാനത്തിന്റെ പ്രണേതാവും ബഥനി സന്ന്യാസിനീസമൂഹസ്ഥാപകനും തിരുവനന്തപുരം അതിരൂപതയുടെ പ്രഥമ മേലദ്ധ്യക്ഷനും മലങ്കര കത്തോലിക്കാ സഭയുടെ പരമാദ്ധ്യക്ഷനുമായിരുന്ന അഭിവന്ദ്യ മാർ ഈവാനിയോസ് തിരുമേനി. താൻ സ്ഥാപിച്ച സന്ന്യാസിനി സമൂഹത്തിൽ അഭിവന്ദ്യ മാർ ഈവാനിയോസ് തിരുമേനിയുടെ പ്രധാന കാർമ്മികത്വത്തിൽ ശവസംസ്കാര ശുശ്രൂഷകൾ ഏറ്റുവാങ്ങിയ ബഥനി സന്ന്യാസിനി സമൂഹത്തിലെ ഏക വ്യക്തിയാണ് മദർ ശൈന.

ഏറെ വർഷക്കാലം ബഥനി സന്ന്യാസിനി സമൂഹത്തിന്റെ വല്യമദറായി, കൊച്ചുമക്കളെ എന്നപോലെ ഞങ്ങളെ വാത്സല്യത്തോടെ വളർത്തുകയും സ്നേഹത്തോടെ കരുതുകയും സന്ന്യാസ സമർപ്പണ ജീവിതത്തിൽ കൈപിടിച്ചു നടത്തുകയും ഉറപ്പിക്കുകയും ചെയ്ത നല്ല അമ്മയാണ് മദർ ശൈന. ഔന്നത്യവും, ലാളിത്യവും നിറഞ്ഞുനിന്ന ധന്യജീവിതത്തിനുടമയായിരുന്നു മദർ.



www.malankaralibrary.com Scanned with CamScanner

# അധ്യായം - 2

## കുടുംബപശ്ചാത്തലം– കുടുംബം, ബാല്യം

ശതാബ്ദങ്ങൾ പഴക്കമുള്ള, പാരമ്പര്യം അവകാശപ്പെടുന്ന കുലീന കുടുംബമായിരുന്നു മദർ ശൈനയുടേത്. പ്രൊ. നാഗമയ്യ "തിരുവിതാംകൂർ മാനുവലി"ൽ കുടുംബപാരമ്പര്യത്തിന് ചൂണ്ടിക്കാണിക്കുന്ന വസ്തുത പ്രാചീന കുടുംബങ്ങളിൽ തലമുറകളായി നിലനിന്നുപോന്നിരുന്ന പൗരോഹിത്യമാണ്. പതിനേഴാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന 'മൂക്കഞ്ചേരിൽ' കുടുംബത്തിലെ അറിയപ്പെടുന്ന കാരണവരായ കുര്യൻ കത്തനാർ, സഹോദരപൗത്രനായിരുന്ന ഗീവറുഗീസ് റമ്പാൻ, അദ്ദേഹത്തിന്റെ സഹോദര പുത്രനും മദർ ശൈനയുടെ ഇളയസഹോദരനുമായിരുന്ന പത്രോസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ എന്നിവരുടെ ചരിത്രം ഇത് സാക്ഷിക്കുന്നു.

മദർ ശൈനയുടെ പൂർവ്വികർ സമുദായപ്രമാണികളും തികഞ്ഞ സഭാസ്നേഹികളുമായിരുന്നുവെന്ന് പതിനേഴാം നൂറ്റാണ്ടു മുതലുള്ള രേഖകൾ വെളിപ്പെടുത്തുന്നു. തൃപ്പൂണിത്തുറയിലേക്ക് കുടിയേറിപ്പാർത്തതിനു ശേഷം കൊച്ചി സംസ്ഥാന ഭരണത്തിലും അവർക്ക് നിർണ്ണായക സ്വാധീനം കൈവന്നിരുന്നതായി കാണാം. മലങ്കര ഓർത്തഡോക്സ് സഭാ സമൂഹത്തിൽ മൂക്കഞ്ചേരി കുടുംബാംഗങ്ങൾക്കുണ്ടായിരുന്ന സ്ഥാനം കുടുംബചരിത്രത്തിന്റെ ചുരുളഴിയുമ്പോൾ വ്യക്തമാകുന്നതാണ്.

ആർത്താറ്റ് പള്ളിയായിരുന്നു മൂക്കഞ്ചേരി തറവാട്ടുകാരുടെ മാതൃഇടവകയെന്ന് വിശ്വസിക്കപ്പെട്ടുപോരുന്നു. ഈ കുടുംബക്കാർ ചാലിശ്ശേരി–പാലയൂർ - കുന്നംകുളത്തു താമസിച്ചിരുന്ന സുറിയാനിക്കാരായിരുന്നെന്നും 1790–ലെ ടിപ്പുവിന്റെ പടയോട്ടക്കാലത്ത് വിശ്വാസ സംരക്ഷണാർത്ഥം കൊച്ചി ഭാഗത്തേക്കു പലായനം ചെയ്തതാണെന്നുമാണ് കരുതപ്പെടുന്നത്. ടിപ്പുവിന്റെ പിൻവാങ്ങലിനുശേഷം ആർത്താറ്റ് പള്ളി പുനരുദ്ധരിക്കപ്പെട്ടപ്പോൾ, പള്ളിക്ക് ഇവർ സഹായങ്ങൾ നൽകിയിരുന്നു എന്നതിന് തെളിവാണ് ആർത്താറ്റ് പള്ളിശീലാന്തിയിൽ കാണുന്ന "മൂക്കഞ്ചേരി കുടുംബം വക" എന്ന കൊത്തു പണി.



www.malankaralibrary.com Scanned with CamScanner

ടിപ്പുവിന്റെ പടയോട്ടത്തിൽ പലായനം ചെയ്ത ഒരു തായ്‌വഴി തൃപ്പൂണിത്തുറക്ക് സമീപം ഏരൂരിൽ ഒരു പറമ്പു വാങ്ങി താമസമാക്കി. "മൂക്കഞ്ചേരിപറമ്പ്" എന്നായിരുന്നത്രേ അതിന്റെ പേര്. "മൂക്കഞ്ചേരിൽ" എന്ന കുടുംബപ്പേരിന്റെ ഉദ്ഭവം ഇങ്ങനെയാണ്.

കുടുംബ കാരണവൻ "കത്തനാർ പാപ്പൻ" എന്നറിയപ്പെട്ടിരുന്ന കുര്യൻ കത്തനാരായിരുന്നു. ഇദ്ദേഹം തൃപ്പൂണിത്തുറ നടമേൽപള്ളിവികാരിയായിരുന്നു. ഇദ്ദേഹത്തെ സംസ്കരിച്ചിരിക്കുന്നത് ഈ പള്ളിക്കുള്ളിലാണ്. കുര്യൻ കത്തനാരുടെ സഹോദരൻ 'ചെറിയ' യിൽ നിന്നാണ് പിന്നീടുള്ള തായ്‌വഴികൾ. ചെറിയയ്ക്കു പൈലിചെറിയ, വർക്കിചെറിയ എന്ന രണ്ട് ആൺമക്കളുണ്ടായിരുന്നു. ഏരൂരിൽ ബിസിനസ്സ് നടത്തി വന്നിരുന്ന ഈ സഹോദരന്മാർ ഇരുവരും ചില തർക്കങ്ങളിൽ പെട്ടപ്പോൾ കുര്യൻ കത്തനാർ ഇവരെ തൃപ്പൂണിത്തുറയിലേക്ക് കൊണ്ടുവന്നു. തൃപ്പൂണിത്തുറ ദേവസ്വത്തിൽ നിന്നും കുര്യൻ കത്തനാർ വാങ്ങിയ "കത്തനാർ പറമ്പിൽ" ഇവർ വീടുവച്ച് താമസമാക്കി. പൈലിയുടെ മകൻ പൈലുണ്ണി നടമേൽപള്ളി ട്രസ്റ്റിയായിരുന്നു. പൈലിയുടെ കുടുംബശാഖ മൂന്നാംതലമുറയിൽ ആൺമക്കളില്ലാതെ അന്യം നിന്നുപോയി.

മൂക്കഞ്ചേരി വർക്കി ചെറിയയിലൂടെ കുടുംബം വികസിച്ചു. വർക്കി ചെറിയായുടെ നാല് ആൺമക്കളിൽ മൂത്തയാളാണ് ഗീവറുഗീസ് റമ്പാൻ. മുളന്തുരുത്തി സുനഹദോസിൽ സംബന്ധിച്ച ഈ ആത്മീയ ആചാര്യൻ അതിന്റെ പിറ്റേന്ന് പരിശുദ്ധ പാത്രിയാർക്കീസ് ബാവായിൽ നിന്ന് റമ്പാൻ പട്ടം സ്വീകരിക്കുകയായിരുന്നു. മെത്രാൻ പദവി ഇല്ലാത്ത സഭാസേവനം മതിയെന്ന് ശഠിച്ച ധീരോദാത്തനായിരുന്നു ഇദ്ദേഹം . പരുമല തിരുമേനിയുമായി അടുത്ത ബന്ധം പുലർത്തിയിരുന്ന റമ്പാച്ചൻ പഴയസെമിനാരിയിലെ മല്പാൻ സ്ഥാനത്തിനുശേഷം വെട്ടിക്കൽ ദയറായിലും ഹിൽപാലസിനടുത്ത് സ്ഥാപിച്ച സ്വന്തം ദയറായിലുമായി ആശ്രമജീവിതം കഴിച്ചു.

ഗീവറുഗീസ് റമ്പാന്റെ സഹോദരന്മാരിൽ രണ്ടാമനാണ് മദർ ശൈനായുടെ പിതാവ്. മദറിന്റെയും പിതൃസഹോദരന്മാരുടെയും കുടുംബശാഖകളായി ഇന്ന് 4 കുടുംബക്കാർ തൃപ്പൂണിത്തുറയിലുണ്ട്

| | | | |
|---|---|---|---|
| 1. | മൂക്കഞ്ചേരിൽ പടിഞ്ഞാറേവീട് | – | മദറിന്റെ പിതാവ് പണികഴിപ്പിച്ച വീട് |
| 2. | മൂക്കഞ്ചേരിൽ കിഴക്കേ വീട് | – | പിതൃസഹോദരൻ കുഞ്ഞിച്ചെറിയയുടെ വീട് |
| 3. | മൂക്കഞ്ചേരിൽ ബംഗ്ലാവു വീട് | – | പിതൃസഹോദരൻ പൈലിയുടെ വീട് |
| 4. | മൂക്കഞ്ചേരിൽ അങ്ങാടി വീട് | – | പിതൃ സഹോദരൻ യൗസേപ്പിന്റെ വീട് |



www.malankaralibrary.com Scanned with CamScanner

ഇതിൽ അങ്ങാടി വീടാണ് തറവാട്. മദറും സഹോദരങ്ങളും ജനിച്ചത് ഇവിടെയാണ്. കുടുംബത്തിലെ പതിവനുസരിച്ച് പിതൃസഹോദരങ്ങളിൽ ഇളയവനായ യൗസേപ്പ് ഇവിടെ താമസിച്ചു.

മൂക്കഞ്ചേരിൽ പടിഞ്ഞാറേ വീട്ടിൽ പുരവത്തിന്റെയും (പത്രോസ്) കൂളിയാട്ട് കുഞ്ഞാം മറിയത്തിന്റെയും പത്തുമക്കളിൽ ഒൻപതാമത്തെ സന്താനമായി മദർ ശൈന കൊല്ലവർഷം 1059 തുലാമാസം 1-ാം തീയതി (ക്രിസ്തുവർഷം 1883 ഒക്ടോബർ 14-ാം തീയതി) തറവാടു വീടായ അങ്ങാടിയിൽ ജനിച്ചു. "കുഞ്ഞിളച്ചി" എന്നറിയപ്പെട്ടിരുന്ന ശിശുവിന് തൃപ്പൂണിത്തുറ യാക്കോബായ പള്ളിയിൽ വച്ച് മാമ്മോദീസായും മൂറോനഭിഷേകവും നൽകി. 'ശോശാമ്മ' എന്നായിരുന്നു മാമ്മോദീസാപേര്. വീടിനടുത്തുള്ള ആശാൻ പള്ളിക്കൂടത്തിലും പിന്നീട് തൃപ്പൂണിത്തുറ പ്രൈമറിസ്കൂളിലും പഠനം നടത്തി.

മെലിഞ്ഞ ശരീര പ്രകൃതി, സൗമ്യമായ പെരുമാറ്റം, അഴകുള്ളതും പ്രസരിപ്പുള്ളതുമായ മുഖഭാവം ഇവ മറ്റുള്ളവർക്ക് കുഞ്ഞിളച്ചിയിൽ സന്തോഷമുളവാക്കിയിരുന്നു. തികഞ്ഞ യാക്കോബായ പാരമ്പര്യമുള്ള കുടുംബത്തിൽ ജനിച്ചു വളർന്ന "കുഞ്ഞിളച്ചി" ഭക്തകാര്യങ്ങളിൽ ശ്രദ്ധയുള്ളവളും സഭാസ്നേഹിയുമായിരുന്നു. ദൈവികചൈതന്യം തുളുമ്പുന്ന മുഖവും പ്രസന്നഭാവവും സൗമ്യമായ സമീപനവും വ്യക്തിത്വത്തിന്റെ ധന്യത വിളിച്ചറിയിക്കുന്നവയായിരുന്നു. സ്ത്രീവിദ്യാഭ്യാസം നിഷിദ്ധമായിരുന്ന കാലഘട്ടമായിരുന്നു അത്. ശൈശവവിവാഹം നിലവിലിരുന്ന കാലയളവ്. തൃപ്പൂണിത്തുറ തിരുവാംകുളം മെയിൻ റോഡിൽ (എൻ. എച്ച്. 49) മദറിന്റെ പിതാവ് പുരവത്ത് പണികഴിപ്പിച്ച "മാളിക വീടിന്" 150 വർഷത്തോളം പഴക്കമുണ്ട്. ഈ വീട്ടിൽ വച്ചാണ് എട്ടാം വയസ്സിൽ നാട്ടുനടപ്പനുസരിച്ച് കോലഞ്ചേരിയിൽ ഒരു കുലീനകുടുംബത്തിൽപ്പെട്ട പതിമൂന്നു വയസ്സുകാരനെ കൊണ്ട് കുഞ്ഞിളച്ചിയെ വിവാഹം കഴിപ്പിച്ചത്. എന്നാൽ ഈ ദാമ്പത്യബന്ധം അധികനാൾ നീണ്ടുനിന്നില്ല. പിതൃഭവനത്തിൽ താമസിച്ചിരുന്ന കുഞ്ഞിളച്ചി നാലഞ്ചുവർഷം കഴിഞ്ഞപ്പോൾ ടൈഫോയിഡ് ബാധിച്ചു കിടപ്പിലായി.സഹധർമ്മിണിയുടെ രോഗവിവരം തിരക്കിയെത്തിയ വരൻ ജ്വരബാധയാൽ ചരമം പ്രാപിക്കുകയും ചെയ്തു.

പിൽക്കാലത്ത് തുടരെ തുടരെ വന്നുകൊണ്ടിരുന്ന വിവാഹാലോചനകളെ സധൈര്യം എതിർത്തുകൊണ്ട് ഏകാന്തജീവിതം വീട്ടിൽതന്നെ തുടർന്നു. പിതൃസഹോദരൻ, വൈദികൻ ഇടക്കിടെ നല്ല ഉപദേശങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും നൽകിയരുന്നു. ഭക്തിമാർഗ്ഗത്തിനുതകുന്ന പുസ്തകങ്ങൾ വായിച്ചും പ്രാർത്ഥിച്ചും '33' വയസുവരെ വീട്ടിൽ തന്നെ തുടർന്നു. ഇക്കാലത്ത് തനിക്കുണ്ടായ ഒരു ദിവ്യദർശനം മദർ ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു: "90-ാമാണ്ട് ധനു 16-ാം തീയതി എന്റെ വീട്ടിൽ ഞാൻ തനിച്ച് ഒരു മുറിയിൽ ഇരുന്ന് 'മനുഷ്യാവതാരം' എന്ന പുസ്തകം വായിച്ച് ധ്യാനിക്കുന്ന അവസ



www.malankaralibrary.com Scanned with CamScanner

രത്തിൽ ദൈവകൃപയാൽ എന്റ അടുക്കൽ ഉണ്ണിയേശു പ്രത്യക്ഷപ്പെട്ടു. പുഞ്ചിരിതൂകിക്കൊണ്ടായിരുന്നു നിന്നത്. ഉടൻ തന്നെ മറഞ്ഞു. ഹാ! ഇത് എന്തോരത്ഭുതം! ഉണ്ണിയേശു ധരിച്ചിരുന്നത് വെള്ള ഉടുപ്പായിരുന്നു. ഇപ്രകാരം ഒരു കാഴ്ച കാണാൻ ഇടയായത് ദൈവത്തിന്റെ അളവറ്റ സ്നേഹംതന്നെ. ഉണ്ണിയയേശുവിനെ കാണിച്ചുതരണമേയെന്ന് ദൈവപിതാവിനോട് പ്രാർത്ഥിച്ച് ധ്യാനിച്ചുകൊണ്ടിരുന്നപ്പോഴായിരുന്നു മേൽപ്രകാരം കണ്ടത്...

മദർ ശൈനാക്ക് കുഞ്ഞിച്ചെറിയ, പൈലി, എം. പി. വർക്കി, എം.പി.പീറ്റർ എന്നീ നാലു പ്രഗല്ഭരായ സഹോദരന്മാരും അച്ച, ഉണ്ണിഅന്നം, കുഞ്ഞേലി, മറിയം, മാത്തിരി എന്നിങ്ങനെ അഞ്ചു സഹോദരിമാരും ഉണ്ടായിരുന്നു. ഇവരിൽ മദറിന്റെ നേരെ മൂത്തസഹോദരി മാത്തിരിയെ മൂവാറ്റുപുഴ ജില്ലയിൽ കുന്നക്കുരുടി എന്ന സ്ഥലത്താണ് വിവാഹം ചെയ്തയച്ചത്. ബഥനി സന്ന്യാസിനീ സമൂഹത്തിലെ പരേതരായ സിസ്റ്റർ റജീന, സിസ്റ്റർ ബ്രിജിറ്റ് എന്നിവരും ഇന്ന് മൂവാറ്റുപുഴ പ്രൊവിൻസിലുള്ള സിസ്റ്റർ ശൈനാമേരിയും മാത്തിരിയുടെ മകനായ രാമനാട്ടിൽ ബഹു. പത്രോസച്ചന്റെ മക്കളാണ്. അദ്ദേഹത്തിന്റെ ഒരു കൊച്ചുമകൾ സിസ്റ്റർ മരിയറാണിയും ഇന്ന് ബഥനി മൂവാറ്റുപുഴ പ്രൊവിൻസിൽ സേവനമനുഷ്ഠിക്കുന്നു. മലങ്കര കത്തോലിക്കാ സഭയിലേക്ക് പുനരൈക്യപ്പെട്ട ബഹു. പത്രോസച്ചൻ തിരുവല്ലാ രൂപതയിൽ പ്രശസ്തസേവനം അനുഷ്ഠിച്ച് 1977 ഡിസംബർ 18-ാം തീയതി സ്വർഗ്ഗീയ ഭാഗ്യത്തിലേക്ക് വിളിക്കപ്പെട്ടു.

മദർ ശൈനായുടെ നേരെ ഇളയ സഹോദരനാണ് പിൽക്കാലത്ത് "കർമ്മേലിലെ കർമ്മയോഗി" എന്നറിയപ്പെട്ടിരുന്ന സ്ലീബാദാസ സമൂഹസ്ഥാപകനായ അഭിവന്ദ്യ പത്രോസ് മാർ ഒസ്താത്തിയോസ് തിരുമേനി. മലബാറിന്റെ മെത്രാനായിട്ടാണ് അദ്ദേഹം വാഴിക്കപ്പെട്ടത്. ദലിതർക്കുവേണ്ടി ജീവിതം ഉഴിഞ്ഞുവച്ച സാമൂഹ്യപരിഷ്കർത്താവും സ്ലീബാദാസ സമൂഹത്തിലൂടെ ആത്മീയോത്കർഷം സാധിച്ച സാത്വികനുമായിരുന്നു അദ്ദേഹം. ഇന്ന് കണ്ടനാട് ദയാറയിൽ നിത്യവിശ്രമം കൊള്ളുന്നു. ദയറായക്കാരനായി ജീവിച്ച സഹോദരനും ബഥനിയിൽ സന്ന്യാസം വരിച്ച സഹോദരിയും തമ്മിൽ ഗാഢമായ ആത്മബന്ധം ഉണ്ടായിരുന്നു.

മദർ ശൈനായുടെ മൂത്തസഹോദരൻ എം. പി.വർക്കി കുടുംബത്തിലെ നേതൃത്വശേഷിയുള്ള ആളായിരുന്നു. "കുഞ്ഞിളച്ചി" യുടെയും "കൊച്ചുപിള്ള" എന്ന ഓമനപ്പേരിൽ അറിയപ്പെട്ടിരുന്ന കുഞ്ഞനുജൻ പീറ്ററിന്റെയും വിദ്യാഭ്യാസകാര്യങ്ങളൊക്കെ ഇദ്ദേഹമായിരുന്നു നോക്കിയിരുന്നത്. കൊച്ചി സംസ്ഥാന എക്സൈസ് വകുപ്പിൽ ഇൻസ്പെക്ടറായി ഉദ്യോഗമുണ്ടായിരുന്ന മിസ്റ്റർ വർക്കി പണ്ഡിതനും പ്രമാണിയുമായിരുന്നു. മാർ ഈവാനിയോസ് തിരുമേനി ശ്രീമാൻ വർക്കിയെ കാണുവാനായി ചിലപ്പോഴൊക്കെ മാളിക വീട്ടിൽ ചെല്ലുമായിരുന്നു. അങ്ങനെയാണ് കൊച്ചു പീറ്റർ (പിൽക്കാലത്ത് മെത്രാനായിത്തീർന്ന അഭിവന്ദ്യ പത്രോസ് മാർ ഒസ്താത്തിയോസ്



www.malankaralibrary.com Scanned with CamScanner

തിരുമേനി) എം. എ അച്ചന്റെ ശിഷ്യത്വം സ്വീകരിച്ച് സെറാമ്പൂരിൽ പഠനത്തിന് പോകാനിടയായത്. ഉദ്യോഗത്തിൽ നിന്നും വിരമിച്ച ശേഷം ശ്രീമാൻ വർക്കി തൃശൂരിൽ താമസമാക്കി. തൃശൂരിനെ പ്രതിനിധീകരിച്ച് കോട്ടയം പഴയ സെമിനാരിയിൽ അബ്ദുള്ള ബാവാ വിളിച്ചുകൂട്ടിയ സിനഡിൽ ഇദ്ദേഹം പങ്കെടുത്ത്, ബാവായ്ക്ക് മലങ്കരയിൽ ലൗകികാധികാരം കൊടുക്കാൻ പാടില്ലെന്ന് ശബ്ദം ഉയർത്തിയതായി കാണുന്നു.

മൂത്തസഹോദരൻ കുഞ്ഞിച്ചെറിയയും സഭാസേവനത്തിൽ വ്യക്തിമുദ്രപതിപ്പിച്ചിട്ടുണ്ട്. ട്രസ്റ്റിയായിരുന്ന് പ്രസിദ്ധമായ കരിങ്ങാച്ചിറപ്പള്ളി പണിതതും അവിടെ അബ്ദുള്ളാ ബാവായ്ക്ക് രാജകീയ വരവേൽപ്പ് ഒരുക്കിയതും തുടർന്ന് ബാവായ്ക്ക് എതിരായി നിന്നതുമൊക്കെ ഇദ്ദേഹവുമായി ബന്ധപ്പെട്ടുള്ള ചരിത്രമായി പറയപ്പെടുന്നു.

മൂക്കഞ്ചേരി പടിഞ്ഞാറേവീട്ടിൽ ഇന്നുള്ളത് സഹോദരൻ പൈലിയുടെ മകൻ ചെറിയാന്റെ ഭാര്യ ഏലമ്മയും അവരുടെ മകൻ എം. സി. വർഗീസുമാണ്. മദർ ശൈനായുടെ പിതാവിന്റെ മുറി മാളിക വീട്ടിലെ ഒന്നാം നിലയിൽ സൂക്ഷിച്ചിട്ടുണ്ട്. ഏലമ്മയ്ക്കു മദറിനെ ഇപ്പോഴും ഓർമ്മയുണ്ട്. "സ്നേഹമയിയായ അമ്മയായിരുന്നു മദർ" എന്ന് കിഴക്കേവീട്ടിലെ ദാസൻ ഓർക്കുന്നു.

വന്ദ്യമദറിന്റെ കുടുംബപശ്ചാത്തലത്തിൽ നിന്നും ഉരുത്തിരിഞ്ഞ ആ ധന്യ ജീവിതം ബഥനിമക്കൾക്കു ചൈതന്യമായി തീർന്നിരിക്കുന്നു. കുടുംബമഹിമയും സഭാത്മകത നിറഞ്ഞ ജീവിതവും എത്രകണ്ട് ദൈവവിളിയെ പ്രോത്സാഹിപ്പിക്കുന്നു എന്നതിന് മദറിന്റെ കുടുംബചരിത്രം സാക്ഷ്യം വഹിക്കുന്നു.

> "വിചാരത്തിലും സംസാരത്തിലും
> ദൈവഹിതത്തിനു
> ചേരാത്തതായി ഒന്നും
> വരാതിരിക്കാൻ ശ്രമിക്കും."
>
> മദർ ശൈന



www.malankaralibrary.com Scanned with CamScanner

# അദ്ധ്യായം - 3

## സ്ത്രീകൾക്ക് മലങ്കരയിൽ സന്ന്യാസമോ?

1653 ലെ കൂനൻ കുരിശു സത്യത്തെ തുടർന്ന് കേരളത്തിലെ ക്രൈസ്തവസഭ രണ്ടായി പിളർന്നു. സഭാഗാത്രത്തിനു നേരിട്ട ഈ മുറിവ് സഭകളുടെ ഐക്യത്തിലൂടെ മാത്രമേ സൗഖ്യമാകൂ എന്ന് ഉറച്ച് വിശ്വസിക്കുകയും, അതിനുവേണ്ടി പരിശ്രമിക്കുകയും ധീരമായി പോരാടി വിജയം വരിക്കുകയും ചെയ്ത പുണ്യപുരുഷനാണ് നാം ആദരിക്കുന്ന ദൈവദാസനായ മാർ ഈവാനിയോസ്.

ഇരുപതാം നൂറ്റാണ്ടിന്റെ പ്രാരംഭഘട്ടത്തിൽ ആദ്ധ്യാത്മിക ചൈതന്യം നഷ്ടപ്പെട്ട് അധികാര വടംവലിയുടെയും സമുദായ കലഹങ്ങളുടെയും നീർച്ചുഴിയിൽപ്പെട്ടു നട്ടം തിരിഞ്ഞ മലങ്കര സുറിയാനി സഭയെ –അസമാധാനത്തിന്റെയും അരാജകത്വത്തിന്റെയും പിടിയിലമർന്നുകൊണ്ടിരുന്ന മലങ്കര സഭയെ ഐക്യത്തിന്റെ പാതയിൽ എത്തിക്കുന്നതിനുവേണ്ടി ഭഗീരഥപ്രയത്നം നടത്തിയ സഭാസ്നേഹിയായിരുന്നു ഭാഗ്യസ്മരണാർഹനായ ആർച്ചുബിഷപ്പ് മാർ ഈവാനിയോസ്.

കൽക്കട്ടായിൽ, സെറാമ്പൂർ കോളജിൽ പ്രൊഫസറായി നിയമിതനായ പ്രശസ്തനും പ്രഗല്ഭനുമായ ഫാദർ പി. റ്റി. ഗീവറുഗീസ് മലങ്കര സുറിയാനിസഭയിലെ വൈദികരിൽ അന്ന് എം. എ. ബിരുദം നേടിയ ആദ്യ വ്യക്തിയായിരുന്നു. എം. എ. അച്ചൻ എന്ന പേരിൽ അറിയപ്പെട്ടിരുന്ന അദ്ദേഹത്തിന് ചെറുപ്പം മുതലെ സന്ന്യാസാഭിമുഖ്യം ഉണ്ടായിരുന്നു. ദൈവസ്നേഹത്തിൽ വേരൂന്നി വളർന്ന അദ്ദേഹത്തിന് മലങ്കരസഭയുടെ ആദ്ധ്യാത്മിക നവോത്ഥാനത്തിനുവേണ്ടി ജീവിതം ഉഴിഞ്ഞു വയ്ക്കണം എന്ന ആഗ്രഹമുണ്ടായി. ആ ദൗത്യത്തെപ്പറ്റിയുള്ള ചിന്ത അദ്ദേഹത്തിൽ രൂഢമൂലമായി. ദൈവത്തിനു സമ്പൂർണ്ണമായി സ്വയം പ്രതിഷ്ഠിക്കപ്പെട്ട അംഗങ്ങൾ അടങ്ങുന്ന ഒരു സന്ന്യാസ സമൂഹം മലങ്കരസഭയിൽ ഉണ്ടാകണമെന്ന് അദ്ദേഹം തീവ്രമായി ആഗ്രഹിച്ചു. ശാശ്വതമായ സമാധാനത്തിന്റെ പാത ദൈവത്തിനായി സ്വയം പ്രതിഷ്ഠിച്ചുകൊണ്ടുള്ള ഒരു ജീവിതത്തിലൂടെ മാത്രമേ സാദ്ധ്യമാകുകയുള്ളു എന്ന നിഗമനത്തിൽ എത്തിച്ചേർന്നു.



www.malankaralibrary.com Scanned with CamScanner

മഹാകവി ടാഗോറിന്റെ 'ശാന്തിനികേതനും' മഹാത്മജിയുടെ 'സബർമതി' ആശ്രമവും അദ്ദേഹം സന്ദർശിച്ചു. അവരുമായി ഉറ്റബന്ധം പുലർത്തി. ഭാരതീയ സന്ന്യാസദർശനവും ഭാരതീയ സംസ്കാരവും സ്വാംശീകരിച്ചുകൊണ്ട് പൗരസ്ത്യ രീതിയിലുള്ള ക്രിസ്തീയ സന്ന്യാസ സമൂഹത്തിന് രൂപം നൽകുന്നതിന് ഉറച്ചു. മലങ്കരസഭയുടെ ആദ്ധ്യാത്മികോന്നമനം സാധിക്കുകയും അതോടൊപ്പം ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിൽ ക്രിസ്തുവിന്റെ രക്ഷാകരസന്ദേശം എത്തിക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുകയും വേണം. ഈ ഉദ്ദേശ്യങ്ങൾ സാധിക്കുന്നതിനുതകുന്ന വിധത്തിൽ സന്ന്യാസസമൂഹം രൂപീകരിക്കുന്നതിന് അനുവാദം അപേക്ഷിച്ചുകൊണ്ട് എം.എ.അച്ചൻ തന്റെ ഗുരുവും മലങ്കരസഭയുടെ അദ്ധ്യക്ഷനുമായിരുന്ന അഭിവന്ദ്യ വട്ടശ്ശേരിൽ മാർ ദിവന്ന്യാസ്യോസിനെ സമീപിച്ചു. അദ്ദേഹം മലങ്കരയിൽ ഒരു സന്ന്യാസ സമൂഹസ്ഥാപനത്തിന് അനുമതിയും ആശീർവാദവും നൽകി. മലങ്കരസഭയുടെ ആദ്ധ്യാത്മിക നവോത്ഥാനത്തിനായി തന്റെ ഉന്നതമായ പ്രൊഫസർസ്ഥാനം രാജിവയ്ക്കുന്നതിനും എം. എ. അച്ചൻ തീർച്ചയാക്കി. സന്ന്യാസത്തിന്റെ തുടക്കം സെറാമ്പൂരിൽ വച്ചുതന്നെ നടന്നു. ഉപരിപഠനത്തിനായി സെറാമ്പൂർ കോളജിൽ എത്തിയ ഏതാനും വൈദികവിദ്യാർത്ഥികളും ഫാദർ പി. റ്റി. ഗീവറുഗീസും ചേർന്ന് തപോനിഷ്ഠയുടെയും ഏകാഗ്രതയുടെയും പ്രാർത്ഥനയുടേതുമായ ജിവിതത്തിന് രൂപം നൽകി.

മലങ്കരസഭയെ ഉദ്ധരിക്കാനുള്ള പരിശ്രമത്തിൽ പുരുഷന്മാർക്കായി മാത്രം സന്ന്യാസസമൂഹം ഉണ്ടായാൽ പോരാ, സ്ത്രീകൾക്കും സമൂഹനിർമിതിയിൽ വലിയ സ്ഥാനമുണ്ട് എന്ന് ഫാദർ പി. റ്റി. ഗീവറുഗീസ് തിരിച്ചറിഞ്ഞു. കുടുംബത്തിൽ സ്ത്രീകൾക്കുള്ള പ്രാധാന്യം വളരെ വലുതാണ് . ജീവിതം ദൈവസമ്പാദനത്തിനായി സ്വയം പ്രതിഷ്ഠിക്കുന്ന പുരുഷന്മാരെപ്പോലെ തന്നെ പരിത്യാഗത്തിലൂടെ ഈശ്വരസാക്ഷാത്ക്കാരം നേടാൻ സ്ത്രീകൾക്കും അവസരമുണ്ടാകണം. ഗൃഹാന്തർഭാഗങ്ങളിലേക്ക് കടന്നുചെന്ന് വെളിച്ചം പരത്താൻ സ്വയം ദൈവത്തിന് പ്രതിഷ്ഠിതരായ സ്ത്രീകളുടെ പ്രേഷിതവൃത്തിക്ക് കൂടുതൽ കഴിവുണ്ടാകും . ആകയാൽ സ്ത്രീകൾക്കും മലങ്കരസുറിയാനി സഭയിൽ ഒരു സന്ന്യാസ സമൂഹം ഉണ്ടാകേണ്ടത് അനിവാര്യമാണ് എന്ന് അദ്ദേഹത്തിന് ബോധ്യമായി. മലങ്കരസഭയിൽ സ്ത്രീകൾക്ക് സന്ന്യാസം നിഷിദ്ധമായിരുന്ന കാലഘട്ടം. ഈ കാര്യം എങ്ങനെ സാധിക്കും? സ്ത്രീ വിദ്യാഭ്യാസം വളരെ വിരളമായിരുന്ന സന്ദർഭം. 'സ്ത്രീ ന സ്വാതന്ത്ര്യമർഹതി' എന്നായിരുന്നു നാട്ടിലെ ചിന്താഗതി.

എം എ അച്ചൻ സെറാമ്പൂർ കോളജിലായിരുന്ന കാലത്ത് ഹൈചർച്ചുകാർ എന്ന് വിളിക്കപ്പെട്ടിരുന്ന Oxford Mission Sisters of the Epiphany (O.M.S.E.) എന്ന സമൂഹവുമായി സമ്പർക്കം പുലർത്തുന്നതിനിടയായി. കൽക്കട്ടയിൽ നിന്നും മുന്നൂറിൽ പരം മൈൽ അകലെ 'ബാരിസോൾ' എന്ന



www.malankaralibrary.com Scanned with CamScanner

സ്ഥലത്ത് ഇപ്പോഴത്തെ ബംഗ്ലാദേശിൽ സാധുക്കളായ ഇന്ത്യാക്കാരുടെ ഉദ്ധാരണാർത്ഥം സ്ഥാപിക്കപ്പെട്ടിരുന്ന മഠത്തിന്റെ സ്ഥാപകയായ മദർ ഈഡിത്ത് ലാം ഗ്രിഡ്ജ് എന്ന ബഹുമാന്യയായ കന്യാസ്ത്രീയുമായി അദ്ദേഹത്തിനുണ്ടായ പരിചയം മലങ്കരയിൽ ഒരു സന്ന്യാസിനീ സമൂഹത്തിന്റെ സ്ഥാപനത്തിന് വഴിയൊരുക്കി.

കേരളക്കരയിൽ വന്ന് മലങ്കരസഭയിൽപ്പെട്ട പെൺകുട്ടികൾക്കായി ഒരു സന്ന്യാസിനി മഠം തുടങ്ങുന്നതിന് എം. എ. അച്ചൻ മദറിനോട് ആവശ്യപ്പെട്ടു. തൽക്കാലം ആയതു സാധ്യമല്ലെന്നും കേരളത്തിൽനിന്നും സന്ന്യാസാഭിമുഖ്യമുള്ള ഏതാനും പെൺകുട്ടികളെ തെരഞ്ഞെടുത്തു ബാരിസോളിൽ കൊണ്ടുചെന്നാക്കിയാൽ അവർക്ക് സന്ന്യാസപരിശീലനം നൽകാമെന്നും ഉദാരമതിയായ മദർ ഈഡിത്ത് സമ്മതിച്ചു. അങ്ങനെ, അന്ന് മലങ്കര സഭാമേലദ്ധ്യക്ഷനായിരുന്ന വട്ടശ്ശേരിൽ മാർ ദിവന്ന്യാസ്യോസ് മെത്രാപ്പോലീത്തായുടെ അനുമതിയോടും ആശീർവാദത്തോടും കൂടി 1915-ൽ കേരളക്കരയിൽ നിന്നും കുലീനകുടുംബങ്ങളിൽപ്പെട്ടവരും മലങ്കര സഭാസ്നേഹികളും തന്റെ സുഹൃത്തുക്കളുമായവരുടെ മക്കളിൽ ചിലരെ തെരഞ്ഞെടുത്ത് പഠനത്തിനായി കൽക്കട്ട ആംഗ്ലിക്കൻ ഹൈസ്കൂളിലും സന്ന്യാസപരിശീലനത്തിനായി ബാരിസോളിലെ കന്യകാമഠത്തിലും എം. എ. അച്ചൻ കൊണ്ടുചെന്നാക്കി. എപ്പിഫനി സിസ്റ്റേഴ്സ് തനിഭാരതീയരീതിയിൽ ലാളിത്യമാർന്ന ജീവിതശൈലിയിൽ താൻ ഭരമേൽപ്പിച്ച പെൺകുട്ടികൾക്ക് ക്രിസ്തീയ മൂല്യങ്ങൾക്ക് അടിത്തറപാകിക്കൊണ്ട് സന്ന്യാസപരിശീലനം നൽകിവന്നു. ഈ പുതിയ പദ്ധതിയെപറ്റി കേരളക്കരയിൽ അറിയാൻ ഇടയായ അവസരത്തിൽ മക്കളെ അയയ്ക്കാൻ മിക്കവർക്കും താൽപര്യമില്ലായിരുന്നു. മലങ്കര സുറിയാനി സഭയിൽ കേട്ടുകേൾവിപോലുമില്ലാത്ത സ്ത്രീസന്ന്യാസമെന്ന പുരോഗമന പദ്ധതിയെ പലരും വിമർശിച്ചു; ആശങ്കപ്രകടിപ്പിച്ചു.

കുഞ്ഞിളച്ചി (എം. പി. ശോശാമ്മ)യുടെ ഇളയ സഹോദരനായ എം. പി. പത്രോസ് (ഹൈസ്കൂൾ ഹെഡ്മാസ്റ്റർ) പരുമല എത്തി പുരോഹിത ശുശ്രൂഷയ്ക്കായി സ്വയം സമർപ്പിച്ച് യാക്കോബായ സഭയിൽ ശെമ്മാശപ്പട്ടം സ്വീകരിച്ചിരുന്നു. സമർത്ഥനും സഭാസ്നേഹിയുമായിരുന്ന ശെമ്മാശൻ, അക്കാലത്ത് പ്രസിദ്ധനായിത്തീർന്ന എം.എ. അച്ചൻ എന്നറിയപ്പെട്ടിരുന്ന പി.റ്റി ഗീവറുഗീസ് അച്ചന്റെ ശിഷ്യത്വം ഇഷ്ടപ്പെട്ടിരുന്നു. ഉപരിപഠനാർത്ഥം സെറാമ്പൂരിലേക്ക് ശെമ്മാശനെയും എം. എ. അച്ചൻ കൊണ്ടുപോയിരുന്നു. മലങ്കര യാക്കോബായ സഭയിൽ സ്ത്രീസന്ന്യാസം നിഷിദ്ധമായി ഗണിക്കപ്പെട്ടിരുന്ന കാലത്ത് ഈ പുതിയ സംരംഭം ശ്രേഷ്ഠമായി കരുതിയിരുന്ന ഓരാളായിരുന്നു പത്രോസ് ശെമ്മാശൻ. അദ്ദേഹം എം. എ. അച്ചന് എല്ലാ പിന്തുണയും നൽകി. "ഇച്ചേച്ചി" എന്നു താൻ വിളിക്കുന്ന തന്റെ മൂത്ത സഹോദരിയുടെ ജീവിതകഥയെല്ലാം ഗുരുവിനോട് വിശദമായി പറഞ്ഞിട്ടുണ്ടായിരുന്നു. എം. എ. അച്ചന്റെ പുതിയ പരിപാടികളെക്കുറിച്ചും മലങ്കരസ



www.malankaralibrary.com Scanned with CamScanner

ഭയിലെ നവീകരണ പദ്ധതികളെ കുറിച്ചുമെല്ലാം അവസരോചിതം പെങ്ങളെയും ധരിപ്പിക്കാൻ ശെമ്മാശൻ മറന്നില്ല. പുനർവിവാഹവാഞ്ഛയില്ലെങ്കിലും ജീവിതം വഴിമുട്ടി നിന്ന അവസരത്തിൽ ദൈവാശ്രയത്തോടെ മുന്നോട്ടു പോകുന്ന സഹോദരിക്ക് എം. എ. അച്ചന്റെ പുതിയ പദ്ധതി ആശ പകർന്നു. എം. എ. അച്ചനെ കാണുന്നതിനും സംസാരിക്കുന്നതിനും ആഗ്രഹിച്ചിരിക്കേ ദൈവം അതിനും വഴിയൊരുക്കി.

ദൈവവിളി ഒരു ദാനമാണ്. മാത്രമല്ല, പ്രത്യക ദൗത്യനിർവഹണത്തിനുള്ള ആഹ്വാനം കൂടിയാണ്. നിഷ്കളങ്ക ഹൃദയത്തോടെ ദൈവത്തെ അന്വേഷിക്കുന്നവരെ അവിടുന്ന് കൈപിടിച്ച് നടത്തുന്നു. "വരം ലഭിച്ചവരല്ലാതെ എല്ലാവരും ഈ വിളിയെ പിഞ്ചെല്ലുവാൻ ശക്തരല്ല" എന്നു നമ്മുടെ കർത്താവ് അരുളിചെയ്യുന്നു.

## ബാരിസോളിലേക്ക്

അടുത്തു വന്ന അവധിക്കാലത്ത്, 1916-ൽ എം. എ.അച്ചൻ നാട്ടിൽ വന്നു. കൊച്ചിയിൽ 'മാന്തുരുത്തി' എന്ന സ്ഥലത്ത് ഒരു ഹരിജൻ കോളനി ഉണ്ടായിരുന്നു. അക്ഷരാഭ്യാസമില്ലാത്തവരും അധഃകൃതരെന്ന് മുദ്രകുത്തപ്പെട്ടിരുന്നവരുമായ ദളിതരുടെ ദുരന്ത കഥ പത്രോസ് ശെമ്മാശനിൽ നിന്നും അറിഞ്ഞ എം. എ. അച്ചൻ അവധിക്കാലം കുറച്ചുദിവസം അവർക്കായി ചെലവഴിക്കാനും അവരുടെകൂടെ ആയിരിക്കാനുമാഗ്രഹിച്ച് മാന്തുരുത്തിയിലേക്ക് തിരിച്ചു. ശെമ്മാശൻ കരുതിക്കൂട്ടി സംഘടിപ്പിച്ചതല്ലെങ്കിലും ഈ മിഷ്യൻയാത്ര കുഞ്ഞിളച്ചിയെ സംബന്ധിച്ചിടത്തോളം ദൈവനിയോഗമായി. സ്വസഹോദരനുമൊത്ത് യാദൃച്ഛികമായി ഭവനത്തിലേക്ക് വന്ന എം. എ. അച്ചനോട് തന്റെ ആഗ്രഹങ്ങൾ അറിയിക്കുകയും ബാരിസോളിലേക്കു പോകുന്നതിന് താൽപര്യം പ്രകടിപ്പിക്കുകയും ചെയ്തു. ശെമ്മാശനൊഴിച്ച് ബാക്കി കുടുംബാംഗങ്ങൾക്ക് ഈ തീരുമാനം സ്വീകാര്യമായില്ല. എന്നാൽ ദൈവിക പദ്ധതിക്ക് തടസ്സം നിൽക്കാൻ ആർക്കും സാദ്ധ്യമല്ലല്ലോ.

1917-ൽ എം. എ. അച്ചൻ പ്രത്യേകം നിയോഗിച്ച മട്ടയ്ക്കൽ അലക്സാണ്ടർ ശെമ്മാശന്റെ (പിന്നീട് മാർ തെവോദോസിയോസ്) നേതൃത്വത്തിൽ തൃപ്പൂണിത്തുറ മൂക്കഞ്ചേരിൽ എം. പി. ശോശാമ്മ (കുഞ്ഞിളച്ചി), കായംകുളം പൊൻവാണിഭം ആച്ചിയമ്മ, കറ്റാനം ആന്നിയിൽ അന്നമ്മ ഇങ്ങനെ മൂന്നുപേരടങ്ങുന്ന ഗണം ബാരിസോളിലേക്ക് പുറപ്പെട്ടു. ജീവിതത്തിൽ ആദ്യമായിട്ടാണ് ട്രെയിനിൽ യാത്രചെയ്യുന്നത്. കുടുംബത്തിൽ നിന്നുള്ള വേർപാട് ദുഃഖകരമായിരുന്നു. എങ്കിലും ഉൽകൃഷ്ടമായ ജീവിതത്തിനായി പുതിയ സ്ഥലത്തേക്കുള്ള യാത്ര അവർക്ക് സന്തോഷകരമായിരുന്നു. കുന്നുകളും മലകളും താഴ്വാരങ്ങളും താണ്ടി കു....കു.... വിളിച്ച് പായുന്ന തീവണ്ടി, പുകവമിച്ചുകൊണ്ട് രാപകൽ ഓടിക്കൊണ്ടിരുന്നു. മൂന്നുരാവുകൾ പിന്നിട്ട് നാലാം ദിവസം പ്രഭാതത്തിൽ കൽക്കട്ടാ ഹൗറാ സ്റ്റേഷനിൽ- ഒരു പുതിയ



www.malankaralibrary.com Scanned with CamScanner

ലോകത്ത് എത്തി. പ്ലാറ്റ്ഫോറത്തിൽ തങ്ങളെ കാത്തുനിൽക്കുന്ന എം. എ. അച്ചനെയാണ് അവർ അവിടെ ആദ്യം കണ്ടത്. എന്തെന്നില്ലാത്ത സന്തോഷത്തോടെ എം.എ. അച്ചനെ അനുഗമിച്ചു. സ്നേഹവായ്പോടെ അവരോട് സംസാരിക്കുകയും സെറാമ്പൂർ കോളജിനടുത്തുള്ള ഡയോസിസൻ ഹോസ്റ്റലിൽ കുറച്ചുദിവസം അവരെ താമസിപ്പിക്കുകയും ചെയ്തു. 1917 ജൂൺ അവസാനത്തിൽ മട്ടയ്ക്കൽ ശെമ്മാശനുമൊന്നിച്ച് എം.എ. അച്ചൻ മൂന്നുപേരെയും കൂട്ടി ബാരിസോളിലേക്ക് പുറപ്പെട്ടു. സ്നേഹധനരായ അച്ചനേയും ശെമ്മാശനേയും നവാഗതരായ മൂന്ന് പെൺകുട്ടികളേയും മദർ ഈഡിത്തും സിസ്റ്റേഴ്സും കന്യകാലയത്തിലേക്ക് സ്വാഗതം ചെയ്തു.

**പുതിയഭവനത്തിൽ**

1915 ൽ അവിടെ സിറിയൻ പെൺകുട്ടികൾക്കായി ക്രമപ്പെടുത്തിയിരുന്ന ചെറിയഭവനം കൂടുതൽ അംഗങ്ങളെ താമസിപ്പിക്കുവാൻ പര്യാപ്തമല്ല എന്നു മനസ്സിലാക്കിയ മദർ ഈഡിത്ത് മഠത്തിന്റെ കെട്ടിടത്തോടനുബന്ധിച്ച് മെച്ചപ്പെട്ട ഒരു കെട്ടിടവും അതിനോട് ചേർന്ന് ഒരു ചാപ്പലും പണി കഴിപ്പിച്ചിരുന്നു. മലങ്കര സുറിയാനി ക്രമത്തിൽ വിശുദ്ധ കുർബാനയും യാമനമസ്കാരങ്ങളും നടത്തുന്നതിനുള്ള സൗകര്യം കൂടി കരുതിയാണ് മദർ അപ്രകാരം ചെയ്തത്. സിറിയൻ പെൺകുട്ടികളുടെ പരിശീലനത്തിന് 'ഹെലൻ' എന്നു പേരായ ഒരു സിസ്റ്ററിനെ മദർ ചുമതലപ്പെടുത്തിയിരുന്നു.

തികച്ചും അപരിചിതമായ സ്ഥലം, ആളുകൾ, വേഷം, ഭാഷ, ഭക്ഷണം എല്ലാം കേരളത്തിൽ നിന്നും പുതുതായി വന്നവർക്ക് പുതുമനിറഞ്ഞതായിരുന്നു. മനസ്സിൽ ആശങ്കകളും, ഉൽകണ്ഠകളും ഉയർന്നു പൊങ്ങി. എങ്കിലും സിസ്റ്റേഴ്സിന്റെ സ്നേഹപൂർവ്വമായ പെരുമാറ്റവും വാത്സല്യത്തോടെയുള്ള പരിചരണവും അവർക്കാശ്വാസം നൽകി. തന്നെയുമല്ല, അപ്പോഴേക്കും നേരത്തെ എത്തിയ മൂന്നുപേരും ഓടിയെത്തിയത് കൂടുതൽ സമാധാനമായി. മദർ ഈഡിത്തും സിസ്റ്റർ ഹെലനും എം. എ. അച്ചനേയും ശെമ്മാശനേയും കുട്ടികളേയും കൂട്ടി പുതിയ കെട്ടിടത്തിലെത്തി എല്ലാം പരിചയപ്പെടുത്തി.

രണ്ടു ബാച്ചുകളിലായി കേരളത്തിൽ നിന്ന് സന്ന്യാസ പരിശീലനത്തിനായി ബാരിസോളിലെത്തിയ ആറു മലയാളി പെൺകുട്ടികളേയും ഒന്നിച്ചിരുത്തി എം.എ. അച്ചൻ ചില നിർദ്ദേശങ്ങൾ നൽകി. പ്രായം കൊണ്ടു മുതിർന്ന മൂക്കഞ്ചേരിൽ എം. പി. ശോശാമ്മയെ കൂടെയുള്ളവർ "ഇളയമ്മ" എന്നു വിളിക്കണമെന്നു നിർദ്ദേശം നൽകി. ഭാവിസന്ന്യാസ കൂട്ടായ്മയിലുണ്ടായിരിക്കേണ്ട കുടുംബഭാവനയുടെയും പരസ്പര ആദരത്തിന്റെയും സ്നേഹത്തിന്റെയും സഹകരണത്തിന്റെയും ആദ്യപാഠങ്ങൾ ദീർഘവീക്ഷണപടുവായ എം. എ. അച്ചൻ പറഞ്ഞുകൊടുത്തു; ആറുപേരുടെയും പഠനവും പരിശീലനപദ്ധതിയും ക്രമീകരിച്ചു. ആഴ്ചയിലൊരിക്കൽ ബാരി



www.malankaralibrary.com Scanned with CamScanner

സോളിലെത്തി സുറിയാനി ക്രമത്തിൽ വി. കുർബാന അർപ്പിക്കാമെന്നും കുമ്പസാരം കേൾക്കാമെന്നും അച്ചൻ പറഞ്ഞത് അവർക്ക് ആശ്വാസവും സന്തോഷവുമായി. ഇംഗ്ലീഷ് പഠിപ്പിക്കുന്നതിന് മട്ടയ്ക്കൽ അലക്സാണ്ടർ ശെമ്മാശനെ ചുമതലപ്പെടുത്തി. അദ്ദേഹത്തെ ബാരിസോളിൽ എപ്പിഫനി മിഷൻ സ്ഥാപകനായ ഫാദർ സ്ട്രോങ്ങിന്റെ കൂടെ താമസിപ്പിച്ചു. എല്ലാ ദിവസവും ശെമ്മാശൻ മഠത്തിലെത്തി കുട്ടികളെ പഠിപ്പിച്ചു വന്നു. വേണ്ട സജ്ജീകരണങ്ങളെല്ലാം ചെയ്തശേഷം ദൈവഹിതം പ്രാവർത്തികമാക്കാനുള്ള കളമൊരുങ്ങിക്കഴിഞ്ഞു എന്ന ചാരിതാർത്ഥ്യത്തോടെ എം. എ. അച്ചൻ സെറാമ്പൂരിലേക്ക് മടങ്ങി. 1917 മുതൽ 20 വരെ ബാരിസോളിൽ തന്നെ പരിശീലനം തുടരുകയുണ്ടായി. 1918 –ൽ അഞ്ചു മലയാളിപെൺകുട്ടികൾ കൂടി പരിശീലനത്തിനായി കൽക്കട്ടയിലെത്തി. എപ്പിഫനി സിസ്റ്റേഴ്സ് തനി ഭാരതീയമായ രീതിയിൽ താൻ ഏല്പിച്ച സിറിയൻ പെൺകുട്ടികൾക്ക് സന്ന്യാസപരിശീലനം നൽകുമെന്ന് ഫാദർ പി. റ്റി. ഗീവറുഗിസിന് പൂർണ്ണബോദ്ധ്യമുണ്ടായിരുന്നു.

മദർ ഈഡിത്തിന്റെ നേതൃത്വത്തിൽ ആരംഭിച്ച എപ്പിഫനി സിസ്റ്റേഴ്സിന്റെ മഠത്തിൽ മദർ ഈഡിത്തിനെ കൂടാതെ സിസ്റ്റേഴ്സ് ഹെലൻ, ആഗ്നസ്, എലിയനോർ, രൂഥ് എന്നിവർ താമസിച്ചുകൊണ്ട് ചുറ്റുപാടുമുള്ള സാധുജനങ്ങളുടെ ഉന്നമനത്തിനായി പ്രവർത്തിച്ചുകൊണ്ടിരുന്നു. സാധുക്കളായ ആളുകളുടെ ഇടയിൽ പുനരുദ്ധാരണ പ്രവർത്തനങ്ങൾ ചെയ്യുന്നതിനും അവരിൽ ക്രിസ്തീയമൂല്യങ്ങൾ ഉറപ്പിക്കുന്നതിനും, ജീവിതം വിജയപ്രദവും സന്തോഷപ്രദവുമാക്കുന്നതിനും അവർ ലക്ഷ്യം വച്ചിരുന്നു. സ്കൂളുകൾ കോളജുകൾ, അനാഥാലയങ്ങൾ, സ്ത്രീകൾക്കായുള്ള പുനരധിവാസപ്രവർത്തനങ്ങൾ എന്നിവ അവർ ഈ ഉദ്ദേശ്യത്തോടെ നടത്തിയിരുന്നു. സ്ത്രീജനോദ്ധാരണ പ്രവർത്തനങ്ങളിൽ മദറും സിസ്റ്റേഴ്സും വ്യാപൃതരായിരുന്നു. ബാരിസോളിലെ ആംഗ്ലിക്കൻ സിസ്റ്റേഴ്സിന്റെ ത്യാഗോജ്ജ്വലമായ ലളിത ജീവിതവും നിസ്വാർത്ഥസേവനവും സ്ത്രീജനോദ്ധാരണ പ്രവർത്തനശൈലിയും മനസ്സിലാക്കികൊണ്ടാണ് എം. എ. അച്ചൻ ഈ സമൂഹവുമായി ബന്ധപ്പെടാൻ പ്രേരിതനായത്. സ്ത്രീജനോദ്ധാരണം മലങ്കരയിൽ അത്യാവശ്യമെന്നും അതിനായി അർപ്പിതരായ സ്ത്രീകളെ പരിശീലിപ്പിക്കുന്നതിന് മദർ ഈഡിത്തിന്റെ മേൽനോട്ടം വേണമെന്നും ആവശ്യപ്പെട്ടത് ഇക്കാരണത്താൽ തന്നെയായിരുന്നു. 1915, 1917, 1918 വർഷങ്ങളിലായി സന്ന്യാസപരിശീലനത്തിനായി എത്തിയ പതിനൊന്നു പേരിൽ പ്രായത്തിലും (33 വയസ്) പക്വതയിലും മുതിർന്ന ആൾ എം. പി. ശോശാമ്മയായിരുന്നു. ആദിമ ക്രൈസ്തവ സമൂഹത്തിന്റെ ഒരുമയിലും കൂട്ടായ്മയിലും ഈ സമൂഹം വളർന്നുവരണമെന്നാഗ്രഹിച്ച ഫാദർ പി.റ്റി. ഗീവറുഗിസ് ചില പ്രത്യേകക്രമീകരണങ്ങൾ വരുത്തി. പ്രായത്തിൽ മുതിർന്നവരെ ഇളയവർ നാട്ടിലെപ്പോലെ "കൊച്ചമ്മ" എന്നു വിളിക്കണമെന്നും എം. പി. ശോശാമ്മയെ എല്ലാവരും "ഇളയമ്മ" എന്നു വിളിക്കണമെന്നും നിർദ്ദേശിച്ചു. വടക്കൻ രീതിയിലുള്ള സംസാരവും



www.malankaralibrary.com Scanned with CamScanner

"മകളെ" എന്നുള്ള വാത്സല്യപൂർവ്വമായ വിളിയും മൂലം പരിശീലനത്തിലിരിക്കുന്ന കുട്ടികൾക്ക് "ഇളയമ്മ" യുടെ നേരെ മക്കൾക്കടുത്തസ്നേഹവും ആദരവും ഉളവായി. ഏതുജോലിയും പങ്കിട്ടും സഹോദരസ്നേഹത്തിന്റെ തികവിലും ചെയ്തിരുന്നത് കുടുംബഭാവനയുടെ പരിശുദ്ധമായ അന്തരീക്ഷം ബാരിസോളിൽ സൃഷ്ടിക്കാൻ കാരണമായി.

കൊച്ചി രാജ്യത്ത് ജനിച്ചു വളർന്ന ശോശാമ്മയ്ക്ക് ബാരിസോളിലെ ചതുപ്പുനിറഞ്ഞ ഡൽറ്റപ്രദേശത്തെ കാലാവസ്ഥ അത്ര യോജിച്ചിരുന്നില്ല. തന്മൂലം ബാരിസോളിലെത്തി നാലുമാസം കഴിഞ്ഞപ്പോഴേക്കും ശാരീരികാസ്വാസ്ഥ്യം മൂലം നാട്ടിൽ പോയി ചികിത്സ നടത്തി തിരിച്ചുപോകേണ്ടതായി വന്നു. 1918 നവംബർ മാസത്തിലും വീണ്ടും വാതത്തിന്റെ അസുഖം ഗുരുതരമായതിനാൽ നാട്ടിൽ വന്നു ചികിത്സ നടത്തി തിരിച്ചുപോവുകയായിരുന്നു. ശാരീരികമായി ബലഹീനയായിരുന്നെങ്കിലും നിഷ്ഠാജീവിതത്തിൽ "ഇളയമ്മ" എല്ലാവർക്കും മാതൃകയായിരുന്നു. എന്നു മാത്രമല്ല മറ്റുള്ളവരും നിഷ്ഠയിൽ ജീവിക്കണമെന്ന് നിർബന്ധമുള്ളവളുമായിരുന്നു.

1918 ജൂലൈ 16 ന് (മലയാളമാസം കർക്കടകം 3) മാർത്തോമ്മാ ശ്ലീഹായുടെ ദുഖ്റാനാതിരുനാളിൽ, മലയാളി പെൺകുട്ടികൾക്കായി പുതുതായി നിർമിച്ച ചാപ്പലിൽ വച്ച് എം. പി. ശോശാമ്മയെ എം. എ. അച്ചൻ അർത്ഥിനി (Postulant) പദത്തിൽ പ്രവേശിപ്പിച്ചു

ഇതിനകം എം. എ. അച്ചൻ സെറാമ്പൂരിൽ സന്ന്യാസജീവിതത്തിന് ആരംഭം കുറിച്ചിരുന്നു. എങ്കിലും സന്ന്യാസസമൂഹരൂപീകരണത്തിനും താനുദ്ദേശിക്കുന്ന ആദ്ധ്യാത്മികോന്നമനം മലങ്കര സഭയ്ക്കു കൈവരുത്തുന്നതിനും സ്വന്തം നാട്ടിലേക്ക് – തന്റെ പ്രിയപ്പെട്ട മലങ്കരസഭയിൽ സ്വജനമദ്ധ്യത്തിലേക്ക് പോകണമെന്നും അതിലേക്കു താനിന്നു കാര്യമായി ഗണിക്കുന്നപലതും ഉപേക്ഷിച്ചേ മതിയാവൂ എന്നും ഇതിനകം എം. എ. അച്ചന് ബോദ്ധ്യമായി. സെറാമ്പൂരിലെ ഉന്നതമായ പ്രൊഫസർ സ്ഥാനം രാജിവച്ച് നാട്ടിൽ മടങ്ങിയെത്തി. ആശ്രമത്തിനായി പർണ്ണശാലയുണ്ടാക്കി 1919 ൽ പെരുനാട്ടിൽ മുണ്ടൻ മലയിൽ ബഥനി ആശ്രമം സ്ഥാപിച്ചു. ബഥനിമഠവും ഏകാന്തജീവിതത്തിനു സൗകര്യമുള്ള പെരുനാട്ടിൽ എവിടെയെങ്കിലും ഒരു കുന്നിൽ സ്ഥാപിക്കണമെന്നായിരുന്നു എം. എ. അച്ചന്റെ ആഗ്രഹം. എന്നാൽ ദൈവഹിതം മറിച്ചായിരുന്നു. ബഹുമാന്യനായ കണ്ടത്തിൽ വർഗ്ഗീസ് മാപ്പിളയുടെ വകയായി തിരുമൂലപുരത്ത് ഒരു കെട്ടിടവും സ്ഥലവും പ്രവർത്തനരഹിതമായി കിടന്നിരുന്നു. അനേകവർഷമായി ശൂന്യമായി കിടന്നിരുന്ന ആ സ്ഥലവും കെട്ടിടവും സമുദായം വക ഇംഗ്ലീഷ് ഹൈസ്കൂൾ പെൺകുട്ടികൾക്കായി സ്ഥാപിച്ച് നടത്തുന്നതിലേക്ക് വിനിയോഗിക്കണമെന്ന് എം. എ അച്ചൻ താൽപര്യപ്പെടുകയും കണ്ടത്തിൽ വർഗ്ഗീസ് മാപ്പിള സസന്തോഷം സമ്മതിക്കുകയും ചെയ്തു.



www.malankaralibrary.com Scanned with CamScanner

തിരുമൂലപുരത്ത് ഇംഗ്ലീഷ് സ്കൂൾ ആരംഭിക്കുന്നതിന് യോഗ്യരായ അദ്ധ്യാപികമാരെ ആരെയെങ്കിലും ഇംഗ്ലണ്ടിൽ നിന്നും വരുത്തി കൊടുക്കണമെന്ന് ഫാദർ. പി. റ്റി. ഗീവറുഗീസ് മദർ ഈഡിത്തിനോടാവശ്യപ്പെട്ടു. അതിൻ പ്രകാരം ഓക്സ്ഫോർഡിൽ മദറിന്റെ സതീർത്ഥ്യയായിരുന്ന മിസ്.എ ഹോംസിനെയും ആയിടയ്ക്ക് ബിരുദം നേടിയ മിസ്. ബ്രുക്സ്മിത്തിനെയും മദർ ഇംഗ്ലണ്ടിൽ നിന്നും ക്ഷണിച്ചു വരുത്തുകയുണ്ടായി. നേരെ ഇംഗ്ലണ്ടിൽ നിന്നും ബാരിസോളിലെത്തിയ അവർ മദറിന്റെ ആതിഥ്യം സ്വീകരിച്ചു. ബാരിസോളിൽ വച്ച് മലയാളക്കരയിൽ നിന്നുള്ള സിറിയൻ പെൺകുട്ടികളുമായി അവർ ഇടപഴകാൻ ഇടയായി. സമർത്ഥരായ ഈ പെൺകുട്ടികൾ സാമാന്യം ഇംഗ്ലീഷ് ഭാഷയും, നന്നായി മലയാളഭാഷയും അറിയാവുന്നവരായിരുന്നതിനാൽ, അവർകൂടെ തിരുമൂലയ്ക്കു ചെല്ലണമെന്ന് മിസ്. എ. ഹോംസിന് ശാഠ്യമായി. മദറും എം. എ. അച്ചനും വളരെ വിഷമിച്ചു. മലയാളഭാഷ അറിയാവുന്നവർ തിരുമൂലയ്ക്ക് ചെല്ലാതെ അവർ അങ്ങോട്ടു പോകുകയില്ലെന്നു ശഠിച്ചതിനാൽ ഗത്യന്തരമില്ലാതാവുകയും ഫാദർ പി. റ്റി. ഗീവറുഗീസിന്റെ നിർദ്ദേശപ്രകാരം സന്ന്യാസപരിശീലനത്തിലിരുന്ന എം. പി. ശോശാമ്മയെയും കൂട്ടുകാരെയും 1920 മാർച്ച് അവസാനത്തിൽ തിരുമൂലപുരത്തേക്ക് കൊണ്ടുവരികയുമാണ് ഉണ്ടായത്. മഹാമനസ്കയായ മദർ ഈഡിത്ത് തന്റെ സമൂഹത്തിൽപ്പെട്ട സിസ്റ്റർ ഹെലനെത്തന്നെ സുറിയാനി പെൺകുട്ടികളോടൊത്ത് തിരുമൂലപുരത്തേയ്ക്കയക്കുകയുണ്ടായി. അങ്ങനെ എപ്പിഫനി സിസ്റ്റേഴ്സിന്റെ മേൽനോട്ടത്തിൽത്തന്നെ എം. പി. ശോശാമ്മയുടെയും കൂടെയുള്ള സഹോദരങ്ങളുടെയും പരിശീലനം 1920 മുതൽ തിരുമൂലപുരത്തു ബഥനി മഠത്തിൽ തുടർന്നു.

> "മൗനം നന്നായി പാലിക്കാൻ ശ്രമിക്കും."
> മദർ ശൈന



www.malankaralibrary.com Scanned with CamScanner

## അദ്ധ്യായം - 4

# 'പെരുനാട്ടിലേക്കുള്ള തീർത്ഥാടനം'

പത്തനംതിട്ട താലൂക്കിൽ റാന്നി പകുതിയിലുള്ള മലനാട്ടിൽ മുണ്ടൻമലയിൽ 1919-ൽ എം.എ. അച്ചൻ ലളിതമായ രീതിയിൽ ഒരു പർണ്ണശാലയുണ്ടാക്കി ഒരു ക്രൈസ്തവ സന്ന്യാസാശ്രമത്തിന് രൂപംകൊടുത്തു. ശാന്തിനികേതനത്തിന്റെ ലളിതഭാവമുൾക്കൊണ്ടും ഗാന്ധിജിയുടെ ജീവിതദർശനങ്ങൾ പിന്തുടർന്നും ആർഷസംസ്കാരത്തിന്റെ തനിമ സ്വാംശീകരിച്ചും സ്ഥാപിതമായ തപോവനത്തിന്റെ അദ്ധ്യക്ഷനായിരുന്നു കാവിയിട്ട ക്രിസ്തീയ മുനിയായ പുരോഹിതൻ. മലങ്കരസഭയുടെ ആദ്ധ്യാത്മികോന്നമനം ലക്ഷ്യമിട്ടു സ്ഥാപിതമായ ഈ തപോവനം കാലക്രമത്തിൽ മലങ്കരസഭയുടെ ആദ്ധ്യാത്മിക സ്രോതസായിമാറി. പ്രാർത്ഥനയിൽ സ്വയം അലിഞ്ഞും തപോനിഷ്ഠകൾ അനുഷ്ഠിച്ചും മണ്ണിനോടു മല്ലിട്ടും കാഷായവേഷധാരികളായ സന്ന്യാസിമാർ തങ്ങളുടെ സമർപ്പിതജീവിതം ധന്യമാക്കിക്കൊണ്ടു മുന്നേറി. പമ്പാനദിയുടെ കളകളാരവവും വനപ്രദേശത്തെ വൃക്ഷലതാദികളുടെ മർമ്മരശബ്ദവും കിളികളുടെ കളകൂജനവുമെല്ലാം ഏകാന്തതയ്ക്കും ധ്യാനാത്മകതയ്ക്കും പറ്റിയ അന്തരീക്ഷം സൃഷ്ടിച്ചു.

ശബരിമലയുടെ അടിവാരത്തിൽ അധിക ദൂരത്തല്ലാതെ സ്ഥിതിചെയ്യുന്ന മുണ്ടൻമല ശബരിമലയുടെ തുടർച്ചയായിത്തന്നെ കണക്കാക്കുന്നതിൽ അപാകതയില്ല. റോഡുകളില്ലാത്ത അക്കാലത്ത് മുണ്ടൻമലയുടെ ചെരിവിൽക്കൂടെ മാത്രമേ ശബരിമലയ്ക്കുപോകുവാൻ നിർവാഹമുണ്ടായിരുന്നുള്ളു. മുണ്ടൻമലയിൽ ഒരിടത്ത് അതിവിസ്തൃമായ ഒരു പാറപ്പുറമുണ്ട്. അവിടെ ചുറ്റും രണ്ടു നാലടി ഉയരത്തിൽ പാറക്കല്ലുകൾ അടുക്കിവച്ചുണ്ടാക്കപ്പെട്ടിട്ടുള്ള മതിൽക്കെട്ടിനുള്ളിലായി ശിവലിംഗമെന്ന സങ്കൽപത്തിൻമേൽ രണ്ടടി ഉയരത്തിൽ നീളത്തിലുള്ള ഒരു പാറക്കഷണം ഭദ്രമായി ഉറപ്പിച്ചിരിക്കുന്നു. അതിന്റെ ഒരു വശത്തായി ഒരു വിളക്കും സ്ഥാപിച്ചിട്ടുണ്ട്. ശബരിമലയിലേക്ക് പോകുന്ന തീർത്ഥാടകർ ഈ വിളക്കു കത്തിച്ച് ശിവലിംഗത്തിൽ ആരാധിക്കുക പതിവാണ്. പമ്പയുടെ പോഷകനദിയായ കക്കാട്ടാറിന്റെ പത



www.malankaralibrary.com Scanned with CamScanner

നസ്ഥാനത്തിനടുത്ത് സ്നാനം നടത്തിയശേഷം തൊട്ടടുത്തുള്ള മുണ്ടൻമലനടയിൽ തേങ്ങ ഉടച്ച് അതിന്റെ വെള്ളം ശിവലിംഗത്തിൽ ഒഴിക്കും. ആ വെള്ളം പുറത്തേക്കൊഴുകി പോകുന്നതിന് പാറപ്പുറത്തായിട്ടൊരു ചാലും നിർമ്മിച്ചിരുന്നു. തീർത്ഥയാത്രക്കാർ സ്വല്പനേരം അവിടെയിരുന്ന് വിശ്രമിക്കുകയും അവരുടെ വിശ്വാസപ്രകാരം ഈശ്വരപ്രസാദത്തിനായി തേങ്ങ ഉടച്ച് തേങ്ങാവെള്ളം അർപ്പിക്കുകയും ചെയ്തശേഷമേ അവിടെനിന്നും മേലോട്ടുകയറി പോകാറുള്ളൂ. ഇങ്ങനെ മുണ്ടൻമലയുടെ ചെരുവിൽക്കൂടി കാൽനടയായി ശബരിമലയ്ക്ക് ദാഹിച്ചു വലഞ്ഞു വരുന്ന ക്ഷീണിതരായ അയ്യപ്പഭക്തർക്ക് ദാഹജലം എത്തിച്ചുകൊടുക്കുന്നതിന് മനുഷ്യസ്നേഹിയായ ആശ്രമപിതാവ് ശ്രദ്ധിച്ചിരുന്നു. മുണ്ടൻമലയുടെ അടിവാരത്തിൽ തീർത്ഥാടകർക്ക് ആശ്രമത്തിൽനിന്നും സംഭാരം വിതരണം ചെയ്യുക പതിവായിരുന്നു എന്നതും പ്രസ്താവയോഗ്യമത്രേ.

ഒരുകാലത്ത് ശിവലിംഗത്തിന്റെ സമീപത്തായി ജ്വലിച്ചിരുന്ന ദീപത്താൽ മുണ്ടൻമല പ്രശോഭിതമായിരുന്നു. മുണ്ടൻമലയുടെ രൂപാന്തരത്തോടുകൂടി അഹോരാത്രം കത്തിക്കൊണ്ടിരിക്കുന്ന ഒരു ദീപത്താൽ അത് പ്രശോഭിതവും സുപ്രസിദ്ധവുമായിത്തീർന്നു. വി. കുർബാനയിൽ സന്നിഹിതനാകുന്ന നമ്മുടെ കർത്താവേശുമിശിഹായുടെ തിരുശരീരരക്തങ്ങൾ ഇരവുപകലൊരുപോലെ നിക്ഷേപിക്കപ്പെടുന്ന സ്ഥലത്ത് ഒരു 'കെടാവിളക്ക്' ഉണ്ടായേ മതിയാകുകയുള്ളല്ലൊ. തിരുവല്ലായിലെ ബഥനിവക കന്യാമഠവും ഇതുപോലെ ദൈവസാന്നിദ്ധ്യത്താൽ എപ്പോഴും പ്രശോഭിതമായിരിക്കുന്ന മറ്റൊരു ദീപഗിരിയാണെന്നു പറയാം. (ഗിരിദീപം പേജ് 82, 2007)

1920 മുതൽ ആണ്ടുതോറും കഷ്ടാനുഭവാഴ്ചയിൽ തിരുവിതാംകൂറിന്റെ നാനാഭാഗങ്ങളിൽ നിന്നും വലിയയൊരു ജനക്കൂട്ടം ബഥനി ആശ്രമപിതാവിന്റെ പ്രസംഗം കേൾക്കുന്നതിനും അസാമാന്യമായ ചൈതന്യത്തോടെ അദ്ദേഹം നടത്തിയിരുന്ന ഭക്തിനിർഭരമായ ശുശ്രൂഷകളിൽ പങ്കുകൊള്ളുന്നതിനുമായി മുണ്ടൻമലയിലുള്ള ഇടവകപ്പള്ളിയിലേക്ക് പ്രവഹിച്ചുകൊണ്ടിരുന്നു. ആശ്രമപിതാവും മറ്റ് ആശ്രമാംഗങ്ങളും അക്കാലത്ത് കാഷായവേഷം ധരിച്ച് സന്യാസജീവിതം വളരെ നിഷ്ഠയോടെ നയിച്ചിരുന്നു. അവരുടെ ആത്മീയ ജീവിതത്തിൽ ആകൃഷ്ടരായി വളരെ ദൂരെനിന്നും ധാരാളമാളുകൾ വന്നുകൊണ്ടിരുന്നു. ദുഃഖവെള്ളിയാഴ്ചത്തെ കഞ്ഞി ആശ്രമത്തിൽനിന്നാണ് നല്കിക്കൊണ്ടിരുന്നത്. ആദ്യകാലങ്ങളിൽ എല്ലാവർക്കും സുഭിക്ഷമായി കഴിക്കാൻ ഒരുപറ അരി വേണ്ടുവോളം മതിയാകുമായിരുന്നു. കാലാന്തരത്തിൽ ദൂരെ നിന്നുമുള്ള ആളുകളുടെ വരവ് വളരെ വർദ്ധിച്ചു. ബഥനിയുടെ ആകർഷണശക്തി അന്യാദൃശമായിരുന്നു. പിൽക്കാലങ്ങളിൽ ഒരൊറ്റ ദിവസത്തെ കഞ്ഞിക്ക് 50-ഉം 60-ഉം പറ അരി വേണ്ടിയിരുന്നു.



www.malankaralibrary.com Scanned with CamScanner

1920 മുതൽ തിരുമൂല കന്യകാമഠത്തിൽ താമസിച്ചിരുന്നവരും കഷ്ടാനുഭവാഴ്ചയിൽ പെരുനാട്ടിലെ ഭക്തിനിർഭരമായ ശുശ്രൂഷകളിൽ പങ്കുകൊള്ളുവാനായി പോയിരുന്നു. പെരുനാടു പള്ളിയിൽ നിന്നും അരമൈൽ അകലെയുള്ള സത്രത്തിലാണ് അവർ താമസിച്ചിരുന്നത്. പ്രസംഗങ്ങൾ, പ്രാർത്ഥനകൾ ഇവയ്ക്ക് സമയം ക്ലിപ്തപ്പെടുത്തിയിരുന്നു. വി.കുർബാനയ്ക്കും പ്രാർത്ഥനകൾക്കും പ്രസംഗത്തിനുമെല്ലാം അവർ ഇടവകപള്ളിയിൽ പോയി സംബന്ധിക്കുകയും സന്ധ്യാനമസ്കാരം കഴിഞ്ഞ് സത്രത്തിലേക്ക് മടങ്ങുകയും ചെയ്തിരുന്നു. ഉച്ചവരെ വെള്ളംപോലും കുടിക്കാതെയുള്ള പരിപൂർണ്ണ ഉപവാസവും മൗനാനുഷ്ഠാനങ്ങളുമായിരുന്നു പതിവ്.

തിരുമൂലമഠത്തിൽ നിന്നും ഇറപ്പുഴക്കടവുവരെ നടന്ന്, അവിടെനിന്നും വള്ളം കയറി (ഊണും ഉറക്കവുമെല്ലാം വള്ളത്തിൽത്തന്നെയായിരുന്നു) വടശ്ശേരിക്കര ഇറങ്ങിയിട്ടായിരുന്നു യാത്ര. നാല്പതാം വെള്ളിയാഴ്ച അതിരാവിലെ വടശ്ശേരിക്കരക്കടവിൽ ആബൂനാ (കൊച്ചുപിതാവ് എന്നു വിളിച്ചിരുന്ന അലക്സിയോസച്ചൻ-പിന്നീട് മാർ തവോദോസിയോസ്) മഠാംഗങ്ങളെ പെരുനാട്ടിലേക്കു കൊണ്ടുപോകാനായി കാത്തുനിന്നിരുന്നു. പാറകളുടെയും കാടുകളുടെയും ഇടയിലുള്ള ഒറ്റയടിപ്പാതയിലൂടെ എല്ലാവരും ആബൂനായെ അനുഗമിച്ച് പെരുനാട് ഇടവകപ്പള്ളിയിലെത്തും; ഉടനെതന്നെ വി.കുർബാന. ആണ്ടുതോറുമുള്ള തീർത്ഥാടനയാത്ര ഇങ്ങനെതന്നെയായിരുന്നു.

കഷ്ടാനുഭവാഴ്ചയുടെയും ഉയിർപ്പുപെരുനാളിന്റെയും ശുശ്രൂഷയിൽ സംബന്ധിച്ചശേഷം കുറേദിവസങ്ങൾ പെരുനാട്ടിൽ താമസിച്ച് വിശ്രമിച്ചശേഷമാണ് തിരുമൂലമഠത്തിലേക്ക് അവർ തിരികെ പോയിരുന്നത്. അവിടെ ഒരാഴ്ചക്കാലം 'ഹേവോറെ' ദിനങ്ങൾ ഉല്ലാസമായി ചെലവഴിച്ചിരുന്നു. മൗനത്തിനും മറ്റുനിയമങ്ങൾക്കും ഇളവുണ്ടായിരുന്നു. വി.കുർബാന, യാമനമസ്കാരം, ഇവയെല്ലാം നിഷ്കർഷയോടെ നടത്തിയിരുന്നു. ഈ അവസരത്തിൽ പലതരത്തിലുള്ള നല്ല പഴവർഗ്ഗങ്ങൾ മുകളിലുള്ള ആശ്രമത്തിൽനിന്നും സത്രത്തിലേക്ക് കൊടുത്തയയ്ക്കുമായിരുന്നു. അവിടെ സംലഭ്യമായിരുന്ന പഴങ്ങളും ഭക്ഷണസാധനങ്ങളും ഇഷ്ടാനുസരണം ഏതുസമയത്തും എടുത്തു ഭക്ഷിച്ചും വിശ്രമിച്ചും 'ഹേവോറേദിനങ്ങൾ' ഉല്ലാസപ്രദമായി ചെലവഴിച്ചശേഷം ആത്മീയമായും ശാരീരികമായും ഉന്മേഷത്തോടും ഉണർവ്വോടുംകൂടിയാണ് തിരികെ മഠത്തിൽ എത്തിയിരുന്നത്.

### സിസ്റ്റർ ഡൊറീൻ പെരുനാട്ടിലെ ഘോരവനത്തിൽ

ആണ്ടുതോറും മഠാംഗങ്ങൾ ബഥനിയിലേക്കു പോകുമ്പോൾ പരിശീലകയായിരുന്ന സിസ്റ്റർ ഹെലനും സഹായിയായ സിസ്റ്റർ ഡൊറീനും കൂടെ പോയിരുന്നു. 1921 ഏപ്രിൽ 26-ാം തീയതി ഹാശാ ആഴ്ചയിൽ പതിവുപോലെ



www.malankaralibrary.com Scanned with CamScanner

മഠാംഗങ്ങൾ ഇടവകപ്പള്ളിയിലെത്തി. ഇരുപത്തിരണ്ടരയുടെ നമസ്ക്കാരവും ധ്യാനവും കഴിഞ്ഞ് എം.എ. അച്ചന് പ്രസംഗിക്കാനുള്ള സമയമായി. സിസ്റ്റർ ഡൊറീന് മലയാളം വശമില്ലാതിരുന്നതിനാൽ നേരെ സത്രത്തിലേക്ക് തിരിച്ചു പോയി. കുറച്ചുസമയം ധ്യാനനിമഗ്നയായിരുന്നശേഷം വെളിയിലേയ്ക്കിറങ്ങി. പ്രകൃതിസൗന്ദര്യം കണ്ടാനന്ദിക്കുന്നത് സിസ്റ്ററിന് വളരെ സന്തോഷപ്രദമായിരുന്നു. വിദൂരതയിൽ ആകാശത്തേക്കുനോക്കി മുട്ടിൻമേൽ നിന്ന് കൈകൾ കൂപ്പി പ്രാർത്ഥനയിൽ ലയിച്ചുനില്ക്കുന്ന സിസ്റ്ററിനെ പലരും കണ്ടിട്ടുണ്ട്. ഹാശായുടെ ചൊവ്വാഴ്ച എല്ലാവരും പള്ളിയിലായിരിക്കുമ്പോൾ സത്രത്തിലെത്തിയ സിസ്റ്റർ സത്രത്തിനുനേരെ മുകളിലുള്ള മലയിൽ കയറി ഒറ്റയടിപ്പാതയിലൂടെ നടന്നുപോകുന്നത് ഓക്സ്ഫോർഡ് മിഷ്യൻ സിസ്റ്റേഴ്സിന്റെ ഭക്ഷണം പാചകം ചെയ്യുന്നതിനായി പെരുനാട്ടിലെത്തിയിരുന്ന മിസ് ഹോംസിന്റെ വേലക്കാരൻ തോമ്മാ കാണുകയുണ്ടായി. പ്രസംഗം കഴിഞ്ഞ് അഞ്ചരമണിയോടെ സിസ്റ്റർ ഹെലൻ മടങ്ങിവന്ന് സിസ്റ്റർ ഡൊറീനെ തിരക്കി. തോമ്മാ, മലമുകളിലേക്ക് ചൂണ്ടിക്കാണിച്ചുകൊണ്ട് "സിസ്റ്റർ അതിലേ കയറിപ്പോയി" എന്നു പറഞ്ഞു. വഴിയോ, മുകളിലൂടെ, കാടുകൾക്കിടയിലൂടെയുള്ള വെറും ഒറ്റയടിപ്പാത. പ്രകൃതിരമണീയത ആസ്വദിച്ച് പ്രാർത്ഥനാനിരതയായി നടന്നുപോയ സിസ്റ്റർ എത്രദൂരം നടന്നു, എവിടെയെത്തി എന്നൊന്നും ഒരു നിശ്ചയവും ഇല്ലാതെയായി. നേരവും ഇരുണ്ടു. തിരിച്ചു സത്രത്തിൽ ചെന്നെത്തേണ്ടത് എങ്ങനെ? എവിടേയ്ക്കു തിരിയണം? എന്ന് യാതൊരു തുമ്പുമില്ലാതെ വിഷമിച്ചു. സിസ്റ്റർ ഹെലൻ മലയിൽ കയറി കുറെയെല്ലാം നടന്ന് സിസ്റ്റർ ഡൊറീനെ തിരക്കി. ഫലമുണ്ടായില്ല. അർത്ഥിനികളെല്ലാം സന്ധ്യാനമസ്ക്കാരം കഴിഞ്ഞ് മടങ്ങിവരുമ്പോൾ സിസ്റ്റർ ഹെലൻ സത്രത്തിനു വെളിയിൽ ഇറങ്ങിവന്ന് മുകളിലേയ്ക്കുള്ള ഒറ്റയടിപ്പാതയിലൂടെ കയറാൻ വന്നു. വളരെ വിഷമത്തോടും അർത്ഥിനികളുടെ ധ്യാനനിഷ്ഠയ്ക്ക് ഭംഗംവരുത്താത്ത വിധത്തിൽ ഏറ്റം പതിഞ്ഞ സ്വരത്തിലും "സിസ്റ്റർ ഡൊറീനെ കാണാനില്ല" എന്നു പറഞ്ഞു. എല്ലാവരും കഷ്ടാനുഭവാഴ്ച മുഴുവൻ ധ്യാനത്തിലും മൗനനിഷ്ഠയിലും കഴിയുകയായിരുന്നു അക്കാലത്തെ പതിവ്. അതിനാൽ വിവരം അറിഞ്ഞവർ എഴുതിക്കാണിച്ച് മറ്റുള്ളവരെ കാര്യം ഗ്രഹിപ്പിച്ചു. ഓരോരുത്തരും സ്വരംഅമർത്തി കരഞ്ഞുതുടങ്ങി. എല്ലാവരും പരിഭ്രാന്തരായി ചുറ്റുപാടും തെരച്ചിൽ നടത്തി. രണ്ടുപേർ സിസ്റ്ററിന്റെ മുറിയിൽ കയറി. അവിടെ സിസ്റ്ററിന്റെ ഹാറ്റ് നിലത്തു ഭിത്തിമേൽ ചാരിവച്ചിരുന്നു. വിവിധങ്ങളായ ആപൽശങ്കകളാൽ എല്ലാവരും കാട്ടിലേക്കു കയറിപ്പോയി. അവിടെ വഴിയിലെങ്ങും ചോരയാവട്ടെ, ആരെയെങ്കിലും വലിച്ചിഴച്ചുകൊണ്ടുപോയതിന്റെ അടയാളമാവട്ടെ കാണപ്പെട്ടില്ല. അവർ സത്രത്തിലേക്കു മടങ്ങി. മൗനമായിരുന്നതിനാൽ അവരുടെ പരിഭ്രമം ഒന്നുകൂടി വർദ്ധിച്ചു. വേദനകൊണ്ട് പിടയുന്ന നിമിഷങ്ങൾ. ദുഃഖം താങ്ങാനാവാതെ ഒരിടത്തും



www.malankaralibrary.com Scanned with CamScanner

നില്ക്കാനും ഇരിക്കാനുമാവാതെ നെഞ്ചത്ത് കൈവച്ചുകൊണ്ടും കണ്ണുതിരുമ്മികൊണ്ടും അവർ ഓരോരുത്തരും അങ്ങോട്ടുമിങ്ങോട്ടും നടന്നു. ചിലർ റാന്തൽ വിളക്കുമായി മരച്ചില്ലകളുടെ ഇടയിൽക്കൂടി നടന്ന് അവർ സാധാരണ കുളിക്കുവാൻ പോകുമായിരുന്ന, വൃക്ഷശാഖകളാൽ ആവൃതമായിരുന്ന അരുവിയുടെ അടുത്തുപോയി നോക്കി. അവിടെയും സിസ്റ്ററിനെ കണ്ടെത്തിയില്ല. കയറിയതുപോലെ ഇറങ്ങുവാൻ ശക്തരാകാതെ അവർ തേടിക്കുഴഞ്ഞിഴഞ്ഞുതുടങ്ങി. അവരുടെ കണ്ണുകൾ കലങ്ങി. കണ്ഠങ്ങൾ ഇടറി. മുഖത്തോടുമുഖം നോക്കുവാൻ കഴിയാതെ കുഴങ്ങി.

ഇതിനിടയിൽ ചിന്താവിഷ്ടയായ സിസ്റ്റർ ഹെലൻ റാന്തൽ വിളക്കുമായി ഇടവകപ്പള്ളിയിലേക്ക് ദ്രുതഗതിയിൽ നടന്നുപോയി. അനുഗമിക്കാൻ വെമ്പൽക്കൊണ്ട തോമ്മായെ അവർ വിലക്കി. റാന്തൽ വിളക്കുമായി സിസ്റ്റർ ഹെലൻ പള്ളിക്കകത്തു പ്രവേശിച്ചു. അസമയത്തെ അവരുടെ വരവിൽ എന്തോ പ്രത്യേക ഉദ്ദേശ്യമുണ്ടായിരിക്കുമെന്ന് മനസ്സിലാക്കിയ ആശ്രമപിതാവ് അടുത്തുചെന്ന് അന്വേഷണം നടത്തി. “സിസ്റ്റർ പോയി-വന്നിട്ടില്ല-കാണ്മാനില്ല” എന്ന് തിടുക്കത്തിൽ ഇംഗ്ലീഷിൽ പറഞ്ഞു. പിതാവ് പള്ളിക്കുവെളിയിൽ വന്ന് വിവരങ്ങൾ വിശദമായി ആരാഞ്ഞു. റാന്തലുമായി വന്ന സിസ്റ്റർ ഹെലൻ നേരെ കാട്ടിലേക്ക് കയറിപ്പോയി. തത്സമയം ഒന്നോരണ്ടോ പേർ അവരെ അനുഗമിക്കുകയും ചെയ്തു. ആശ്രമസ്ഥരിൽ ചിലരെ ആശ്രമാദ്ധ്യക്ഷൻ പുറത്തേയ്ക്കുവിളിച്ചു. ഈരണ്ടും മുമ്മൂന്നും പേരായി സിസ്റ്ററിനെ കാട്ടിൽ പോയി തെരയുന്നതിനായി അയച്ചു. കണ്ടുകിട്ടിയാലുടൻ മലമുകളിലുള്ള ആശ്രമച്ചാപ്പലിൽ എത്തി അവിടത്തെ വലിയ മണി അടിച്ചുകൊള്ളണമെന്ന് നിർദ്ദേശവും കൊടുത്തു. മണിയുടെ ശബ്ദം കേട്ടാലുടൻ ബാക്കിയുള്ളവർക്ക് അന്വേഷണം അവസാനിപ്പിച്ച് മടങ്ങാമല്ലോ.

ഒന്നുരണ്ട് അനുയായികളോടുകൂടി ആശ്രമപിതാവ് അന്വേഷണത്തിനിറങ്ങി. പള്ളിയുടെ പരിസരങ്ങളിൽ അന്വേഷണം നടത്തിയശേഷം കാടിന്റെ മറ്റൊരു ഭാഗത്തായി സത്രത്തിനു സമീപത്തുകൂടി പിതാവ് തിരിച്ചു. സത്രത്തിൽ കഴിയുന്ന അർത്ഥിനികളുടെ സ്ഥിതി വർണ്ണിക്കുക പ്രയാസം. ഒരാളുടെ കണ്ണിൽ നിന്നും ബാഷ്പകണങ്ങൾ ഒഴുകി നിലത്തുവീണു. ഒരാൾ കണ്ണുരണ്ടും പൊത്തിക്കൊണ്ട് ദീർഘമായി ഒന്നു നിശ്വസിച്ചു. വേറൊരാളുടെ കണ്ഠനാളത്തിൽ നിന്നും ദയനീയമായ തേങ്ങൽ. ഇവയെത്തുടർന്ന് വലിയ ഒഴുക്കുണ്ടാകുമ്പോൾ ചിറകൾപൊട്ടി പൊളിയുന്നതെങ്ങനെയോ അതുപോലെ കൂട്ടത്തിലൊരാളുടെ “അയ്യോ” എന്ന നിലവിളി. നിശ്ശബ്ദത നിറഞ്ഞുനിന്ന ആ കാട്ടിൽ ഉടനെ കണ്ണുനീർ പ്രവാഹത്തോടുകൂടിയ ഒരു ഇരമ്പലാണ് കേൾക്കപ്പെട്ടത്.

“മക്കളെ കരയാതെ” എന്ന് ഇളയമ്മ അവരെ സാന്ത്വനപ്പെടുത്തി. തൽക്ഷണം എല്ലാവരും സത്രത്തിലേക്കു മടങ്ങി. ഇളയമ്മ എല്ലാവരെയും വിളിച്ച് “സിംഹക്കുഴിയിൽ നിന്നും ദാനിയേലിനെ രക്ഷിച്ചവനായ ദൈവം



www.malankaralibrary.com Scanned with CamScanner

നമ്മുടെ സിസ്റ്ററിനെയും നമുക്കു തരും" എന്നു പറഞ്ഞ് മറ്റുള്ളവരെ ആശ്വസിപ്പിക്കാൻ ശ്രമിച്ചത് ഏങ്ങിക്കരഞ്ഞുകൊണ്ടാണ്. ഇളയമ്മ സ്വതവേതന്നെ സഹിക്കാൻ ശക്തിയില്ലാത്ത വ്യക്തിയായിരുന്നതിനാൽ ഈ വേദന താങ്ങുവാൻ ഏറെ പണിപ്പെട്ടു. യേശുവിനെ പന്ത്രണ്ടാം വയസ്സിൽ കാണാതെ പോയപ്പോൾ പരിശുദ്ധ കന്യാമറിയം അനുഭവിച്ച വ്യാകുലത്തെപ്പറ്റി അവർ ഓർത്തു. പ്രാർത്ഥനയോടും ഹൃദയവേദനയോടുംകൂടി സിസ്റ്ററിന്റെ വരവും കാത്തിരുന്ന ഓരോ മിനിട്ടും മണിക്കൂറുകൾപോലെ അവർക്ക് അനുഭവപ്പെട്ടു.

അദ്ഭുതമേ, സർപ്പത്തിന്റെ വായിൽ നിന്നും കന്യകയെ രക്ഷിക്കാൻവന്ന വി.ഗിവറുഗീസ് പുണ്യവാനെപ്പോലെ ആശ്രമപിതാവ് കുതിരപ്പുറത്തുവന്ന് സത്രത്തിന്റെ മുറ്റത്തുനിന്നു. മഠാംഗങ്ങളെല്ലാവരും കരഞ്ഞുകൊണ്ടോടിയെത്തി. "എന്തിനു കരയുന്നു? നാമെല്ലാവരും ദൈവത്തിന്റെ കരങ്ങളിലല്ലയോ? സിസ്റ്ററിനെ ഇപ്പോൾ കൊണ്ടുവരാം. മക്കളെ കരയരുത്" എന്നു പറഞ്ഞ് ആശ്വസിപ്പിച്ചിട്ട് പിതാവ് അവിടെനിന്നും പോയി. സ്ഥലപരിചയമില്ലായ്കയാൽ ആ മദാമ്മ കാൽവഴുതി വല്ല പാറയിടുക്കിലും വീണിരിക്കുമോ? അഗാധമായ വല്ല കുഴിയിലും നിലംപതിച്ചിരിക്കുമോ? വിഷബാധയേറ്റ് മോഹാലസ്യപ്പെട്ടിരിക്കുമോ? വന്യമൃഗങ്ങളുടെ കൈയിൽ അകപ്പെട്ടിരിക്കുമോ എന്നിങ്ങനെയുള്ള ചിന്തകളോടെ വന്ദ്യപിതാവ് കാട്ടിലേക്കുകയറി.

തോമ്മ ചൂണ്ടിക്കാണിച്ചു കൊടുത്ത വഴിയിൽക്കൂടെ തന്നെയായിരുന്നു സിസ്റ്റർ ഡൊറീൻ മലമുകളിലേക്ക് കയറിപ്പോയത്. വിവിധങ്ങളായ ആത്മീയ ചിന്തകളിൽ ആകൃഷ്ടയായ അവർ എങ്ങനെയോ കയറിപ്പോയി കാട്ടിനുള്ളിൽ പരന്നുകിടന്ന ഒരു പാറപ്പുറത്ത് എത്തിച്ചേർന്നു. ഏകാന്തമായ നിശ്ശബ്ദതയിൽ ധ്യാനനിർലീനയായി. അനന്തരം എഴുന്നേറ്റ് വേറൊരു പാറപ്പുറത്തെത്തി. അതിനപ്പുറം കിഴക്കാംതൂക്കായ വലിയ കുഴിയാണ്. അപ്പോൾ ഒരു ഭീകര ജന്തുവിന്റെ സ്വരം കേട്ട് ഭയന്ന് സിസ്റ്റർ പിന്നോട്ടുമാറി. അന്ധകാരം വ്യാപിച്ചുകഴിഞ്ഞിരുന്നു. എങ്ങോട്ടാണ് പോകേണ്ടതെന്നറിയാതെ കുഴങ്ങി. വെളിച്ചവുമില്ല. വഴിയുമില്ല. അന്ധകാരനിബിഡമായ വനത്തിൽ താഴെ നിന്നു കേട്ടിരുന്ന വന്യമൃഗത്തിന്റെ ഘോരശബ്ദം അവരെ ഭയപ്പെടുത്തി. ദേഹമാകെ മരവിച്ചതുപോലെയായി. കൈകാലുകൾ തളർന്നു. ദൈവത്തെക്കുറിച്ചു മാത്രം ചിന്തിച്ച് അവർ മുട്ടുകൾ മടക്കി പ്രാർത്ഥനയിൽ മുഴുകി. തണുത്തു വിറയ്ക്കുന്ന കൈകളിൽ സ്വശിരസ്സിനെവച്ച് കുമ്പിട്ട് ഹൃദയം നുറുങ്ങി പ്രാർത്ഥിച്ചു.

നാടും വീടും വിട്ട് മാതാപിതാക്കന്മാരെയും സഹോദരങ്ങളെയും ഉപേക്ഷിച്ച് അവിടുത്തെ സുവിശേഷം അറിയിക്കാൻ കടൽകടന്നു വിദൂരദേശത്തു വന്നെത്തിയ പ്രിയപ്പെട്ട സിസ്റ്ററിനെ അന്വേഷിച്ച് കാടിന്റെ നാനാവശത്തുകൂടെയും കയറിപ്പോയ അന്വേഷകർ "സിസ്റ്റർ", "സിസ്റ്റർ" എന്നു നീട്ടി



www.malankaralibrary.com Scanned with CamScanner

വിളിച്ചുകൊണ്ട് കാടാകെ തെരഞ്ഞു. മണി ഒൻപതായി. പള്ളിയിൽ നിന്ന് മണിനാദം കേൾക്കാത്തതിനാൽ ആശ്രമസ്ഥർ വിഷമിച്ചു. നിരാശ തോന്നി. എങ്കിലും പിന്തിരിയാതെ തെരച്ചിൽ തുടർന്നു. അവസാനം "സിസ്റ്റർ" എന്ന് ഉച്ചത്തിൽ നീട്ടിവിളിച്ചത് സിസ്റ്റർ ഡൊറീൻ കേട്ട് തല ഉയർത്തി നോക്കി. ഘോരമൃഗത്തെ പേടിച്ചുവിറച്ചിരുന്ന സിസ്റ്റർ "I am here - am here" എന്നു പറഞ്ഞു. സിസ്റ്ററിന്റെ നേർമയുള്ളതും കൂർത്തതുമായ സ്വരം അന്വേഷകർ കേട്ടു. കുണ്ടും കുഴിയും നോക്കാതെ അവർ അങ്ങോട്ടു പാഞ്ഞു. സിസ്റ്ററിനെ കണ്ടെത്തിയപ്പോൾ അവർക്കുണ്ടായ സന്തോഷം വർണ്ണിക്കാവതല്ല. സിസ്റ്ററിന്റെ കണ്ണുകൾ നിറഞ്ഞൊഴുകി. ചുണ്ടുകൾ വിറച്ചു. സിസ്റ്ററിന് അപ്പോൾ ഒന്നും സംസാരിക്കാനായില്ല. നിമിഷങ്ങൾക്കകം പള്ളിയിൽ നിന്നും മണി മുഴങ്ങി. എല്ലാവരും തെരച്ചിൽ നിറുത്തി പള്ളിയിലെത്തി. സിസ്റ്റർ ഡൊറീൻ അപരാധബോധത്തോടെ നിന്നിരുന്നു. "അവിടുത്തെ വേദനിപ്പിച്ചതിലുള്ള കുറ്റം ക്ഷമിക്കണമെ" എന്ന് പിതാവിനോടായി ഇംഗ്ലീഷിൽ പറഞ്ഞു.

ആശ്രമപിതാവും അന്വേഷകരും സിസ്റ്റർ ഡൊറീനെയും കൊണ്ട് സത്രത്തിലെത്തി. അവിടെയുണ്ടായ അപ്പോഴത്തെ സന്തോഷം വിവരിക്കാൻ സാധ്യമല്ല. സിസ്റ്റർ ഹെലനും സിസ്റ്റർ ഡൊറീനും ഏകസ്വരത്തിൽ "സിസ്റ്റർ" "സിസ്റ്റർ" എന്നു വിളിച്ചുകൊണ്ട് കണ്ണീരോടെ നടത്തിയ ആശ്ലേഷം എല്ലാവരുടെയും കണ്ണുകളെ ഈറനണിയിച്ചു. മഠാംഗങ്ങൾ പൊട്ടിക്കരഞ്ഞു. അവരുടെ സന്തോഷാശ്രുപ്രവാഹം – "മേലിൽ സൂക്ഷിച്ചോണേ" എന്ന ആശ്രമാദ്ധ്യക്ഷന്റെ വാക്കുകളോടെ പെട്ടെന്ന് ശമിക്കുകയും ചെയ്തു.

തുടർന്നുള്ള വർഷങ്ങളിൽ പരിശീലകരായിരുന്ന സിസ്റ്റേഴ്സ് പെരുനാട് തീർത്ഥയാത്രയ്ക്ക് ഒരുമ്പെട്ടില്ല. ഇതിനുശേഷമുള്ള വർഷങ്ങളിൽ സിസ്റ്റർ ഹെലനും ഓരോ അവസരത്തിൽ മാറി മാറി താമസിച്ചിരുന്ന സിസ്റ്ററുംകൂടി മദ്ധ്യവേനൽ അവധിക്ക് തെക്കേ ഇന്ത്യയിലുള്ള ഏതെങ്കിലും സുഖവാസസ്ഥലത്ത് കുറെ ആഴ്ചകൾ വിശ്രമത്തിനായി പോയിരുന്നു– സിസ്റ്റേഴ്സും പോസ്റ്റുലൻസും പെരുനാട്ടിൽ ചെന്നു താമസിച്ചകാലത്ത് 1929 ഏപ്രിൽ 6–ാം തീയതി എം. സി. സാറാമ്മ (മദർ തൈബൂസ്), കെ. എം. അച്ചാമ്മ, മറിയാമ്മഡാനിയേൽ (മദർ ബാസിം) ഇവരെ പെരുനാട്ടിലെ ബഥനി ആശ്രമചാപ്പലിൽവച്ച് വന്ദ്യപിതാവ് നൊവീഷ്യേറ്റിൽ പ്രവേശിപ്പിക്കുകയുണ്ടായി. തിരുവല്ലായിൽ തിരിച്ചുചെന്നശേഷം നൊവീഷ്യേറ്റു തുടർന്നു കൊണ്ടുപോകാമെന്നു വന്ദ്യപിതാവ് കൽപ്പിച്ചു.

1929 ഏപ്രിൽ മാസത്തിലാണ് കഷ്ടാനുഭവാഴ്ചയിലെ ശുശ്രൂഷകളിൽ സംബന്ധിക്കുന്നതിനായി തിരുവല്ലായിൽ നിന്നും അവസാനമായി സിസ്റ്റേഴ്സ് പെരുനാട്ടിനു പോയത്. അന്ന് ഏപ്രിൽ 28–ാം തീയതിയായിരുന്നു, ഊശാന–ഞായർ. ഊശാനയുടെ ശുശ്രൂഷ, കുർബാന ഇവ കഴിഞ്ഞ് മഠാംഗങ്ങൾ സത്രത്തിലെത്തിയപ്പോൾ മണി 12.30. മുൻ ആണ്ടുകളിൽ പതി



www.malankaralibrary.com Scanned with CamScanner

വുണ്ടായിരുന്നതുപോലെ ഈ വർഷം കഞ്ഞിക്കൊടുക്കാഞ്ഞതുകൊണ്ടാണ് ഇത്രയും നേരത്തെ സത്രത്തിൽ എത്തിയത്. റോമായിലേക്ക് ബഥനിക്കാരെല്ലാം പോകുന്നുവെന്നൊരു ശ്രുതി വട്ടശേരിൽ മെത്രാച്ചൻ വെളിയിൽ പ്രചരിപ്പിച്ചതിന്റെ ഫലമായിട്ടാണ് ഈ വർഷംകൂടിയ ജനത്തിനെല്ലാം കഞ്ഞി കൊടുക്കാൻ സാധ്യമല്ലാതെ വന്നത്.

### ഒരു സർപ്പദംശനം

അന്ന് വൈകിട്ട് സന്ധ്യാനമസ്കാരത്തോടുകൂടി പിതാവിന്റെ പ്രസംഗത്തെത്തുടർന്ന് തുറമുഖത്തുവന്നടുത്തു എന്നർത്ഥമുള്ള “വാദേദ് തൽമീനോ” എന്ന ശുശ്രൂഷയുണ്ടായിരുന്നു. അതുകഴിഞ്ഞ് കാട്ടുമലയിലെ വഴിയിൽക്കൂടി ആറും ഏഴും പേരായി നടന്നുപോരുമ്പോൾ മറ്റുള്ളവർ വെളിച്ചം കണ്ടുപോരുന്നതിന് സിസ്റ്റർ ദനഹാ ഒരു അരികിലേക്ക് മാറിനിന്നു. അപ്പോൾ “ഏതോ ഒന്ന് കാലിൽ കടിച്ചു” എന്നു പറഞ്ഞു. അവിടെ ഇഴജന്തുക്കളെ ഒന്നിനെയും കണ്ടില്ല. കൂടെയുള്ളവർ നിന്നു. പുറകെവന്നവരിൽ നിന്ന് തീപ്പെട്ടി വാങ്ങി കത്തിച്ച് അടയാളം കണ്ടഭാഗം പൊള്ളിച്ചു. സത്രത്തിൽ വന്നയുടൻ പൊട്ടാസ്യം പെർമാഗനേറ്റ് ഇട്ടു തിരുമ്മി. കാട്ടുക്കാരൻ വല്ല്യപ്പന്റെ മകൻ പാപ്പിയെവിളിപ്പിച്ച് പിതാവിനെ വിവരമറിയിച്ചു. ഡോ. തോമസ്പണിക്കരച്ചനോടുകൂടി പിതാവ് വന്നു. അച്ചൻ കാൽപ്പാദം കീറി മരുന്നുവച്ചു. അത്ര സാരമുള്ളതൊന്നുമല്ല എന്ന് പിറ്റേദിവസം ഗ്രഹിച്ചു.

ഈ സമയത്ത് കഷ്ടാനുഭവാഴ്ചയായിരുന്നതിനാൽ പതിവുള്ള മൗനം ഒരുത്തരും ലംഘിച്ചില്ല. അത്യാവശ്യപ്പെട്ടവ മാത്രം സിസ്റ്റർ സുപ്പീരിയർ, സിസ്റ്റർ ശൈന സംസാരിച്ചു. ആ കാലത്ത് മൗനപാലനത്തിൽ അതീവനിഷ്ഠ ഉണ്ടായിരുന്നു.

പുനരൈക്യ പരിശ്രമങ്ങൾ മുന്നേറിക്കൊണ്ടിരുന്നു. പ്രതികൂല സാഹചര്യങ്ങൾമൂലം 1930-ൽ പെരുനാട്ടിൽ കഷ്ടാനുഭവാഴ്ചയിൽ മഠാംഗങ്ങൾ പോകുകയുണ്ടായില്ല.



www.malankaralibrary.com Scanned with CamScanner

## അദ്ധ്യായം - 5

# ബഥനിയിലെ ആദ്യകാലങ്ങൾ

ബഥനി സന്ന്യാസ സഭയാകുന്ന വിത്ത് 1915 ജൂൺ മുതൽ 1920 ഏപ്രിൽ വരെ പാകിമുളച്ചത് ബാരിസോളിൽ ഓക്സ്ഫോർഡ് മിഷ്യൻ ഹൗസിലായിരുന്നു. പിന്നീട് 1920 മെയ് 20 മുതൽ അത് തിരുമൂലപുരത്ത് ബാലികാമഠംസ്കൂളിനോട് തൊട്ട് പടിഞ്ഞാറ് സ്ഥാപിക്കപ്പെട്ട മഠത്തിലേക്ക് പറിച്ചുനടപ്പെട്ടു. അങ്ങനെ ബാരിസോളിൽ പരിശീലനത്തിലിരുന്ന എം.പി. ശോശാമ്മയും കൂട്ടുകാരും-അർത്ഥിനികൾ എല്ലാവരും തന്നെ തിരുവല്ലായിലെത്തി. മഠത്തിനുവേണ്ടി നിർമ്മിച്ചിരുന്ന ലളിതസുന്ദരമായ ഭവനത്തിൽ താമസിച്ച് സന്ന്യാസ പരിശീലനം തുടർന്നു. സിസ്റ്റർ ഹെലൻ ബാരിസോളിൽ നിന്നുമെത്തി എന്നത് ബഥനിയുടെ ഭാഗ്യമായി കരുതാം. സിസ്റ്ററിനു സഹായിയായി സിസ്റ്റർ ഡൊറീനും ഇടയ്ക്കിടെ മദർ ഈഡിത്തും തിരുമൂലയിൽ എത്തി പരിശീലനം നൽകിയത് എം.പി. ശോശാമ്മയ്ക്കും കൂടെയുള്ളവർക്കും ഏറെ ആശ്വാസമായിരുന്നു.

സ്നേഹസമ്പന്നയും ഔദാര്യമതിയും ആദ്ധ്യാത്മിക ചൈതന്യം നിറഞ്ഞ അമ്മയുമായിരുന്നു മദർ ഈഡിത്ത്. എപ്പിഫനി സമൂഹത്തിന്റെ സ്ഥാപകയായ മദർ ഏറ്റം വിനീതയായിരുന്നു. ഒരിക്കലും "സ്ഥാപക" എന്ന നാമം സ്വീകരിച്ചിട്ടില്ല. ഓക്സ്ഫോർഡ് മിഷ്യൻഫാദേഴ്സിൽ റവ. ഫാദർ. സ്റ്റോങ്ങിനെയാണ് മഠത്തിന്റെ സ്ഥാപകനായി മദർ എപ്പോഴും ഗണിച്ചിരുന്നത്. സ്വഭാവികമായി മൗനത്തെ സ്നേഹിച്ചിരുന്ന മദർ ഏറ്റം കുറച്ചു സംസാരിക്കുകയും വളരെയേറെ കാര്യങ്ങൾ ദൈവമഹത്ത്വത്തിനായി പ്രവർത്തിക്കുകയും ചെയ്തിരുന്നു.

അസംസ്കൃതരും വിദ്യാവിഹീനരും മൃഗതുല്യം ഗണിക്കപ്പെട്ടിരുന്നവരുമായ ബംഗാളിലെ നിർദ്ധനരായ സ്ത്രീകളുടെ ഉന്നമനത്തിനായി മദർ ഈഡിത്തും കൂടെയുള്ള സിസ്റ്റേഴ്സും നിസ്വാർത്ഥസേവനമനുഷ്ഠിച്ചു. അവരുടെ ത്യാഗത്തെ വിലമതിക്കാനോ ഉപദേശം കേൾപ്പാനോ നന്ദിപ്രദർശിപ്പിക്കാനോ പ്രാപ്തിയില്ലാതിരുന്ന നിരക്ഷരകുക്ഷികളായ സ്ത്രീകളുടെ ഇടയിൽ അവർ ആവലാതിയോ പിറുപിറുപ്പോ കൂടാതെ ക്രിസ്തുവിനുവേണ്ടി



www.malankaralibrary.com Scanned with CamScanner

വേല ചെയ്യുന്നതു കാണുന്നതിനും സഹകരിക്കുന്നതിനും അവരുടെ കൂടെ ജീവിക്കുന്നതിനുമുള്ള സുവർണ്ണാവസരം ശോശാമ്മയും കൂട്ടുകാരും പരമാവധി പ്രയോജനപ്പെടുത്തി. മദറിന്റെയും സിസ്റ്റേഴ്സിന്റെയും പ്രാർത്ഥനാ ജീവിതവും വി. കുർബാനയോടുള്ള ഭക്തിയും ലളിതജീവിതവും ബഥനിയിലെ ആദ്യ അംഗങ്ങൾക്ക് ആദർശങ്ങളായി ഭവിച്ചു.

സഭാപരമായി സന്ന്യാസത്തിന്റെ പൂർവ്വപാരമ്പര്യങ്ങളൊന്നും അവകാശപ്പെടാനില്ലാത്ത സന്ന്യാസിനി സമൂഹത്തിലെ അർത്ഥിനികൾക്ക് ദൈവികമായ പ്രചോദനം ഉൾകൊണ്ട്, പരിശുദ്ധാത്മാവിന്റെ കൃപാവരത്തോടു സഹകരിച്ച് ആദ്ധ്യാത്മികതയുടെ ആഴം ഉറപ്പിക്കുന്നതിന് ബാരിസോളിൽ വച്ചു തന്നെ എം. എ. അച്ചൻ പരിശീലനം നൽകിവന്നു. പൗരസ്ത്യരീതിയിൽ മലങ്കര സുറിയാനി സഭയുടെ പാരമ്പര്യത്തിനനുസരണമായി മിശിഹായെ അടുത്തനുകരിച്ചു കൊണ്ടുള്ള ഒരു ജീവിതത്തിനു വേണ്ട എല്ലാ സജ്ജീകരണങ്ങളും ഒരുക്കികൊടുക്കുവാനും അതിനനുസരണമായി ക്ലാസ്സുകൾ നൽകുവാനും എം.എ. അച്ചൻ ശ്രദ്ധാലുവായിരുന്നു. തിരുമൂലയിൽ എത്തിയശേഷവും അവരുടെ ആദ്ധ്യാത്മിക കാര്യങ്ങൾ ശ്രദ്ധിക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും എം. എ. അച്ചൻ സമയം കണ്ടെത്തി. മഠത്തിനടുത്ത് ഒരു കെട്ടിടമുണ്ടാക്കി ഇടക്കിടെ അവിടെ വന്നുതാമസിക്കുകയും അർത്ഥിനികൾക്ക് ക്ലാസുകൾ നൽകുകയും ചെയ്തു. ബാരിസോളിൽ വച്ച് മട്ടയ്ക്കൽ ശെമ്മാശനെയും മാർ യാക്കോബു ശെമ്മാശനെയും അർത്ഥിനികൾക്കു ക്ലാസെടുക്കാൻ നിയോഗിച്ചതുപോലെ തിരുമൂലപുരത്തു വന്നശേഷവും ആവശ്യാനുസരണം ആശ്രമത്തിലുള്ള സന്ന്യാസിമാരെ മഠത്തിലെ അംഗങ്ങൾക്ക് ക്ലാസ് നൽകുന്നതിന് നിയോഗിച്ചിരുന്നു. കേരളത്തിന്റെ മണ്ണിൽ തിരുമൂലപുരത്ത് പറിച്ചുനടപ്പെട്ട സന്ന്യാസമാകുന്ന കൊച്ചുചെടി വെള്ളവും വളവും സൂര്യപ്രകാശവും ലഭിച്ച് പുഷ്ടിപ്പെട്ടു. മലങ്കര സുറിയാനി സഭാസമൂഹത്തിൽ അപൂർവ്വവൃക്ഷമെന്ന പോലെ അതു വേരുറപ്പിച്ചു വളരാൻ തുടങ്ങി. പരിത്യാഗ ജീവിതപാതയിലൂടെ തപസ്സും പ്രായശ്ചിത്തവും ധ്യാനമുറകളും യാമനമസ്കാരവും ജീവിതശൈലിയാക്കുന്നതിനുള്ള പരിശീലനം കുറേക്കൂടി തീവ്രമായ രീതിയിൽ തുടരുകയായിരുന്നു, തിരുമൂലപുരത്ത്.

കർമ്മരംഗം അർത്ഥിനികൾക്ക് സന്തോഷപ്രദമായിരുന്നു. സ്വഭവനത്തെയും മാതാപിതാക്കളെയും വിട്ട് ബാലികാമഠം റസിഡൻഷ്യൽ സ്കൂളിൽ പഠിക്കുവാനെത്തിയിരുന്ന പെൺകുട്ടികൾക്ക് ബഥനി സന്ന്യാസിനികൾ അത്താണിയായി. വേദപാഠം പഠിപ്പിക്കുന്നതിനും സന്മാർഗ്ഗ ക്ലാസുകൾ എടുക്കുന്നതിനും വി. കുമ്പസാരത്തിനും വി. കുർബാനാനുഭവത്തിനും കുട്ടികളെ ഒരുക്കുന്നതിനും. അവർ നിയോഗിക്കപ്പെട്ടിരുന്നു. വിദ്യാഭ്യാസ സൗകര്യങ്ങൾ ലഭിക്കാതെ അധഃകൃതരെന്ന് വിധിയെഴുതിയ താണ ജീവിതനിലവാരം പുലർത്തിയിരുന്ന ദളിതരുടെ കുടുംബാംഗങ്ങൾ തിരുവല്ലാ പ്രദേശത്തും ഉണ്ടായിരുന്നു. മഠത്തിനുചുറ്റുപാടുമുള്ള അവരുടെ കുടിലുകളിൽ കയറി



www.malankaralibrary.com Scanned with CamScanner

യിറങ്ങി അവർക്കു ബോധവത്കരണം നൽകുന്നതിനും അവരുടെ കുട്ടികളെ കൂട്ടികൊണ്ടുവന്ന് പ്രാഥമിക വിദ്യാഭ്യാസം നൽകുന്നതിനും അർത്ഥിനികൾക്ക് അവസരം നൽകിയിരുന്നു.

തിരുമൂല ഇടവകാംഗങ്ങളായ സ്ത്രീകൾക്ക് ആഴ്ചതോറും മഠത്തിൽ വച്ച് സിസ്റ്റർ ഹെലൻ ക്ലാസുകൾ നൽകിയിരുന്നു. അർത്ഥിനികളിൽ ആരെങ്കിലും ഒരാൾ അത് തർജ്ജമ ചെയ്തിരുന്നു. ഭവനസന്ദർശനത്തിനും മതപഠനക്ലാസ്സുകൾക്കും വേണ്ട പരിശീലനം എം. പി. ശോശാമ്മയ്ക്കും കൂട്ടുകാർക്കും സിസ്റ്റർ ഹെലൻ നൽകി. മലങ്കര മക്കൾക്കുമാത്രമല്ല മറ്റു സ്ത്രീകളുടെ ഇടയിലും ജാതിമതഭേദമെന്യേ മഠത്തെക്കുറിച്ചുള്ള വാർത്തകൾ സന്തോഷവും ഉണർവ്വും പകർന്നു.

സമീപത്തായി നടത്തി വന്ന പ്രൈമറിസ്കൂളിന്റെ ചുമതലയും മഠത്തിലെ അംഗങ്ങൾ ഏറ്റെടുത്തു. തിരുമൂലവിലാസം യു. പി. സ്കൂൾ എന്ന പേരിൽ ഇന്നും മഠം വകയായിത്തന്നെ സ്കൂൾ നിലനിൽക്കുന്നു. പൊൻവാണിഭം ആച്ചിയമ്മ, കുറ്റിയിൽ മറിയാമ്മ, കല്ലുമ്പുറത്ത് കൊച്ചുമറിയാമ്മ, സൂസമ്മ, റാഹേലമ്മ തുടങ്ങിയവരാണ് 1920 മെയ്മാസം 20-ാം തീയതി പുതുതായി ആരംഭിച്ച ബഥനി മഠത്തിൽ മൂക്കഞ്ചേരിൽ ശോശാമ്മയോടൊത്ത് ഭവനപ്രവേശം ചെയ്തത്. മാമ്പുഴക്കാട്ടു സാറാമ്മ, മിസ് ബേക്കർ ഹൈസ്കൂളിൽ പഠിച്ചിരുന്നു. മാവേലിക്കര അന്നമ്മ, കല്ലറക്കൽ കുഞ്ഞമ്മ എന്നിവരെ ബാലികാമഠം സ്കൂളിൽ ചേർത്ത് അവിടെ താമസിപ്പിച്ചു.

മിസ് ബേക്കർ ഹൈസ്കൂളിൽ പഠനം പൂർത്തിയാക്കിയ ആന്നിയിൽ ഏലിശുബ, കെ. കെ. റെയ്ച്ചൽ എന്നിവരെ 1923 മാർച്ച് 7-ാം തീയതി തിരുമൂലപുരം യാക്കോബായപള്ളിയിൽ വച്ച് ആബോ ഗീവറുഗീസ് അർത്ഥിനി പദത്തിലേക്കു പ്രവേശിപ്പിച്ചു. കൽക്കട്ട ഡയോസിസൻ കോളജിൽ നിന്ന് ബി.എ. പാസ്സായി ബാരിസോൾ സംഘത്തിൽ ചേർന്ന കുടത്തുംമുറി സാറാമ്മയെ ബാലികാമഠം ഹൈസ്കൂൾ അദ്ധ്യാപികയായി നിയമിച്ചിരുന്നു. രണ്ടു വർഷത്തെ അദ്ധ്യാപനത്തിനുശേഷം മാതാപിതാക്കളുടെ എതിർപ്പുകളൊന്നും കാര്യമാക്കാതെ സാറാമ്മ തിരുമൂലമഠത്തിലെത്തി സന്ന്യാസപരിശീലനം നടത്തിയിരുന്നു. 1924 ജൂൺ പതിനാറിന് തിരുമൂല മഠം ചാപ്പലിൽ വച്ച് സാറാമ്മയും അർത്ഥിനി പദത്തിലേക്ക് സ്വീകരിക്കപ്പെട്ടു. അംഗങ്ങൾ ഓരോരുത്തരും വന്നു ചേരുമ്പോൾ എം.പി ശോശാമ്മയ്ക്കുള്ള ആനന്ദം അവാച്യമായിരുന്നു. എം. എ. അച്ചന്റെ ശിഷ്യനും തന്റെ ഉറ്റ സുഹൃത്തും എല്ലാ സംരംഭങ്ങളിലും വലംകൈയായി പ്രവർത്തിച്ചിരുന്ന ആളുമായിരുന്നു കോട്ടയം ഒളശ്ശയിൽ കളപ്പുരയ്ക്കൽ യാക്കോബു ശെമ്മാശൻ. അദ്ദേഹം ശെമ്മാശനായിരിക്കുമ്പോൾ തന്നെ പെരുനാട് മുണ്ടൻമലയിൽ ബഥനി ആശ്രമസ്ഥനായിരുന്നു. അദ്ദേഹത്തിൽ നിന്നും അദ്ദേഹത്തിന്റെ സഹോദരി കെ.എ. ഏലിയാമ്മ തിരുമൂലപുരത്തെ ബഥനി മഠത്തെക്കുറിച്ച് അറിയാൻ ഇടയായി. വീട്ടിൽ നിന്നും കഠിനമായ എതിർപ്പുണ്ടായെങ്കിലും സഹോദരനിലൂടെ കാര്യങ്ങൾ



www.malankaralibrary.com Scanned with CamScanner

വ്യക്തമായി കിട്ടിയതോടെ ബഥനിയിലേക്കുള്ള പ്രവേശനം മനസ്സില്ലാമനസ്സോടെ മാതാപിതാക്കൾ അനുവദിക്കുകയാണുണ്ടായത് ബാരിസോളിൽ പരിശീലനം ലഭിച്ചിട്ടില്ലാത്ത ആദ്യത്തെ ആസ്പിരന്റ് (ആയാത) ആയിരുന്നു കെ. എ. ഏലിയാമ്മ. മലങ്കര സഭയിൽ സ്ത്രീസന്ന്യാസം ഒരു ചോദ്യചിഹ്ന മായിത്തന്നെ അവശേഷിച്ചിരുന്ന അക്കാലത്ത് ധീരതയോടെ മഠത്തിലേക്കു കടന്നുവന്ന ഏലിയാമ്മയുടെ ആഗമനം, "ഇളയമ്മ" മുതൽ ഇളയ അർത്ഥി നിവരെ എല്ലാവരെയും ആഹ്ലാദചിത്തരാക്കി. 1925 ആരംഭത്തിൽ മാവേലി ക്കരയിൽ നിന്നുള്ള പി. പി. അന്നമ്മയും തിരുമൂലമഠത്തിലെത്തി പരിശീ ലനം ആരംഭിച്ചു.

ബാരിസോളിൽ നിന്നും തിരുവല്ലായിലെത്തിയ പതിനൊന്ന് അംഗ ങ്ങളിൽ ആറുപേർ 1921 നും 1925 നുമിടയ്ക്ക് തിരിച്ചയയ്ക്കപ്പെടുകയോ സ്വയം തീരുമാനമെടുത്ത് സ്വഭവനങ്ങളിലേക്കു തിരികെപ്പോവുകയോ ചെയ്തു.

മഠാംഗങ്ങളായി സന്ന്യാസസമൂഹത്തിലേക്ക് വരാനാഗ്രഹിക്കുന്നവരെ സ്വീകരിക്കുന്നതിനും, വന്നതിനുശേഷം അപ്രാപ്തരെന്ന് തോന്നുന്നവരെ കാര്യങ്ങൾ ബോദ്ധ്യപ്പെടുത്തി തിരിച്ചു വീട്ടിലേക്കയയ്ക്കുന്നതിനും ആബോ ശ്രദ്ധിച്ചിരുന്നു. ഓരോരുത്തരെയും സംബന്ധിച്ച് ആലോചിച്ചും പ്രാർത്ഥിച്ചും സ്വയം തീരുമാനമെടുക്കാൻ പ്രോത്സാഹിപ്പിക്കുകയും അവസരം നൽകുക യുമാണ് ചെയ്തിട്ടുള്ളത്. "നിങ്ങളല്ല എന്നെ തെരഞ്ഞെടുത്തത്. ഞാനാണ് നിങ്ങളെ തെരഞ്ഞെടുത്തത്" (Jn 15:16)ദൈവത്തിന്റെ ഈ തെരഞ്ഞെടുപ്പ് മനസ്സിലാക്കുന്നതിനും അത് സ്വതന്ത്രമായി സ്വീകരിക്കുന്നതിനും കൃപാവരം ലഭിച്ച ആളായിരുന്നു മൂക്കഞ്ചേരിൽ ശോശാമ്മ. ഈ കൃപാവരത്തോടു സഹ കരിക്കാനും ദൈവഹിതമറിഞ്ഞ് അതിൽ ഉറച്ചു നിൽക്കാനും ശോശാമ്മയ്ക്ക് സാദ്ധ്യമായി എന്നതാണ് ജീവിതവിജയത്തിനു വഴിതെളിച്ചത്.

> "കർത്താവേ! ഞാൻ
> പോകേണ്ട വഴി
> എനിക്കു കാണിച്ചുതരണമെ."
>
> മദർ ശൈന



www.malankaralibrary.com Scanned with CamScanner

# അദ്ധ്യായം - 6

# ബഥനി സന്ന്യാസിനി സമൂഹ സ്ഥാപനം

## സന്ന്യാസപ്രതിഷ്ഠ ബഥനിയിൽ

പൗരസ്ത്യസഭയിൽ മെത്രാനല്ലാതെ മറ്റാർക്കും സന്ന്യാസപട്ടം നൽകുവാൻ അധികാരമുണ്ടായിരുന്നില്ല. പുരുഷന്മാർക്ക് വ്രതവാഗ്ദാനം ചെയ്യുവാൻ മലങ്കരസഭയിൽ അനുവാദമുണ്ടായിരുന്നു. എന്നാൽ സ്ത്രീകൾക്ക് അത് അനുവദിച്ചിരുന്നില്ല. ബാരിസോളിലെ പരിശീലനം കഴിഞ്ഞ് തിരുമൂലയിലെത്തിയ സിസ്റ്റർ ഹെലന്റെ മേൽനോട്ടത്തിൽ സന്ന്യാസപരിശീലനം തുടർന്നിരുന്നു. അർത്ഥിനികളെ സന്ന്യാസപദവിയിലേക്കു പ്രവേശിപ്പിക്കാനുള്ള എം.എ. അച്ചന്റെ അപേക്ഷ മലങ്കരസഭയുടെ അദ്ധ്യക്ഷൻ വട്ടശ്ശേരിൽ മാർ ദിവന്ന്യാസ്യോസ് കർശനമായി നിരോധിച്ചു. പെൺകുട്ടികളെ കൽക്കട്ടായിലും ബാരിസോളിലും അയച്ചു പഠിപ്പിക്കുന്നതിനും സന്ന്യാസപരിശീലനം നൽകുന്നതിനും അനുവാദം നൽകിയ സഭാദ്ധ്യക്ഷൻ തന്നെ അതു നിരസിച്ചു എന്നതിൽ എം. എ. അച്ചൻ അതീവദുഃഖിതനായി. ഈ പുതിയ സംരംഭം സഭയിൽ സ്വീകാര്യമല്ലാതെ വന്നതിനാൽ ദീർഘകാലമായി വ്രതവാഗ്ദാനം കാംക്ഷിച്ചു പരിശീലനത്തിൽ കഴിഞ്ഞിരുന്ന അർത്ഥിനികളും വളരെയേറെ വേദനിച്ചു. ബഥനിയിലെ അർത്ഥിനികളുടെ വ്രതവാഗ്ദാനം നടക്കാത്തതിൽ അവരെക്കാളും സ്ഥാപകപിതാവിനേക്കാളും വേദനയും ക്ലേശവും മദർ ഈഡിത്തിനും സിസ്റ്റർ ഹെലനും ഉണ്ടായി . ഇങ്ങനെയൊരു തടസ്സം ആംഗ്ലിക്കൻസിനു പോലും മനസ്സിലാക്കാൻ സാധിച്ചില്ല.

അപ്രതീക്ഷിതമായ ഈ നിരസനം എം.എ. അച്ചന് ഹൃദയഭേദകമായിരുന്നു. എങ്കിലും ഇതുകൊണ്ടൊന്നും അദ്ദേഹം നഷ്ടധൈര്യനാവുകയോ തളരുകയോ ചെയ്തില്ല. ദൈവഹിതമെങ്കിൽ എല്ലാം ശുഭമായി ഭവിക്കും. കാർമേഘങ്ങൾ മാഞ്ഞുമറയും. പ്രകാശം തെളിയും. തുടർന്നുള്ള എല്ലാ കാര്യങ്ങളും ദൈവം നടത്തും എന്നുറച്ചു വിശ്വസിച്ചുകൊണ്ട് ധൈര്യത്തോടെ പ്രാർത്ഥനാപൂർവ്വം അദ്ദേഹം മുന്നേറി. ഈ വിധമുള്ള പ്രതിസന്ധിയിൽ ഗുരുഭൂതന്റെ ഹൃദയവ്യഥമാറികിട്ടുന്നതിനും അഭിവന്ദ്യ ദിവന്ന്യാസ്യോസ് തിരുമേനിയുടെ മനസ്സലിയുന്നതിനും ശോശാമ്മയും കൂട്ടുകാരും കണ്ണീരോടെ പ്രാർത്ഥിച്ചിരുന്നു.



www.malankaralibrary.com Scanned with CamScanner

വളരെ നാളുകൾക്കു മുമ്പുതന്നെ മലങ്കര സുറിയാനി സഭയിൽ മെത്രാനാകുന്നതിനുള്ള ആഹ്വാനം എം. എ. അച്ചന് പലപ്പോഴായി ഉണ്ടായിട്ടുണ്ട്. എന്നാൽ മെത്രാൻ പദവി തന്റെ സന്ന്യാസദർശനത്തിനു മങ്ങലേല്പ്പിക്കുകയോ സന്ന്യാസാനുഷ്ഠാനങ്ങൾക്ക് വിഘാതമാവുകയോ ചെയ്തേക്കാമെന്ന ചിന്ത അത് നിരസിക്കുന്നതിന് അദ്ദേഹത്തെ പ്രേരിപ്പിച്ചിരുന്നു. തന്നെയുമല്ല അബ്ദുള്ളാ പാത്രിയാർക്കിസിന്റെ അധികാരപ്രമത്തതയിൽ നിന്നും രക്ഷപ്പെടുന്നതിന് ഓർത്തഡോക്സ് ചിന്താഗതിക്കാരായ മെത്രാന്മാരും അവരുമായി യോജിച്ചു നിന്ന വൈദികരും ദൈവജനവും ഒന്നിച്ച് 'ഓർത്തഡോക്സ്' എന്ന പേരിൽ ഒരു സ്വതന്ത്ര സഭാസമൂഹമായി തീരുകയും ചെയ്തിരുന്നു. വട്ടിപ്പണകേസിലും മറ്റും ഈ മെത്രാൻ കക്ഷിക്കു തോൽവി സംഭവിച്ചിരുന്ന സമയവുമായിരുന്നു അത്. ഈ സന്ദർഭത്തിൽ ഓർത്തഡോക്സ് സഭയ്ക്ക് കൂടുതൽ മെത്രാന്മാരെ വാഴിക്കേണ്ടി വന്നു. ആ സ്ഥാനത്തേക്ക് എം. എ. അച്ചനെയാണ് ശ്രേഷ്ഠനായിരുന്ന വട്ടശേരിൽ മാർ ദിവന്ന്യാസ്യോയോസ് തിരുമേനിയുടെ സുന്നഹദോസ് ഏറ്റവും യോഗ്യനായി കണ്ടത്.

വഴക്കിലും വ്യവഹാരത്തിലും പെട്ട് മുങ്ങിത്താഴുന്ന മലങ്കരസഭയിൽ കാര്യപ്രാപ്തിയുള്ളവനും വിശ്വസ്ഥനുമായ തന്റെ പ്രിയശിഷ്യൻ മെത്രാൻ പദവിയിലെത്തുന്നത് വട്ടശേരിൽ തിരുമേനിക്ക് ആശ്വാസമായിരുന്നു. തന്മൂലം മെത്രാൻ പദവി സ്വീകരിക്കുന്നതിന് അദ്ദേഹം ശിഷ്യനെ പ്രേരിപ്പിച്ചു. എന്നാൽ മൺചട്ടിയും കാവിവസ്ത്രവും അഭികാമ്യമായി കരുതി, ഉന്നതപദവികൾ വിട്ടൊഴിഞ്ഞ് സന്ന്യാസജീവിതം നയിക്കുന്ന എം. എ. അച്ചന് ഇങ്ങനെയൊരു ഉന്നതസ്ഥാനം തന്റെ സഭയ്ക്കുവേണ്ടിയായാൽ പോലും സ്വീകരിക്കാൻ വിമുഖതയായിരുന്നു. എം. എ. അച്ചൻ ചിന്താധീനനായി. എന്താണ് വേണ്ടത് എന്നറിയാതെ വിഷമിച്ചു. ദൈവാശ്രയത്തോടെ മുന്നേറി. അദ്ദേഹത്തിന്റെ ചിന്തകൾ രണ്ടുതട്ടിലായി.

അർപ്പണബോധത്തോടെ ദൈവമുമ്പാകെ പ്രതിഷ്ഠിതരാകാൻ വെമ്പുന്ന ഒരു വൃന്ദം ശിരോവസ്ത്രധാരികളെ മനക്കാമ്പിൽ ദർശിച്ചു. തന്റെ ചിന്തയുടെ ത്രാസ്സിൽ ദൈവനിയോഗത്തട്ട് ഭാരംകൂടിയതായി. ഈ ദൈവഹിതം ശിരസ്സാവഹിക്കുന്നതിന് ഇനി തടസ്സമുണ്ടാകേണ്ട കാര്യമില്ലെന്ന് ആബോ ഗീവറുഗീസിന് ബോദ്ധ്യമായിക്കഴിഞ്ഞു. "കർത്താവേ! അങ്ങയുടെ ഹിതം ചെയ്യാൻ ഇതാ ദാസൻ" എന്ന് സാമുവേലിനെപ്പോലെ അദ്ദേഹം ഉച്ചത്തിൽ പറഞ്ഞു.

### "മക്കളെ നിങ്ങൾക്കുവേണ്ടി"

സന്ന്യാസം കാംക്ഷിച്ച് 1915 മുതൽ പരിശീലനപാതയിലൂടെ പ്രയാണം ആരംഭിച്ചിട്ട് നീണ്ട പത്തു വർഷം പിന്നിട്ടു. ഇതിനിടെ പെൺകുട്ടികൾ വന്നുചേരുകയും, ചിലരൊക്കെ തുടരാനാകാതെ പിന്മാറുകയും ചെയ്തിരുന്നു. ശോശാമ്മയും കൂട്ടുകാരും അവരെ പരിശീലിപ്പിച്ചിരുന്ന സിസ്റ്റർ ഹെലനും പ്രത്യേകിച്ച്, മദർ ഈഡിത്തും ആബോ ഗീവറുഗിസിന് ലഭിക്കാൻ പോകുന്ന



www.malankaralibrary.com Scanned with CamScanner

ഉന്നതപദവിയിൽ ആഹ്ലാദം പൂണ്ടു. 1925 ജനുവരി 28–ന് എം. എ. അച്ചൻ റമ്പാൻ പട്ടം സ്വീകരിച്ചു. 1925 മെയ് 1–ന് നിരണം യാക്കോബായാപ്പള്ളി യിൽ വച്ച് ആബോ ഗീവറുഗീസ് "മാർ ഈവാനിയോസ്" (സ്വർണ്ണനാവു കാരൻ) എന്ന നാമത്തിൽ മെത്രാനായി അഭിഷേകം ചെയ്യപ്പെട്ടു. അതിനു ശേഷം അദ്ദേഹം തന്റെ പ്രിയപ്പെട്ട ബഥനി മക്കൾക്കയച്ച ഒരു കത്തിന്റെ പകർപ്പ് താഴെ ചേർക്കുന്നു.

ദൈവകാരുണ്യത്താൽ ബഥനിയുടെ മാർ ഈവാനിയോസ് മെത്രാൻ എഴുതുന്നത് .

നമ്മുടെ അനുഗ്രഹിക്കപ്പെട്ട മക്കൾക്ക് എല്ലാവർക്കും വാഴ്വ്.

മക്കളേ,

നാം മെത്രാൻ സ്ഥാനം പ്രാപിച്ചതുകൊണ്ട് നമ്മുടെ കർത്താവിന്റെ ശുദ്ധമുള്ള അപ്പോസ്തോലന്മാരുടെ സമൂഹത്തിലും പദവിയിലും പ്രവേശിച്ചു എന്നും കരുണയുള്ള കർത്താവ് പെന്തിക്കോസ്തിയിൽ അപ്പോസ്തോല ന്മാർക്ക് കൊടുത്തതായ കൃപയിൽ നാം ഓഹരിക്കാരനായി തീർന്നു എന്നും കർത്താവിനോട് ഏറ്റവും അടുത്ത് തന്റെ രഹസ്യങ്ങൾ അറിയുവാനും അതിൽ സന്തോഷിപ്പാനും തക്ക ഭാഗ്യത്തിലേക്ക് ദൈവം നമ്മെ വിളിച്ചിരിക്കുന്നു എന്നും നാം ആത്മാവിൽ അറിയുന്നു.നമ്മുടെ കണ്ണിലുണ്ണിയായിരിക്കുന്ന നിങ്ങൾ ഒരു പ്രത്യേക കാര്യത്തിനുവേണ്ടി പ്രാർത്ഥിക്കണെ. ദൈവം ആർക്ക് ഏറെ കൊടുത്തുവോ അവനോട് ഏറെ ചോദിക്കും. നമുക്ക് തന്നിരിക്കു ന്നത് പത്ത് താലന്താകുന്നു. അത് വ്യപാരം ചെയ്ത് പത്തുകൂടെ ലാഭമു ണ്ടാക്കിയാലേ മതിയാവുകയുള്ളു. ഇത് എങ്ങനെ സാധിക്കുമെന്ന് നമുക്ക് യാതൊരു അറിവുമില്ല. എങ്ങോട്ടു പോകണം എന്നും എന്ത് ആഗ്രഹിക്ക ണം എന്നും അറിയാതെ നാം കുഴങ്ങുന്നു. എന്നാൽ ഒരു കാര്യം. നമ്മുടെ കർത്താവ് നമ്മുടെ കൈയ്ക്ക് പിടിച്ചിട്ടുണ്ട്. കുരുടന് കണ്ണ് കാണാൻ പാടില്ല എങ്കിലും അവനെ നടത്തുന്നവൻ കണ്ണുള്ളവനാകയാൽ നിശ്ചിതസ്ഥലത്ത് നിർഭയമായും സുഖമായും കുരുടൻ എത്തുന്നു. കർത്താവേശുമിശിഹാ നമ്മെ പിടിച്ചിരിക്കുന്നു. കർത്താവിന്റെ പ്രകാശത്തിൽ നമ്മെ നടത്തി, കർത്താ വിന്റെ അളവറ്റ മഹത്ത്വത്തിന് നമ്മെയും നമ്മുടെ ഏറ്റം വാത്സല്യമക്ക ളായ നിങ്ങളെല്ലാവരെയും പുണ്യപൂർണ്ണതയിലേക്കും എത്തിച്ചുകൊള്ളുന്ന തിന് മക്കളെ, നിങ്ങൾ പ്രാർത്ഥിച്ചുകൊള്ളണെ. നാം കുരുടരാകുന്നു. യേശു മിശിഹായുടെ കണ്ണ് മാത്രമെ നമുക്ക് കണ്ണായി ആവശ്യമുള്ളൂ. ആ കണ്ണ് എപ്പോഴും കാഴ്ചയുള്ളതായിരിക്കാൻ നിങ്ങൾ പ്രാർത്ഥിക്കണെ. ഇന്നത്തെ നമ്മുടെ കുർബാന ഇക്കാര്യത്തെപ്പറ്റി ആയിരുന്നു. നമുക്ക് യാതൊന്നും അറി ഞ്ഞുകൂടാ. എങ്ങോട്ടു പോകണം, എങ്ങനെ ദൈവമഹത്വത്തിനായി ശ്രമി ക്കണം, എന്തു പ്രാർത്ഥിക്കണം ഇതൊന്നും നാം അറിയുന്നില്ല. നമ്മുടെ സ്വന്തം വാത്സല്യമക്കളായ നിങ്ങളോട് പറയുകയാണ്.

ഇതുകൂടാതെ വേറൊരു സംഗതി കൂടെ നിങ്ങളോട് പറയുവാനുണ്ട്. കൂടെ താമസിക്കുന്ന സഹോദരിമാരിൽ യേശുവിനെ കാണുകയും സ്നേ



www.malankaralibrary.com Scanned with CamScanner

ഹിക്കുകയും ചെയ്യുന്നതിന് പൂർവ്വാധികം നിങ്ങൾ ശ്രമിക്കണം. നിങ്ങളെപ്പറ്റി ദൈവമുമ്പാകെ നമുക്ക് വളരെ സന്തോഷമുണ്ട്. എന്നാൽ ചിലപ്പോൾ നിങ്ങളെപ്പറ്റി വ്യസനവുമുണ്ട്. നിങ്ങൾ നന്നായി ശ്രമിക്കുന്നു എന്ന് അറിയണമെന്നേ നമുക്ക് ആഗ്രഹമുള്ളു. നിങ്ങൾ ഓരോരുത്തരും ദൈവത്തിന്റെ മഹാപരിശുദ്ധന്മാരുടെ കൂട്ടത്തിൽ ഏറ്റവും മഹത്ത്വവും വിശുദ്ധിയും താഴ്മയും പുണ്യവും നിറഞ്ഞവരായി ശോഭിച്ചു കാണുമ്പോഴെ - അതു കാണുമ്പോൾ മാത്രമെ -നമുക്ക് സന്തുഷ്ടിയുണ്ടാവുകയുള്ളു. മക്കളെ, കർത്താവിനെ സ്നേഹിപ്പിൻ, കർത്താവിനെ പ്രതി കാണപ്പെടുന്ന സഹോദരന്മാരെ അഭേദ്യമായി സ്നേഹിപ്പിൻ. നിങ്ങളുടെ ഇടയിൽ ഏതെങ്കിലും വഴക്കുണ്ടെന്ന് ശങ്കിച്ചിട്ടല്ല നാം ഇതെഴുതുന്നത്. നിങ്ങൾ സ്നേഹസ്വരൂപിയായ ദൈവത്തിന്റെ കൃപ പൂർണ്ണമായും പ്രാപിക്കണമെന്നുള്ള അത്യാഗ്രഹം കൊണ്ടാണ്. റൂൾ നിഷ്കർഷമായി പാലിക്കണമെ! അതും സ്നേഹം കൊണ്ട് സാധിക്കണം.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളെല്ലാവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

**13 മെയ് 1925**

ഒപ്പ്

മാർ ഈവാനിയോസ്

തികഞ്ഞ ദൈവാശ്രയത്തോടെ പ്രാർത്ഥനാനിരതരായി കാത്തിരുന്ന കന്യകൾക്ക് ദൈവപരിപാലനയുടെ ആഴം ഗ്രഹിക്കുവാനും ദൈവമഹത്ത്വം ദർശിക്കുവാനും ഇടയായി. നീണ്ട പത്ത് വർഷം പ്രതിഷ്ഠാകർമ്മത്തിനായി കാത്തിരുന്ന തന്റെ മക്കളുടെ വ്രതം സ്വീകരിക്കുന്നതിന് അഭിനവ മെത്രാൻ തീരുമാനിച്ചു. സന്തോഷം പങ്കുവയ്ക്കുന്നതിനും ഭാവി കാര്യങ്ങൾ ആലോചിച്ചു ക്രമീകരിക്കുന്നതിനും തീരുമാനിക്കുന്നതിനുമായി മഠത്തിലെത്തിയ മെത്രാന് ഊഷ്മളമായ വരവേൽപു നൽകി ആദരിച്ചു. മദർ ഈഡിത്തും സിസ്റ്റർ ഹെലനും തങ്ങളുടെ സ്നേഹാദരവുകൾ അറിയിച്ചു. സംഭാഷണമദ്ധ്യേ, മുൻപ് പലപ്രാവശ്യം നിരസിച്ച മെത്രാൻസ്ഥാനം ഈ സന്ദർഭത്തിൽ സ്വീകരിക്കാൻ ഇടയാക്കിയ കാരണങ്ങൾ വിശദീകരിക്കുകയുണ്ടായി. അക്കൂട്ടത്തിൽ "മക്കളേ നിങ്ങളെ പ്രതി ഞാനീ കുരിശു വഹിക്കാൻ സമ്മതിച്ചു" എന്ന് അഭിവന്ദ്യ പിതാവ് പറഞ്ഞതായി അന്നത്തെ അർത്ഥിനികളിൽ ഒരാളായ ഏലിശുബാ (മദർ സൾഗ) യുടെ ഡയറിക്കുറിപ്പിൽ രേഖപ്പെടുത്തിയിരിക്കുന്നു.

സന്ന്യാസപ്രതിഷ്ഠയ്ക്കു വേണ്ടിയുള്ള ഒരുക്കങ്ങൾ ബഥനിയിൽ ആരംഭിച്ചു. വന്ദ്യപിതാവു തന്നെ അർത്ഥിനികൾക്കു കൂടെക്കൂടെ ക്ലാസുകളും



www.malankaralibrary.com Scanned with CamScanner

നിർദ്ദേശങ്ങളും നൽകിയിരുന്നു. സെപ്റ്റംബർ ഒന്നു മുതൽ എട്ടുവരെയുള്ള ദിനങ്ങൾ മലങ്കരസഭ ദൈവമാതാവിനോടുള്ള ഭക്തിയാചരണ ദിനങ്ങളായി നോമ്പും പ്രാർത്ഥനയും ആയി കഴിയുന്ന ദിവസങ്ങളായിരുന്നു. സന്ന്യാസ പ്രതിഷ്ഠയ്ക്കു വേണ്ടി അർത്ഥിനികളെ തയ്യാറാക്കുന്നതിനുള്ള ഒരുക്കത്തിന്റെ ധൃതിയിലായിരുന്നു മദർ ഈഡിത്തും സിസ്റ്റർ ഹെലനും. സന്ന്യാസിനി കൾക്കാവശ്യമായ സന്ന്യാസവസ്ത്രം, നിയമസംഹിത, ക്രമചട്ടങ്ങൾ ഇവ യെല്ലാം തയ്യറാക്കുന്നതിന് പിതാവിന്റെ വലം കൈയായി പ്രവർത്തിച്ചത് മദർ ഈഡിത്തായിരുന്നു. പൗരസ്ത്യപിതാവായ വി. ബസേലിയോസിന്റെ നിയമപുസ്തകം അടിസ്ഥാനമാക്കി നിയമങ്ങൾ ക്രോഡീകരിക്കാനാണ് വന്ദ്യ പിതാവാഗ്രഹിച്ചത്. ഗ്രീക്കുഭാഷയിൽ എഴുതപ്പെട്ടിരുന്ന പ്രസ്തുത പുസ്ത കങ്ങൾ ഗ്രീക്കുപണ്ഡിത കൂടിയായിരുന്ന മദർ ഈഡിത്ത് പരിശോധിച്ച്, മലങ്കരയിൽ സ്ഥാപിതമാകാൻ പോകുന്ന സന്ന്യാസിനി സമൂഹത്തിന് ആവ ശ്യമായ പ്രസക്തഭാഗങ്ങൾ ഇംഗ്ലിഷിൽ തർജ്ജമ ചെയ്ത് പിതാവിനെ ഏല്പി ച്ചു. അതിൽ നിന്നും ആനുകാലിക പ്രസക്തി ഉള്ളവ സ്വീകരിച്ച് ബഥനിക്ക് ആവശ്യം വേണ്ട നിയമങ്ങളും നിർദ്ദേശങ്ങളും വന്ദ്യപിതാവ് എഴുതി തയ്യാ റാക്കിയിരുന്നു. വേഷത്തെ സംബന്ധിച്ച ചർച്ചയിൽ "ഇൻഡ്യൻ സംസ്കാ രത്തിന് യോജിച്ച 'സാരി' ആയാലോ" എന്ന മദറിന്റെ നിർദ്ദേശം പിതാ വിനു സ്വീകാര്യമായില്ല. സാധാരണആളുകളിൽ നിന്നും വേർതിരിക്കപ്പെട്ട വർ എന്ന നിലയിലും ലോകത്തിൽ ജീവിക്കുന്നവരെങ്കിലും ലോകാഡംബ രങ്ങൾക്ക് അധീനരല്ലെന്ന് ബോദ്ധ്യപ്പെടുന്നതിനുവേണ്ടിയും ഒരു പ്രത്യേക വേഷമാണ് ഉചിതം എന്ന പിതാവിന്റെ അഭിപ്രായം മദർ ശിരസാവഹിച്ചു. മദർ ഈഡിത്തും സിസ്റ്റർ ഹെലനുംകൂടി വസ്ത്രത്തിനു രൂപം നൽകി. പൗര സ്ത്യസന്ന്യാസപ്രതിഷ്ഠാശുശ്രൂഷകളെ അടിസ്ഥാനപ്പെടുത്തി ആബോ തന്നെ സുറിയാനിയിൽ എഴുതിയുണ്ടാക്കിയ ശുശ്രൂഷാക്രമം ഇംഗ്ലീഷിലേക്കു തർജ്ജമ ചെയ്ത് മദർ ഈഡിത്തിനു മനസ്സിലാക്കുന്നതിനായി നൽകിയിരു ന്നു.

## കാത്തിരിപ്പിന്റെ അന്ത്യം

എം. പി.ശോശാമ്മയും മറ്റു സഹോദരികളും എട്ടുനോമ്പുകാലം പ്രത്യേ കമായി ഉപവാസത്തിന്റെയും പ്രാർത്ഥനയുടെയും പ്രായശ്ചിത്തത്തിന്റയും ദിനങ്ങളായി ആചരിച്ചു- ശോശാമ്മ മൂക്കഞ്ചേരിൽ, ആച്ചിയമ്മ പൊൻവാ ണിഭം, സാറാമ്മ കുടത്തും മുറിയിൽ എന്നീ മൂന്നുപേർ സെപ്റ്റംബർ 10-ാം തീയതി ധ്യാനത്തിൽ പ്രവേശിച്ചു. ധ്യാനം നയിച്ചത് അഭിനവ മെത്രാനും തങ്ങളുടെ ഗുരുവുമായ മാർ ഈവാനിയോസ് പിതാവു തന്നെയായിരുന്നു. സ്വയം കണ്ടെത്തി ഹൃദയപരിവർത്തനം സാധിച്ച് യേശുസ്നേഹം നിറഞ്ഞ മനസ്സോടെ പിതാവിന്റെ പക്കലേക്ക് അടുത്തു ചെല്ലുന്നതിനും അങ്ങേ സന്നി ധാനത്തിലിരുന്ന് അങ്ങയുടെ സ്വരം ശ്രവിക്കുന്നതിനും, തങ്ങളുടെ സമർപ്പണം പൂർണ്ണവും പരിശുദ്ധവും ദൃഢവുമായിരിക്കുന്നതിനുംവേണ്ടി വന്ദ്യപിതാവ്



www.malankaralibrary.com Scanned with CamScanner

അവരെ ശ്രദ്ധാപൂർവ്വം ഒരുക്കിക്കൊണ്ടിരുന്നു. മഠാംഗങ്ങളായിരന്ന മറ്റു സഹോദരങ്ങൾ ഈ സന്ദർഭങ്ങളിലെല്ലാം അവർക്കുവേണ്ടി പ്രാർത്ഥിക്കുന്നതിലും മറ്റു കാര്യങ്ങൾ ക്രമീകരിക്കുന്നതിലും മദർ ഈഡിത്തിനോടും സിസ്റ്റർ ഹെലനോടും ചേർന്ന് ശ്രദ്ധാലുക്കളായി വ്യാപരിച്ചു.

1925 സെപ്റ്റംബർ 20 ബഥനി മഠത്തോടനുബന്ധിച്ചുള്ള ചെറിയ ചാപ്പലിൽ തിരുവസ്ത്രങ്ങളണിഞ്ഞ് ബഥനിയുടെ മെത്രാൻ ഉപവിഷ്ഠനായി. ചാപ്പലിന്റെ പടിഞ്ഞാറുഭാഗത്ത് സന്ന്യാസാർത്ഥിനികളെ സ്വീകരിക്കുന്ന പ്രാരംഭശുശ്രൂഷ. ആകാംക്ഷാഭരിതരായി പ്രതിഷ്ഠയ്ക്കൊരുങ്ങി നിൽക്കുന്നവരുടെ മാതാപിതാക്കളിൽ ചുരുക്കം ചിലരും അർത്ഥിനികളായി അന്നുള്ളവരും, ബഥനി പ്രസ്ഥാനത്തോടു കൂറുള്ള സഭാംഗങ്ങളായ ഏതാനും വ്യക്തികളും അവിടെ സന്നിഹിതരായിട്ടുണ്ട്. വന്ദ്യ പിതാവിന്റെ മുഴങ്ങുന്ന സ്വരം –

"നീ ആര്, എന്തിനായി ഇവിടെ വന്നിരിക്കുന്നു?"

ഒന്നാമത്തവളായ ശോശാമ്മ ഉത്തരം നൽകി: "എന്റെ കർത്താവേ, ഞാൻ പരദേശിയാകുന്നു. എന്റെ കർത്താവേ, ഞാൻ മുടിയനായ പുത്രൻ ആകുന്നു.( വി. ലൂക്കോസ് 5:11-24) കർത്താവേ ഞാൻ കാണാതെ പോയ ആടാകുന്നു. (വി.ലൂക്കോസ് 15: 4-8) കർത്താവേ, ഞാൻ കാണാതെപോയ ദ്രഹ്മപ്പണം ആകുന്നു. (വി. ലൂക്കോസ് 15: 9-10)....... കർത്താവേ, എന്നെ കൈക്കൊള്ളണമെ. നിന്റെ കൃപാബാഹുല്യമാകുന്ന ധനം ലഭിക്കുന്നതിനുള്ള വാതിൽ എനിക്കു തുറന്നു തരണമേ."

(മേല്പട്ടക്കാരൻ നവശിഷ്യയുടെ കൈയിൽ പിടിച്ചുകൊണ്ട്)

"ദിവ്യജ്ഞാനമാകുന്ന സന്ന്യാസം, പുണ്യപൂർണ്ണതയാകുന്ന നീതി, ഇവ ആർ ആഗ്രഹിക്കുന്നുവോ അവൾ ദൈവത്തിനു ഏറ്റവും പ്രിയയും വാത്സല്യഭാജനവുമാകുന്നു. അവൾ രാജകൊട്ടാരത്തിൽ ജീവിക്കുന്നു. രാജമക്കൾ അവളെ വളർത്തുന്നു. ലോകത്തിന് ഒട്ടും സമ്പാദിക്കാൻ കഴിയാത്ത നിക്ഷേപങ്ങൾക്ക് അവൾ അവകാശിനിയായിത്തീരുകയും ചെയ്യുന്നു." ( മേല്പട്ടക്കാരൻ വാതിൽ മുഴുവനായി തുറക്കുകയും എം.പി. ശോശാമ്മ അദ്ദേഹത്തിന്റെ കൈമുത്തിയശേഷം ദേവാലയത്തിലേക്കു പ്രവേശിക്കുകയും ചെയ്തു.) നവശിഷ്യകൾ ഓരോരുത്തരോടും ഇപ്രകാരം ചോദ്യങ്ങൾ ചോദിച്ച് ദേവാലയത്തിൽ പ്രവേശിപ്പിച്ചു. പ്രാരംഭശുശ്രൂഷകൾ നടത്തി നവശിഷ്യരെ റുശ്മാ കുത്തി സന്ന്യാസനാമങ്ങൾ നൽകി അനുഗ്രഹിച്ചു.

1925 സെപ്റ്റംബർ 21(കൊല്ലവർഷം കന്നി 8) മാതാവിന്റെ ജന്മദിനമായി മലങ്കര യാക്കോബായക്കാർ ആചരിച്ചിരുന്നു. കന്നി 8 (സെപ്റ്റംബർ 21) തന്നെ സന്ന്യാസപ്രതിഷ്ഠയുടെ ദിനമായി പിതാവ് തെരഞ്ഞെടുത്തത് ദൈവമാതാവിനോടുള്ള ഭക്തിയുടെ പ്രകടനമാണ്.

കത്തോലിക്കാസഭ മാതാവിന്റെ ജന്മദിനം സെപ്തംബർ എട്ടിനാണ് ആചരിക്കുക. അതിനാൽ ഈ സുദിനം ഇപ്പോൾ സമൂഹസ്ഥാപകദിനമായി



www.malankaralibrary.com Scanned with CamScanner

അംഗീകരിച്ചിരിക്കുന്നു. പൗരസ്ത്യപാരമ്പര്യമനുസരിച്ച് പരിപൂർണ്ണ നിത്യസമർപ്പണമായിരുന്നു അവിടെ നടന്നത്. പ്രതിഷ്ഠിതരെ സംബന്ധിച്ച് ദീർഘകാലത്തെ പരിശീലനവും കാത്തിരിപ്പും പ്രാർത്ഥനാ ജീവിതവും നടന്നതല്ലാതെ ഇന്നത്തെ രീതിയിലുള്ള പരിശീലനഘട്ടങ്ങളോ തൽക്കാലവ്രതവാഗ്ദാനമോ ഒന്നുമുണ്ടായിരുന്നില്ല. പ്രത്യുത, തങ്ങളെ മുഴുവനായും ഹോമയാഗമായി പരിപൂർണ്ണമായി സമർപ്പണം ചെയ്യുന്ന നിത്യവാഗ്ദാനമായിരുന്നു മൂക്കഞ്ചേരിൽ ശോശാമ്മ (മദർ ശൈന), പൊൻവാണിഭം ആച്ചിയമ്മ (മദർ ഹൂബ) കുടത്തുംമുറി സാറാമ്മ(മദർ ദനഹാ), എന്നിവർ നിർവ്വഹിച്ചത്. സുറിയാനിയിലുള്ള ഇവരുടെ പേരുകളുടെ അർത്ഥം യഥാക്രമം സമാധാനം, സ്നേഹം, ഉദയം എന്നിങ്ങനെയാണ്. ശുശ്രൂഷക്രമങ്ങളെല്ലാം പൗരസ്ത്യസഭാപാരമ്പര്യമനുസരിച്ച് സുറിയാനി പ്രതിഷ്ഠാക്രമത്തിൽ ആദ്യവസാനം നടത്തിയെന്നത് അതിന്റെ ശ്രേഷ്ഠത വ്യക്തമാക്കി. നിത്യമായ പ്രതിഷ്ഠനടത്തിയവർ മൂന്നുപേരും സന്തോഷത്തോടെ സമൂഹത്തിൽ വ്യാപരിക്കാനും കർത്തൃശുശ്രൂഷകൾ ചെയ്വാനും ആരംഭിച്ചു. നിത്യപ്രതിഷ്ഠനടത്തിയ ആദ്യമൂന്നംഗങ്ങളിൽ 40 വയസ്സു പൂർത്തിയായിരുന്ന സിസ്റ്റർ ശൈന 1926 സെപ്റ്റംബർ 21ന് മാർ ഈവാനിയോസ് പിതാവിന്റെ തീരുമാനപ്രകാരം മഹത്പ്രതിഷ്ഠ (solemn vows) നടത്തി. അതിനുള്ള അടയാളമായി കറുത്ത ശിരോവസ്ത്രമാണ് നൽകിയത്. നിത്യപ്രതിഷ്ഠ ചെയ്തവർക്ക് വെള്ള ശിരോവസ്ത്രവും സന്ന്യാസ വസ്ത്രങ്ങളായി ളോഹ, അരക്കെട്ട്, ഒപ്പീസ, കുബ്ഊന, ദീദ, കറുത്തചരടിൽ കോർത്ത കറുത്ത തടിക്കുരിശ് ഇവയാണ് നൽകപ്പെട്ടത്. സന്ന്യാസപ്രതിഷ്ഠയ്ക്കായി എത്തിയ ശോശാമ്മ, ആച്ചിയമ്മ, സാറാമ്മ എന്നിവരുടെ പ്രതിജ്ഞാപത്രം സ്വന്തം കൈപ്പടയിലെഴുതി ഒപ്പു വച്ചത് വ്രതവാഗ്ദാനസമയത്ത് ഉച്ചത്തിൽ വായിച്ച് അവിടെവച്ചു തന്നെ കുരിശിന്റെ മുദ്രകുത്തി ഒപ്പു വച്ച് വ്രതവാഗ്ദാനത്തിന് ഉറപ്പുവരുത്തി. മഹത്പ്രതിഷ്ഠ നടത്തിയ സിസ്റ്റർ ശൈനായുടെ കുബ്ഊന യിൽ മലങ്കരമെത്രാന്മാരും റമ്പാന്മാരും ധരിക്കുന്നരീതിയിൽ 13 കുരിശുകളുണ്ടായിരുന്നു. നിത്യപ്രതിഷ്ഠ നടത്തിയ രണ്ടുപേർക്കും കുബ്ഊനാ യിൽ ഏഴ് കുരിശുകളും തയ്ച്ചിരുന്നു. 1942 വരെയും ഇത് നിലനിന്നിരുന്നു. പിന്നീട് എല്ലാവർക്കും കുബ്ഊനായിൽ പുറകിലുള്ള ഒരു കുരിശുമാത്രം മതി എന്ന തീരുമാനമുണ്ടായി. പ്രതിഷ്ഠാകർമ്മവും വസ്ത്രങ്ങളുമെല്ലാം അന്നും ഇന്നും ഒരുപോലെതന്നെ.



www.malankaralibrary.com Scanned with CamScanner

# അദ്ധ്യായം - 7

# പുനരൈക്യപാതയിലേക്ക്

### അഗ്നിപരീക്ഷണം

ആയിരത്തിതൊള്ളായിരത്തി മുപ്പതാമാണ്ട് കത്തോലിക്കാസഭയുമായുള്ള പുനരൈക്യം സംബന്ധിച്ചുള്ള എല്ലാ നടപടികളും ശക്തമായി മുന്നേറികൊണ്ടിരുന്ന കാലയളവായിരുന്നു. സിസ്റ്റർ ശൈനായ്ക്കും മറ്റു സഹോദരിമാർക്കും പുനരൈക്യത്തിന്റെ ആവശ്യം ബോദ്ധ്യമായിരുന്നു. ഇക്കാലയളവിൽ സുപ്പീര്യറായിരുന്ന സിസ്റ്റർ ശൈനായ്ക്കു നേരിട്ട വെല്ലുവിളികളും പ്രതിസന്ധികളും അതുമൂലമുണ്ടായ വിഷമതകളും ഏറെയായിരുന്നു. തീരുമാനം നന്മയാണെന്നും ദൈവഹിതമാണെന്നും ബോദ്ധ്യപ്പെട്ടാൽ അതിൽ ഉറച്ചു നിന്ന് അത് പ്രാവർത്തികമാക്കാൻ സർവ്വാത്മനാ പരിശ്രമിക്കുന്ന ബഥനി സ്ഥാപക പിതാവിനെ സിസ്റ്റർ ശൈനായ്ക്കു വിശ്വാസമാണ്. അദ്ദേഹത്തെ ഇതിനകം നന്നായി മനസ്സിലാക്കിയിട്ടുണ്ട്. അദ്ദേഹത്തിന്റെ ഇപ്പോഴത്തെ തീരുമാനവും ഒരിക്കലും അബദ്ധമാകാൻ സാധ്യതയില്ല എന്ന ഉറച്ച ബോദ്ധ്യം സിസ്റ്ററിനുണ്ട്. പക്ഷേ, വീട്ടുകാരിൽ നിന്നും ബന്ധുമിത്രാദികളിൽ നിന്നുമെല്ലാം വന്നുകൊണ്ടിരിക്കുന്ന കത്തുകൾ, താക്കീതുകൾ, ഭീഷണികൾ ഇവയെല്ലാം മനഃചാഞ്ചല്യമുണ്ടാക്കുന്നു എന്നുമാത്രമല്ല ആകാംക്ഷയിലേക്കും ചില ഭയാനകമായ ചിന്തകളിലേക്കും ഉത്കണ്ഠയിലേക്കും വലിച്ചിഴയ്ക്കുന്നു. സ്വസഹോദരപുത്രനും ഉത്തമസഭാസ്നേഹിയുമായിരുന്ന കെ. സി. വർക്കി, സ്നേഹപൂർവ്വം കാര്യകാരണങ്ങൾ പറഞ്ഞുകൊണ്ടയച്ച കത്തുകൾ ഒരുവിധത്തിൽ സിസ്റ്ററിനെ പിന്തിരിപ്പിക്കാൻ പോരുന്നവയായിരുന്നു. നിരീശ്വരവാദിയായിരുന്ന സ്വന്തസഹോദരൻ എം.പി. വർക്കിയും സ്വസഹോദരീ ഭർത്താവും നിശിതവും രൂക്ഷവുമായ ഭാഷയിൽ സിസ്റ്ററിന് കത്തുകൾ അയച്ചു. എന്നുമാത്രമല്ല, അവർ മാർ ഈവാനിയോസ് പിതാവിനെ നിശിതമായി വിമർശിക്കുകയും പഴിക്കുകയും ചെയ്തു. ഇതെല്ലാം സിസ്റ്ററിനെ പരിഭ്രാന്തയാക്കി.

ലളിതമനസ്കയും ശാന്തശീലയുമായ സിസ്റ്റർ ശൈന വ്യക്തമായ തീരുമാനമെടുക്കാനാവാതെ തളർന്നെങ്കിലും നഷ്ടധൈര്യയായില്ല. തന്റെ ബുദ്ധിമുട്ടുകൾ മഠത്തിലെ സഹോദരികളോട് പങ്കുവയ്ക്കുവാനും അങ്ങനെ



www.malankaralibrary.com Scanned with CamScanner

അവരുടെയും തന്റെയും വിഷമഘട്ടത്തെ മറികടക്കുവാനും തീരുമാനമെടുത്തു. സിസ്റ്ററിന്റെ തന്നെ വാക്കുകളിൽ അത് ഇവിടെ ഉദ്ധരിക്കാം. "ധൃതിയിൽ നമ്മൾ ഒന്നും ചെയ്യരുത്. അത് ബാവായും വട്ടശ്ശേരിൽ മെത്രാച്ചനും ആബൂനായും (അലക്സിയോസച്ചൻ) ഇവരെല്ലാം കൂടി ഒന്നിച്ചാണ് കത്തോലിക്കാസഭയിലേക്കെങ്കിൽ തരക്കേടില്ലായിരുന്നു. വട്ടശ്ശേരിൽ മെത്രാച്ചന്റെ മനമെന്തെന്നറിഞ്ഞു കൂടാ. മെത്രാച്ചൻ ഒരാംഗ്യം കാണിച്ചാൽ ദുഷ്ടരായ ആളുകൾ പിതാവിനെ (മാർ ഈവാനിയോസ്) എന്തുംചെയ്യും. കുറേക്കൂടെ കാത്തിരിക്കാൻ എന്റെ ഉള്ളിൽ എന്തോ ഒന്ന് എന്നെ നിർബന്ധിക്കുന്നു. അത് ദൈവത്തിൽ നിന്നോ, പിശാചിൽ നിന്നോ? എനിക്കറിഞ്ഞുകൂടാ. എന്റെ മനസ്സ് ഉറപ്പില്ലാത്തതാണെന്ന് പിതാവിനോട് പലവട്ടം ഞാൻ പറഞ്ഞിട്ടുണ്ട്. പിതാവിന്റെ പ്രാർത്ഥനയാൽ എത്രയോപേരെ സുഖമാക്കിയിട്ടുണ്ട്. എനിക്കും പിതാവിന്റെ പ്രാർത്ഥനയാൽ സുഖം കിട്ടിയിട്ടുണ്ട്. അതുകൊണ്ട് എനിക്കുവേണ്ടി പ്രാർത്ഥിക്കാൻ ഞാൻ പിതാവിനോട് അപേക്ഷിച്ചു. നമ്മൾ ധൃതിവച്ചു വല്ലതും ചെയ്താൽ ആപത്തുണ്ടാകും. കൂടെ ചേരാമെന്ന് പറഞ്ഞവരിൽ എത്രപേർ സമയത്തുണ്ടാകും എന്ന് എനിക്കറിഞ്ഞുകൂടാ." ഞാൻ ഇടയനെ അടിക്കും. ആടുകൾ ചിതറിപ്പോകും" എന്നുപറയും പോലെ വല്ലതും സംഭവിച്ചാൽ എന്തു ചെയ്യും? നമ്മുടെ കൊച്ചു തിരുമേനി (മാർ തിയോഫിലോസ്) ഇവിടെ വന്നപ്പോൾ എന്റെ ഭയമെല്ലാം ഞാൻ അദ്ദേഹത്തോട് പറഞ്ഞു. ഇതിനെല്ലാം പുറമെ നമ്മുടെ ആബൂനാ, (ഫാദർ അലക്സിയോസ്) പിതാവിന്റ വലംകൈ, ഇതിനോടൊട്ടും അനുകൂലവുമല്ല. "ധൃതിയിൽ ഒന്നും ചെയ്യാതിരിക്കാൻ പെൺമക്കൾ വേണം പിതാവിനെ നിർബന്ധിക്കേണ്ടത്. എല്ലാവരും കൂടി ഒന്നിച്ചാണങ്കിൽ ചേരുന്നതു കൊള്ളാം"എന്നെല്ലാം അദ്ദേഹം എഴുതിയിരുന്നു എന്നു പറഞ്ഞുകൊണ്ട് ആ കത്തിന്റെ പ്രസക്തഭാഗങ്ങളും വായിച്ചുകേൾപ്പിച്ചു. സിസ്റ്റർ ദനഹ, സിസ്റ്റർ സൾഗ, സിസ്റ്റർ മാക്സ എന്നിവരോടു സംസാരിച്ചശേഷം സിസ്റ്റർ ശൈന എല്ലാവരുടെയും പ്രാർത്ഥനാസഹായം അപേക്ഷിച്ചു. ഏകദേശം മുക്കാൽ മണിക്കൂർ സമയത്തെ പരിദേവനം സിസ്റ്റേഴ്സിനെയെല്ലാം ആകുലചിത്തരാക്കിയതിൽ അദ്ഭുതത്തിനവകാശമില്ലല്ലോ. ഈ കേട്ട വിവരങ്ങളെല്ലാം വന്ദ്യപിതാവിനെ അറിയിക്കുന്നതിന് സിസ്റ്റേഴ്സ് ഒട്ടും താമസിച്ചില്ല. പ്രാർത്ഥനയിൽ മാത്രം ആശ്രയം വച്ചുകൊണ്ട് സിസ്റ്റേഴ്സ് മുമ്പോട്ടുപോയി.

പുനരൈക്യത്തെ സംബന്ധിച്ച് സിസ്റ്റേഴ്സ് തന്നെത്താൻ തീരുമാനമെടുക്കട്ടെ എന്നതാണ് പിതാവിന്റെ ആദർശമെങ്കിലും സഹായം അവർ ആവശ്യപ്പെട്ടതനുസരിച്ച് നൽകികൊണ്ട് അവരെ ഉറപ്പിക്കുന്നതിനും ധൈര്യപ്പെടുത്തുന്നതിനും ആവശ്യമായ പഠനങ്ങളും നിർദ്ദേശങ്ങളും നൽകുന്നതിനും അഭിവന്ദ്യ പിതാവ് ശ്രദ്ധിച്ചിരുന്നു. 1930 ജൂൺ ആറുമുതൽ ആഴ്ചയിൽ ഒരു ദിവസം ഭജനമനുഷ്ഠിക്കുന്നതിനും അതിനു സാധിക്കാത്തവർ ആഴ്ചയിൽ രണ്ടുദിവസമായി പകുതിദിവസം വീതം ഭജനമിരിക്കുന്നതിനും പിതാവ് നിർദ്ദേ



www.malankaralibrary.com Scanned with CamScanner

ശിച്ചു. ദൈവമഹത്ത്വത്തിനായി ദൈവഹിതാനുസരണം തങ്ങളെത്തന്നെ മുഴുവനായി വിനിയോഗിക്കുന്നതിനുവേണ്ടി വി. കുർബ്ബാന കാണുക, വി. കുർബ്ബാന അനുഭവിക്കുക, വി. കുർബ്ബാനയ്ക്കു മുൻപും പിൻപും പ്രാർത്ഥിക്കുക, മദ്ധ്യസ്ഥപ്രാർത്ഥന നടത്തുക എന്നിത്യാദി അനുഷ്ഠാനങ്ങൾ ത്യാഗപൂർവ്വം ഈ ഉദ്ദേശ്യത്തോടെ നിർവ്വഹിക്കുന്നതിന് മഠാംഗങ്ങളോട് വന്ദ്യ പിതാവ് നിർദ്ദേശിച്ചു.

മാർ ഈവാനിയോസിനെ സംബന്ധിച്ചിടത്തോളം പുറമെനിന്നുള്ള എതിർപ്പുകൾ, പരാതികൾ, ഭീഷണികൾ, ഒറ്റപ്പെടുത്തലുകൾ, വിലക്കുകൾ തുടങ്ങിയവയെല്ലാം ദൈവത്തിൽ കൂടുതൽ ആശ്രയിക്കുന്നതിനും സാർവ്വത്രിക കൂട്ടായ്മയിലേക്കു കടന്നു വരുന്നതിനുള്ള തീരുമാനം കൂടുതൽ ദൃഢതരമാക്കുന്നതിനുമാണ് ഇടയാക്കിയത് എന്നു മഠാംഗങ്ങൾ മനസ്സിലാക്കുകയുണ്ടായി. സത്യത്തിന്റെ പാതയിൽ തന്നെ ഉറച്ചു നിൽക്കുവാൻ ദൈവം അദ്ദേഹത്തിനു കൃപ നൽകി.

മറ്റുള്ളവരുടെ ദൃഷ്ടിയിൽ കേവലം ബലഹീനയും ചഞ്ചലചിത്തയും ഭയാധീനയുമായിരുന്ന സിസ്റ്റർ ശൈന ബഥനിയുടെ പ്രഥമ മദർ സുപ്പീര്യറായി മാർ ഈവാനിയോസ് പിതാവിനാൽ അംഗീകരിക്കപ്പെട്ടവളും ആ സ്ഥാനത്ത് ആത്മാർത്ഥമായി പ്രവർത്തിച്ചുകൊണ്ടിരുന്നയാളുമായിരുന്നു. തികഞ്ഞ ദൈവാശ്രയവും പതറാത്ത ദൈവവിശ്വാസവും ആഴമായ സഭാസ്നേഹവും അതോടൊപ്പം സ്ഥാപക പിതാവ് തങ്ങൾക്ക് ദോഷകരമായിത്തീരാവുന്ന ഒന്നും ചിന്തിക്കുകയോ പ്രവർത്തിക്കുകയോ ചെയ്കയില്ലെന്നുള്ള ദൃഢമായ ഉറപ്പും സിസ്റ്ററിനുണ്ടായിരുന്നു. നേരിട്ട ഓരോ പ്രശ്നത്തെയും പ്രാർത്ഥനാപൂർവ്വം സ്വതന്ത്രമായ തീരുമാനത്തോടെ കൈകാര്യം ചെയ്യുകയും ദൈവഹിതം നിറവേറ്റുന്നതിൽ അങ്ങേയറ്റം സ്ഥിരചിത്തതയോടെ വർത്തിക്കുകയും ചെയ്തിരുന്നു.

സിസ്റ്റർ ശൈനായുടെ ബുദ്ധിമുട്ടുകളെ പിതാവ് സ്നേഹപൂർവ്വം പരിഗണിച്ചു. വീട്ടുകാരുടെയും അലക്സിയോസച്ചന്റെയും അഭിപ്രായങ്ങളെക്കുറിച്ചു നന്നായി പഠിക്കുന്നതിനും വന്ദ്യപിതാവ് സഹായിച്ചു. കത്തോലിക്കാസഭയുടെ പഠനങ്ങളെയും അരോചകമായി തോന്നിയിരുന്ന ചില അനുഷ്ഠാനങ്ങളെയും കുറിച്ച് പിതാവിനോടു പറഞ്ഞു. ഇതുവരെയും തങ്ങൾ അനുഷ്ഠിച്ചുപോന്നിരുന്ന ആചാരാനുഷ്ഠാനങ്ങൾ ഭേദപ്പെടുത്താതെയും ലത്തീൻ, കൽദായറീത്തുകളോടു ലയിച്ചു ചേരാതെ അന്ത്യോക്യൻ ആരാധനാക്രമം അതിന്റെ തനിമയിൽ പാലിച്ചുകൊണ്ടുള്ള സ്വതന്ത്ര വ്യക്തിഗത സഭയായിരിക്കും മലങ്കര സുറിയാനി കത്തോലിക്കാ സഭയെന്നും ഇപ്പോഴുള്ള ഒന്നും തന്നെ നഷ്ടപ്പെടുത്താതെ സാർവ്വത്രികസഭാ കൂട്ടായ്മയിലേക്കുള്ള പുനരൈക്യമാണ് ലക്ഷ്യമാക്കുന്നതെന്നും മാർ ഈവാനിയോസ് പിതാവ് പറഞ്ഞു മനസ്സിലാക്കി. അങ്ങനെ സിസ്റ്റർ ശൈന തന്റെ വിഷമഘ



www.malankaralibrary.com Scanned with CamScanner

ട്ടത്തെ തരണം ചെയ്യുകയും സമാധാനചിത്തയാകുകയും ചെയ്തു. സിസ്റ്ററിന് കത്തോലിക്കാ സഭയോടുണ്ടായിരുന്ന മുൻവിധികൾ ഒരളവുവരെ മാറുന്നതിനും സഭൈക്യശ്രമങ്ങളെ തുറന്ന മനസ്സോടെ നോക്കിക്കാണുന്നതിനും ദൈവഹിതം മാത്രം ലക്ഷ്യമാക്കി തീരുമാനമെടുക്കുന്നതിനും പ്രേരണ ലഭിച്ചു.

## തിരുമൂലപുരം ബാലികാമഠവുമായുള്ള ബന്ധം വിച്ഛേദിക്കപ്പെടുന്നു.

1920-ൽ ബാരിസോളിൽ നിന്നെത്തിയതു മുതൽ കുട്ടികളുടെ പഠന ക്ലാസ്സുകളും സാധുകുട്ടികൾക്കുവേണ്ടി നടത്തിയിരുന്ന പ്രത്യേക ക്ലാസ്സുകളും ഭവന സന്ദർശനങ്ങളും കുടുംബ നവീകരണ പദ്ധതികളും മഠാംഗങ്ങൾ സ്തുത്യർഹമാം വിധം നടത്തിയിരുന്നു. തിരുമൂല ബാലികാമഠം തുടങ്ങിയതുമുതൽ അദ്ധ്യാപന ജോലിയും കുട്ടികളുടെ ആദ്ധ്യാത്മിക കാര്യങ്ങളും ഉത്തരവാദിത്ത ബോധത്തോടെ സ്നേഹപൂർവ്വം ഏറ്റെടുത്ത് നടത്തുന്നതിൽ സിസ്റ്റേഴ്സ് ഉത്സുകരായിരുന്നു. സ്കൂൾ അധികൃതരെയും മഠാംഗങ്ങളെയും സഹകരിപ്പിച്ചും സ്നേഹത്തിലും കൊണ്ടുപോകുന്നതിൽ സിസ്റ്റർ ശൈന ഏറെ വിജയിച്ചിരുന്നു. ബഥനി ബാലികാമഠം സ്കൂളിന്റെ ആരംഭത്തിൽ സിസ്റ്റേഴ്സ് ഇല്ലാതിരുന്ന സാഹചര്യത്തിലാണ് സ്കൂളിന്റെ സുഗമമായ നടത്തിപ്പിനുവേണ്ടി ഇംഗ്ലണ്ടിൽ നിന്നും മിസ് ബ്രൂക്സ്മിത്തിനെയും മിസ് ഹോംസിനെയും മറ്റും എം.എ. അച്ചന്റെ നിർദ്ദേശപ്രകാരം മദർ ഈഡിത്ത് ക്ഷണിച്ചുവരുത്തിയത്. ബാരിസോളിൽനിന്നും സന്ന്യാസപരിശീലനത്തിലിരുന്ന അർത്ഥിനികളെ തിരുമൂലപുരത്ത് കൊണ്ടു വരാൻ നിർബന്ധിച്ചതും മേൽപ്പറഞ്ഞവരാണെന്നോർക്കണം. 1930-ൽ ബഥനി മെത്രാച്ചന്റെ പുനരൈക്യശ്രമങ്ങൾ ശക്തമായതോടെ ബഥനി സിസ്റ്റേഴ്സിനെ കുറിച്ചുള്ള സംശയങ്ങളും വർദ്ധമാനമായിക്കൊണ്ടിരുന്നു. തന്മൂലം മിസ് ബ്രൂക്സ്മിത്ത് ഒരു കത്തു മുഖേന "സിസ്റ്റേഴ്സ് സ്കൂളിലെ മതാദ്ധ്യാപനം നിർത്തുമെന്നുണ്ടെങ്കിൽ അത് ഇപ്പോൾ തന്നെ നിർത്തിയേക്കുന്നതാണ് നല്ലത്" എന്ന് മാർ ഈവാനിയോസ് പിതാവിനെ അറിയിച്ചു. "എന്തുവേണ്ടൂ" എന്ന് പിതാവ് മഠത്തിലേക്ക് എഴുതി ചോദിച്ചു. അതെക്കുറിച്ച് സിസ്റ്റർ സുപ്പീര്യർ സിസ്റ്റേഴ്സുമായി ആലോചിച്ചു. "സ്കൂളിൽ പഠിപ്പിക്കുന്നത് നിർത്താൻ സിസ്റ്റർ സുപ്പീര്യർ വിചാരിക്കുന്നു എന്നും കത്തോലിക്കാ പുനരൈക്യം വരെ ചാപ്പലിന്റെ ജോലികൾ ചെയ്യുന്നതിന് തടസ്സമില്ല"എന്നും പിതാവിനെയും മിസ് ബ്രൂക്സ്മിത്തിനെയും അറിയിച്ചു. എന്നാൽ "ചാപ്പലിന്റെ കാര്യങ്ങളൊക്കെ ഞാൻ ഏർപ്പാടുചെയ്തിട്ടുണ്ട്" എന്നു പറഞ്ഞ് അവരുടെ അമർഷം പ്രകടമാക്കി. ജുലൈ മാസം സ്കൂൾ ചാപ്പലിൽ വച്ചു നടക്കുന്ന ദുക്റാന പെരുന്നാൾ ശുശ്രൂഷയ്ക്ക് സംബന്ധിക്കുന്നതിന് ക്ഷണിക്കുകയും ആദ്യത്തെ റ്റേം തീരുന്നതുവരെ സ്കൂളിൽ സേവനം തുടരുന്നതിന് തടസ്സമില്ലെന്ന് പറയുകയും ചെയ്തു. വന്ദ്യ പിതാവ് കല്പിച്ചതനുസരിച്ച് സിസ്റ്റേഴ്സ് ജോലി തുടർന്നു.



www.malankaralibrary.com Scanned with CamScanner

## "അതു സാധ്യമല്ല"

തിരുമൂല ബാലികാമഠം സ്കൂളിനും മഠത്തിനുമിടയ്ക്ക് ആദ്യകാലത്ത് ഒരു അതിർത്തി വരമ്പുപോലുമുണ്ടായിരുന്നില്ല. സ്കൂളിലെ കുട്ടികൾ ഏതു സമയത്തും ഏതാവശ്യത്തിനും മഠത്തിൽ വരുന്നതിന് യാതൊരു മുടക്കും ഉണ്ടായിരുന്നില്ല. മഠവും സിസ്റ്റേഴ്സും അവരുടെ സ്വന്തമെന്നാണ് കരുതിയിരുന്നത്. റോമായിൽ ബഥനിക്കാർ പോകുമെന്നുള്ള ശ്രുതി പരന്നു കഴിഞ്ഞപ്പോഴാണ് സ്കൂളിനോട് തൊട്ട് ഉണ്ടാക്കിയിരുന്നതും മഠത്തിന്റെ അതിർത്തിക്കടുത്തായിരുന്നതുമായ ഒരു കെട്ടിടത്തിൽ എസ്തേർ തോമസ് എന്ന കുട്ടിക്ക് രോഗശുശ്രൂഷ ചെയ്തിരുന്ന റാഹേൽ ചേടത്തി രാത്രിയിൽ സിസ്റ്റർ ഹെലന്റെ കെട്ടിടത്തിൽ ഉറങ്ങുവാൻ അനുവദിക്കുമോ എന്ന് മിസ് ബ്രൂക്സ്മിത്ത് സിസ്റ്റർ ശൈനായോടു ചോദിച്ചു. അതുവരെയുള്ള സംഭവ വികാസങ്ങൾ കണക്കിലെടുത്തുകൊണ്ടും, അനുവദിച്ചാൽ ഭാവിയിൽ ഉണ്ടായേക്കാവുന്ന ഭവിഷ്യത്തുകൾ ഗ്രഹിച്ചുകൊണ്ടും "അതു സാധ്യമല്ല" എന്ന് സിസ്റ്റർ സുപ്പിര്യർ തീർത്തു പറഞ്ഞു. 1920 ആഗസ്റ്റ് മാസം 2-ാം തിയതിയായിരുന്നു ഈ സംഭവം. അന്ന് അനുവാദം കൊടുത്തിരുന്നെങ്കിൽ അതൊരു അവകാശവാദമാക്കുമെന്ന് സിസ്റ്റർ ശൈനാ ഭയപ്പെട്ടു. ഈ കെട്ടിടം ബഥനി മഠാംഗങ്ങളുടെ പരിശീലകയായ സിസ്റ്റർ ഹെലനും, കൂടെ സഹായിയായി താമസിച്ചിരുന്ന സിസ്റ്ററിനുംവേണ്ടി മദർ ഈഡിത്തിന്റെ ചെലവിൽ പണികഴിപ്പിച്ചിട്ടുള്ളതായിരുന്നു. സിസ്റ്റർ സുപ്പിര്യറിന്റെ ധീരമായ മറുപടി മഠാംഗങ്ങൾക്ക് ധൈര്യവും സന്തോഷവും നൽകി എന്നു പറയേണ്ടതില്ലല്ലോ.

## മിസ് ബ്രൂക്ക് സ്മിത്തിന്റെ ആകുലത

ബഥനിക്കാർ 'റോമാസഭ'യിൽ പോകുന്നു എന്ന് കേട്ട് ചില പ്രത്യേക ഉദ്ദേശ്യങ്ങളോടുകൂടി മിസ് ബ്രൂക്സ്മിത്ത് മഠത്തിൽ വന്നു. "നിങ്ങളെല്ലാം ഇവിടെ നിന്നും പോകുകയാണെന്നു കേട്ടല്ലോ. പിന്നെ ഞങ്ങൾ എങ്ങനെയാണ്?" സിസ്റ്റർ സുപ്പിര്യറിനുവേണ്ടി സിസ്റ്റർ സൾഗ പരിഭാഷപ്പെടുത്തി. "ഞങ്ങൾ എങ്ങും പോകുന്നില്ല. ഇവിടെ തന്നെ താമസിക്കുന്നതേയുള്ളൂ" എന്ന് സിസ്റ്റർ സുപ്പിര്യർ പറയുകയുണ്ടായി. "നിങ്ങൾ പോകുന്നെങ്കിൽ ഈ സ്ഥലം ഞങ്ങൾക്കുവേണം" എന്ന് മിസ്. ബ്രറൂക് സ്മിത്ത് പറഞ്ഞു. വിവരങ്ങൾ സിസ്റ്റർ ശൈനാ പിതാവിനെ അറിയിച്ചു. പുനരൈക്യം സംബന്ധിച്ച കാര്യങ്ങളെല്ലാം വിശദമായി പിതാവ് അവരുടെ പേർക്ക് എഴുതി അയച്ചു. ആ എഴുത്ത് മിസ് ഹോംസിനും അയച്ചു കൊടുക്കണമെന്ന് ആവശ്യപ്പെട്ടു. എങ്കിലും മിസ് ബ്രൂക്ക് സ്മിത്ത് അയച്ചു കൊടുത്തില്ല. പിന്നീട് മഠത്തിന്റെ സ്ഥലത്തിന് മിസ് ബ്രൂക്ക് സ്മിത്ത് എന്തു വില തരും എന്ന് പിതാവ് അന്വേഷിച്ചു. "6000 രൂപ" എന്ന് മറുപടി ലഭിച്ചു.

1930 ഓഗസ്റ്റ് 21 ന് മാർ ഈവാനിയോസ് തിരുമേനിയും ആശ്രമസ്ഥരും മുണ്ടൻമല വിട്ടിറങ്ങുമെന്ന വാർത്ത മഠത്തിലും എത്തി. അതിനുശേഷം ബാലികാമഠം ചാപ്പലിലേക്കോ സ്കൂളിലേക്കോ ആരും തന്നെ സേവനത്തി



www.malankaralibrary.com Scanned with CamScanner

നായി പോയില്ല. പുനരൈക്യ സംഭവത്തിന് ഏതാനും ദിവസം മുൻപ്. ബ അലക്സിയോസച്ചനും വട്ടശേരിൽ മാർ ദിവന്നാസ്യോസ് മെത്രാച്ചനും സിസ്റ്റേഴ്സിനെ അതിൽ നിന്നും പിൻതിരിപ്പിക്കുന്നതിനായി തിരുമൂലയിലെത്തി പരിശ്രമം നടത്തുകയുണ്ടായി. പ്രത്യേകിച്ച് മദർ ശൈന, മദർ ഹൂബാ ഇവരെ എങ്ങനെയെങ്കിലും പുനരൈക്യ ശ്രമത്തിൽ നിന്നും പിൻമാറ്റുന്നതിന് ഫാദർ അലക്സിയോസ് ആഗ്രഹിക്കുകയും അതിനായി വീണ്ടും വീണ്ടും പരിശ്രമിക്കുകയും ചെയ്തു. ഈ കാലയളവിൽ സിസ്റ്റർ ശൈന അനുഭവിച്ച മാനസിക പീഡകൾ വർണ്ണിക്കാവതല്ല. ഒരുവിധത്തിൽപറഞ്ഞാൽ വളരാൻ ആരംഭമിട്ടു മുന്നേറിയ ബഥനി വടവൃക്ഷത്തിന്റെ വേരുകൾ മലങ്കര യാക്കോബായ സഭാമണ്ണിൽ വേരുറപ്പിക്കാനാവാതെ ബന്ധമറ്റ് ആടിയുലയുകയായിരുന്നു.

## ആകാംക്ഷാഭരിതമായ നിമിഷങ്ങൾ

സാർവ്വത്രിക സഭയുമായിട്ടുള്ള പുനരൈക്യശ്രമം ഫലപ്രാപ്തിയുടെ വക്കോളമെത്തിയെന്നും മാർ ഈവാനിയോസ് പിതാവ് അതിനുള്ള എല്ലാ പദ്ധതികളും ഒരുക്കികഴിഞ്ഞെന്നും സിസ്റ്റർ ശൈനായ്ക്കും മഠാംഗങ്ങളേവർക്കും മനസ്സിലായി. യാക്കോബായ സഭാസമൂഹത്തിൽ നിന്നും മാറി നിൽക്കുന്ന മെത്രാൻ കക്ഷിയിൽപ്പെട്ടവരിൽ ഒരു നല്ലഭാഗം വട്ടശേരിൽ തിരുമേനിയും മറ്റു സഭാധികാരികളുമുൾപ്പെടെയുള്ളവരാണല്ലോ, ബഥനിയോടൊപ്പം പുനരൈക്യത്തിന് തയ്യാറായത്. റോമുമായുള്ള എഴുത്തുകുത്തുകൾ നടത്തുന്നതിനുള്ള ചുമതലയാണ് മാർ ഈവാനിയോസ് പിതാവിനുള്ളതെന്ന് മഠാംഗങ്ങൾക്കറിവുണ്ടായിരുന്നു. ആകാംക്ഷാഭരിതരായി കഴിയുന്ന ഈ അവസരത്തിലാണ് വട്ടിപ്പണക്കേസിൽ മെത്രാൻ കക്ഷി ജയിച്ചെന്നുള്ള വാർത്ത വന്നത്. സഭൈക്യത്തിനായി പിതാവിനോടൊപ്പം നിന്നവരും പ്രോത്സാഹനം നൽകിയവരുമായുള്ള ഏതാനും വിശിഷ്ട വ്യക്തികൾ..., മെത്രാൻമാരും പട്ടക്കാരും വിശ്വാസികളും ഈ വിജയലഹരിയിൽ മുങ്ങിപ്പോവുകയും തത്ഫലമായി സഭൈക്യം വേണ്ടെന്നു വയ്ക്കുകയുമായിരുന്നു. ഇത് മഠാംഗങ്ങൾക്ക് സന്നിഗ്ദ്ധാവസ്ഥ ഉളവാക്കി. എന്നാൽ ദൈവഹിതം നിറവേറ്റുന്നതിൽ നിന്ന് പിൻമാറാതെ നിശ്ചയദാർഢ്യത്തോടും സ്ഥിരചിത്തതയോടും കൂടി മാർ ഈവാനിയോസ്, പുനരൈക്യപാതയിൽ മുന്നേറിക്കൊണ്ടിരുന്നു. 1930 സെപ്റ്റംബർ മാസാരംഭത്തിൽ വന്ദ്യ പിതാവ് മഠത്തിൽ എത്തി സിസ്റ്റേഴ്സ് എല്ലാവരേയും വിളിച്ചുകൂട്ടി ചോദിച്ചു; " നിങ്ങളിൽ ആർക്കൊക്കെ ദുഃഖമുണ്ട് പുനരൈക്യപ്പെടുന്നതിൽ? " സിസ്റ്റേഴ്സ് ഒന്നിച്ചുത്തരംനൽകി: "ആർക്കുമില്ല." സിസ്റ്റർ ശൈന തുടർന്നു: "എനിക്ക് ആദ്യം മാത്രമെ ദുഃഖം ഉണ്ടായിരുന്നുള്ളൂ." കൂടുതൽ വിശദീകരണത്തിന് സമയമെടുക്കാതെ, "മാതൃസഭ



www.malankaralibrary.com Scanned with CamScanner

യുമായി പുനരൈക്യത്തിന് സമ്മതമുള്ളവർ നിങ്ങളുടെ സമ്മതം രേഖപ്പെടുത്തി നമ്മെ ഏൽപ്പിക്കണം" എന്ന് പിതാവ് പറഞ്ഞു.

1930 സെപ്റ്റംബർ 7ന് ഉച്ചയോടുകൂടി വീണ്ടും പിതാവ് മഠം ചാപ്പലിൽ എത്തി സിസ്റ്റേഴ്സിനെ ചാപ്പലിലേക്ക് വിളിച്ചു. സിസ്റ്റേഴ്സും മഠാംഗങ്ങളും തങ്ങൾ എഴുതിയിരുന്ന രേഖയിൽ ഓരോരുത്തരായി പള്ളിയിൽ വച്ചുതന്നെ ഒപ്പിട്ട് വന്ദ്യ പിതാവിനെ ഏൽപിച്ചു. ആരൊക്കെ എന്തൊക്കെ (സമ്മതമോ, വിസമ്മതമോ) എഴുതിയെന്ന് ആർക്കും, സിസ്റ്റർ സുപ്പീര്യർ ശൈനായ്ക്കുപോലും അറിവുണ്ടായിരുന്നില്ല. (മദർ സൾഗായുടെ ഡയറി കുറിപ്പിൽ നിന്ന്)

"സന്ന്യാസജീവിതം അനവരതമായി ദൈവ സംസർഗ്ഗത്തിലുള്ള ജീവിതമാകുന്നു അതിനാൽ ദൈവസംസർഗ്ഗത്തിന് വിഘ്നം വരുത്തുന്ന സർവ്വവും സന്ന്യാസജീവിതത്തിന്റെ പ്രതിബന്ധങ്ങളായി ഗണിക്കേണ്ടതാകുന്നു. എന്നുതന്നെയല്ല, ദൈവസംസർഗ്ഗത്തിൽ അഭിവൃദ്ധി പ്രാപിക്കുന്നതിന് സഹായമായിരിക്കുന്നതായ ആയുധങ്ങളെ സന്ന്യാസിനികൾ ഉത്സാഹത്തോടുകൂടി പ്രയോഗിക്കേണ്ടതാണ്".

മദർ ശൈന



www.malankaralibrary.com Scanned with CamScanner

# അദ്ധ്യായം - 8

# അവിസ്മരണീയമായ പുനരൈക്യം

വർഷങ്ങളായി വേദനയിലൂടെയും യാതനയിലൂടെയും പഠനത്തിലൂടെയും ചർച്ചകളിലൂടെയും എഴുത്തുകുത്തുകളിലൂടെയും മുന്നേറിക്കൊണ്ടിരുന്ന പുനരൈക്യശ്രമം പൂവണിഞ്ഞ പൊൻദിനമാണ് 1930 സെപ്റ്റംബർ 20. ബഥനി ആശ്രമാംഗങ്ങളായ അഭിവന്ദ്യ മാർ ഈവാനിയോസ്, അഭി. മാർ തിയോഫിലോസ്, ബ. ജോൺ ഒ.ഐ.സി. അച്ചൻ, ബ. അലക്സാണ്ടർ ശെമ്മാശൻ, കിളിലേത്ത് ശ്രീമാൻ ചാക്കോ എന്ന അത്മായൻ എന്നിവർ കൊല്ലം ബിഷപ്പ് അഭിവന്ദ്യ ബൻസിഗർ തിരുമേനിയുടെ മുമ്പാകെ വിശ്വാസ പ്രഖ്യാപനം നടത്തി, കത്തോലിക്കാ സഭയുമായി 1930 സെപ്റ്റംബർ 20-ാം തീയതി പുനരൈക്യപ്പെട്ടു. അങ്ങനെ മലങ്കരസഭ അതിന്റെ പാരമ്പര്യവും പൈതൃകവും സംസ്കാരവും നിലനിർത്തിക്കൊണ്ട് കേവലം അഞ്ച് അംഗങ്ങളോടുകൂടി മലങ്കര സുറിയാനി കത്തോലിക്കാസഭ എന്ന നാമത്തിൽ മാതൃസഭയുമായി പുനരൈക്യപ്പെട്ടു.

### ബഥനി പുതിയ മണ്ണിലേക്ക്

1930 സെപ്റ്റംബർ 20നു നടന്ന പുനരൈക്യത്തെക്കുറിച്ച് അറിഞ്ഞ സിസ്റ്റേഴ്സ് ആകാംക്ഷാഭരിതരായിരുന്നു. തിരുമൂലപുരം ചാപ്പലിൽ പ്രാർത്ഥനാനിരതരായിരുന്ന മദർ ശൈനായുടെയും സഹോദരികളുടെയും മനസ്സിൽ പൊന്തിവന്ന ചേതോവികാരങ്ങൾ!!. രേഖാമൂലമായി അഭിപ്രായം പിതാവിനു നൽകിയിട്ടുണ്ടെങ്കിലും തീരുമാനം എന്തെന്ന് അറിഞ്ഞിട്ടില്ലല്ലോ. പിതാവിന്റെ ഇതുവരെയുള്ള വഴികൾ അവരോർത്തു. അദ്ദേഹം ചവിട്ടിക്കയറിയ പടികളെല്ലാം കൂർത്തുമൂർത്ത കല്ലുകൾ നിറഞ്ഞവയായിരുന്നു. സന്ന്യാസ ജീവിതശൈലിയുടെ അനന്യതയിൽ എത്തുന്നതിന് അവർക്കും പിന്നിടേണ്ടിവന്നത് പരുപരുത്ത കൽപ്പടവുകൾ തന്നെയായിരുന്നു. ഓരോ പടികയറുമ്പോഴും മുന്നിൽ അവ്യക്തത. വളർന്നു പന്തലിച്ച് മലങ്കര സഭയ്ക്ക് ആശ്വാസവും സമാധാനവും സന്തോഷവുമായി തീരേണ്ട വടവൃക്ഷമാണ് ബഥനി.



www.malankaralibrary.com Scanned with CamScanner

എന്നാൽ അതിന് വേരുറച്ചു വളരാനാവാത്ത അവസ്ഥ. വളരാൻ യോജിച്ച മണ്ണിലല്ല നിൽക്കുന്നതെന്ന അനുഭവം. ദൈവഹിതാനുസാരം ബാരിസോളിൽ പാകിമുളപ്പിച്ച് തിരുവല്ല തിരുമൂലയിൽ പറിച്ചു നട്ട, ശൈശവം പിന്നിട്ടിട്ടില്ലാത്ത ഈ മഹീരുഹത്തെ സ്ഥാപകപിതാവ് അവഗണിക്കുമോ? ചിന്തകൾ ദൈവതിരുസന്നിധിയിൽ അവർ നിരത്തിവെച്ചു.

വെല്ലുവിളികളെയും പ്രതിസന്ധികളെയും തരണം ചെയ്ത് പുനരൈക്യപാതയിൽ നിലയുറപ്പിച്ച അഭി. മാർ ഈവാനിയോസ് പിതാവ് ബ.ജോൺ അച്ചനുമൊത്ത് 1930 സെപ്റ്റംബർ 22-ാം തീയതി ബുധനാഴ്ച രാവിലെ തിരുമൂല ബഥനി മഠത്തിലെത്തി. വീടിനെയും കുടുംബത്തെയും പരിത്യജിച്ച് ദൈവവേലയ്ക്കായി ഇറങ്ങിത്തിരിച്ച തങ്ങൾക്ക് വഴികാട്ടിയും ഇടയനും പിതാവുമായ തിരുമേനിയുടെ ഇപ്പോഴത്തെ സാന്നിധ്യം വ്യത്യസ്തമായ നിയോഗം പേറുന്നതായിരുന്നു. പിതാവിന്റെ അടുത്ത നടപടി എന്താണെന്ന് രൂപമില്ല. മനസ്സ് സ്വസ്ഥമാണെങ്കിലും സ്വയം എടുത്ത തീരുമാനങ്ങൾ ഉറച്ചതാണെങ്കിലും ഈ ഉറപ്പ് മഠാംഗങ്ങൾ പരസ്പരം വേണ്ട തരത്തിൽ കൈമാറിയിട്ടില്ല. അതുകൊണ്ടു തന്നെ എല്ലാവരും ആകാംക്ഷാഭരിതരായിരുന്നു. മഠാംഗങ്ങൾക്ക് നേതൃത്വം വഹിക്കുന്ന സിസ്റ്റർ സുപ്പീരൃർ സി. ശൈന, സിസ്റ്റേഴ്സ് ഹൂബ, ദനഹ, സൾഗ, മാക്സ, തൈബൂസ്, ബാസീം എന്നീ ഏഴുപേരും ഒളശ്ശയിൽ കെ.എ ഏലിയാമ്മ (നോവിസ്സ്), കൂടത്തും മുറിയിൽ പടിഞ്ഞാറ്റേതിൽ മറിയാമ്മ, തിരുവഞ്ചൂർ വേങ്കടത്ത് മറിയാമ്മ (അർത്ഥിനികൾ) ഇങ്ങനെ പത്തു പേരാണ് മഠാംഗങ്ങൾ. കൊല്ലത്തു വച്ചും അതിനുശേഷവും നടന്ന പുനരൈക്യ സംഭവങ്ങൾ എല്ലാം വ്യക്തമായി മനസ്സിലാക്കി. "ഇപ്പോൾ പിതാവും അച്ചനും റോമാക്കാരും, ഞങ്ങൾ മലങ്കരക്കാരും" ആണ് എന്ന സി. ദനഹായുടെ രസകരമായ പ്രസ്താവന കൂട്ടച്ചിരിക്ക് കാരണമായി. അതിന് മറുപടി എന്നോണം പിതാവ് പറഞ്ഞു: "നിങ്ങൾക്ക് കത്തോലിക്കാസഭാ വിശ്വാസം സ്വീകരിക്കുന്നതിനും സ്വീകരിക്കാതിരിക്കുന്നതിനും പൂർണ്ണ സ്വാതന്ത്ര്യം ഉണ്ട്. ഞങ്ങൾ ആരെയും നിർബന്ധിക്കുകയില്ല." ഉടനെ അവർ പത്തുപേരും പരസ്പരനോട്ടമില്ലാതെ ഒരേ സ്വരത്തിൽ "പിതാവിന്റെ വഴികൾ ഞങ്ങളുടേതാണ്. അതുതന്നെ ഞങ്ങൾ സ്വീകരിക്കും. അതിന് മാറ്റമില്ല," എന്നു പറഞ്ഞു. സിസ്റ്റേഴ്സിന്റെ നിശ്ചയദാർഢ്യം കണ്ട് ബ. ജോൺ അച്ചൻ "സിസ്റ്റേഴ്സിന് താത്പര്യമെങ്കിൽ ഇനി താമസിച്ചിട്ട് കാര്യമില്ല" എന്നു പറയുകയുണ്ടായി.

"എന്നാൽ നമുക്ക് പള്ളിയിലേക്ക് പോകാം" എന്നു പറഞ്ഞ പിതാവിനെ അനുഗമിച്ച് എല്ലാവരും ചാപ്പലിൽ എത്തി. പ്രാർത്ഥനയ്ക്കുശേഷം വന്ദ്യപിതാവ് ഒരു ഉപദേശം നൽകി. അതിനുശേഷം പ്രതിജ്ഞാ വാചകം ഇംഗ്ലീഷിലും മലയാളത്തിലും എഴുതിയിരുന്നത് പിതാവ് സിസ്റ്റേഴ്സിനെ വായിച്ചു കേൾപ്പിച്ചു. പിന്നീട് അഭിവന്ദ്യപിതാവ് എഴുന്നേറ്റ് സി. ഹെലൻ താമസിച്ചിരുന്ന കെട്ടിടത്തിലേക്ക് പോയി.സുപ്പീരൃർ സി. ശൈന മുതൽ സിസ്റ്റേഴ്സിനെ ഓരോരുത്തരായി അവിടേക്ക് വിളിച്ചു സംസാരിച്ചു. "നിർബന്ധ



www.malankaralibrary.com Scanned with CamScanner

മില്ല" എന്ന വസ്തുത വീണ്ടും വീണ്ടും അവരെ മനസ്സിലാക്കി. പൂർണ്ണ സ്വാതന്ത്ര്യത്തോടെ വേണം തീരുമാനമെടുക്കാനെന്ന് ഓർമ്മപ്പെടുത്തി. എല്ലാവരെയും ഓരോരുത്തരായി കണ്ടശേഷം പിതാവ് ചാപ്പലിൽ മടങ്ങിയെത്തി പ്രാർത്ഥന തുടങ്ങി. സിസ്റ്റേഴ്സ് ഏഴുപേരെയും രണ്ടു വരികളിലായി നിർത്തി. പിതാവ് ചൊല്ലിക്കൊടുത്ത പ്രതിജ്ഞാവാചകം സുപ്പീരിയർ സി. ശൈനായും സിസ്റ്റേഴ്സും മലയാളത്തിൽ ഏറ്റുചൊല്ലി.

(പേര്) "ആയ ഞാൻ ഒരു യാക്കോബായക്കാരിയായി വളർന്നുവെങ്കിലും ഇപ്പോൾ കത്തോലിക്കാ സത്യം അറിയാൻ സംഗതിയായിരിക്കുന്നതിനാൽ വിശുദ്ധവും കാതോലികവും ഏകവും അപ്പോസ്തോലികവുമായ തിരുസഭ പഠിപ്പിക്കുകയും വിശ്വസിക്കുകയും ചെയ്യുന്ന സകലത്തെയും ഞാൻ ഉറപ്പായി വിശ്വസിക്കുകയും ഏറ്റു പറയുകയും ചെയ്യുന്നു. അവൾ ഉപേക്ഷിക്കുകയും കുറ്റപ്പെടുത്തുകയും ചെയ്യുന്ന സകലത്തെയും ഞാൻ ത്യജിക്കുകയും കുറ്റപ്പെടുത്തുകയും ചെയ്യുന്നു. ഈ തിരുസഭയ്ക്ക് ഭൂമിയിൽ മിശിഹായുടെ വികാരിയും പരമാദ്ധ്യക്ഷനും ശ്ലീഹന്മാരുടെ തലവനായ മാർ പത്രോസിന്റെ അനന്തരഗാമിയായ മാർപാപ്പായാകുന്നു." സി. ശൈനായും സഹോദരിമാരും പ്രതിജ്ഞാവാചകം ഏറ്റുചൊല്ലി വേദപുസ്തകം ചുംബിച്ച് ഒപ്പിട്ട ശേഷം നോവിസും രണ്ട് അർത്ഥിനികളും കൂടാതെ സിസ്റ്റേഴ്സിനു സഹായിയായി മഠത്തിലുണ്ടായിരുന്ന കോട്ടയം പുതുപ്പള്ളിക്കാരി മാർത്തായും അങ്ങനെ തന്നെ ചെയ്ത് കത്തോലിക്കാസഭാംഗങ്ങളായി ത്തീർന്നു. മഠാംഗങ്ങൾ പത്തുപേരിൽ ആരും തന്നെ മാറി നിൽക്കാതെ പുനരൈക്യപ്പെട്ടു എന്നുള്ളത് അദ്ഭുതം തന്നെ.

എല്ലാവരും പ്രശസ്തമായ യാക്കോബായ ഓർത്തഡോക്സ് കുടുംബങ്ങളിൽ നിന്നുള്ളവർ. സഹോദരങ്ങൾ, അടുത്ത ബന്ധുക്കൾ പലരും വൈദികർ, സമുദായ പ്രമാണികൾ. പക്ഷേ, അതൊന്നും ഒരാളെപോലും പിൻതിരിപ്പിക്കാൻ ഇടയായില്ല. ദുർബലയെന്നു കരുതിയ സിസ്റ്റർ ശൈന ധീരതയോടെ തീരുമാനത്തിൽ ഉറച്ചു നിന്നു എന്നത് ആശ്ചര്യം തന്നെ. ധീരതയുടെ ഇതിഹാസം ചമച്ചുകൊണ്ട് ബഥനി മഠാംഗങ്ങൾ ഒന്നൊഴിയാതെ ഒരൊറ്റസമൂഹമായി പുനരൈക്യ പ്രസ്ഥാനത്തിലേക്ക് കടന്നു വന്നു. ബഥനി സന്ന്യാസിനി സമൂഹം മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ ആദ്യത്തെ സന്ന്യാസിനി സമൂഹമായി തീർന്നു. ആഗോളകത്തോലിക്കാ സഭയിലെ പൂവാടിയിൽ, ഒരു സന്ന്യാസിനി സമൂഹം കൂടെ. സാർവ്വത്രിക സഭാ കൂട്ടായ്മയിലേക്കു പറിച്ചു നടപ്പെട്ട മലങ്കരയിലെ സന്ന്യാസിനി സമൂഹം. ഈ കൂട്ടായ്മയിൽ നിന്നും ഒരാളെങ്കിലും മാറിനിന്നിരുന്നെങ്കിൽ ബഥനി മഠത്തിന്റെ മാത്രമല്ല പുനരൈക്യത്തിന്റെ ചരിത്രത്തിലും മലങ്കര കത്തോലിക്കാ സഭയുടെ ചരിത്രത്തിലും കാര്യമായ വ്യതിയാനമുണ്ടാകുമായിരുന്നു. മഠാംഗങ്ങൾ പത്തുപേരും ഒന്നടങ്കം പുനരൈക്യപ്പെട്ടതിനാൽ ആശ്രമത്തിൽ സംഭവിച്ചതുപോലെ തിരുമൂല ബഥനിമഠം വിട്ട് സിസ്റ്റേഴ്സ് ഇറങ്ങിപ്പോകേണ്ടതായി വന്നില്ല .



www.malankaralibrary.com Scanned with CamScanner

## അദ്ധ്യായം - 9

# എതിർപ്പുകളുടെ പാതയിലൂടെ

മലങ്കരസഭാചരിത്രത്തിൽ നവീനദ്ധ്യായം ആരംഭിക്കുകയായി. മലങ്കരസഭയിൽ നട്ടുവളർത്തിയ സന്ന്യാസമാകുന്ന പനിനീർച്ചെടി സാർവ്വത്രിക കൂട്ടായ്മയിലേക്ക് പറിച്ചുനടപ്പെട്ടു. പ്രതികൂലസാഹചര്യങ്ങളും യാതനകളും നിറഞ്ഞ വഴികൾ അനവധി പിന്നിട്ടുകൊണ്ട് മാതൃസഭയാകുന്ന സമാധാനതുറമുഖത്തു നങ്കൂരമുറപ്പിച്ചതിന്റെ ഹൃദ്യമായ അനുഭവം. ഏറെ ആശിച്ചു കാത്തിരുന്ന പുനരൈക്യത്തിന്റെ പാതയിൽ എത്തിച്ചേർന്നതിൽ മഠാംഗങ്ങൾക്കെല്ലാവർക്കും അതീവ സന്തോഷം."സമാധാനം" എന്നർത്ഥമുള്ള ശൈന എന്ന നാമധാരിയായ സിസ്റ്റർ സുപ്പീര്യറിന്റെ നേതൃത്വത്തിൽ മഠാംഗങ്ങളേവരും നവോന്മേഷത്തോടെ മലങ്കര സുറിയാനി കത്തോലിക്കാ സഭാംഗങ്ങളായി തിരുവല്ലയിൽ തങ്ങളുടെ പ്രവർത്തനം തുടർന്നു.

പ്രതിസന്ധികൾ, വെല്ലുവിളികൾ, ദുരന്താനുഭവങ്ങൾ ഇവ തുടരെ തരണം ചെയ്യേണ്ടിവന്ന കാലയളവായിരുന്നു പുനരൈക്യത്തിനു തൊട്ടു മുൻപും പിൻപുമുള്ള കാലഘട്ടം. മാർ ഈവാനിയോസും അദ്ദേഹത്തിന്റെ പിന്നാലെ ബഥനിക്കാരും 'റോമായിലേക്ക് കാലുമാറി' എന്ന വാർത്ത കാട്ടുതീ കണക്കേ നാടാകെ പരന്നു. മലങ്കര ഓർത്തഡോക്സ് വിഭാഗത്തിൽ നിന്നും പിന്തിരിഞ്ഞ് 'റോമയിൽ പോയ, മാർ ഈവാനിയോസിനെ പിൻതുടർന്ന അപവാദങ്ങളും ആക്ഷേപങ്ങളും കേട്ട് മഠാംഗങ്ങൾ വേദനിച്ചു. മാതൃസഭയിലേക്ക് കടന്നുവന്ന ബഥനിക്കാരെയും അധിക്ഷേപിക്കുകയും അവർക്കെതിരെ അപവാദങ്ങൾ പ്രചരിപ്പിക്കുകയും ചെയ്തു.

സിസ്റ്റേഴ്സിന്റെ കുടുംബാംഗങ്ങളും സ്വന്തമെന്ന നിലയിൽ ഇതുവരെ മിത്രങ്ങളായി വർത്തിച്ചവരും ശത്രുക്കളായി മാറി. ബന്ധുക്കളോ സ്വന്തം മാതാപിതാക്കളോ പോലും ബഥനി മഠാംഗങ്ങളുടെ വ്രതവാഗ്ദാനത്തിനോ മഠത്തിലെ മറ്റു പ്രധാനപ്പെട്ട പരിപാടികൾക്കോ സംബന്ധിക്കാൻ വന്നില്ല എന്നത് സിസ്റ്റേഴ്സിന്റെ ഹൃദയവ്യഥയ്ക്ക് കാരണമായി. സഭാമാദ്ധ്യമങ്ങൾ ബഥനി മെത്രാച്ചനെതിരായി നടത്തിയ കുപ്രചരണങ്ങളും അതുമൂലമുള



www.malankaralibrary.com Scanned with CamScanner

വായ തെറ്റിദ്ധാരണകളുമാണ് ഈ അകൽച്ചയ്ക്കും വെറുപ്പിനും വിദ്വേഷത്തിനും ഇടനൽകിയതെന്നു പറഞ്ഞുകൊള്ളട്ടെ.

1915 മുതൽ 20 വരെ ബാരിസോളിലും 1920 മുതൽ 1926 വരെ തിരുമൂലപുരത്തും ബഥനി മഠാംഗങ്ങൾക്കു സന്ന്യാസപരിശീലനം നൽകിവന്ന എപ്പിഫനി സിസ്റ്റേഴ്സിനോട്, പ്രത്യേകിച്ച് സ്നേഹധനരായ മദർ ഈഡിത്തിനോടും സിസ്റ്റർ ഹെലനോടും എന്നന്നേക്കുമായി വേർപിരിയേണ്ടി വന്നതിൽ സുപ്പീര്യറായിരുന്ന മദർ ശൈനായും മറ്റു മഠാംഗങ്ങളും അനുഭവിച്ച ദുഃഖം മർമ്മഭേദകമായിരുന്നു.

സ്ത്രീവിദ്യാഭ്യാസവും അതു വഴിയുള്ള സ്ത്രീജനോദ്ധാരണവും ലക്ഷ്യമാക്കി പടുത്തുയർത്തിയ ബാലികാമഠം സ്കൂളും അവിടെ മഠാംഗങ്ങൾ നടത്തിക്കൊണ്ടിരുന്ന പ്രവർത്തനങ്ങളും പൂർണ്ണമായി കൈവിടേണ്ടി വന്ന അവസ്ഥ വന്ദ്യപിതാവിനും അതുപോലെ സിസ്റ്റേഴ്സിനും വലിയ വേദന ഉളവാക്കി. തിരുമൂലബാലികാമഠത്തിൽ അദ്ധ്യാപികമാരായി സേവനമനുഷ്ഠിച്ചിരുന്നവർക്ക് തങ്ങൾ സ്വന്തമെന്നു കരുതി വളർത്തി വലുതാക്കിക്കൊണ്ടു വന്ന ബാലികാമഠം സ്കൂൾ വിട്ടുപക്ഷേിച്ചത് എത്രമാത്രം വേദനാജനകമായിരുന്നു എന്നത് ഊഹിക്കയേ വേണ്ടു.

മിസ് ബ്രൂക്ക് സ്മിത്ത്, മദർ ഈഡിത്തു ചെലവു ചെയ്തു പണിയിച്ച കെട്ടിടം കൈവശമാക്കാനുള്ള ഒരു പരിശ്രമം കൂടി നടത്തുകയുണ്ടായി. മദർ ഈഡിത്തും സിസ്റ്റർ ഹെലനും പോകുന്നതിനുമുൻപ് വട്ടശ്ശേരിൽ മെത്രാച്ചൻ, ഫാദർ അലക്സിയോസ്, മിസ്. ബ്രൂക്ക് സ്മിത്ത് എന്നിവർ ഇതേക്കുറിച്ച് എന്തെങ്കിലും മദറിനോടു സംസാരിച്ചു കാണണം. പക്ഷേ, അതൊന്നും വെളിപ്പെടുത്തപ്പെട്ടിട്ടില്ല. 1930 സെപ്റ്റംബർ 25-ാം തീയതി സന്ധ്യാപ്രാർത്ഥനയ്ക്കുശേഷം സിസ്റ്റേഴ്സ് ആദ്ധ്യാത്മികഗ്രന്ഥപാരായണം നടത്തിക്കൊണ്ടിരിക്കുമ്പോൾ മിസ് ബ്രൂക്ക് സ്മിത്ത് മഠത്തിൽ വന്ന് അവർക്ക് രണ്ട് അതിഥികൾ വരുന്നു; അവരുടെ താമസത്തിനായി സിസ്റ്റർ ഹെലന്റെ കെട്ടിടം കൊടുക്കണമെന്നാവശ്യപ്പെട്ടു."അത് സാദ്ധ്യമല്ല" എന്ന് സിസ്റ്റർ സുപ്പീര്യർ തീർത്തു പറഞ്ഞു. അങ്ങനെ ശക്തമായി നിഷേധിച്ചതോടെ ആ പരിശ്രമം അവസാനിച്ചു. മിസ് ബ്രൂക്ക് സ്മിത്തിന്റെ പ്രതീക്ഷയ്ക്കുനേരെ വിരുദ്ധമായിരുന്നു ഈ മറുപടി. അവർ പ്രയാസം ഉള്ളിലൊതുക്കി "All right" എന്ന് പറഞ്ഞ് വേഗം സ്ഥലം വിട്ടു. ഇത്രയും ബുദ്ധിമതിയായി സിസ്റ്റർ ശൈന വർത്തിച്ചതുകൊണ്ടു മാത്രമാണ് ബഥനി മഠത്തിൽ സ്വൈര്യമായി മഠാംഗങ്ങൾക്ക് തുടർന്നു ജീവിക്കാൻ പറ്റിയത്.

സ്നേഹിച്ചും സഹകരിച്ചും കഴിഞ്ഞവർ തമ്മിൽ മേൽപറഞ്ഞ സാഹചര്യങ്ങൾ മൂലം അകലേണ്ടി വന്നതിൽ മദർ ശൈനായ്ക്കും മഠാംഗങ്ങൾക്കും അതിയായ ഖേദം ഉളവായി. പുനരൈക്യപ്പെട്ടു എന്ന കാരണത്താൽ മുണ്ടൻമലയിൽ നിന്നും എല്ലാം ഉപേക്ഷിച്ചുപോന്ന മാർ ഈവാനിയോസ് പിതാവിനു നേരിടേണ്ടി വന്ന എതിർപ്പുകളെല്ലാം മഠാംഗങ്ങളെയും ബാധിച്ചിരുന്നു. മഠവും



www.malankaralibrary.com Scanned with CamScanner

അതിന്റെ പ്രവർത്തനരംഗങ്ങളും അവരുടെതായിത്തന്നെ നിലനിന്നു. ഏതു സമയവും മഠവുമായി ബന്ധപ്പെട്ട് കാര്യങ്ങൾ നിർവ്വഹിച്ചിരുന്ന ബാലികാമഠത്തിലെ റ്റീച്ചേഴ്സിനും കുട്ടികൾക്കും ലഭിച്ച മുടക്കുകല്പന, സ്കൂളിൽ സിസ്റ്റേഴ്സു ചെയ്തിരുന്ന എല്ലാ സേവനങ്ങളുടെയും നിരോധനം ഇവയെല്ലാം അക്കാലത്ത് ഉണ്ടായ ചില ദുരന്താനുഭവങ്ങളാണ്.

പുനരൈക്യപ്പെടുന്ന സഹോദരങ്ങൾക്ക് അനുഭവപ്പെട്ടു കൊണ്ടിരുന്ന പ്രയാസങ്ങളും പരിത്യക്താവസ്ഥയും സിസ്റ്റേഴ്സിനെ ഏറെ വിഷമിപ്പിച്ചു. മാർ ഈവാനിയോസിന്റെ നേതൃത്വത്തിൽ കത്തോലിക്കാസഭയോട് വിശ്വാസദാർഢ്യം പ്രഖ്യാപിച്ചിരുന്നവരുമായി ബന്ധപ്പെടുന്നത് കർശനമായി വിലക്കിക്കൊണ്ട് കാതോലിക്കാബാവാ തിരുമേനി കല്പന പുറപ്പെടുവിച്ചു.

ഗുരുവും പിതാവും ഇടയനുമായ മാർ ഈവാനിയോസ് പിതാവിനെ വ്യവഹാരങ്ങളിൽ കുടുക്കി, പകപോക്കാൻ എതിരാളികൾ ഒരുമ്പെട്ടു. അദ്ദേഹം സ്ഥാപിച്ച ബഥനി പള്ളികൾ മലങ്കരസുറിയാനി സഭയുടെ സമ്പത്തും സഹായവും കൊണ്ട് നിർമ്മിച്ചതാണെന്ന ന്യായം പറഞ്ഞ് അവയെ തന്റെ ഭരണസീമയിൽ കൊണ്ടുവരുന്നതിന് കാതോലിക്കാബാവായും അനുയായികളും പരിശ്രമിച്ച് വ്യവഹാരങ്ങളിൽ മുഴുകി.

മലങ്കര സുറിയാനി സഭ വക സ്കൂളുകളുടെ മാനേജരായി എം.എ. അച്ചൻ തനിക്കു ഭരമേല്പിക്കപ്പെട്ട വിദ്യാഭ്യാസസ്ഥാപനങ്ങളെ വളർത്തുകയും പുരോഗതിയിലേക്കു നയിക്കുകയും ചെയ്തുകൊണ്ടിരുന്നു. ഈ സ്ഥാപനങ്ങളെല്ലാം സ്വന്തമാക്കുന്നതിനും തങ്ങളുടെ കൈപ്പിടിയിൽ ഒതുക്കുന്നതിനും സഭാധികൃതർ ശ്രമിച്ചു. പ്രശ്നങ്ങൾ ഗുരുതരമായി. നിർഭാഗ്യവശാൽ വിദ്യാലയങ്ങളെ ചൊല്ലി വ്യവഹാരങ്ങളും കേസുകളും ഉദ്ഭവിച്ചു. സ്വാഭാവികമായി പുനരൈക്യപ്പെട്ടവരുടെ ഭാഗത്തുനിന്നുണ്ടായ ചെറുത്തുനില്പിനുള്ള പരിശ്രമം കോടതി വഴിയുള്ള ഒത്തുതീർപ്പിന് കളമൊരുക്കുകയാണുണ്ടായത്. കൂടാതെ മാർ ഈവാനിയോസിനും പുനരൈക്യപ്രസ്ഥാനത്തിനുമെതിരെ അപ്പോസ്തോലിക് ഡലിഗേറ്റിനും മാർപാപ്പായ്ക്കും നിവേദനങ്ങൾ അയച്ച് കൂടുതൽ പ്രശ്നങ്ങൾ സൃഷ്ടിച്ചു.

"സാധുക്കളായ സുറിയാനി കുഞ്ഞാടുകളെ പിടിച്ചു വിഴുങ്ങുന്നതിനായി ബഥനിക്കാടുകളിൽ നിന്നും ആട്ടിൻ തോൽ ധരിച്ച ഒരു കടുവാ ഇതാ ഇറങ്ങി വന്നിരിക്കുന്നു" എന്നിങ്ങനെ മാർ ഈവാനിയോസ് തിരുമേനിയെപ്പറ്റി പൊതുവേദികളിൽ ആക്ഷേപശരങ്ങൾ വർഷിക്കാനും എതിരാളികൾ മടിച്ചില്ല. മലങ്കരസഭ പ്രതീക്ഷയർപ്പിച്ചിരുന്ന മാർ ഈവാനിയോസ് തിരുമേനി തങ്ങളെ വിട്ടുപോയിരിക്കുന്നുവെന്ന വസ്തുത ഉൾക്കൊള്ളുവാൻ മലങ്കര യാക്കോബായ- ഓർത്തഡോക്സ് വിഭാഗങ്ങൾക്കു സാധിച്ചില്ല."മാർ ഈവാനിയോസും കൂട്ടരും കൂറുമാറി റോമായിക്കു പോയി " എന്ന തെറ്റായ അറിവ് അവർക്ക് ഒട്ടും സഹിക്കാനായില്ല. അദ്ദേഹത്തെ വഞ്ചകനും ദ്രോഹിയുമായി മുദ്രകുത്തി. സഞ്ചരിക്കുന്ന വഴികളിൽ കറുത്ത കൊടി കാണിച്ചും



www.malankaralibrary.com Scanned with CamScanner

"ആർച്ചു ബിഷപ്പ് ഗോ ബായ്ക്ക്" വിളിച്ചും അപഹസിച്ചു. പാരിതോഷികങ്ങൾ വാഗ്ദാനം ചെയ്തുകൊണ്ട് മാർ ഈവാനിയോസിനെ അപായപ്പെടുത്താൻ അദ്ദേഹത്തിന്റെ ഡ്രൈവറെ പ്രലോഭിപ്പിച്ചു. പുനരൈക്യപ്പെട്ടവർക്ക് സ്വന്തമായ ആരാധനാലയങ്ങൾ, സെമിത്തേരികൾ ഇവ പുതുതായി നിർമ്മിക്കേണ്ടിയിരുന്നു. അവയുടെ നിർമ്മാണത്തിന് ഗവൺമെന്റ് അനുമതി അസാദ്ധ്യമായി തീർന്ന അനേകം സന്ദർഭങ്ങളുണ്ടായി. പുനരൈക്യപ്രസ്ഥാനത്തിന്റെ വളർച്ചയ്ക്കു തടയിടാൻ ഒരു കൂട്ടർ കിണഞ്ഞു പരിശ്രമിച്ചു. ഇന്നത്തെപ്പോലെ "മോർച്ചറി " സംവിധാനമില്ലാത്ത കാലത്ത് മരിച്ചവരെ സംസ്കരിക്കുവാൻ നിർവ്വാഹമില്ലാതെ വിഷമിച്ചിട്ടുള്ള അവസരങ്ങൾ നിരവധി. സർക്കാർ അനുമതി കൂടാതെ കെട്ടിടങ്ങൾ ആരാധനാലയമാക്കിയതിനും സ്വന്തം പുരയിടങ്ങളിൽ ശവം മറവുചെയ്തതിനും ആദ്യകാലങ്ങളിൽ പുനരൈക്യപ്പെട്ടവർ അനുഭവിച്ച യാതനകൾ ഏറെയായിരുന്നു. പോലീസ് സ്റ്റേഷനുകളിൽ കയറിയിറങ്ങിയും കോടതി വരാന്തകളിൽ നടന്നലഞ്ഞും ദേശപ്പട്ടക്കാർ കഷ്ടപ്പെട്ടു.

മേൽപ്പറഞ്ഞ സംഭവവികാസങ്ങൾ അപ്പോഴപ്പോൾ അറിഞ്ഞുകൊണ്ടിരുന്ന സുപ്പീര്യർ സിസ്റ്റർ ശൈനായ്ക്ക് താങ്ങാനാവുന്നതിലധികമായിരുന്നു ഈ വിധമായ മനഃക്ലേശങ്ങൾ. പുനരൈക്യത്തിന്റെ ശൈശവദശയിൽ അനുഭവിക്കേണ്ടി വന്ന കഷ്ടതകളും നിന്ദനങ്ങളും ആ ശാന്തശീലയെ തളർത്തിയില്ല. മറിച്ച് കൂടുതൽ ധൈര്യശാലിയും ദൈവാശ്രയമുള്ളവളുമാക്കി. നിരന്തരമായ ദൈവസംസർഗ്ഗവും മൗനവും ധ്യാനവും ത്യാഗപ്രവൃത്തികളും വഴി പുനരൈക്യപ്രസ്ഥാനത്തിനു ശക്തി പകർന്നു. മദറിന്റെ നേതൃത്വത്തിൽ മഠാംഗങ്ങളേവരും മദറിനെപ്പോലെതന്നെ പ്രാർത്ഥനയും തപോനിഷ്ഠകളും വഴി മലങ്കര കത്തോലിക്കാ സഭയുടെ ഉന്നതിക്കായി ഹൃദയപൂർവ്വം പ്രവർത്തിച്ചുകൊണ്ടിരുന്നു. ശൈശവം പിന്നിട്ടിട്ടില്ലാത്ത സഭയ്ക്കു താങ്ങും തണലുമായി സിസ്റ്റേഴ്സ് വർത്തിച്ചിരുന്നു. ബഥനിയെന്നാൽ മലങ്കരസുറിയാനി കത്തോലിക്കാ സഭയെന്നും മലങ്കര സുറിയാനി കത്തോലിക്കാ സഭയെന്നാൽ "ബഥനി" എന്നും പറയത്തക്കവിധമായിരുന്നു സഭയും സമൂഹവും തമ്മിലുള്ള ആത്മബന്ധം.



www.malankaralibrary.com Scanned with CamScanner

# അദ്ധ്യായം - 10

# ആദരിക്കപ്പെട്ട ബഥനി

## മലങ്കരസഭയുടെ വളർച്ച

മാർ ഈവാനിയോസിന്റെ കത്തോലിക്കാ പുനരൈക്യത്തെ കത്തോലിക്കാ ലോകം അങ്ങേയറ്റം ആദരിക്കുകയും പ്രശംസിക്കുകയും ചെയ്തു. ബഥനി സിസ്റ്റേഴ്സ് ഒന്നടങ്കം പുനരൈക്യപ്പെട്ട വിവരങ്ങൾ അറിഞ്ഞ് എറണാകുളം സെന്റ് തെരേസാസ് കർമ്മലീത്ത മഠത്തിന്റെ മദർ ജനറലും കോട്ടയം കർമ്മലീത്ത മഠത്തിലെ അഞ്ചു സിസ്റ്റേഴ്സും കൂടി 1930 ഒക്ടോബർ നാലാം തീയതി തിരുമൂലമഠത്തിലെത്തി. അവരെ മഠാംഗങ്ങൾ ഹൃദ്യമായി സ്വീകരിച്ചുപചാരം ചെയ്തു. സിസ്റ്റേഴ്സിന് അഭിനന്ദനങ്ങളും ആശംസകളും അർപ്പിച്ച്, പ്രാർത്ഥനാവാഗ്ദാനം ചെയ്ത് അവർ തിരികെപ്പോയി.

കോട്ടയം ബിഷപ്പായിരുന്ന അഭിവന്ദ്യ അലക്സാണ്ടർ ചൂളപ്പറമ്പിൽ തിരുമേനി അദ്ദേഹത്തിന്റെ വൈദികരിൽ ചിലരെ തിരുമൂലപുരത്തേക്കയച്ച് കോട്ടയത്ത് നടക്കുന്ന ക്രിസ്തുരാജത്വതിരുനാളിൽ സംബന്ധിക്കുന്നതിന് മാർ ഈവാനിയയോസ് പിതാവും മാർ തിയോഫിലോസ് തിരുമേനിയും ചെല്ലണമെന്ന് ക്ഷണിക്കുകയുണ്ടായി. ബഥനി സിസ്റ്റേഴ്സ് കൂടി ചെല്ലണമെന്ന് അദ്ദേഹം വളരെ താൽപര്യമായി എഴുതി കൊടുത്തയച്ചു. ഇങ്ങനെ പോകുന്നതിന്, സിസ്റ്റേഴ്സിന്, പ്രത്യേകിച്ച് സിസ്റ്റർ സുപ്പീര്യറിന് ഒട്ടും താൽപര്യമുണ്ടായിരുന്നില്ല. എന്നാൽ ചൂളപ്പറമ്പിൽ തിരുമേനിയുടെ ആഗ്രഹത്തെ നിരസിക്കാൻ പിതാവിന് വൈഷമ്യമുണ്ടായി. സിസ്റ്റേഴ്സ് കൂടി പോകണമെന്ന് വന്ദ്യപിതാവ് താൽപര്യപ്പെട്ടതനുസരിച്ച് പിതാക്കന്മാരും മഠാംഗങ്ങളും കോട്ടയത്തേക്കു പോവുകയായിരുന്നു.

കോട്ടയത്ത് എത്തിയ സിസ്റ്റേഴ്സിനെ സെന്റ് ആൻസ് ഹൈസ്കൂളിനടുത്തുള്ള മഠത്തിലേക്കു കൂട്ടിക്കൊണ്ടുപോയി. അവിടെ ഏറ്റവും ഹൃദ്യവും സ്നേഹസമ്പൂർണ്ണവുമായ സ്വീകരണമായിരുന്നു സിസ്റ്റേഴ്സിന് ലഭിച്ചത്. ബഹു. മദർ ക്ലാരയായിരുന്നു സുപ്പീര്യർ. മെത്രാച്ചന്റെ സഹോദരപുത്രിയായ സിസ്റ്റർ ജീൻ വളരെയധികം സമയം ബഥനി സിസ്റ്റേഴ്സിന്റെ കൂടെ ചെലവഴിച്ചു. പിറ്റേ ദിവസം രാവിലെ സിസ്റ്റേഴ്സിന്റെ ചാപ്പലിൽ വി. കുർബാനയ്ക്ക് പങ്കെടുത്ത് വി. കുർബാന സ്വീകരിക്കണമെന്നും, ചൂളപ്പറമ്പിൽ തിരുമേനിയുടെ അനുമതി ലഭിച്ചിട്ടുമാത്രമേ തിരിച്ചു പോകാവൂ എന്നും പിതാവ



www.malankaralibrary.com Scanned with CamScanner

റിയിച്ചു. സിസ്റ്റേഴ്സിന്റെയും അഭിവന്ദ്യ തിരുമേനിയുടെയും സ്നേഹനിർഭരമായ പെരുമാറ്റം ബഥനി സിസ്റ്റേഴ്സിനെ അത്യധികം സ്പർശിച്ചു. ക്ഷണം സ്വീകരിക്കാതെ പോയിരുന്നെങ്കിൽ ഒരു വലിയ നഷ്ടം തന്നെയായിരുന്നേനേ എന്ന് സിസ്റ്റർ ശൈനായ്ക്ക് ബോദ്ധ്യമായി.

1930 ഒക്ടോബർ 26-ാം തീയതി അഭിവന്ദ്യ ചൂളപ്പറമ്പിൽ തിരുമേനിയുടെ ദേവാലയാങ്കണത്തിൽ നടന്ന രാജത്വതിരുനാളിൽ മാർ ഈവാനിയോസ് പിതാവ് വി. കുർബാനയുടെ വാഴ്വ് നൽകുകയും പ്രസംഗിക്കുകയും ചെയ്തു. ബഥനിയുടെ മാർ തിയോഫിലോസ് എപ്പിസ്കോപ്പാ മലങ്കര റീത്തിൽ വി. കുർബാന അർപ്പിച്ചു. സിസ്റ്റേഴ്സ് പ്രതിവാക്യങ്ങൾ ചൊല്ലി. ബഥനിക്കാർ പുനരൈക്യപ്പെട്ടതിൽ വലിയ സന്തോഷമായിരുന്നു. വാഴ്വിനും വി. കുർബാനയ്ക്കും ശേഷം ചൂളപ്പറമ്പിൽ തിരുമേനിയുടെ സന്ദർശനമുറിയിലെത്തി. സെന്റ് ആൻസിലെയും മറ്റ് മഠങ്ങളിലെയും വിസിറ്റേഷൻ സിസ്റ്റേഴ്സും ലത്തീൻ കർമ്മലീത്താ സിസ്റ്റേഴ്സും അഭിവന്ദ്യ പിതാവിനെയും സിസ്റ്റേഴ്സിനെയും ഹൃദ്യമായി സ്വീകരിച്ചു. നാട്ടാശ്ശേരിൽ വിസിറ്റേഷൻ നോവിഷ്യേറ്റ്, കോട്ടയത്തുള്ള ലത്തീൻ കർമ്മലീത്താ മഠം അവിടത്തെ പ്രൈമറി സ്കൂൾ, അനാഥശാല എന്നിവയും സന്ദർശിച്ച് മടങ്ങി പോന്നു.1930 ഡിസംബർ ആറിന് സീറോ മലബാർ സഭയുടെ ചങ്ങനാശേരി പാറേൽപള്ളി പെരുന്നാളിന് ബഥനി സിസ്റ്റേഴ്സ് ക്ഷണിക്കപ്പെട്ടു. അവിടെ പെരുന്നാളിന് അഭിവന്ദ്യ പിതാവിന്റെ അനുമതിയോടെ പോകുന്നതിനിടയായി. ഡിസംബർ 8-ാം തീയതി കർമ്മലീത്താ സിസ്റ്റേഴ്സിന്റെ മഠത്തിൽ താമസിച്ച് ചങ്ങനാശേരി കത്തീഡ്രൽ പള്ളി, മഠം, സ്കൂൾ എന്നിവയും അഭിവന്ദ്യ മാർ ജയിംസ് കാളാശേരി പിതാവിനെയും സന്ദർശിച്ചു മടങ്ങി. ഇക്കാലത്ത് മാർ ഈവാനിയോസിനോട് താൽപര്യമുള്ളവർ അതിഥികളായി തിരുമൂല വന്ന് പിതാവിനെ സന്ദർശിച്ച ശേഷം മഠത്തിലും കയറി സിസ്റ്റേഴ്സിനെ കണ്ട് സുഖാന്വേഷണം നടത്തി പോകുമായിരുന്നു.

1930 ലെ ക്രിസ്മസ് വേളയിൽ പരിശുദ്ധപിതാവ് പീയൂസ് പതിനൊന്നാമൻ ബഥനി സിസ്റ്റേഴ്സിന് പത്തുപേർക്കും നൽകാനായി അദ്ദേഹത്തിന്റെ ഓട്ടോഗ്രാഫ് ഉള്ള പടങ്ങൾ മാർ ഈവാനിയോസ് പിതാവുവഴി അയച്ചു കൊടുത്തത് പരിശുദ്ധ പിതാവിന് സിസ്റ്റേഴ്സിനോടുള്ള കരുതലും വാത്സല്യവും തെളിയിക്കുന്നതായിരുന്നു. യക്കോബായക്കാരിൽ നിന്നും പുനരൈക്യപ്പെട്ട സിസറ്റേഴ്സ് പലവിധത്തിൽ സഹിക്കുന്നതിനെക്കുറിച്ച് കേട്ട് പരിശുദ്ധ പിതാവ് പീയൂസ് പതിനൊന്നാമൻ അദ്ദേഹത്തിന്റെ സെക്രട്ടറിയായ കർദിനാൾ സിൻസീറോ മുഖേന ഒരു ആശ്വാസകല്പന അയച്ചു."ബഥനിക്കാരുടെ വിഷമങ്ങൾ എല്ലാം അദ്ദേഹം കേട്ടു. പ്രത്യേകം പ്രാർത്ഥിക്കുന്നു." എന്ന് കാണിച്ചുള്ള ഒരു നല്ല കത്തായിരുന്നു അത്. പുനരൈക്യത്തെ തുടർന്ന് എറണാകുളം, വരാപ്പുഴ ആർച്ചുബിഷപ്പൻമാരെയും തൃശൂർ ബിഷപ്പിനെയും മാർ ഈവാനിയോസ് പിതാവും മാർ തിയോഫിലോസ് തിരുമേനിയും സന്ദർശിക്കുകയുണ്ടായി. 1931 ഫെബ്രുവരി 13-ാം തീയതി എറണാകുളം ആർച്ചുബിഷപ്പ് അഭിവന്ദ്യ അഗസ്റ്റിൻ മാർ കണ്ടത്തിൽ വന്ദ്യപിതാവിനോടു കൂടി തിരുമൂല മഠത്തിലുള്ള സിസ്റ്റേഴ്സിനെ സന്ദർശിക്കുകയുണ്ടായി. പുനരൈക്യത്തിന്റെ ആരംഭകാലത്ത് സീറോ മലബാർ സഭയിലെയും ലത്തീൻ സഭ



www.malankaralibrary.com Scanned with CamScanner

യിലെയും പിതാക്കന്മാരും വിശ്വാസികളും മലങ്കര കത്തോലിക്കാ സഭയോട് വളരെ സ്നേഹവും പരിഗണനയുമാണ് കാണിച്ചിട്ടുള്ളത്. അഭിവന്ദ്യ ബെൻസിഗർ തിരുമേനിയുടെ നിർദ്ദേശപ്രകാരം മാർ ഈവാനിയോസ് തിരുമേനിയുടെ അനുമതിയോടെ കൊല്ലം ഹോളിക്രോസ് കോൺവെന്റിൽ നവശിഷ്യരോടൊത്ത് പരിശീലനം നേടാനായി സിസ്റ്റർ ദനഹ, സിസ്റ്റർ സൾഗ എന്നിവരെ 1932 ജാനുവരി 10-ന് അയക്കുകയുണ്ടായി. മദർ ശൈന, സിസ്റ്റർ ഹൂബ എന്നിവർ ഹോളി ക്രോസ് കോൺവെന്റിൽ പോയി അവരെ സന്ദർശിച്ചിരുന്നു. 1933 ജനുവരി 20-ാം തീയതി ഹോളി ക്രോസ് കോൺവെന്റിൽ നിന്നും മദർ ശൈനായും സിസ്റ്റർ ഹൂബായും കൂടി പരിശീലനത്തിലിരുന്ന സിസ്റ്റേഴ്സിനെ തിരികെ തിരുമൂലമഠത്തിൽ കൊണ്ടുവന്നു.

എത്രയും ഉന്നതവും ഉൽകൃഷ്ടവുമായ ഒരു പരിശീലനമാണ് ഒരു വർഷക്കാലം അവർക്കവിടെ ലഭിച്ചിരുന്നത് എന്ന് അനുഭവസ്ഥർ സാക്ഷിക്കുന്നു. മൗനാചരണം, വി. കുർബാനയോടുള്ള ഭക്തി, പരിശുദ്ധാത്മാവിനോടുള്ള ഭക്തി ഇവയിലെല്ലാം അവർ കൂടുതൽ ചൈതന്യമുള്ളവരായി. സ്ലീബാപാത, അൻപത്തിമൂന്ന്മണിജപം, ഉത്തരീയഭക്തി ഇങ്ങനെയുള്ള ഭക്താഭ്യാസങ്ങളും ഹോളിക്രോസ് കോൺവന്റിൽനിന്ന് സിസ്റ്റേഴ്സ് അഭ്യസിച്ചു. തൃശൂർ മഠത്തിൽ താമസിച്ചു പഠിച്ചിരുന്ന സിസ്റ്റേഴ്സും സീറോ മലബാർ സഭയിലെ പാരമ്പര്യങ്ങളും ഭക്തമുറകളും ആചാരാനുഷ്ഠാനങ്ങളും കാണുന്നതിനിടയായി. ഹോളിക്രോസ് കോൺവന്റിൽ പരിശീലിച്ച ഭക്തഭ്യാസങ്ങൾ, ബന്തിങ്ങാധാരണം, ഇവ മദർ ശൈനായ്ക്കും സിസ്റ്റർ ഹൂബായ്ക്കും ഒട്ടും സ്വീകാര്യമായിരുന്നില്ല . കൊച്ചി രാജ്യത്തെ പഴയ മാമൂൽ പ്രിയയായിരുന്ന മദറിന് ഇളയ തലമുറക്കാരുടെ നവീനാശയങ്ങളും പുതിയ രീതികളും ഉൾക്കൊള്ളാനായില്ല. കൊച്ചി രാജ്യത്തെ യാക്കോബായാക്കാരുടെ പഴയ ആശയങ്ങൾക്കനുകൂലമല്ലാത്തവയൊക്കെ ഏതോ മതവിപരീതം പോലെയാണ് മദർ ശൈന കണക്കാക്കിയത്. ഇങ്ങനെ ആശയഗതിയിലുള്ള വ്യത്യാസം മൂലം ആരംഭകാലത്ത് അനുഭവിക്കേണ്ടി വന്ന യാതനകൾ വളരെയായിരുന്നു. എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം മാർ ഈവാനിയോസ് പിതാവു തന്നെ വരുത്തിയിരുന്നു. കാര്യം ആരുപറഞ്ഞാലും അത് ശരിയായി ഗ്രഹിച്ച് നീതിപൂർവ്വം തക്കപരിഹാരം നിർദ്ദേശിച്ചിരുന്നതിനാൽ അക്കാലത്ത് മഠാംഗങ്ങൾ സമാധാനചിത്തരായി കഴിഞ്ഞിരുന്നു. ഇന്നും മലങ്കര സഭയുടെ ആരാധനക്രമം, ആചാരാനുഷ്ഠാനങ്ങൾ, പൗരസ്ത്യസഭയുടെ പാരമ്പര്യങ്ങൾ, പൈതൃകങ്ങൾ ഇവയെല്ലാം തന്നെ നിഷ്ഠയോടെ പാലിക്കുന്നതിൽ ബഥനി പ്രത്യേകം ശ്രദ്ധിക്കുന്നു.

## ബഥനി മഠത്തിന്റെ ആദ്യശാഖാമന്ദിരം

തിരുമൂല ബാലികാമഠവുമായുള്ള ബന്ധം ഉപേക്ഷിക്കേണ്ടി വന്നതിൽ മഠാംഗങ്ങൾക്കുണ്ടായ പ്രയാസം പരിഹരിക്കുന്നതിനായി നങ്ങ്യാർകുളങ്ങര ബഥനി ബാലികാമഠം സ്കൂൾ സ്ഥാപിക്കുന്നതിന് ബ. ചേപ്പാട്ട് പീലിപ്പോസ് റമ്പാൻ മാർ ഈവാനിയോസ് പിതാവിനെ പ്രേരിപ്പിക്കുകയുണ്ടായി. തിരുമൂല ബഥനി മഠത്തിൽ സിസ്റ്റർ ശൈന സുപ്പീര്യറായിരുന്ന കാലത്താണ് 1931 മെയ് 16ന് സ്കൂൾ പണി ആരംഭിച്ചത്. 1932 മെയ് 17ന് കൂദാശാകർമ്മം



www.malankaralibrary.com Scanned with CamScanner

നടത്തി. 1933 മെയ് 17ന് പരിമിതമായ സാഹചര്യങ്ങളിൽ ഓലമേഞ്ഞ കെട്ടിടത്തിൽ ബഥനിയുടെ ആദ്യ ശാഖാമന്ദിരം സ്ഥാപിതമായി. സിസ്റ്റർ ദനഹായെ അവിടെ സുപ്പീര്യറായും സിസ്റ്റർ മാക്സ, സി. തൈബൂസ്, സി. ബാസിം., സി. സൈബാർ എന്നിവരെ മഠത്തിലെ അംഗങ്ങളായും നങ്ങ്യാർകുളത്തേക്കയച്ചു. സിസ്റ്റർ സൈബാർ ഒഴിച്ച് ബാക്കിയുള്ള അംഗങ്ങൾ പുതിയ വിദ്യാലയത്തിൽ അദ്ധ്യാപികമാരായി. ആദ്യ ഹെഡ്മിസ്ട്രസായ ചേന്നങ്കരി വെള്ളൂർ ശ്രീമതി അന്നമ്മയ്ക്കു ശേഷം 1933 ജൂണിൽ സുപ്പീര്യറായിരുന്ന സിസ്റ്റർ ദനഹായെ ബഥനി ബാലികാമഠം സ്കൂളിലെ ഹെഡ്മിസ്ട്രസായി നിയമിച്ചു. സിസ്റ്റേഴ്സിന്റെ സംസ്കാരസമ്പന്നമായ പെരുമാറ്റവും അദ്ധ്യാപനവും പ്രാർത്ഥനാ ചൈതന്യവും ലാളിത്യമാർന്ന ജീവിത ശൈലിയും വിദ്യാർത്ഥിനികളിലും മാതാപിതാക്കളിലും നാട്ടുകാരിലും വലുതായ മതിപ്പുളവാക്കി. നഷ്ടപ്പെട്ടുപോയ തിരുമൂലബാലികാമഠം സ്കൂളിനു പകരം നങ്ങ്യാർകുളങ്ങര ബാലികാമഠം ആരംഭിച്ചതുമൂലം സിസ്റ്റേഴ്സിനു മുൻപുണ്ടായ പ്രയാസങ്ങൾ മാറിപ്പോയി. സാമ്പത്തിക പരാധീനത അക്കാലത്ത് അനുഭവപ്പെട്ടിരുന്നെങ്കിലും എല്ലാം ദൈവിക പദ്ധതിയുടെ ഭാഗമായി സന്തോഷത്തോടെ സിസ്റ്റേഴ്സ് സ്വീകരിക്കുകയായിരുന്നു.

സാർവ്വത്രികസഭയിൽ ആയിത്തീർന്ന മലങ്കര സുറിയാനി കത്തോലിക്കാസഭ സ്വതന്ത്രഭരണാധികാരമുള്ള വ്യക്തിഗതസഭയാണ്. ഈ സഭാവിഭാഗത്തിന് ഒരു അതിരൂപതയും ഹൈരാർക്കിയും അനുവദിച്ചുകിട്ടേണ്ടത് അതിന്റെ വളർച്ചയ്ക്കും നിലനിൽപിനും അത്യാവശ്യമായി വന്നു. അതിനായി അന്ന് തിരുവിതാംകൂറിന്റെ തലസ്ഥാനമായിരുന്ന തിരുവനന്തപുരമാണ് മാർ ഈവാനിയോസ് തിരുമേനി തെരഞ്ഞെടുത്തത്. എന്നാൽ സ്വന്തമായി ഒരു സ്ഥലമോ പള്ളിയോ പുനരൈക്യപ്പെട്ട ആളുകളോ അന്ന് തിരുവനന്തപുരത്തുണ്ടായിരുന്നില്ല. എന്തായാലും തിരുവനന്തപുരം ആസ്ഥാനമാക്കിക്കൊണ്ടുള്ള തിരുവനന്തപുരം അതിരൂപതയും തിരുവല്ല ആസ്ഥാനമാക്കിയുള്ള തിരുവല്ല രൂപതയും അടങ്ങിയ മലങ്കര സിറിയൻ ഹൈരാർക്കിക്കുവേണ്ടിയുള്ള അനുവാദാഭ്യർത്ഥന 1932 മെയ് രണ്ടാം തീയതി മാർ ഈവാനിയോസ് പിതാവ് പരിശുദ്ധപിതാവ് 11-ാം പീയൂസ് മാർപാപ്പ തിരുമനസ്സിലേക്ക് നേരിട്ടു നൽകി. അദ്ഭുതമെന്നു പറയട്ടെ, ദൈവകൃപയാൽ 1932 ജൂൺ 11 ന് അതിനുള്ള അനുമതി ലഭിക്കുകയും ഹൈരാർക്കിയുടെ ഉദ്ഘാടനം 1933 മാർച്ചു മാസം 12 ന് നടത്തുകയും ചെയ്തു.

1932 ൽ മലങ്കര കത്തോലിക്കാ സഭയുടെ ആർച്ച്ഡയോസിസായി തിരുവനന്തപുരവും ഡയോസിസായി തിരുവല്ലായും രൂപീകൃതമായി. എന്തുകൊണ്ടും പുനരൈക്യപ്പെട്ടവർക്ക് അഭിമാനിക്കാനും സന്തോഷിക്കാനുമുള്ള സുവർണ്ണാവസരമായിരുന്നു അത്. ഈ അവസരത്തിൽ മാർ ഈവാനിയോസ് പിതാവിന്റെ മുഴുവൻ ശ്രദ്ധയും തിരുവനന്തപുരത്തു കേന്ദ്രീകരിക്കേണ്ടി വന്നു. ആർച്ചുഡയോസിസിന്റെ ഒരു ഡയോസിസ് എന്ന നിലയിൽ തിരുവല്ലായിൽ മാർ തിയോഫിലോസ് തിരുമേനി രൂപതാദ്ധ്യക്ഷനായി. അധികം താമസിയാതെ തിരുമേനി അനാരോഗ്യവാനായി. ബാലാരിഷ്ടതകൾ നീങ്ങിയിട്ടില്ലാത്ത മലങ്കര സുറിയാനി കത്തോലിക്കാ സഭയെ സംബന്ധിച്ച് ഇത് വലിയ ആഘാതമായിരുന്നു.



www.malankaralibrary.com Scanned with CamScanner

ഈ കാലയളവിൽ സിസ്റ്റേഴ്സിന്റെ മുന്നോട്ടുള്ള പ്രവർത്തനങ്ങൾക്കും അനുദിന ചെലവുകൾക്കും വഴി കാണാതെ വിഷമിക്കേണ്ട സാഹചര്യങ്ങൾ ഉണ്ടാവുകയും അരക്ഷിതാവസ്ഥ നേരിടുകയും ചെയ്തു എന്ന സത്യം മറച്ചു വയ്ക്കാവതല്ല. അതുവരെ അവർക്കു താങ്ങും തണലുമായിരുന്ന മാർ ഈവാനിയോസ് പിതാവിന്റെ അസാന്നിദ്ധ്യവും 1933 ൽ ആശ്രമസ്ഥരുടെ തിരുവനന്തപുരത്തേക്കുള്ള മാറിതാമസവും മാർ തെയോഫിലോസ് തിരുമേനിയുടെ അനാരോഗ്യവും സിസ്റ്റേഴ്സിന്റെ ജീവിതത്തെ പ്രതികൂലമായി ബാധിച്ചു. ഇടവകകളിൽ നിന്നുള്ള പിടിയരി സംഭരണവും മറ്റ് ആനുകൂല്യങ്ങളും പുനരൈക്യത്തിനു വളരെ മുൻപു തന്നെ നിർത്തലാക്കപ്പെട്ടിരുന്നു. പുതിയ രൂപതയും സാമ്പത്തികപരാധീനതകൾമൂലം പ്രയാസമനുഭവിച്ചിരുന്ന ഒരു കാലമായിരുന്നു അത്. ഈ അവസരത്തിൽ സിസ്റ്റേഴ്സും മഠാംഗങ്ങളുടെ നേതൃത്വം വഹിച്ചിരുന്ന മദർ ശൈനായും എത്രമാത്രം ക്ലേശം അനുഭവിച്ചു എന്ന് വർണ്ണിക്കുക പ്രയാസം.

താമസിയാതെ അഭിവന്ദ്യ മാർ ഈവാനിയോസ് പിതാവിന്റെ ക്രമീകരണമനുസരിച്ച് തിരുവനന്തപുരത്ത് നാലാഞ്ചിറയിൽ വാങ്ങിയിരുന്ന സ്ഥലത്ത് പുതുതായി നിർമ്മിച്ച കെട്ടിടത്തിലേക്ക് 12 സിസ്റ്റേഴ്സിനെയും രണ്ട് അർത്ഥിനികളെയും മാർത്ത, ശലോമി, കാട്ടൂർ ശോശാമ്മ എന്നിവരെയും വന്ദ്യ പിതാവ് മാറ്റുകയായിരുന്നു. 1936 ഏപ്രിൽ 23-ാം തീയതി മഠാംഗങ്ങൾ എല്ലാവരും മദർ ശൈനായുടെ നേതൃത്വത്തിൽ നാലാഞ്ചിറയെത്തി. ബാരിസോളിൽ വിത്തുപാകി തിരുമൂലപുരത്ത് മുളച്ചു പൊങ്ങി, തിരുവനന്തപുരത്ത് നാലാഞ്ചിറയിൽ പറിച്ചുനടപ്പെട്ട ബഥനി അവിടെ വേരുറപ്പിക്കുകയായിരുന്നു.

## ബഥനി രണ്ടു ഡയോസിസൻ സമൂഹങ്ങളാകുന്നു

തിരുവല്ലായിൽ നിന്നും ബഥനി സന്ന്യാസിനീ സമൂഹത്തിന്റെ തിരുവനന്തപുരത്തേക്കുള്ള മാറ്റം തിരുവല്ലായിൽ അതുവരെ നടന്നിരുന്ന സഭാപ്രവർത്തനത്തെ സാരമായി ബാധിച്ചു.

രൂപതയിൽ സേവനമനുഷ്ഠിക്കുന്നതിനായി സിസ്റ്റേഴ്സിനെ അയച്ചുകൊടുക്കണമെന്ന് രോഗാതുരനായ തിയോഫിലോസ് പിതാവ് മാർ ഈവാനിയോസ് പിതാവിനോടാവശ്യപ്പെട്ടു. സഹായിക്കേണ്ടത് അത്യാവശ്യമെന്ന് മനസ്സിലാക്കിയ പിതാവ് മഠത്തിലെത്തി വിവരം അവതരിപ്പിച്ചു. വന്ദ്യപിതാവിന്റെ മനോഗതം മനസ്സിലാക്കിയ സിസ്റ്റർ ഹൂബാ മുന്നോട്ടു വന്ന്"പിതാവേ ഞാൻ പോകാം" എന്ന് സമ്മതം നൽകിയത് പിതാവിന് ആശ്വാസം നൽകി. 1935 ഏപ്രിലിൽ വ്രതവാഗ്ദാനം നടത്തിയ സിസ്റ്റർ ബ്രൂക്സാ, സിസ്റ്റർ ഹൂബായോടൊപ്പം തിരുവല്ലായിക്കു നിയോഗിക്കപ്പെട്ടു.

ബ. ഗീവറുഗീസച്ചന്റെ താൽപര്യപ്രകാരം തന്റെ സഹോദരി സി. തൈബൂസിനെ കൂടി അയയ്ക്കുകയുണ്ടായി. പിന്നീട് അഭിവന്ദ്യ പിതാവിന്റെ നിർദ്ദേശപ്രകാരം ഇംഗ്ലീഷ് ഭാഷ നന്നായി അറിയാവുന്ന സിസ്റ്റർ ത്രിസൂസിനെ അവിടേക്കയക്കുകയും സിസ്റ്റർ ബ്രൂക്സായെ തിരുവനന്തപുരത്തേക്ക് തിരികെ വിളിക്കുകയും ചെയ്തു.



www.malankaralibrary.com Scanned with CamScanner

അങ്ങനെ ബഥനി മിശിഹാനുകരണ സന്ന്യാസിനികൾ തിരുവനന്തപുരം അതിരൂപതയിലും തിരുവല്ലാരൂപതയിലുമായി അവരുടെ സേവനങ്ങൾ നിർവ്വഹിച്ചുകൊണ്ട് രണ്ടു സമൂഹങ്ങളെന്ന രീതിയിൽ 1936 മുതൽ 1956 വരെ രണ്ടു രൂപതാദ്ധ്യക്ഷന്മാരുടെ സംരക്ഷണയിൽ രണ്ടു മദർ ജനറൽമാരുടെ നേതൃത്വത്തിൽ വളർന്നു.

മദർ ശൈന 1926 മുതൽ '36 വരെ ബഥനിയുടെ സുപ്പീര്യറായി തിരുമൂലപുരത്തും 1936 മുതൽ '39 വരെ മദർജനറലായി തിരുവനന്തപുരത്തും നേതൃത്വം വഹിച്ചശേഷം തിരുവനന്തപുരത്ത് നാലാഞ്ചിറമഠത്തിൽ അംഗമായി തുടർന്നു. എങ്കിലും മദർ ശൈന വലിയമദർ എന്ന നിലയിലാണ് അറിയപ്പെട്ടിരുന്നത്. സിസ്റ്റേഴ്സ് എല്ലാവരും ആദരവോടെ വലിയമദർ എന്നുവിളിച്ചാദരിച്ചുപോന്നു. തിരുവനന്തപുരം, തിരുവല്ല എന്നീ രണ്ടു രൂപതകളിലായി മാർ ഈവാനിയോസ്, മാർ സേവേറിയോസ് എന്നീ രണ്ടു മേലദ്ധ്യക്ഷന്മാരുടെ നേതൃത്വത്തിൽ രണ്ടു സുപ്പീര്യർ ജനറൽമാരുടെ കീഴിൽ ബഥനിസന്ന്യാസിനീസമൂഹം രണ്ടു ഡയോസിസൻ സമൂഹങ്ങളായി വളർന്നുകൊണ്ടിരുന്നു. ഈ രണ്ടു സമൂഹങ്ങളുടെയും സ്ഥാപകൻ ഒന്നുതന്നെ. നിയമവും ഭരണഘടനയും ആചാരനുഷ്ഠാനങ്ങളുമെല്ലാം ഒന്നുതന്നെയായിരുന്നു. ഈ രണ്ടു സമൂഹങ്ങളെയും സംയോജിപ്പിച്ച് മാർപ്പാപ്പായുടെ പ്രത്യേകസംരക്ഷണയിൽ ഒരു പൊന്തിഫിക്കൽ സമൂഹമായി ഉയർത്തിയത് 1956 ലാണ്.

1956ൽ ദൈവാനുഗ്രഹത്താൽ കേവലം 127 സിസ്റ്റേഴ്സ് മാത്രം ഉണ്ടായിരുന്ന ബഥനിസമൂഹങ്ങളെ സംയോജിപ്പിച്ച് ഒരു മദർ ജനറലിന്റെ കീഴിൽ രണ്ടു പ്രോവിൻസുകളായി തിരിച്ച് പൊന്തിഫിക്കൽ പദവി നൽകി ആദരിച്ചു. കേരളത്തിൽ ആദ്യമായി പൊന്തിഫിക്കൽ പദവിയിലേക്കുയർത്തപ്പെട്ട സന്ന്യാസിനി സമൂഹം, മലങ്കരസഭയിൽ സ്ഥാപിതമായ ബഥനി സന്ന്യാസിനി സമൂഹമാണ് എന്നുപറയുന്നതിൽ സന്തോഷവും അഭിമാനവുമുണ്ട്.

വെല്ലുവിളികളെ സധൈര്യം നേരിട്ട്, മലങ്കര കത്തോലിക്കാസഭയിലേക്ക് കടന്നുവന്ന, പുനരൈക്യപാതയിലായിത്തീർന്ന 10 മദേഴ്സിനെയും പരിശുദ്ധ സിംഹാസനം ആദരിക്കുകയും "മദർ" എന്ന സ്ഥാനം 10 പേർക്കും നൽകുകയും ചെയ്തു. അങ്ങനെ 'മദർ' എന്ന സ്ഥാനം വലിയമദർ ശൈനായ്ക്ക് മരണാനന്തര ബഹുമതിയായി സമ്മാനിക്കപ്പെട്ടു. പ്രിയപ്പെട്ട വലിയമദറിന് ബഥനിമക്കളുടെ സ്നേഹം നിറഞ്ഞ പ്രണാമം!



www.malankaralibrary.com Scanned with CamScanner

## അദ്ധ്യായം - 11

# സന്യാസദർശനം

മലങ്കര സുറിയാനി സഭ അന്നുവരെ കാണാത്ത സന്ന്യാസിനി സമൂഹത്തിന് അനുകരിക്കാനോ പകർത്തുന്നതിനോ മുൻപാരമ്പര്യങ്ങളോ ക്രമ ചട്ടങ്ങളോ ഇല്ലായിരുന്നു. ദൈവപരിപാലനയിൽ മാത്രം ആശ്രയം വച്ചിരുന്ന സ്ഥാപകപിതാവ് ഇതു സംബന്ധിച്ചു പരാമർശിച്ചിരിക്കുന്നത് ശ്രദ്ധേയമാണ്. "ദൈവതിരുമുൻപിൽ കളിമണ്ണിനെയെന്നപോലെ കുഴച്ചു വയ്ക്കപ്പെട്ടിരുന്ന നമ്മുടെ ഹൃദയത്തിന് ആദർശമാകുന്ന ആകൃതിയും ആശയമാകുന്ന ഭംഗിയും ഉണ്ടായിരുന്നില്ലയോ എന്നു നമുക്ക് തോന്നിത്തുടങ്ങി. നിശ്ചയമായും അവിടുന്ന് അതിനു രൂപം കൊടുക്കാതിരിക്കുകയില്ലെന്ന് നാം വിശ്വസിച്ചു. അക്കാലംവരെ സ്വതന്ത്രമായിരുന്ന നമ്മുടെ ഹൃദയത്തെ അവിടെത്തന്നെ പ്രതിഷ്ഠിച്ചുവച്ച് നാം മാറിയിരുന്നു" (ഗിരിദീപം 2007, പുറം 62). സന്ന്യാസിനീ സഭയുടെ രൂപികരണവേളയിൽ ഓരോഘട്ടത്തിലും അഭിവന്ദ്യ പിതാവ് ഇതു തന്നെയാണ് ചെയ്തത്. കേവലം മൂന്നംഗങ്ങളെക്കൊണ്ടാരംഭിച്ച ബഥനി സന്ന്യാസിനീ സമൂഹത്തിന്റെ സ്ഥാപനോദ്ദേശ്യവും മിശിഹാനുകരണമല്ലാതെ മറ്റൊന്നല്ല എന്ന് അദ്ദേഹത്തിന് ബോദ്ധ്യമായിട്ടുള്ളതാണ്. "ദൈവസേവനത്തെക്കാൾ അത്യുത്തമം ദൈവസമ്പാദനം" എന്ന ഉൽകൃഷ്ടമായ മുദ്രാവാക്യം ബഥനിമക്കൾക്ക് പ്രമാണമായിരിക്കണമെന്ന് അദ്ദേഹം നിഷ്കർഷിച്ചു. ദൈവസമ്പാദനാർത്ഥം അവിടുത്തെ അനുഗമിക്കുകയും അനുകരിക്കുകയും ചെയ്യുന്ന ബഥനിമക്കൾ മിശിഹാനുകരണം ലക്ഷ്യമാക്കിക്കൊണ്ട് 'മിശിഹാനുകരണ സന്ന്യാസിനി സമൂഹം' എന്ന പേരിലറിയപ്പെടാനാണ് മാർ ഈവാനിയോസ് പിതാവാഗ്രഹിച്ചത്.

മിശിഹാനുകരണ സന്ന്യാസിനി സമൂഹാംഗങ്ങൾക്ക് അനുകരിക്കാൻ മിശിഹായും, നസ്രേത്തിലെ തിരുകുടുംബവും, മാതൃകയായിരിക്കാൻ ഋഷിവര്യനായ പിതാവിന്റെ ജീവിതദർശനങ്ങളും വിശുദ്ധ ബസ്സേലിയോസിന്റെ നിയമങ്ങളെ ആസ്പദമാക്കിയുള്ള വി. നിയമവും കാലാനുസൃതമായ ആവശ്യങ്ങളെ മുൻനിർത്തിയുള്ള സഭാ നിർദ്ദേശങ്ങളുമാണ് ഉള്ളത്. യേശു സ്നേഹിച്ച, യേശുവിനെ സ്നേഹിച്ച ബഥനിയിലെ മാർത്ത, മറിയം, ലാസർ എന്നിവരാണ് ബഥനിയുടെ പ്രത്യേക വിശുദ്ധർ. മാർ ഈവാനിയോസ് പിതാ



www.malankaralibrary.com Scanned with CamScanner

വിനെ ഏറ്റവുമധികം ആകർഷിച്ച ബഥനിയിലെ മറിയത്തിന്റെ പ്രാർത്ഥനാ ജീവിതവും മാർത്തയുടെ ശുശ്രൂഷാ ജീവിതവും ലാസറിന്റെ ഉത്ഥാന ജീവിതവും വേദപ്രചാരണോദ്യമവും ബഥനിക്ക് ജീവിതാദർശങ്ങളായിരിക്കണമെന്ന് പിതാവ് ആഗ്രഹിക്കുകയും പഠിപ്പിക്കുകയും ചെയ്തു. ഈ ആദർശങ്ങളെ മുൻ നിർത്തി മിശിഹാനുകരണ സന്ന്യാസിനി സമൂഹത്തിലെ അംഗങ്ങൾ ബഥനി സിസ്റ്റേഴ്സ് എന്നും അവരുടെ മന്ദിരങ്ങൾ ബഥനി മഠങ്ങളെന്നും അറിയപ്പെടണമെന്ന് സ്ഥാപക പിതാവ് തീരുമാനിച്ചു. സന്ന്യാസ പ്രതിഷ്ഠയിലൂടെ മലങ്കര സുറിയാനിസഭയുടെ ആദ്ധ്യാത്മികോന്നമനവും ഭാരതത്തിന്റെ സുവിശേഷവല്ക്കരണവും ലക്ഷ്യം വച്ചുകൊണ്ട് സ്ഥാപിക്കപ്പെട്ടിരിക്കുന്ന ബഥനിയുടെ അപ്പോസ്തോലിക പ്രവർത്തനങ്ങൾക്ക് ഭാരതത്തിന്റെ അപ്പസ്തോലനായ മാർത്തോമ്മാശ്ലീഹാ മദ്ധ്യസ്ഥനായിരിക്കുന്നത് ഉചിതമെന്നു കണ്ട പിതാവ് മാർത്തോമ്മാ ശ്ലീഹായെയും അന്ത്യ അത്താഴ സമയത്ത് യേശുവിന്റ നെഞ്ചോട് ചാഞ്ഞിരുന്ന, സ്നേഹത്തിന്റെ ശ്ലീഹായായ വി. യോഹന്നാനെയും ബഥനിയുടെ പ്രത്യേക മദ്ധ്യസ്ഥരായി നിർദ്ദേശിച്ചു. കൂടാതെ ദൈവമാതാവും കന്യകകളുടെ രാജ്ഞിയുമായ പ. മറിയം, തിരുസഭയുടെ കാവൽക്കാരനും പ. മറിയത്തിന്റെ വിരക്തവരനുമായ ഭാഗ്യവാനായ മാർ യൗസേപ്പ്, പൗരസ്ത്യ സന്ന്യാസ സഭാശ്രേഷ്ഠനും സഭാപിതാവുമായ വി. ബസ്സേലിയോസ്. എന്നിവർ ബഥനിയുടെ സംരക്ഷക വിശുദ്ധരാണ് എന്നുള്ളത് മാർ ഈവാനിയോസ് പിതാവ് മദർ ശൈനായിക്കും മദറിന്റെ സംരക്ഷണയിലുള്ള സഹോദരിമാർക്കും വ്യക്തമാക്കികൊടുത്തു.

ബാരിസോളിൽ സന്ന്യാസ പരിശീലനത്തിനായി എത്തിച്ചേർന്ന പെൺകുട്ടികൾക്ക് പരിശീലകരായി സിസ്റ്റർ ഹെലൻ, മദർ ഈഡിത്ത് തുടങ്ങിയ അഭ്യസ്തവിദ്യരായ ഓക്സ്ഫോർഡ് മിഷൻ സിസ്റ്റേഴ്സുണ്ടായിരുന്നു എന്ന് നേരത്തെ സൂചിപ്പിച്ചിരുന്നല്ലൊ. ഇടയ്ക്കിടെ എം. എ. അച്ചൻ ബാരിസോളിലെത്തി ക്ലാസ്സുകൾ നൽകുകയും ശോശാമ്മയെയും മറ്റ് സന്ന്യാസാർത്ഥിനികളെയും ഉപദേശങ്ങളും നിർദ്ദേശങ്ങളും വഴി സന്ന്യാസ പരിശീലനത്തിൽ കൈപിടിച്ചു നടത്തുകയും ചെയ്തു. സാധിക്കുമ്പോഴൊക്കെ ബാരിസോളിലെത്തി മലങ്കര സുറിയാനി ക്രമത്തിൽ അവർക്കായി വി. കുർബ്ബാന അർപ്പിക്കുകയും കുമ്പസാരം കേൾക്കുകയും ഉപദേശങ്ങളും പ്രസംഗങ്ങളും വഴി ആത്മീയ പ്രബുദ്ധതയുള്ളവരാക്കുകയും ചെയ്തിരുന്നു. സന്ന്യാസാർത്ഥിനികൾക്ക് ആത്മീയമായ ക്ലാസ്സുകൾ നൽകുന്നതിനായി കെ. എ യാക്കോബ് ശെമ്മാശനെയും ഇംഗ്ലീഷ് പഠിപ്പിക്കുന്നതിന് മട്ടയ്ക്കൽ അലക്സാണ്ടർ ശെമ്മാശനെയും നിയോഗിച്ചിരുന്നു. ആദ്ധ്യാത്മികമായി വളരാനുതകുന്ന എല്ലാ പരിശീലനവും പഠനങ്ങളും ലഭിച്ചാണ് ബാരിസോളിലും തുടർന്ന് സിസ്റ്റർ ഹെലന്റെ നേതൃത്വത്തിൽ തന്നെ തിരുമൂലപുരത്തും സന്ന്യാസാർത്ഥിനികൾ വളർന്നതും പക്വതയാർജ്ജിച്ചതും.



www.malankaralibrary.com Scanned with CamScanner

1925 ലെ സന്ന്യാസ പ്രതിഷ്ഠയ്ക്കു മുൻപും പിൻപും സമഗ്രമായ പരിശീലനമാണ് ആദ്യ അംഗങ്ങൾക്ക് ലഭിച്ചത് എന്ന് എം. പി. ശോശാമ്മ യുടെ രേഖകൾ സാക്ഷിക്കുന്നു. നാലാഞ്ചിറ മഠത്തിൽ എം. പി. ശോശാമ്മ യുടെ പേരിലുള്ള നോട്ടു പുസ്തകങ്ങൾ - മദർ ശൈനായുടെ കൈപ്പടയി ലുള്ളത്- ഇന്നും ഭദ്രമായി സൂക്ഷിച്ചിരിക്കുന്നു. ബഥനി മെത്രാച്ചന്റെ ധ്യാനപ്ര സംഗങ്ങൾ, ഫാദർ യാക്കോബ് O.I.C. യുടെ ഒപ്പോടു കൂടിയ ധ്യാനക്കുറി പ്പുകൾ എന്നിവയെല്ലാം അതിൽ ഉൾപ്പെടുന്നു. നിത്യവും ധ്യാനം നടത്തേ ണ്ടത് എങ്ങനെ? ധ്യാനത്തിനായുള്ള ഒരുക്കം, ഈ ധ്യാനം കൊണ്ട് സമ്പാ ദിക്കേണ്ട പുണ്യങ്ങൾ, വിശ്വാസം, ശരണം, സ്നേഹം, ക്ഷമ, മൗനം, താഴ്മ, അനുസരണം, വിശുദ്ധി ,ദാരിദ്ര്യം തുടങ്ങിയ വിവിധ വിഷയങ്ങളെപ്പറ്റിയുള്ള നോട്ടുകൾ ഭംഗിയായി എഴുതി വച്ചിരിക്കുന്നത് വായിച്ചപ്പോൾ മദർ ശൈനാ യുടെ ആദ്ധ്യാത്മികതയുടെ ആഴം മനസ്സിലാക്കുവാൻ സാധിച്ചു. മദർ ശൈന എഴുതുന്നു:

"സന്ന്യാസജീവിതം അനവരതമായ ദൈവസംസർഗ്ഗത്തിനുള്ള ജീവി തമാകുന്നു. അതിനാൽ ദൈവസംസർഗ്ഗത്തിന് വിഘ്നം വരുത്തുന്ന സർവ്വതും സന്ന്യാസ ജീവിതത്തിന്റെ പ്രതിബന്ധങ്ങളായി ഗണിക്കേണ്ടതാകുന്നു. ദൈവ സംസർഗ്ഗത്തിന് മൗനവ്രതം അത്യന്താപേക്ഷിതമാണ്. ശരിയാം വണ്ണം മൗന വ്രതം അനുഷ്ഠിക്കുന്ന ആത്മാവിനുമാത്രമേ യേശുവിന്റെ മധുരമേറിയ രഹ സ്യസംഭാഷണങ്ങളെ കേൾക്കുന്നതിനു കഴിയുകയുള്ളു. മൗനവ്രതത്തെ എത്രമാത്രം ഒരു സന്ന്യാസിനി സ്നേഹിക്കുന്നുവോ അത്രയധികം അവ ളുടെ ആത്മാവിനോട് സംഭാഷിപ്പാൻ യേശു ആഗ്രഹിക്കുന്നതാണ്. യേശു വിന്റെ സംഭാഷണങ്ങളെ കേൾക്കുന്നതിന് അവൾക്ക് പ്രാപ്തിയുണ്ടാകുന്ന തുമാണ്. ഏകാന്തവാസത്തോടു സ്നേഹമുണ്ടായിരിക്കുന്നവളും നിരന്തരം ദൈവസംസർഗ്ഗത്തിൽ വസിക്കുന്നവളുമാണ് യഥാർത്ഥ സന്ന്യാസിനി.

**താഴ്മ**

അധികാരികളുടെ അടുക്കലും സഹോദരങ്ങളുടെ അടുക്കലും സംസർഗ്ഗം ചെയ്യണമെന്നു വന്നാൽ എത്രയും അഗാധമായ താഴ്മ സന്ന്യാ സിനിക്കുണ്ടായിരിക്കണം. അവനവനെക്കുറിച്ച് തൃപ്തികരമായ അഭിപ്രായ ങ്ങൾ പറയുക, മറ്റുള്ളവർ അങ്ങനെ പറഞ്ഞു കേൾപ്പാൻ ആഗ്രഹിക്കുക, അവനവനെ നീതീകരിക്കുന്നതിനായി എപ്പോഴെങ്കിലും ശ്രമിക്കുക, കുറ്റപ്പെ ടുത്തുകയോ ശിക്ഷിക്കുകയോ ചെയ്യുമ്പോൾ ഹൃദയം കൊണ്ടെതിർക്കുക മുതലായ ദുശ്ശീലങ്ങൾ യഥാർത്ഥ സന്ന്യാസത്വത്തിന് അത്യന്താപേക്ഷിത മായ താഴ്മയെ നശിപ്പിക്കുന്നതാകുന്നു. താഴ്മയില്ലാത്ത സന്ന്യാസിനി, സന്യാ സത്വത്തിന്റെ ആത്മാവുള്ളവളല്ല. താഴ്മ മിശിഹാനുകരണമാകുന്നു. നമ്മുടെ കർത്താവിന്റെ ജീവിതം മുഴുവനും താഴ്മകൊണ്ട് നിറഞ്ഞിരുന്നു."ഇതാ ഞാൻ



www.malankaralibrary.com Scanned with CamScanner

കർത്താവിന്റെ ദാസി നിന്റെ വചനംപോലെ എനിക്കു ഭവിക്കട്ടെ. (വി. ലൂക്കാ1:38) എന്നുച്ചരിച്ച വി. കന്യകാമറിയത്തെ നാം നമ്മുടെ മാതൃകയായി സ്വീകരിക്കണം.''

## സ്നേഹം

ദൈവത്തിനു മനുഷ്യരോടുള്ള സ്നേഹത്തിന്റെ പാരമ്യം യേശുവിന്റെ മനുഷ്യാവതാരമാകുന്നു. മനുഷ്യാവതാരം മനുഷ്യരുടെ സ്നേഹത്തെ ദൈവത്തിന്റെ സ്നേഹത്തോട് യോജിപ്പിക്കേണ്ടിയിരിക്കുന്നു. ദൈവത്തോടും മനുഷ്യരോടുമുള്ള സ്നേഹം സന്ന്യാസിനി എത്രമാത്രം വർദ്ധിപ്പിക്കാമോ അത്രയും വർദ്ധിപ്പിക്കണം. അവൾ ദൈവത്തെയും ദൈവസ്നേഹത്തെ പ്രതി മറ്റുള്ളവരെയും സ്വാർത്ഥത വിട്ട് സ്നേഹിക്കണം. സാധാരണക്കാർക്ക് ദൈവത്തെയും മനുഷ്യരെയും പൂർണ്ണമായി സ്നേഹിക്കുന്നതിനും ശുശ്രൂഷിക്കുന്നതിനും സൗകര്യം കിട്ടുന്നില്ല. സന്ന്യാസിനിയുടെ ദൈവത്തിലുള്ള വിശ്വാസത്തിന്റെയും സ്നേഹത്തിന്റെയും പാരമ്യം സന്യാസപ്രതിഷ്ഠയാകുന്നു. ദൈവം പ്രതിഷ്ഠാജീവിതത്തിലേക്ക് സന്ന്യാസിനിയെ വിളിച്ചിരിക്കുന്നതുകൊണ്ട് അവൾ തന്നെതന്നെ മറന്ന് ദൈവത്തെ പൂർണ്ണമായി സ്നേഹിക്കുകയും ശുശ്രൂഷിക്കുകയും ചെയ്യണം.

## അനുസരണം

"സകലത്തിലും പിതാവായ ദൈവത്തിന്റെ ഇഷ്ടം അനുസരിച്ച് യേശുമിശിഹാ പ്രവർത്തിച്ചിരുന്നു. മരണത്തോളം അനുസരണം പാലിച്ച യേശുവിനെ അനുകരിച്ച് ഓരോ സന്ന്യാസിനിയും അനുസരണവ്രതം എത്രയും നിർബ്ബന്ധമായും പരിശുദ്ധമായും പാലിക്കണം. കർത്താവിനെയും അങ്ങയെ പ്രതി മറ്റുള്ളവരെയും പരിപൂർണ്ണമായി അനുസരിക്കുവാൻ സന്ന്യാസിനി ശ്രദ്ധിക്കേണ്ടതാണ്.''

മദർ ശൈനായുടെ വ്രതബദ്ധജീവിതത്തിന്റെ ആഴം താഴെ കാണുന്ന തന്റെ പ്രാർത്ഥനയിൽ നിന്നും മനസ്സിലാക്കാം.

"കർത്താവായ യേശുവേ, എന്റെ മനസ്സിന്റെ പരിപൂർണ്ണമായ അനുസരണം ഞാൻ നിനക്കു തന്നു കൊള്ളുന്നു. നിന്റെ സ്വർഗ്ഗസ്ഥ പിതാവിന്റെ ഇഷ്ടം പരിപൂർണ്ണമായി അനുസരിക്കുവാൻ നീ സർവ്വദാ സന്നദ്ധനായിരുന്നുവല്ലോ! എല്ലാ സമയത്തും നിന്റെ മരണം അടുത്തപ്പോൾ പോലും ഗത്സമേൻ തോട്ടത്തിൽ വച്ചും കുരിശിൻമേൽ വച്ചും അനുസരണം കാണിച്ച ആ നിന്റെ മനസ്സ് എത്ര പരിശുദ്ധമാകുന്നു. അതുപോലെയുള്ള അനുസരണം എനിക്കും തരണമെ. ഞാൻ നിനക്കു നിത്യമായ അനുസരണം പ്രതിജ്ഞ ചെയ്തിരിക്കുന്നു. സ്വർഗ്ഗസ്ഥ പിതാവിന്റെ ഏകപുത്രനും ദൈവവുമായ നീ, ഈ ആയുസ്സിൽ കാണിച്ചു തന്ന ആ അനുസരണം എനിക്കു തരണമെ. ഞാൻ നിന്നെയും നിനക്കുവേണ്ടി എന്റെ ആശ്രമാദ്ധ്യക്ഷന്മാരെയും അനുസരിപ്പാൻ എന്നെ അനുഗ്രഹിക്കണമെ. സ്വർഗ്ഗസ്ഥ പിതാവിന്റെ തിരു



www.malankaralibrary.com Scanned with CamScanner

വിഷ്ടം ചെയ്യുന്നത് നിനക്കു ഭക്ഷണമാകുന്നു എന്നു നീ പഠിപ്പിച്ചുവല്ലോ. കർത്താവേ, ഈ മഠത്തിൽ, പൂർണ്ണമായ അനുസരണത്തിൽ നിന്നോടുള്ള സ്നേഹം മൂലം പാലിക്കുന്ന നിഷ്കളങ്ക അനുസരണത്തിൽ എന്നെ നില നിർത്തണമെ."

**ബ്രഹ്മചര്യം**

"എന്റെ കർത്താവേ, എന്റെ കന്യാവ്രതത്തെ കാത്തുകൊള്ളണമെ. നിന്റെ പ്രകാശത്താൽ എന്റെ ഹൃദയത്തെ പ്രകാശിപ്പിക്കണമെ. കർത്താവേ എനിക്കു നിന്നോടുള്ള സ്നേഹവും ശരണവും ആശ്രയവും വർദ്ധിപ്പിച്ചു തരണമെ. കർത്താവേ, ലോകസംബന്ധമായ സകലസന്തോഷങ്ങളിൽ നിന്നും എന്നെ വിടുവിച്ച് നിന്നിൽ വസിപ്പിക്കണമെ."

**ദാരിദ്ര്യം**

"ലോകത്തിലുള്ള സർവ്വ സമ്പാദ്യങ്ങളെയും കർത്താവേ, നിന്നെ പ്രതി ഞാൻ ഉപേക്ഷിക്കുന്നു. പൊന്നും വെള്ളിയും എനിക്കു തരുവാനില്ല. കരുണനിറഞ്ഞവനേ, നിന്റെ ദാരിദ്ര്യവ്രതത്തിൽ എന്നെ നിലനിർത്തിക്കൊള്ളണമെ. ലോകത്തെയും അതിന്റെ ധനത്തേയും ഞാൻ ആഗ്രഹിക്കരുതേ, അന്വേഷിക്കരുതേ. എന്റെ സകല സമ്പാദ്യവും നീ ആകുന്നു. എന്റെ സകല സമ്പത്തും നീ തന്നെ. ലോകരക്ഷയ്ക്കുവേണ്ടി തന്നെത്താൻ ചെറുതാക്കിയ ദൈവപുത്രാ! തലചായ്ക്കുവാൻ പോലും സ്ഥലമില്ലാതെ ഭൂമിയിൽ പാർത്തവനേ, നിന്റെ അനുഗ്രഹിക്കപ്പെട്ട ദാരിദ്ര്യവ്രതത്തിൽ എന്നെ എന്നും നില നിർത്തേണമെ."

ലോകത്തിൽ യേശുവിന്റെ രക്ഷാകരകർമ്മം അഭംഗുരം തുടരുന്നതിന് പ്രത്യേകിച്ച് ഭാരതത്തെ സുവിശേഷവല്കരിക്കുന്നതിന് മാർ ഈവാനിയോസ് പിതാവിനുണ്ടായിരുന്ന അഭിവാഞ്ഛ മദറിനുമുണ്ടായിരുന്നു. മലങ്കരസഭയുടെ ആദ്ധ്യാത്മിക നവീകരണത്തിനുവേണ്ടിയും പുനരൈക്യത്തിനുവേണ്ടിയും ജീവിതം ഉഴിഞ്ഞു വച്ച മദർ അകത്തോലിക്കാ സഹോദരങ്ങൾക്കുവേണ്ടി നിരന്തരം പ്രാർത്ഥിച്ചിരുന്നു.

താണജാതിക്കാരെന്ന് മുദ്രകുത്തി മാറ്റിനിർത്തിയിരുന്നവരുടെ വീടുകൾ സന്ദർശിച്ച് സന്മാർഗവും യേശുമാർഗവും പഠിപ്പിച്ചുകൊടുക്കുന്നതിനും പാവപ്പെട്ട പെൺകുട്ടികളെയും സ്ത്രീകളെയും തൊഴിൽ പഠിപ്പിക്കുന്നതിനും പ്രോജക്റ്റു സ്കൂൾ നടത്തുന്നതിനും പരിശ്രമിക്കുകയും ആയതിന് നേതൃത്വം നൽകുകയും ചെയ്തിരുന്നു. സ്ത്രീജനോദ്ധാരണം ലക്ഷ്യമാക്കി വിദ്യാലയ പ്രേഷിതത്വത്തിന് പ്രാധാന്യം നൽകുകയും പെൺകുട്ടികൾക്കായി സ്കൂളിനോടനുബന്ധിച്ച് ബോർഡിംഗുകൾ നടത്തുകയും ചെയ്തിരുന്നു.

"ദൈവസമ്പാദനമാണ് ദൈവസേവനത്തേക്കാൾ അത്യുത്തമം" എന്ന മുദ്രാവാക്യം മനസ്സിൽ കുടിയിരുത്തി ധ്യാനിച്ച് മിശിഹാനുകരണത്തിലൂടെ തന്റെ ജീവിതം അർത്ഥവത്താക്കിയ മദർ ശൈനായുടെ ജീവിതം തന്നെ തന്റെ സന്ന്യാസാദർശങ്ങളുടെ പ്രതിഫലനമായിരുന്നു.



www.malankaralibrary.com Scanned with CamScanner

# അദ്ധ്യായം - 12

## പുനരൈക്യദർശനം

"പരിശുദ്ധനായ പിതാവേ നമ്മെപ്പോലെ അവരും ഒന്നായിരിക്കേണ്ട തിന് അവിടുന്ന് എനിക്ക് നൽകിയ അവിടുത്തെ നാമത്തിൽ അവരെ അങ്ങു കാത്തുകൊള്ളണമെ" (യോഹ. 17/11)

ഇതര ക്രൈസ്തവ വിഭാഗങ്ങളെ പ്രത്യേകിച്ച് യാക്കോബായ ഓർത്ത ഡോക്സ് സഹോദരങ്ങളെ മാതൃസഭയിലേക്ക് ഐക്യപ്പെടുത്തുവാൻ മാർ ഈവാനിയോസ് പിതാവിനുണ്ടായിരുന്ന പുനരൈക്യദർശനത്തിൽ ഉൾചേർന്ന്, അദ്ദേഹത്തിന്റെ അഭിലാഷങ്ങൾ ദൈവഹിതമെന്നു മനസ്സിലാക്കി ഐക്യ ത്തിനായി മദർ മനമുരുകി പ്രാർത്ഥിച്ചു. ബഥനി സന്ന്യാസിനികൾ ഒന്നായി നിലകൊണ്ട് സമൂഹം ഒരു കൂട്ടായ്മയായി മുന്നേറുന്നതിന് നേതൃത്വം നൽകിയ മദർ ശൈനായുടെ ധീരോദാത്തത ശ്ലാഘനീയം തന്നെ. വിഭാഗീയത മഠ ത്തിൽ അന്തഃഛിദ്രം സൃഷ്ടിക്കുമെന്ന് തിരിച്ചറിഞ്ഞ മദർ സന്ന്യാസിനിക ളുടെ കൂട്ടായ്മയെ ദൃഢതരമാക്കിക്കൊണ്ട് പുനരൈക്യപാതയിലേക്ക് കട ന്നുവന്നു. സ്വന്തം ഭവനത്തിൽ നിന്നും ഉയർന്നു പൊങ്ങിയ വെല്ലുവിളികൾ മദറിനെ വല്ലാതെ വ്രണപ്പെടുത്തി. സ്വസഹോദരൻ പത്രോസ് കശീശാ ഓർത്ത ഡോക്സ് സഭയിൽ തന്നെ ഉറച്ചുനിന്നു. അദ്ദേഹം കൂടി മാതൃസഭയിലേക്ക് ഐക്യപ്പെടാഞ്ഞതിൽ മദറിന് വളരെയേറെ ദുഃഖമുണ്ടായിരുന്നു. കത്തോ ലിക്കാ സഭയെപറ്റിയുള്ള ആഴമായ അറിവും പഠനവും ധ്യാനത്തിലൂടെ മന നം ചെയ്ത് യുക്തിസഹമായി ബോദ്ധ്യപ്പെട്ട് മാത്രമാണ് മദർ ശൈനാ പുന രൈക്യപ്പെടുവാൻ തീരുമാനമെടുത്തത്.

"ഞാൻ നല്ല ഇടയനാണ്. പിതാവ് എന്നെയും ഞാൻ പിതാവിനെയും അറിയുന്നതുപോലെ ഞാൻ എനിക്കുള്ളവയെയും എനിക്കുള്ളവ എന്നെയും അറിയുന്നു. ആടുകൾക്കുവേണ്ടി ഞാൻ ജീവൻ അർപ്പിക്കുന്നു. ഈ തൊഴു ത്തിൽപ്പെടാത്ത മറ്റാടുകളും എനിക്കുണ്ട്. അവയെയും ഞാൻ കൊണ്ടുവ



www.malankaralibrary.com Scanned with CamScanner

രേണ്ടിയിരിക്കുന്നു. അവ എന്റെ സ്വരം ശ്രവിക്കും. അങ്ങനെ ഒരു ആട്ടിൻപറ്റവും, ഒരു ഇടയനും ആകും." (യോഹ:10.14-16)

"ഏക ഇടയനും ഏക തൊഴുത്തും" എന്ന നമ്മുടെ കർത്താവിന്റെ ആഹ്വാനം കേട്ട് മാതൃസഭയിലേക്ക് കടന്നുവന്ന ബഥനിയിലെ വല്യമദർ പുനരൈക്യപ്പെട്ട അനേകായിരങ്ങൾക്ക് മുന്നോടിയായി. മാർഗ്ഗദർശിയായി. ലോകത്തിൽ അതിശീഘ്രം വളർന്നുകൊണ്ടിരിക്കുന്ന സഭയാണ് "മലങ്കര സുറിയാനി കത്തോലിക്കാസഭ" എന്ന് പരിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പാ നമ്മുടെ സഭയെ വിശേഷിപ്പിക്കാൻ ഇടയായെങ്കിൽ അതിനു പിന്നിൽ പ്രവർത്തിച്ച സ്ത്രീരത്നങ്ങളിൽ അദ്വിതീയ സ്ഥാനം ബഥനിയുടെ പ്രഥമ അദ്ധ്യക്ഷയായിരുന്ന മദർ ശൈനായിക്കുണ്ട്.

"എന്റെ പ്രിയപ്പെട്ട യാക്കോബായ സഹോദരങ്ങളെല്ലാം ഏക സഭയുടെ ഐക്യത്തിൽ എത്തിച്ചേരുന്നതുവരെ എന്റെ സൗഭാഗ്യവും ആനന്ദവും പരിപൂർണ്ണമാകുന്നതല്ല. മരണാനന്തരം ഞാൻ സ്വർഗ്ഗത്തിലെത്തിയ ശേഷം എന്റെ അകത്തോലിക്കാ സഹോദരങ്ങളുടെ പുനരൈക്യത്തിനുവേണ്ടി ദൈവസന്നിധിയിൽ പ്രാർത്ഥിച്ചുകൊണ്ടിരിക്കും."

**മാർ ഈവാനിയോസ്**



www.malankaralibrary.com Scanned with CamScanner

## അദ്ധ്യായം - 13

# പ്രേഷിതാഭിമുഖ്യം

### മലങ്കര കത്തോലിക്കാ സഭയുടെ വളർച്ച– തെക്കൻ മേഖലയിലേക്ക്

മലങ്കരഹൈരാർക്കിയുടെ അതിർത്തി തെക്ക്, ബംഗാൾ ഉൾക്കടലിന്റെയും, ഇൻഡ്യൻ സമുദ്രത്തിന്റെയും, അറേബ്യൻ കടലിന്റെയും സംഗമസ്ഥാനമായ കന്യാകുമാരി വരെ വ്യാപിച്ചിരുന്നു. കന്യാകുമാരി ഉൾപ്പെട്ട തെക്കൻ തിരുവിതാംകൂർ വലിയ പരിഷ്കാരമൊന്നും കടന്നു ചെല്ലാത്ത നാട്ടിൻ പ്രദേശമായിരുന്നു. 1934 ൽ മലങ്കര കത്തോലിക്കാ സഭയുടെ പ്രവർത്തനങ്ങൾ മാർത്താണ്ഡത്തും ചുറ്റുപാടുമുള്ള പ്രദേശങ്ങളിലും സമാരംഭിക്കുകയുണ്ടായി, ഹിന്ദു നാടാർ സമുദായംഗങ്ങളും, ക്രൈസ്തവരായിത്തീർന്നിരുന്ന നാടാർ സമുദായാംഗങ്ങളും തിങ്ങി പാർത്തിരുന്ന സ്ഥലമായിരുന്നു മാർത്താണ്ഡവും ചുറ്റുമുള്ള പ്രദേശങ്ങളും. മലയാളവും തമിഴും കൂട്ടിക്കലർത്തി സംസാരിച്ചിരുന്നവർ വിരളമായിരുന്നില്ല. ഈ തെക്കൻ പ്രദേശത്തെ നാടാർ സമുദായത്തിൽപ്പെട്ട അംഗങ്ങളെ മലങ്കരസഭയിലേക്ക് മാർ ഈവാനിയോസ് പിതാവ് സ്വാഗതം ചെയ്തു. അവിടെയുണ്ടായിരുന്ന ഇതര ക്രൈസ്തവ വിഭാഗത്തിൽപ്പെട്ട നാടാർ സമുദായംഗങ്ങളെ മാത്രമല്ല അക്രൈസ്തവ സഹോദരങ്ങളെയും പുനരൈക്യപ്രസ്ഥാനം ആകർഷിക്കുകയുണ്ടായി." വിളവുവളരെ വേലക്കാർ ചുരുക്കം" എന്ന യേശുക്രിസ്തുവിന്റെ വാക്കുകൾ ഇവിടെ അന്വർത്ഥമായിരുന്നു.

1934 ജനുവരി 29ന് ചങ്ങനാശേരി മെത്രാപ്പോലീത്ത, അഭിവന്ദ്യ ജെയിംസ് കാളാശേരി തിരുവനന്തപുരം അതിരൂപതയിലേക്ക് ഒരു വർഷം സേവനമനുഷ്ഠിക്കാനായി ബ. ജോസഫ് കുഴിഞ്ഞാലിലച്ചനെ അയച്ചു. മാർ ഈവാനിയോസ് പിതാവ്, അദ്ദേഹത്തിന്റെ താൽപര്യമനുസരിച്ച് മിഷൻ പ്രവർത്തനത്തിനായി മാർത്താണ്ഡത്തേക്ക് നിയോഗിച്ചു. വിളഞ്ഞുപാകമായ ഒരു വയൽ; എളിയ വാടകവീട്ടിൽ താമസിച്ചുകൊണ്ട് അദ്ദേഹം പ്രവർത്തനമാരംഭിച്ചു. യുവ വൈദികൻ ചുറ്റുപാടുമുള്ളവരോട് സ്നേഹം പുലർത്തി. ജനഹൃദയങ്ങളിൽ സന്തോഷം പകർന്നു. അനേകം പേർ ജ്ഞാനസ്നാനം സ്വീകരിച്ചു. മലങ്കര സഭയുടെ പ്രവർത്തനങ്ങൾ ഈ തെക്കൻ മേഖലയിൽ



www.malankaralibrary.com Scanned with CamScanner

ഫലപ്രദമായി. ഒരു വർഷം കഴിഞ്ഞ് തിരിച്ചുപോകാൻ ഇരുന്ന അച്ചൻ ഈ മഹത്തായ മിഷ്യൻ പ്രവർത്തനം ഉപേക്ഷിച്ചു പോകുന്നതെങ്ങനെ എന്ന് ഓർത്ത് വേദനിച്ചു. മാനസാന്തരങ്ങൾ അനേകം. മിഷ്യൻ പ്രവർത്തനത്തിന് കൂട്ടുകാരായി ഏതാനും പേരെ പരിശീലിപ്പിച്ച് ഉപദേശിമാരായി രൂപപ്പെടുത്തി എങ്കിലും ശരിയായ പ്രവർത്തനത്തിന് ഇവർ മതിയാകുകയില്ല എന്ന ചിന്ത അദ്ദേഹത്തെ നൊമ്പരപ്പെടുത്തി. ഞാൻ ഇവരെ ഉപേക്ഷിച്ചാൽ ഈ പാവപ്പെട്ട ജനത്തിന് ആര് സംരക്ഷണ നൽകും? ഇടയനില്ലാത്ത ജനങ്ങൾക്ക് അത്താണിയായി ആരുണ്ടാകും? മിഷ്യൻ ചൈതന്യമുള്ള കുറെ സിസ്റ്റേഴ്സിനെ കിട്ടിയിരുന്നെങ്കിൽ എന്ന് ചിന്തിച്ചു. പല സന്ന്യാസിനി മഠങ്ങളും സന്ദർശിച്ചു തന്റെ ആഗ്രഹമറിയിച്ചു. പക്ഷേ, ഫലമുണ്ടായില്ല. ഇത്തരത്തിൽ വിഷമിക്കുമ്പോഴാണ് ഒരു മിഷനറി സന്ന്യാസിനി സമൂഹം ആരംഭിക്കണമെന്നുള്ള വലുതായ ആഗ്രഹം മനസ്സിലുദിച്ചത്.

മാർ ഈവാനിയോസ് തിരുമേനിയെ തന്റെ ഇംഗിതം അറിയിച്ചു. ആളും അർത്ഥവുമില്ലാതെ ഏറെ വിഷമിച്ചിരുന്ന ഒരു സന്ദർഭമായിരുന്നു അത്. ബ. ജോസഫ് കുഴിഞ്ഞാലിലച്ചന്റെ പ്രേഷിത തീക്ഷ്ണത മനസ്സിലാക്കിയ വന്ദ്യ പിതാവ് മിഷ്യൻ പ്രവർത്തനങ്ങൾക്കായി സന്ന്യാസിനി സമൂഹം ആരംഭിക്കാൻ അനുമതിനൽകി അദ്ദേഹത്തെ അനുഗ്രഹിച്ചയച്ചു. മലങ്കരയിലെ പുനരൈക്യത്തെപ്പറ്റിയും മലങ്കര കത്തോലിക്കാ സഭയുടെ കീഴിൽ മാർത്താണ്ഡത്ത് ആരംഭിക്കുവാൻ പോകുന്ന സന്ന്യാസിനി സമൂഹത്തെപ്പറ്റിയും കേട്ടറിഞ്ഞ പ്രവിത്താനം 'കല്ലറക്കൽ' ഏലിയാമ്മ, ഏലിയാമ്മയുടെ മൂത്ത സഹോദരിയുടെ മകൾ മേരി എന്നിവർ പുതുതായി തുടങ്ങുന്ന മഠത്തിൽ ചേർന്ന് സന്ന്യാസ ജീവിതം നയിക്കുവാൻ സന്നദ്ധരായി. എന്നാൽ പരിശീലനത്തിനുള്ള സ്ഥലം എവിടെ? പരിശീലിപ്പിക്കാൻ ആരുണ്ട്?

പല സന്ന്യാസ സമൂഹങ്ങളിലും അന്വേഷിച്ചു. ആരെയും കണ്ടെത്തിയില്ല അനുകൂലമായ മറുപടിയും ലഭിച്ചില്ല എന്ന വിവരം അച്ചൻ പിതാവിനെ അറിയിച്ചു. വന്ദ്യ പിതാവും പല സമൂഹങ്ങളിലും അന്വേഷിക്കുകയുണ്ടായി. ഫലമുണ്ടായില്ല.

ഏലിയാമ്മയും മേരിയും തിരുവനന്തപുരത്തു നിന്നുള്ള കത്തും കാത്ത് ഇരിപ്പായി. ദിവസങ്ങൾക്കു ദൈർഘ്യം കൂടുന്നതുപോലെ. അവസാനം 1938 ഏപ്രിൽ മാസത്തിൽ കത്തു കിട്ടി. ഏലിയാമ്മയും മേരിയും വീടിനോട് വിട പറഞ്ഞ് തിരുവനന്തപുരത്തെത്തി മാർ ഈവാനിയോസ് തിരുമേനിയെയും കുഴിഞ്ഞാലിലച്ചനെയും കണ്ടു. "മക്കളെ നിങ്ങൾ ഉടനെ ബഥനി മഠത്തിലേക്കു പോകുവിൻ. അവിടെ പത്തുദിവസത്തെ ഭജനമുണ്ട്. നാമും കുഴിഞ്ഞാലിലച്ചനും കൂടി അവിടെ വരാം. ഭജനം കഴിഞ്ഞ് മാർത്താണ്ഡത്തിനുപോകാം," ഇത്രയും വന്ദ്യ പിതാവ് കൽപിച്ച് ബഥനിയിലെ മദർ ശൈനായിക്കു കൊടുക്കുവാൻ ഒരു കത്തും കൊടുത്ത് അവരെ നാലാഞ്ചിറ മഠത്തിലേക്കയച്ചു. നാലാഞ്ചിറ മഠത്തിൽ, മദർ ജനറൽ മദർ ശൈന ഏലിയാമ്മയെയും മേരിയെയും കാത്തിരിക്കുകയായിരുന്നു. സിസ്റ്റർ ബാസിം ഇറ



www.malankaralibrary.com Scanned with CamScanner

ങ്ങിച്ചെന്ന് ഹസ്തദാനം ചെയ്ത് ഇരുവരെയും മദറിന്റെ അടുക്കലേക്ക് കൊണ്ടുപോയി. താമസിയാതെ വന്ദ്യപിതാവും കുഴിഞ്ഞാലിലച്ചനും വന്ന് കാര്യങ്ങൾ ക്രമീകരിച്ചു. എല്ലാവർക്കും സന്തോഷമായി. പിറ്റേദിവസം മെയ് 1 ന് അഭിവന്ദ്യ പിതാവ് മഠത്തിൽ വന്ന് വി. കുർബാന അർപ്പിച്ചു. മാർ ഈവാനിയോസ് പിതാവിന്റെ ഉറ്റമിത്രവും ഗുണകാംക്ഷിയുമായിരുന്ന പെരുനാട്ടിൽ കൊച്ചുകാലായിൽ ശ്രീമാൻ ഗീവറുഗീസിന്റെയും ഏല്യാമ്മയുടെയും മകൾ ശോശാമ്മ മദർ ശൈനയോടും സിസ്റ്റഴ്സിനോടുമൊത്ത് അഞ്ചാം ക്ലാസുമുതൽ ഏഴാം ക്ലാസുവരെ തിരുമൂലപുരത്തും ഹൈസ്കൂളിൽ ബഥനി ബാലികാമഠം നങ്ങ്യാർകുളത്തും പഠനം നടത്തിയശേഷം, നാലാഞ്ചിറ ബഥനി മഠത്തിൽ സന്ന്യാസ പരിശീലനം കാംക്ഷിച്ച് മദർ ശൈനായോടൊത്ത് താമസിച്ചിരുന്നു. 1938 ഏപ്രിൽ 26ന് മാർ ഈവാനിയോസ് പിതാവ് ശോശാമ്മയെ വിളിച്ചുപറഞ്ഞു:

"മകളേ, മാർത്താണ്ഡത്ത് ഒരു പുതിയ മഠം തുടങ്ങുന്നുണ്ട്. നിന്നെ അവിടെ ചേർക്കണമെന്നാണ് എന്റെ ആഗ്രഹം." ശോശാമ്മ മറുപടി ഒന്നും പറഞ്ഞില്ല. മദർ ശൈനായോട് വന്ദ്യ പിതാവ് നേരത്തെ ഇക്കാര്യം ഒരിക്കൽ സൂചിപ്പിച്ചിരുന്നു. അംഗങ്ങൾ നന്നേ കുറവായിരുന്ന കാലത്ത് ബഥനി മഠത്തിൽ ചേരാൻ ആഗ്രഹിച്ചുവന്ന ശോശാമ്മയെ മാർത്താണ്ഡത്തേക്ക് അയയ്ക്കുക എന്നത് മദറിന് വലിയ വിഷമമായിരുന്നു. എന്നാൽ വന്ദ്യ പിതാവിന്റെ ഇംഗിതത്തെ ആദരിച്ച് മദർ ശൈനാ ഒന്നും പറഞ്ഞില്ല.

29-ാം തീയതി ഏല്യാമ്മയും മേരിയും ശോശാമ്മയും വാർഷിക ഭജനത്തിൽ പങ്കുചേർന്നു 1938 മെയ് 8 ന് ഭജനം കഴിഞ്ഞ് മദർ ജനറൽ മദർ ശൈന, സിസ്റ്റേഴ്സ് ബാസിം, ഹൈമ്നൂസ്, ബസ്മ, ഹനോനോ ഇവർ ഏലിയാമ്മ, മേരി, ശോശാമ്മ ഇവരെയും കൊണ്ട് ബസിൽ മാർത്താണ്ഡത്തേക്കു തിരിച്ചു. 4 മണിയോടെ തൊടുവെട്ടിയിലെത്തിയ വെള്ളവസ്ത്രധാരികളെ നാട്ടുകാർ സാഘോഷം വാദ്യമേളത്തോടെ എതിരേറ്റു. കുറച്ചുപേർ ഓടിവന്ന് പെട്ടിയും കെട്ടുകളുമെടുത്തുകൊണ്ടുപോയി. റോഡിന്റെ ഇരുവശത്തും നവാഗതരെ പ്രതീക്ഷിച്ചു ജനം നില്ക്കുന്നുണ്ടായിരുന്നു. "ചെണ്ടക്കാരും കുഴലൂത്തുകാരും മുന്നോട്ടു പോകട്ടെ, നമുക്ക് പിന്നീട് പോകാം." ഒരാൾ പറഞ്ഞു. വാദ്യമേളം അവർക്കായി ഒരുക്കിയതെന്ന് മനസ്സിലാക്കിയില്ല സിസ്റ്റേഴ്സ്. അവർ നിൽക്കുന്നതിനും, നടക്കുന്നതിനുമനുസരിച്ച് അകമ്പടിക്കാർ നിൽക്കുന്നു, നടക്കുന്നു. "എന്തൊരു ശല്യമാണിത്" എന്ന് വേറൊരാൾ പറഞ്ഞ് നടപ്പു മതിയാക്കി. താളമേളക്കാരും നിന്നു. അപ്പോൾ മദർ ശൈന, "അവർ ഇങ്ങനെ നടന്നും നിന്നും പോകും. നമുക്ക് നേരം പോയി. ഈ അരികുചേർന്നങ്ങു നടക്കാം." ഇതുകേട്ട് വെള്ള വസ്ത്രധാരികൾ വേഗം നടന്നു തുടങ്ങി. ചെണ്ടവാദ്യമേളക്കാരും, പെട്ടികളും കെട്ടുകളുമെടുത്തവരും തങ്ങളുടെ കൂടെത്തന്നെ മുന്നോട്ട്. ജനങ്ങളുടെ ഇടയിലൂടെ നടന്നും നിന്നും, ഒരുവിധത്തിൽ വാടകകെട്ടിടത്തിന്റെ മുൻപിലെത്തി, ബ. കുഴിഞ്ഞാലിലച്ചൻ താമസിച്ചിരുന്ന വാടകവീടിന്റെ മുൻപിൽ തന്നെ. അപ്പോഴാണ് മനസ്സിലാ



www.malankaralibrary.com Scanned with CamScanner

യത് താളമേളക്കാർ അവരെ എതിരേൽക്കാൻ വന്നവരായിരുന്നു എന്ന്. അഭിവന്ദ്യ മാർ ഈവാനിയോസ് മെത്രാപ്പോലീത്ത നേരത്തെ തന്നെ അവിടെ സന്നിഹിതനായിരുന്നു. ഔദ്യോഗിക വേഷം ധരിച്ച് വി. കുർബ്ബാന എഴുന്നെള്ളിച്ചു വച്ചിരുന്ന ചെറിയ ചാപ്പലിൽ പ്രവേശിച്ചു. വന്ദ്യ വൈദികർ ജോസഫ് കുഴിഞ്ഞാലിലച്ചനും മാത്യു പുരയ്ക്കലച്ചനും കൂടെയുണ്ട്. അഭിവന്ദ്യ പിതാവ് പ്രാർത്ഥന ആരംഭിച്ചു. ജനം നിശ്ശബ്ദരായി ഭക്തിപുരസരം കർമ്മങ്ങൾക്കു സാക്ഷ്യം വഹിച്ചു. ഏലിയാമ്മ, മേരി, ശോശാമ്മ ഇവരെ മൂന്നുപേരെയും ചോദ്യോത്തരങ്ങൾക്കുശേഷം ശിരോവസ്ത്രം നൽകി അനുഗ്രഹിച്ച് അർത്ഥിനി പദത്തിൽ പ്രവേശിപ്പിച്ചു. ഇങ്ങനെ 1938 മെയ് 8ന് മാർത്താണ്ഡത്ത് മേരിമക്കൾ സമൂഹം മലങ്കരയിൽ സ്ഥാപിക്കപ്പെട്ടു. തുടർന്ന് മാർ ഈവാനിയോസ് പിതാവ് മേരിമക്കൾ സമൂഹത്തിന്റെ മാതൃഭവനത്തിന്റെ ശിലാസ്ഥാപന കർമ്മം നടത്തി. ജോസഫ് കുഴിഞ്ഞാലിലച്ചൻ തന്റെ വാടകവീട് സിസ്റ്റേഴ്സിനായി വിട്ടൊഴിഞ്ഞ്. പുതുതായി പണിതുകൊണ്ടിരുന്ന വൈദികമന്ദിരത്തിലേക്ക് താമസം മാറ്റി.

പുതിയ മിഷ്യനറി സമൂഹത്തിന് പരിശീലനം നൽകുന്നതിനായി അഭിവന്ദ്യ മാർ ഈവാനിയോസ് പിതാവിന്റെ നിർദ്ദേശപ്രകാരം ബഥനിയിൽ നോവിസ് മിസ്ട്രസായിരുന്ന സിസ്റ്റർ ബാസിമിനെ നിയോഗിക്കുകയുണ്ടായി. സഹായത്തിന് വ്രതവാഗ്ദാനം ചെയ്ത അന്നുതന്നെ സിസ്റ്റർ ഹനോനോയേയും മാർത്താണ്ഡത്തേക്കയച്ചു. പുതിയ സന്ന്യാസ സമൂഹത്തിന് ആഴമായ ആദ്ധ്യാത്മികത ലഭിക്കത്തക്കവണ്ണമുള്ള പരിശീലനം നൽകുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകി വന്ദ്യ പിതാവ് സിസ്റ്റർ ബാസിമിനെ അനുഗ്രഹിച്ചു. 1939 മെയ് 8 മുതൽ 1940 മെയ് 8 വരെയായിരുന്നു നവശിഷ്യപരിശീലനം നിർവ്വഹിച്ചത്. സന്ന്യാസ ജീവിതക്രമങ്ങളും ആദ്ധ്യാത്മികതത്ത്വങ്ങളും വ്രതബദ്ധമായ ജീവിതത്തിനുവേണ്ട പഠനവും നൽകുന്നതിൽ സിസ്റ്റർ ബദ്ധശ്രദ്ധയായിരുന്നു. ദൈവസ്നേഹത്തിൽ നിറഞ്ഞുനിന്ന മിഷ്യൻ പ്രവർത്തനത്തിന് നവശിഷ്യർ ഒരുങ്ങിക്കൊണ്ടിരുന്നു. 1940 മെയ് 8 ന് നോവിസസിന്റെ ആദ്യ വ്രതവാഗ്ദാനം നടന്നു. മാർ ഈവാനിയോസ് തിരുമേനി, തന്നെ ഏൽപിച്ച ദൗത്യം വിശ്വസ്തയോടെ നിറവേറ്റിയ സിസ്റ്റർ ബാസിമും ബഥനിയിലെ മറ്റു സിസ്റ്റേഴ്സും 1940 ജൂൺ എട്ടിന് നാലാഞ്ചിറയ്ക്കു മടങ്ങി. സമൂഹസ്ഥാപനത്തിന്റെ പ്രാരംഭദശയിൽ 2 വർഷവും ഒരു മാസവും അവിടെ സ്തുത്യർഹമായ സേവനം ചെയ്തു. എളിയ സാഹചര്യങ്ങളിൽ ആദ്യഅംഗങ്ങളോടൊത്ത് ആയിരുന്നുകൊണ്ട് മേരി മക്കൾക്കു പരിശീലനം നൽകുന്നതിനു ബഥനിക്ക് സാധിച്ചു എന്നതിൽ സന്തോഷമുണ്ട്. അംഗങ്ങൾ തുലോം കുറവായ സാഹചര്യത്തിൽ തിരുമൂലയിലേക്കും നങ്ങ്യാർകുളങ്ങരയിലേക്കും തെക്കൻ തിരുവിതാംകൂറിലുള്ള മാർത്താണ്ഡത്തേക്കും അന്നുണ്ടായിരുന്ന സിസ്റ്റേഴ്സിനെ അയയ്ക്കുകയും സ്തുർഹമായ സേവനം ചെയ്യുന്നതിനുവേണ്ട ഒത്താശകൾ നൽകുകയും ചെയ്യുന്നതിന് മദർ ശൈന കാണിച്ച ഔദാര്യമനഃസ്ഥിതി ശ്ലാഘനീയം തന്നെ. 1996 ൽ മാർത്താണ്ഡത്ത് മലങ്കര



www.malankaralibrary.com Scanned with CamScanner

യുടെ ഒരു രൂപത ഉണ്ടാകുന്നതിന് കാരണമായത് മേരിമക്കൾ സമൂഹത്തിന്റെ പ്രവർത്തനഫലമാണ്. മേരിമക്കൾ സമൂഹസ്ഥാപനത്തിന്റെ പിന്നിൽ പ്രവർത്തിച്ച മദർ ശൈനായുടെ ഔദാര്യ മനഃസ്ഥിതിയും നിസ്വാർത്ഥവും ത്യാഗപൂർണ്ണവുമായ നേതൃത്വവും വിലപ്പെട്ട ഒന്നായിരുന്നു. മദറിന്റെ മഹത്തായ മിഷ്യൻ ചൈതന്യവും മലങ്കരസഭയുടെ വളർച്ചയിലുള്ള താല്പര്യവും ഇതിൽ നിന്നും തെളിയുന്നു.

മദർ ശൈന പ്രത്യേകമായി വൻകാര്യങ്ങളൊന്നും പ്രവർത്തിച്ചിട്ടില്ല. പ്രത്യേക മാനുഷിക സിദ്ധികളൊന്നും കാര്യമായി അവകാശപ്പെടാനുമില്ല. എന്നിരുന്നാലും ദൈവഹിതത്തിനു കാതോർത്ത് അധികാരികളോടുള്ള വിധേയത്വത്തിലും കീഴ്വഴക്കത്തിലും നിരന്തരം ദൈവസംസർഗ്ഗത്തിലും ദൈവസ്മരണയിലും ജീവിച്ച് മലങ്കര സഭയുടെ വളർച്ചയ്ക്കും ഉയർച്ചയ്ക്കും വേണ്ടി ജീവിതം ഉഴിഞ്ഞുവച്ച നല്ല അമ്മയാണ്. പാവനചരിതയായ മദർ ശൈനായുടെ മിഷ്യൻ ചൈതന്യം നമുക്ക് എന്നും പ്രചോദനമരുളട്ടെ!

"എന്റെ കർത്താവേ, നിന്റെ താഴ്മയാൽ എന്നെ പരിപൂർണ്ണ താഴ്മയുള്ളവളാക്കിത്തീർക്കണമേ. കർത്താവേ പരിപൂർണ്ണത പ്രാപിക്കുന്നതിനുള്ള മാർഗ്ഗങ്ങളിൽ പ്രധാനമായിട്ടുള്ളത് താഴ്മയോടുകൂടിയ അനുസരണജീവിതവും പ്രാർത്ഥനാജീവിതവും ആകുന്നുവല്ലോ. ഇവ എന്നിൽ ശക്തിപ്പെടുത്തണമെ; ദൈവമാതാവേ, കന്യകകളുടെ രാജ്ഞിയേ, അവിടുത്തെ പരിശുദ്ധതയും താഴ്മയും എനിക്കു തരണമേ."

മദർ ശൈന



www.malankaralibrary.com Scanned with CamScanner

## അദ്ധ്യായം - 14

# പ്രേഷിതപ്രവർത്തനങ്ങൾ

പുനരൈക്യശില്പിയായ മാർ ഈവാനിയോസ് പിതാവ് മലങ്കര സഭയുടെ ആദ്ധ്യാത്മിക ഉന്നമനം മാത്രമല്ല ലക്ഷ്യം വച്ചത്. " നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ" (മർക്കോസ് 16:15): എന്നുള്ള മിശിഹാതമ്പുരാന്റെ അന്ത്യശാസനത്തെ ശിരസ്സാവഹിക്കുകയും നിറവേറ്റുകയും ചെയ്യുന്നതിൽ വലുതായ തീക്ഷ്ണത പ്രദർശിപ്പിച്ചു. യേശുവിന്റെ രക്ഷാകരകർമ്മം ലോകത്തിൽ അഭംഗുരം തുടരുന്നതിന്, പ്രത്യേകിച്ച് ഭാരതത്തെ മുഴുവൻ സുവിശേഷവത്കരിക്കുന്നതിന് ആഗ്രഹിച്ചു. ക്രിസ്തുവിന്റെ മാർഗ്ഗം അറിഞ്ഞിട്ടില്ലാത്തവർക്ക് സത്യപ്രകാശമായ യേശുവിനെ നൽകുവാൻ തീവ്രയത്നം നടത്തി. കേരളത്തിൽ നിലവിലിരുന്ന സവർണ്ണ അവർണ്ണ അകൽച്ച, അയിത്തം, തീണ്ടൽ, തൊടീൽ തുടങ്ങിയ സാമൂഹ്യ ദുരാചാരങ്ങൾ അദ്ദേഹത്തെ വേദനിപ്പിച്ചു. അധഃകൃതരെന്നു മദ്രകുത്തി അകറ്റിനിർത്തിയിരുന്ന ദലിതരെ ക്രിസ്തുമതത്തിന്റെ നന്മയും മേന്മയും പഠിപ്പിക്കുകയും മിശിഹാതമ്പുരാന്റെ തൃപ്പാദമണയുവാനും അങ്ങനെ പാരതന്ത്ര്യത്തിന്റെ കടിഞ്ഞാൺ പൊട്ടിച്ച് വിമോചനം നേടുവാനുമുള്ള മാർഗ്ഗം ഉപദേശിക്കുകയും പൂർണ്ണമനസ്സോടും സമ്മതത്തോടും കൂടി മാത്രം ക്രിസ്തു മാർഗ്ഗം സ്വീകരിക്കാൻ മനസ്സായവരെ, മലങ്കര കത്തോലിക്കാ സഭയിലെ അംഗങ്ങളായി കൈകൊള്ളുകയും ചെയ്തു. അജ്ഞതയാകുന്ന അന്ധകാരത്തിലും അന്ധവിശ്വാസങ്ങളിലും മുഴുകി കഴിഞ്ഞിരുന്ന ഒരു ജനതയെ സത്യപ്രകാശത്തിലേക്ക് മാർ ഈവാനിയോസ് പിതാവ് ആനയിച്ചു. വിപ്ലവാത്മകമായ ഈ നടപടി കത്തോലിക്കാ സഭയിലുള്ളവരെപ്പോലും അമ്പരപ്പിച്ചു. ചരിത്രപ്രസിദ്ധമായ ക്ഷേത്രപ്രവേശനവിളംബരം നിലവിൽവരുന്നതിന് ഈ സംരംഭം ആക്കംകൂട്ടി എന്നു പറയാം.

"വിജാതീയമിഷ്യൻ" നിർബന്ധപൂർവ്വമായ മതപരിവർത്തമായിരുന്നില്ല. പിന്നെയോ, ക്രിസ്തുവിനെ പിഞ്ചെല്ലുവാൻ ആത്മാർത്ഥമായി ആഗ്രഹിച്ചുകൊണ്ട് മിശിഹാതമ്പുരാന്റെ തൃപ്പാദമണയുന്നവർക്ക് തദ്വിഷയത്തിൽ പരിശീലനം നൽകത്തക്കവണ്ണം മലങ്കരസഭയിൽ സൗകര്യമുണ്ടാക്കി കൊടുത്തു



www.malankaralibrary.com Scanned with CamScanner

എന്നതാണ്. ദൈവാരാധന നടത്തുവാൻ അമ്പലങ്ങളിലോ ഇതരമതസ്ഥരുടെ പള്ളികളിലോ പ്രവേശനം നിഷേധിക്കപ്പെട്ട് വീർപ്പുമുട്ടി വിഷമിച്ചു കഴിഞ്ഞിരുന്ന ദലിതർക്ക് ഈ വിധമായ പ്രേഷിതപ്രവർത്തനം ആശ്വാസവും സമാധാനവും പ്രദാനം ചെയ്തു.

തിരുമൂലപുരം, തിരുവല്ല, വെണ്ണിക്കുളം, തുമ്പമൺ, മാവേലിക്കര തുടങ്ങിയ സ്ഥലങ്ങളിൽ 'ബഥനി വിജാതീയമിഷ്യൻ' ആരംഭിച്ചു. തിരുമൂലകന്യകാമഠത്തിൽ താമസിച്ചിരുന്ന സന്ന്യാസിനികളിൽ ചിലർ തിരുമൂലബാലികാമഠം സ്കൂളിൽ പഠിപ്പിക്കുകയും ബോർഡിംഗിലുള്ള പെൺകുട്ടികൾക്ക് ആദ്ധ്യാത്മിക സഹായങ്ങൾ ചെയ്തുകൊടുക്കുയും ചെയ്തിരുന്നു. "ഇതിനുപുറമേ അവിടെയുള്ള പ്രൈമറി സ്കൂളിലും ഇവർക്ക് ഇതേ ജോലിതന്നെ നിർവഹിപ്പാനുണ്ട് . പുലയകുട്ടികളടങ്ങിയ ഒരു പള്ളിക്കൂടത്തിന്റെ സർവ്വവിധ ചുമതലകളും ഇവർക്കുള്ളതത്രേ. പുലയ വിദ്യാർത്ഥികൾക്ക് അക്ഷരാഭ്യാസം നൽകുക, നെയ്ത്ത്, പാചകവൃത്തി, തയ്യൽ ആദിയായ തൊഴിലുകൾ പഠിപ്പിക്കുക മുതലായവയാണ്. ഈ വിദ്യാർത്ഥികൾക്ക് പുസ്തകം, സ്ലേറ്റ് ആദിയായ ഉപകരണങ്ങൾക്കു പുറമെ ഉച്ചഭക്ഷണവും, വസ്ത്രവും സൗജന്യമായി നൽകിവരുന്നു. ഇവയെല്ലാം സൗജന്യങ്ങളാൽ നടത്തപ്പെടുന്നതത്രേ" (ഗിരിദീപം പേജ് 150. 5-ാം പതിപ്പ്)2007

"നല്ലിടയന്റെ സ്കൂൾ" എന്നറിയപ്പെടുന്ന മുൻപറഞ്ഞ പള്ളിക്കൂടം മുഖേന അപ്രതീക്ഷിതവും ആശാതീതവുമായ ഫലം കാണുന്നുണ്ടെന്നുള്ളത് വിശിഷ്യാപ്രസ്താവ്യമാണ്. രക്ഷകനായ മിശിഹാതമ്പുരാനെ അറിയാൻ ഇടയാകുന്ന വിദ്യാർത്ഥികൾക്ക് തങ്ങളുടെ മാതാപിതാക്കളെ ക്രിസ്തുമാർഗ്ഗത്തിൽ ചേർക്കുവാൻ കഴിയുന്നുണ്ട്." ഇത്തരത്തിൽ പലരും ക്രിസ്ത്യാനികളായി തീർന്നു. (ഗിരിദീപം പേജ് 137)

തിരുമൂല ബഥനി മഠത്തിനു ചുറ്റുപാടും ധാരാളം പാവപ്പെട്ട പുലയ കുടുംബങ്ങൾ ഉണ്ടായിരുന്നു. സ്ഥാപകപിതാവിന്റെ ആദർശത്തിനനുസരണമായ ഒരു സമീപനം മഠാംഗങ്ങൾ അവരോടു പുലർത്തിപോന്നു. മദർ ശൈനായും സിസ്റ്റേഴ്സും ഈ പാവപ്പെട്ട ആളുകളുടെ ഭവനങ്ങൾ സന്ദർശിക്കുകയും ക്രിസ്തീയ ജീവിതത്തിന് ഒരുക്കുകയും ക്രിസ്തീയ സഭാംഗങ്ങളായിത്തീർന്നവരെ യേശുവിന്റെ മാർഗ്ഗത്തിൽക്കൂടെ ചരിക്കുന്നതിനു വേണ്ട ഉപദേശങ്ങൾ നൽകി വളർത്തുകയും ചെയ്തു. എപ്പിഫനി സിസ്റ്റേഴ്സ് ബാരിസോളിലേക്ക് മടങ്ങിപ്പോയശേഷം 1926 ഡിസംബർ മുതൽ 1936 വരെ ദലിതർക്കായി നടത്തിവന്ന പ്രോജകറ്റ് സ്കൂൾ മദർ ശൈനായുടെ നേതൃത്വത്തിലായിരുന്നു നടത്തിയിരുന്നത്. ദലിതരെ ഉദ്ധരിക്കുക എന്നത് ജീവിതവ്രതമായി സ്വീകരിച്ചിരുന്ന പത്രോസ് മാർ ഒസ്താത്തിയോസ് തിരുമേനിയുടെ സഹോദരിയായ മദറിനും പാവപ്പെട്ടവരോട് പ്രത്യേകിച്ച് സമൂഹത്തിൽ അധഃകൃതരെന്നു മുദ്രകുത്തി മാറ്റിനിർത്തിയിരുന്നവരോട് വലുതായ സ്നേഹവും പരിഗണനയും ഉണ്ടായിരുന്നു. കരുണാർദ്രമായ ഒരു മനസ്സിന്റെ ഉടമയായിരുന്നു വലിയ മദർ. നാലാഞ്ചിറ മഠത്തിനുചുറ്റും താമസിച്ചിരുന്ന



www.malankaralibrary.com Scanned with CamScanner

പാവപ്പെട്ടവരോട്, പ്രത്യേകിച്ച് നമ്മുടെ പറമ്പിൽ ജോലിചെയ്തിരുന്ന ദലിത സഹോദരങ്ങളോട് വളരെ സ്നേഹത്തോടും കരുണയോടും കൂടി പെരുമാറിയിരുന്നു. പാവപ്പെട്ടവരിൽ യേശുവിനെ ദർശിക്കുകയും അവർക്ക് യേശു തമ്പുരാനെ നൽകുവാൻ പരിശ്രമിക്കുകയും ചെയ്തിരുന്ന ആ നല്ല അമ്മയെ അവർ ആത്മാർത്ഥമായി സ്നേഹിച്ചിരുന്നു. മഠത്തിന്റെ പറമ്പിൽ പണിചെയ്തിരുന്നവർക്ക് അവരുടെ പട്ടിണിയിൽ, വിഷമതകളിൽ ആശ്വാസവും സമാധാനവും പകർന്നു നൽകിയിരുന്നു. വലിയ മദറിന്റെ വേർപാടിൽ അവർ ഹൃദയം നൊന്തുവിലപിച്ചു. ദൈവസ്നേഹം നിറഞ്ഞുനിന്ന ഹൃദയത്തിൽ നിന്നും കരകവിഞ്ഞൊഴുകിയ പരസ്നേഹം പ്രത്യേകിച്ച് മദർ ശൈനായുടെ നിരാലംബരോടുള്ള കരുണാർദ്രമായ സ്നേഹം ബഥനിമക്കൾക്ക് ഒരു ഉത്തമ മാതൃകയാണ്.

> "ക്ഷമ എന്ന പുണ്യത്തെയും, അതിനു സമ്മാനം തരുന്ന ആളെയും നിനയ്ക്കാതെ ഉപദ്രവിച്ച ആളുകളേയും ഉപദ്രവങ്ങളേയും മാത്രം ആലോചിക്കുന്നതു ബുദ്ധിഹീനതയാകുന്നു."
>
> മദർ ശൈന



www.malankaralibrary.com Scanned with CamScanner

## അദ്ധ്യായം - 15

# പ്രാർത്ഥനാജീവിതവും കർമ്മോദ്യുക്ത ജീവിതവും

പ്രാർത്ഥനാജീവിതവും ശുശ്രൂഷാ ജീവിതവും കോർത്തിണക്കിയ ഒരു ജീവിതശൈലിയായിരുന്നു മദർ ശൈനായുടേത്. ബാരിസോളിലെ പരിശീലനത്തിൽ നിന്നും അനുദിനജോലികൾക്കും ഭവനശുശ്രൂഷകൾക്കും ചേരിപ്രദേശങ്ങളിലെ പാവപ്പെട്ട കുടുംബങ്ങൾ സന്ദർശിക്കുന്നതിനും ജീവകാരുണ്യ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനും എം.പി. ശോശാമ്മയ്ക്കും സഹോദരങ്ങൾക്കും ധാരാളം അവസരം ലഭിച്ചു. എപ്പിഫനി സിസ്റ്റേഴ്സിന്റെ നേതൃത്വം അവർക്കു ലഭിച്ചത് ബഥനിയുടെ ഭാഗ്യമെന്നു പറയട്ടെ. മൗനത്തെ സ്നേഹിച്ചിരുന്ന മദർ ഈഡിത്തിന്റെയും സിസ്റ്റർ ഹെലന്റെയും പ്രാർത്ഥനാജീവിതം ശോശാമ്മയ്ക്ക് പ്രാർത്ഥനയിൽ വളരുന്നതിന് പ്രചോദനമായിരുന്നു. പ്രാർത്ഥനയിൽ നിന്നും മുളയെടുക്കുന്ന പ്രവർത്തനം മാത്രമാണ് ശ്രേഷ്ഠമായതെന്നു മനസ്സിലാക്കിയ ശോശാമ്മ എല്ലാകാര്യങ്ങളും ദൈവമഹത്വത്തെ മുൻനിർത്തി ചെയ്തിരുന്നു. "ദൈവസേവനത്തെക്കാൾ അത്യുത്തമം ദൈവസമ്പാദനം " എന്ന സ്ഥാപക പിതാവിന്റെ വാക്കുകൾ ഏറെ ശ്രദ്ധയോടെ മനസ്സിൽ പതിച്ചുകൊണ്ട് ജീവിച്ചു.

ഏറ്റം ഉന്നതമായ വിദ്യാഭ്യാസതലങ്ങളിൽ അഭ്യസ്തവിദ്യരായ ആളുകളുടെ ഇടയിൽ വിജയപ്രദമായ ഉദ്യോഗങ്ങൾ വഹിക്കാൻ കഴിവുണ്ടായിരുന്ന മദർ ഈഡിത്തിന്റെ ആയുസ്സ് അന്നത്തെ അപരിഷ്കൃതരും വിദ്യാഹീനരുമായ കിഴക്കൻ ബംഗാളികളുടെ ഇടയിൽ ചെലവഴിച്ചത് ഒരു പാഴ്വേലയാണെന്ന് ഗണിച്ചിരുന്ന ചില സ്നേഹിതർ ഉണ്ടായിരുന്നു. "എന്തു ചെയ്യുന്നു എന്നതിലല്ല എങ്ങനെ ചെയ്യുന്നു എന്നതിലാണ് ജീവിതത്തിന്റെ വില" എന്ന് മദറിന്റെ പ്രവൃത്തികൾ കണ്ടു ഗ്രഹിച്ചു വളർന്നവരായിരുന്നു ശോശാമ്മയും കൂട്ടുകാരും. എല്ലാ കാര്യങ്ങളും ദൈവസംസർഗ്ഗത്തിൽ അസാമാന്യമായ പൂർണ്ണതയിൽ ചെയ്യുവാനുള്ള ശീലം എം. പി. ശോശാമ്മ സ്വായത്തമാക്കിയത് മദർ ഈഡിത്തിൽ നിന്നാണ്. എപ്പിഫനി സിസ്റ്റേഴ്സിന്റെ നിസ്വാർത്ഥമായ പെരുമാറ്റവും ഔദാര്യ മനഃസ്ഥിതിയും പ്രതിഫലേച്ഛ ഇച്ഛിക്കാതെയുള്ള സേവനവും, പക്വതയും ത്യാഗനിർഭരവുമായ ഒരു ജീവിതത്തിലേക്ക് ശോശാമ്മയെ നയിച്ചു. മദർ ഈഡിത്തിന്റെ സ്നേഹപൂർവ്വമായ പ്രോത്സാഹനം,



www.malankaralibrary.com Scanned with CamScanner

ഔദാര്യമനഃസ്ഥിതി, പ്രശാന്തവും ആദർശപൂർണ്ണവുമായ ദൃഷ്ടാന്തം ഇവ ലഭിച്ചില്ലായിരുന്നെങ്കിൽ ബഥനി സിസ്റ്റേഴ്സ് ഈ വിധത്തിൽ ആയിത്തീരുമായിരുന്നില്ല. എപ്പിഫനി സിസ്റ്റേഴ്സിനാൽ പരിശീലിപ്പിക്കപ്പെട്ടത് മദർ ശൈനായും മറ്റു മദേഴ്സും നന്ദിയോടും സ്നേഹത്തോടും കൂടി എന്നും സ്മരിച്ചിരുന്നു.

സന്ന്യാസ പ്രതിഷ്ഠ 1925 സെപ്റ്റംബറിൽ നടന്നു. ബഥനി സ്വയം വളരേണ്ട സമയമായി. തന്മൂലം സന്ന്യാസപ്രതിഷ്ഠ നടത്തിയവരിൽ മുതിർന്നയാളായ സിസ്റ്റർ ശൈനായെ കൂട്ടായ്മയുടെ നേതൃത്വം വഹിക്കുന്നതിന് വന്ദ്യപിതാവു തന്നെ നിയമിച്ചു. സിസ്റ്റർ ശൈന ദൈവതൃക്കരങ്ങളിൽ നിന്നെന്നവണ്ണം ആ ചുമതല ശിരസ്സാവഹിച്ചു. ബഥനിയിലെ മറിയത്തെപ്പോലെ പ്രാർത്ഥനയുടെയും മാർത്തായെപ്പോലെ ശുശ്രൂഷയുടെയും ജീവിതം നയിച്ചു.

വിശുദ്ധ ബസേലിയോസിന്റെ സന്ന്യാസനിയമസംഹിത അടിസ്ഥാനമാക്കി വന്ദ്യപിതാവ് എഴുതിയുണ്ടാക്കിയ നിയമപുസ്തകം സന്ന്യാസപ്രതിഷ്ഠാദിനത്തിൽ സിസ്റ്റർ ശൈന, സിസ്റ്റർ ഹൂബ, സിസ്റ്റർ ദനഹ ഇവർക്കു നൽകപ്പെട്ടു. സിസ്റ്റർ ഹെലൻ പ്രതിഷ്ഠിതരായ സിസ്റ്റേഴ്സിനും അർത്ഥിനികൾക്കും ആയാതകൾക്കും ക്ലാസുകൾ നൽകുവാൻ നിയോഗിക്കപ്പെട്ടു. തിരുമൂലപുരത്തുണ്ടായിരുന്ന യാക്കോബായ പള്ളിയിൽ മതപഠനക്ലാസ്സ്, സ്ത്രീസമാജങ്ങളുടെ നടത്തിപ്പ്, ചുറ്റുപാടുമുള്ള ഭവന സന്ദർശനം ഇവ സിസ്റ്റേഴ്സിന്റെ ചുമതലയിലായി. ദളിത് കുട്ടികളുടെയും കുടുംബാംഗങ്ങളുടെയും വിദ്യാഭ്യാസ, സാമ്പത്തിക, സാംസ്കാരിക വികസന പരിപാടികൾ സിസ്റ്റേഴ്സിന്റെ പ്രവർത്തനരംഗങ്ങളായി. മാർ ഈവാനിയോസ് പിതാവ് ഏതൊന്നിനുവേണ്ടി സ്ത്രീ-സന്ന്യാസം മലങ്കരയിൽ ഉണ്ടാക്കണമെന്നാഗ്രഹിച്ചോ ആ സ്ത്രീജനോദ്ധാരണ പരിപാടികൾ കാലക്രമത്തിൽ ബഥനിയുടെ കർമ്മവേദികളായിത്തീർന്നു.

പ്രവർത്തനങ്ങളോടൊപ്പം നിഷ്ഠാപരമായ ജീവിതത്തിലൂടെ ആദ്ധ്യാത്മിക വളർച്ച സാധിതമാക്കുന്നതിനുള്ള സംവിധാനങ്ങളും മഠത്തിലുണ്ടായിരുന്നു. മലങ്കരസുറിയാനി സമുദായ പാരമ്പര്യത്തിൽ ആരാധനക്രമത്തിന് വലുതായ പ്രാധാന്യം കല്പിച്ചിരുന്നു. ആരാധനക്രമത്തിൽ പരമപ്രധാന്യം ദിവ്യബലിക്കു നൽകിപോന്നു. വി. കുർബ്ബാനയുടെ പ്രധാന്യം നന്നായി മനസ്സിലാക്കിയിരുന്ന അഭിവന്ദ്യ മാർ ഈവാനിയോസ് പിതാവ് മഠത്തിൽ എല്ലാ ദിവസവും വി. കുർബ്ബാന അർപ്പിക്കുന്നതിനും, വി. കുർബ്ബാന പൂജ്യമായി സൂക്ഷിച്ചു വയ്ക്കുന്നതിനുമുള്ള സൗകര്യം ഏർപ്പെടുത്തിയിരുന്നു. വി. കുർബ്ബാനയുടെ സന്നിധിയിൽ നിരന്തരം പ്രാർത്ഥിക്കുന്നതിനും പ്രവർത്തനങ്ങൾക്കെല്ലാം ശക്തി സംഭരിക്കുന്ന സ്രോതസ്സായി ബലിയർപ്പണത്തിൽ എല്ലാ ദിവസവും പങ്കെടുക്കുന്നതിനും മഠാംഗങ്ങൾക്ക് സൗകര്യം ഉണ്ടായിരുന്നു. മിശിഹായോടൊത്ത്, മിശിഹായ്ക്കുവേണ്ടി ജീവിച്ച്, മിശിഹാനുകരണം സുഗമമാക്കുന്നതിന് സിസ്റ്റർ ശൈന വളരെയേറെ ഔത്സുക്യം പ്രദർശിപ്പിച്ചിരുന്നു. യാമനമസ്കാരം, ഉപവാസം ഇതര തപാനുഷ്ഠാനങ്ങൾ,



www.malankaralibrary.com Scanned with CamScanner

മലങ്കരസഭ നിഷ്കർഷിക്കുന്ന നോമ്പുകൾ എല്ലാമെല്ലാം അവർക്ക് വിശുദ്ധീകരണ മാർഗ്ഗങ്ങളായിരുന്നു. സന്ന്യാസനിഷ്ഠാ, ജീവിതത്തിന് ഏറ്റവും ഉപകരിക്കുന്ന മൗനവും, ലളിതജീവിതവും, അദ്ധ്വാനശീലവും മദർ ശൈനായുടെ ജീവിതത്തെ അർത്ഥവത്താക്കി. ഉള്ളായ്മയിലും ഇല്ലായ്മയിലും സംതൃപ്തമനഃസ്ഥിതി മദർ പുലർത്തിയിരുന്നു. സ്ഥാപക പിതാവ് നിഷ്കർഷിച്ചു കൊടുത്തിരുന്ന പ്രകാരം ദൈവസംസർഗ്ഗമാധുര്യം അനുഭവിക്കുന്നതിനുതകുന്ന അനുദിനധ്യാനം, മതപഠനം, വേദപഠനം ഇവ മുടങ്ങാതെ നടത്തുന്നതിനും ആദ്ധ്യാത്മിക ഗ്രന്ഥങ്ങൾ വായിക്കുന്നതിനും മദ്ധ്യസ്ഥപ്രാർത്ഥന നിഷ്ഠയോടും സ്നേഹത്തോടും നിർവ്വഹിക്കുന്നതിനും മദർ ശൈനശുഷ്കാന്തി പ്രദർശിപ്പിച്ചിരുന്നു.

നേതൃത്വസ്ഥാനം അലങ്കരിച്ചിരുന്ന മദർ പ്രവർത്തനവും പ്രാർത്ഥനയും കോർത്തിണക്കിയാണ് കൊണ്ടുപോയിരുന്നത്. ഒരു സാധാരണ അംഗമെന്ന നിലയിൽ ഭവന ശുശ്രൂഷകൾ ഏറ്റെടുത്ത് സന്തോഷത്തോടെ മദർ ചെയ്തിരുന്നു. ഭക്ഷണം പാകം ചെയ്യുന്നതിലും പറമ്പിൽ പ്ലാവ്, മാവ്, പേര, ചാമ്പ. തുടങ്ങിയ ഫലവൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുന്നതിലും മദർ മുൻകൈ എടുത്തിരുന്നു. തന്റെ വിശ്രമജീവിതത്തിൽ സിസ്റ്റേഴ്സിന് ഭവനശുശ്രൂഷകളിൽ നേതൃത്വം നൽകിവന്നു. ശുചിത്വത്തിന്റെ കാര്യത്തിലും അടുക്കിലും ചിട്ടയിലും കാര്യങ്ങൾ നിർവ്വഹിക്കുന്നതിലും മദർ പ്രത്യേകം ശ്രദ്ധ കാണിച്ചിരുന്നു. പൊതുവിൽ ഉപയോഗിച്ചിരുന്ന പായ്, തലയണ, ഷീറ്റുകൾ, പാത്രങ്ങൾ ഇവയൊക്കെയും ക്ഷീണിതയാകുംവരെയും മദറിന്റെ മേൽനോട്ടത്തിലായിരുന്നു. സിസ്റ്റർ ഹാദൂസാ മദറിനെപ്പറ്റി ഓർമ്മിക്കുന്നു. "അസുഖാവസ്ഥയിലും മദർ പൊതുജോലികൾ സിസ്റ്റേഴ്സിനെകൊണ്ട് ചെയ്യിച്ചിരുന്നു. പായ് വൃത്തിയാക്കി ക്രമമായി വയ്ക്കുന്നതു കാണിച്ചു തരും. പിതാവിന്റെയും മറ്റ് അതിഥികളുടെയും പാത്രങ്ങൾ ഉപയോഗം കഴിഞ്ഞ് കഴുകി തുടച്ച് വെയിലത്തുവച്ച് മുകളിൽ വെള്ളത്തുണി വിരിച്ചുണക്കും. ഉണങ്ങിക്കഴിഞ്ഞ് തുടച്ചടുക്കി അലമാരയിൽ ഭദ്രമായി വച്ചുപൂട്ടും. വീണ്ടും ആവശ്യമുള്ളപ്പോൾ എടുത്തിട്ട് ഇതുപോലെ തന്നെ ചെയ്തിരുന്നു.

വിവിധങ്ങളായ പ്രവർത്തനങ്ങൾക്കിടയിൽ പ്രാർത്ഥനയ്ക്കായി വളരെയധികം സമയം മദർ ചെലവഴിച്ചിരുന്നു. നിരന്തരമായി ഒരു ജപമാല കൈയിൽ സൂക്ഷിച്ച് പ്രാർത്ഥിച്ചുകൊണ്ടിരുന്നു. തീരെ സുഖമില്ലാതിരിക്കുമ്പോഴും ചാപ്പലിൽ കസേരയിലിരുന്ന് പ്രാർത്ഥിക്കുന്ന വല്യമദറിന്റെ ആരൂപം ഞങ്ങൾക്ക് വലിയ പ്രചോദനമായിരുന്നു. മദർ ഏകാഗ്രതയോടെ പ്രാർത്ഥിച്ചിരുന്നു. സുഖമില്ലാതെ ദീർഘനാൾ നാലാഞ്ചിറ മഠത്തിൽ തന്നെയായിരുന്നു താമസിച്ചിരുന്നത്. എപ്പോഴും പ്രാർത്ഥിച്ചുകൊണ്ടിരുന്ന മദറിനെയാണ് കാണുക. അഭിവന്ദ്യ പിതാവിന് എന്തുകാര്യം സാധിക്കണമെങ്കിലും പ്രാർത്ഥനാവിഷയം കുറിച്ച് മഠത്തിലേക്ക് കൊടുത്തയയ്ക്കും. കുറിപ്പുമായി മദർ ചാപ്പലിൽ കയറി ദീർഘനേരം പ്രാർത്ഥിക്കും. അന്ന് 10 മണിക്ക് കുടിക്കാറുള്ള ഒരു കപ്പ് കാപ്പി ഉപേക്ഷിച്ച്, രോഗിയായ മദർ, ത്യാഗപൂർവ്വം



www.malankaralibrary.com Scanned with CamScanner

പ്രാർത്ഥിക്കുന്നത് പലപ്പോഴും കണ്ടിട്ടുണ്ട്. വന്ദ്യ പിതാവിന്റെ നിയോഗത്തിനായി പ്രാർത്ഥിക്കുവാൻ മഠാംഗങ്ങളോട് പറയും . വന്ദ്യപിതാവിനു വേണ്ടി മദർ പ്രത്യേകമായി പ്രാർത്ഥിച്ചിരുന്നു. മദറിന്റെ ഡയറിക്കുറിപ്പിൽ കാണുന്ന"പ്രാർത്ഥനാമഞ്ജരി" മദറിന്റെ പിതൃഭക്തിയുടെ ആഴം വെളിപ്പെടുത്തുന്നു. എപ്പോഴും ദൈവസംസർഗ്ഗത്തിൽ വ്യാപരിച്ചിരുന്ന മദർ ശൈന പ്രാർത്ഥനാ ജീവിതത്തിൽ ഞങ്ങൾക്ക് വലിയ മാതൃകയായിരുന്നു. മദർ സുപ്പീര്യർ എന്ന നിലയിൽ തനിക്കു ഭരമേൽപിക്കപ്പെട്ട മഠാംഗങ്ങൾക്കുവേണ്ടി മദർ പ്രാർത്ഥിച്ചിരുന്നു. "കർത്താവേ നീയെന്നെ ഭാരമേൽപിച്ചിട്ടുള്ള മക്കളെ വേണ്ടപ്രകാരം ഭരിപ്പാൻ എന്നെ പഠിപ്പിക്കുകയും അനുഗ്രഹിക്കുകയും ചെയ്യണമെ." (മദറിന്റെ ഡയറിക്കുറിപ്പിൽ നിന്നും)

അഭിവന്ദ്യ പിതാക്കന്മാർക്കുവേണ്ടിയും വൈദികർക്കുവേണ്ടിയും നിരന്തരം പ്രാർത്ഥിച്ചിരുന്ന മദർ മലങ്കരസഭയ്ക്ക് ഒരഭിമാനമാണ്. ആഗോളസഭയ്ക്കുവേണ്ടിയും, ലോകം മുഴുവനു വേണ്ടിയും പ്രാർത്ഥിച്ചിരുന്ന ആ നല്ല അമ്മ ബഥനി മക്കൾക്ക് പ്രാർത്ഥനയുടെ ഒരമ്മയായിരുന്നു."പ്രാർത്ഥന കൂടാതെ പ്രവർത്തനം നിഷ്ഫലം" എന്നുറപ്പിച്ചു പറഞ്ഞുകൊണ്ട് സഹോദരങ്ങളെ പ്രാർത്ഥനയിൽ ഉറപ്പിച്ചിരുന്ന വല്യമദറിന്റെ മാദ്ധ്യസ്ഥം നമുക്ക് ശക്തി പകരട്ടെ!

## മദർ ശൈനാ ചൊല്ലിവന്ന ഒരു പ്രാർത്ഥന

മിശിഹാകർത്താവേ, ലോകത്തെ പരിത്യജിച്ച് അവിടുത്തെ അനുഗമിക്കുവാൻ ഒരുമ്പെടുന്നവരെ അവിടുന്ന് അനുകമ്പയോടുകൂടി കടാക്ഷിക്കണമെ! ജീവിതരണത്തിൽ അവരെ അഭിമുഖീകരിക്കുന്ന സർവ്വക്ലേശങ്ങളിൽ നിന്നും അവരെ മോചിപ്പിക്കുവാൻ തിരുമനസ്സുണ്ടാകേണമെ. സന്ന്യാസത്തിലേക്കായി അവിടുന്ന് പ്രേമപൂർവ്വം തെരഞ്ഞെടുക്കുന്നവരെ സകലവിധമായ അന്ധതകളിൽ നിന്നും തടസ്സങ്ങളിൽ നിന്നും സ്വതന്ത്രരാക്കണമെ! സംഭാഷണത്താലും സംസർഗ്ഗത്താലും അവിടുത്തെ സ്നേഹമാകുന്ന പരിമളത്തെ ലോകമെങ്ങും വ്യാപിപ്പിക്കുന്നതിനായി അവരെ നിയോഗിക്കണമെ. ത്യാഗത്തെ വസ്ത്രമായിട്ടും ദാരിദ്ര്യത്തെ ശിരോലങ്കാരമായിട്ടും സ്വീകരിക്കത്തക്ക സൽബുദ്ധി അവരിൽ ഉറപ്പിക്കേണമെ. അവരുടെ ഹൃദയങ്ങളിൽ അവിടുത്തെ പ്രതിഛായ പ്രതിഫലിക്കുമാറാകേണമെ.

**ആമ്മീൻ**



www.malankaralibrary.com Scanned with CamScanner

# അദ്ധ്യായം - 16

## മദർ ശൈനായുടെ പ്രാർത്ഥനകൾ

എന്റെ ദൈവമേ, നിന്റെ ആത്മാവുകൊണ്ട് എന്നെ നിറയ്ക്കണമെ. ദൈവഭക്തിയും സ്നേഹവും നിറഞ്ഞ ആത്മാവിനെ എനിക്കു തരേണമെ. സൃഷ്ടികളോട് ഞാൻ പറ്റിചേരാതെ അവയോട് വിരക്തിയുള്ളവളായിത്തീരുവാൻ സംഗതിയാക്കണമെ. ഇന്ദ്രിയ നിഗ്രഹമുള്ള ആത്മാവിനെ എനിക്കു തരണമെ. ദൈവമേ, യേശുവേ! അങ്ങെ മനോഗതങ്ങൾ ഏവയൊ അവ എനിക്കു തരേണമെ. അങ്ങേ ഹൃദയത്തിൽ നിറഞ്ഞിരിക്കുന്ന ആ സ്നേഹം എന്റെ ഹൃദയത്തിലും തരേണമെ.

* * * * *

**പ്രതിജ്ഞ**

എന്റെ ദൈവമായ കർത്താവേ,! നല്ല പ്രതിജ്ഞയിലും വിശുദ്ധിയുള്ള നിന്റെ ശുശ്രൂഷയിലും നീ എന്നെ സഹായിക്കണമെ. ഇപ്പോൾ ഇന്നുതന്നെ പൂർണ്ണമായി ആരംഭിക്കുവാൻ ഇടയാക്കേണമെ. എന്തെന്നാൽ ഇതുവരെ ഞാൻ ഒരു നന്മയും ചെയ്തിട്ടില്ല.

* * * * *

**സ്നേഹം**

എന്റെ ദൈവമായ സത്യമേ, എന്നന്നേക്കുമുള്ള സ്നേഹത്തിൽ നിന്നോടുകൂടി എന്നെ ഒന്നാക്കേണമെ. യഹോവേ,എന്നെ കൈവിടരുതെ. എന്റെ ദൈവമേ, എന്നോടകന്നിരിക്കയുമരുതേ.

* * * * *

**ബ്രഹ്മചര്യം**

കർത്താവേ, ജഡസംബന്ധമായ മോഹങ്ങളെയും ഞങ്ങളുടെ അവയവങ്ങളിൽ വസിക്കുന്ന പാപങ്ങളെയും നീ കൊല്ലണമെ. രഹസ്യമായും പരസ്യമായും ഞങ്ങളുടെ ആത്മാക്കളെ നശിപ്പിക്കുന്ന സകലപാപങ്ങളിൽ നിന്നും ഞങ്ങളെ നീ വിടുവിക്കേണമെ. എന്റെ കർത്താവേ, നിന്റെ കന്യാവ്രതത്താൽ എന്റെ കന്യാവ്രതത്തെ കാത്തുകൊള്ളേണമേ.



www.malankaralibrary.com Scanned with CamScanner

* * * * *

**സഹനം**

ദിവ്യ യേശുവേ, അങ്ങ് എന്റെ നേരെയുള്ള സ്നേഹാധിക്യത്താൽ അനുഭവിച്ച പീഡകൾ ഞാനും സഹിപ്പാൻ എന്നെ അനുഗ്രഹിക്കുക. ഈ സംഗതിയിൽ ഞാൻ എത്രപൂർണ്ണമായി നിന്നെ അനുകരിക്കുമോ അത്രയധികം ഞാൻ അങ്ങയെ പ്രസാദിപ്പിക്കുമെന്ന് എനിക്കറിയാം. ആകയാൽ അവിടുന്ന് എനിക്കയക്കുന്ന അപമാനവേദനകളെല്ലാം ഞാൻ ഇപ്പോൾത്തന്നെ അങ്ങേ ഉദ്ദേശ്യാനുസരണം സസന്തോഷം സ്വീകരിച്ചിരിക്കുന്നു.

* * * * *

**മനസ്താപം**

എന്റെ കർത്താവേ, എന്നെ മറന്ന് നിന്നെ സ്നേഹിപ്പാൻ എന്നെ അനുഗ്രഹിക്കണമെ. കർത്താവേ, അനുതാപമുള്ള ഹൃദയം എനിക്കു തരേണമെ.കർത്താവേ, എന്റെ സകലപാപങ്ങൾക്കും മാപ്പുതരേണമെ കർത്താവേ, ഞാൻ ചെയ്തുപോയിട്ടുള്ള പ്രതിജ്ഞാലംഘനങ്ങളെ എന്നോടു ക്ഷമിക്കണമെ. കർത്താവേ, പ്രതിജ്ഞകൾ പൂർണ്ണതയിൽ അനുഷ്ഠിപ്പാൻ കൃപയും ശക്തിയും എനിക്കു തരേണമെ.

* * * * *

**താഴ്മ**

എന്റെ മണവാളനായ കർത്താവേ, എന്റെ സർവ്വസ്വവുമേ, എന്റെ സ്നേഹഭാജനമേ, എന്റെ ജീവിതപ്രമാണമേ, എന്നെ, കാക്കണമെ. സ്വയപരിത്യാഗത്തിന്റെ ആത്മാവിനെ എനിക്കു ധാരാളമായി തരേണമെ. കർത്താവേ, പരിപൂർണ്ണമായ താഴ്മ എനിക്കു തരേണമെ.

* * * * *

**മാപ്പ്**

കർത്താവേ, ഇന്നു ഞാൻ ഒരു നേരത്തെ പ്രാർത്ഥനയിൽ അൽപസമയം അന്യചിന്തയിൽ ആയിപ്പോയി. കർത്താവേ, എനിക്കു മാപ്പു തരണമെ. കർത്താവേ, ഇന്നത്തെ ഒരു നേരത്തെ ഭക്ഷണസമയത്ത് ഞാൻ ത്യാഗം ചെയ്തില്ല. കർത്താവേ, എന്നോടു ക്ഷമിക്കണമെ. എന്നെ അനുഗ്രഹിച്ച് ശക്തിപ്പെടുത്തണമെ.

* * * * *

**ദൈവഹിതം**

കർത്താവേ, എന്റെ നല്ല ഉപദേഷ്ടാവേ, അങ്ങെ തിരുവിഷ്ടം നിറവേ



www.malankaralibrary.com Scanned with CamScanner

റ്റുന്നതിന് എന്നെ പഠിപ്പിക്കുകയും അവസാനം വരെ എന്നെ നയിക്കുകയും ചെയ്യണമെ. യേശുവേ, എന്റെ സ്നേഹഭാജനമേ, എന്നെ അവിടുന്ന് ആനന്ദിപ്പിക്കുകയും എന്റെ ബുദ്ധിമുട്ടുകളിൽ എന്നെ ആശ്വസിപ്പിക്കുകയും ചെയ്യണമെ. പുണ്യത്തിൽ അഭിവൃദ്ധിപ്പെടുന്നതിനും അവസാനംവരെ നിലനിൽക്കുന്നതിനും എന്നെ പ്രേരിപ്പിക്കുകയും ചെയ്യണമെ.

* * * * *

എന്റെ ആത്മീയ മണവാളാ, എന്നെ അങ്ങെപക്കലേക്ക് അടുപ്പിക്കേണമെ. ഇപ്രകാരം അങ്ങെ സമീപത്തിൽ, അങ്ങെ ശക്തിയിൽ എന്റെ ഓട്ടത്തെ ഞാൻ തുടരും. ഭീതികൂടാതെ നിത്യമായി അങ്ങയെ ഞാൻ അനുഭവിക്കുകയും ചെയ്യും.

* * * * *

**ഭജനം**

എന്റെ ദൈവമേ, ഞാൻ സകലവും വിട്ട് ഏകയായി നിന്റെ അടുക്കലേക്കു വരുന്നു. വേല, പഠനം, സ്നേഹിതന്മാർ, അന്യകാര്യങ്ങൾ ഇവയെല്ലാം ഞാൻ വിടുന്നു. തിരുവചനം കേൾപ്പാനും ധ്യാനിപ്പാനും ഞാനിതാ നിന്റെ തൃപ്പാദത്തിങ്കൽ അടുത്തു വരുന്നു.

* * * * *

**മാതൃഭക്തി**

വി. മാതാവേ, ഭജനം എന്റെ ജീവിതത്തിൽ സർവ്വപ്രധാനം ആണല്ലോ. അതിനെ അങ്ങെ കൈയിൽ ഞാൻ ഏൽപ്പിക്കുന്നു. എന്നോടു കൂടെ ഭജനം ചെയ്തുകൊള്ളണമെ. ഞാൻ വിശ്വസ്തതയോടുകൂടെ ഭജനനിഷ്ഠകൾ പാലിച്ചുകൊള്ളാം.

* * * * *

**ക്ഷമ**

കന്യകയായ എന്റെ ദൈവമാതാവേ, ഭൂമിയെപ്പോലെ ക്ഷമിക്കുവാൻ തക്ക കൃപ എനിക്കു വാങ്ങിത്തരണമെ.

കരുണയുള്ള കർത്താവേ, കരിശുകൾ സന്തോഷത്തോടും ക്ഷമയോടും കൂടി വഹിക്കാൻ കൃപ തരേണമെ.

* * * * *

**സമർപ്പണം**

എന്റെ കർത്താവേ, എന്റെ ഹൃദയത്തെ അവിടുത്തെ സ്നേഹത്തിനു പാത്രമാക്കേണമെ. അങ്ങേയ്ക്കുവേണ്ടി സമർപ്പിക്കുന്ന എന്റെ ഹൃദയം ഇനി ഒരിക്കലും ഞാൻ പിൻവലിക്കാൻ എന്നെ അനുവദിക്കരുതെ.

* * * * *



www.malankaralibrary.com Scanned with CamScanner

**നിസ്വാർത്ഥത**

കർത്താവേ, നിനക്കുവേണ്ടി കഷ്ടപ്പെടുവാൻ എന്നെ ശക്തിപ്പെടുത്തണമെ. എന്റെ യേശുവേ, എന്നിലുള്ള സ്വാർത്ഥതയെ അശേഷം നശിപ്പിച്ച് എന്നെ നിന്നോടു യോജിപ്പിക്കണമെ.

* * * * *

**ശുശ്രൂഷ**

മറ്റുള്ളവരെ ശുശ്രൂഷിച്ച് ദാസ്യവേലചെയ്ത് എന്റെ ജീവിതം കഴിച്ചുകൂട്ടുവാൻ ഞാൻ ആഗ്രഹിക്കുന്നു. എന്റെ യേശുവേ, അതിനെന്നെ സഹായിക്കണമെ.

**തിരുവചനം**

എന്റെ ദൈവമേ, തേനിനെക്കാളും തേൻകട്ടയെക്കാളും മധുരമുള്ള നിന്റെ തിരുവചനങ്ങളാൽ നിന്റെ ദാസിയുടെ ഹൃദയത്തെ നിറയ്ക്കണമെ.

* * * * *

**ഹൃദയനൈർമ്മല്യം**

എന്റെ കർത്താവേ, നിനക്കിഷ്ടമില്ലാത്തതൊന്നും എന്റെ ആത്മാവിന്റെ കോണിലും മൂലയിലും ഒളിച്ചുകിടക്കരുതെ. ഇതെന്റെ അപേക്ഷയാകുന്നു. ഇതിനെ നിന്റെ തിരുമുമ്പാകെ ഞാൻ സമർപ്പിക്കുന്നു. നിന്റെ തൃപ്പാദത്തിങ്കൽ ഞാൻ കുമ്പിടുന്നു.

* * * * *

**ദൈവസ്നേഹം**

കർത്താവേ, ലോകസംബന്ധമായ സകലസന്തോഷങ്ങളിൽ നിന്നും എന്നെ വിടുവിച്ച് നിന്നിൽ എന്നെ വസിപ്പിക്കേണമെ. കർത്താവേ, ഞാൻ ദൈവസ്നേഹത്തിൽ കത്തി എരിഞ്ഞു പോകുവാൻ എന്നെ അനുഗ്രഹിക്കണമെ.

**ദൈവാശ്രയം**

കർത്താവേ, എനിക്കു എന്നിൽത്തന്നെ ഒരു ശക്തിയുമില്ല. നിന്റെ കരുണകൂടാതെ ഒന്നും ചെയ്യാൻ എനിക്കു സാധിക്കയില്ല. അതിനാൽ കൃപയുള്ള പിതാവേ, കരുണയുടെ വാതിൽ എനിക്കു തുറന്നു തരേണമെ. ഞാനൊരു ഭിക്ഷക്കാരിയാണേ. നിന്റെ കരുണയ്ക്കായി ഞാൻ ഇരക്കുന്നേ; അപേക്ഷിക്കുന്നേ. എന്റെ ബലഹീനമായ അപേക്ഷയെ തള്ളിക്കളയരുതേ.

* * * * *



www.malankaralibrary.com Scanned with CamScanner

### ഇന്ദ്രിയനിഗ്രഹം

കർത്താവേ, സകലത്തിലും എന്നെത്തന്നെ അടക്കിഭരിക്കുവാൻ എന്നെ അഭ്യസിപ്പിക്കുകയും അനുഗ്രഹിക്കുകയും ചെയ്യണമെ.

* * * * *

### പ്രാർത്ഥന

പ്രാർത്ഥന ഒരു കന്യാസ്ത്രീയുടെ ഭക്ഷണമാകുന്നുവല്ലൊ അത് അവളുടെ ജീവനാകുന്നുവല്ലൊ. അതിനാൽ കർത്താവേ, ഇടവിടാതെ പ്രാർത്ഥിക്കുവാൻ എന്നെ സഹായിക്കണമെ.

* * * * *

### നേതൃത്വം

കർത്താവേ, നീ എന്നെ ഭരമേൽപിച്ചിട്ടുള്ള മക്കളെ വേണ്ട വിധം നയിക്കുവാൻ എന്നെ പഠിപ്പിക്കേണമെ. കരുണയുള്ള കർത്താവേ, ഈ സമൂഹം മുഴുവനും ദൈവസ്നേഹം കൊണ്ടും താഴ്മകൊണ്ടും അനുസരണം കൊണ്ടും നിറയാൻ കർത്താവേ, നീ അനുഗ്രഹം ചെയ്യണമെ.

കരുണയുള്ള പിതാവേ, സ്നേഹത്തിന്റെ ഉറവയായുള്ളോവേ! അവിടുന്നെന്നെ ഭരമേൽപിച്ചിട്ടുള്ള വത്സലമക്കളെ വേണ്ടപ്രകാരം ഭരിക്കാനുള്ള പ്രാപ്തിയും കൃപയും എനിക്ക് ധാരാളമായി തരേണമെ!

കർത്താവേ! ഭയം കൂടാതെ എന്റെ ചുമതല നിർവ്വഹിപ്പാൻ എന്നെ പഠിപ്പിക്കണമെ!

* * * * *

### സ്ലീബാനുഗമനം

കർത്താവേ, ഞാൻ നിന്നെപ്പോലെ തന്നത്താൻ വെറുത്ത് എന്റെ കുരിശുമെടുത്ത് നിന്റെ പിന്നാലെ വരുവാൻ എന്നെ സഹായിക്കണമെ! എന്റെ കർത്താവേ, എന്റെ ഹൃദയത്തെ അവിടുത്തെ സ്നേഹത്തിനു പാത്രമാക്കേണമെ.

### നന്മരണം

കർത്താവിന്റെ ഉള്ളം കൈയിലാണ് ഞാൻ ഇരിക്കുന്നത് എന്നുള്ള നല്ല ഉറപ്പും ധൈര്യവും എനിക്കുണ്ടായിരിക്കണമെ! കർത്താവേ! ഒരു ഉത്തമമരണത്തിനായി എന്നെ നീ ഒരുക്കണമെ. കർത്താവേ! നിന്നോടുകൂടി ആയിരിക്കുവാൻ എന്നെ അനുഗ്രഹിക്കണമെ!

* * * * *



www.malankaralibrary.com Scanned with CamScanner

# അദ്ധ്യായം - 17

## നിത്യതയിലേക്ക്

തിരുവനന്തപുരത്ത് നാലാഞ്ചിറയിൽ 1936 മുതൽ 1939 വരെ മദർ ശൈന മദർ ജനറലായിരുന്നു. അൽപം അനാരോഗ്യസ്ഥിതിലായിരുന്ന മദർ 1937 മുതൽ ഒരു പ്രമേഹരോഗിയായിത്തീർന്നു. 1939 മുതൽ മദറിന്റെ ആരോഗ്യം ഒന്നിനൊന്ന് ക്ഷയോന്മുഖമായിക്കൊണ്ടിരുന്നു. ക്രമേണ ശാരീരികമായി കൂടുതൽ ക്ലേശങ്ങൾക്കു വിധേയയായിത്തീർന്നു. തുടർന്ന് നാലാഞ്ചിറ മഠത്തിൽ വിശ്രമജീവിതം നയിക്കുകയാണുണ്ടായത്. ഇക്കാലമത്രയും മഠത്തിലെ പൊതുവായ കാര്യങ്ങളിലെല്ലാം സംബന്ധിക്കുകയും ധ്യാനം, യാമനമസ്കാരം, വി. കുർബ്ബാന, ഭക്തിവായന ഇവയിലെല്ലാം കൃത്യമായും ഭക്തിയോടും അനുദിനം പങ്കെടുക്കുകയും ചെയ്തുവന്നു. സിസ്റ്റേഴ്സിനെ എല്ലാവരെയും ആത്മാർത്ഥമായി സ്നേഹിച്ച് ദൈവസംസർഗ്ഗത്തിൽ നിരന്തരം വ്യാപരിച്ചിരുന്ന മദറിന്റെ ജീവിതം എല്ലാവർക്കും മാതൃകയായിരുന്നു. ഒരമ്മയുടെ സ്നേഹവും കരുതലും പ്രോത്സാഹനവുമെല്ലാം മദറിന്റെ കൂടെ താമസിക്കുന്നതിനു ഭാഗ്യം സിദ്ധിച്ചിട്ടുള്ള ഏവരുടെയും അനുഭവമായിരുന്നു. 1951 ആയപ്പോഴേക്കും മദർ തീർത്തും അവശയായി. ഡയബറ്റിക്ക് പേഷ്യന്റായ മദറിനു ക്രമേണ ഓർമ്മശക്തിയും ശ്രവണശക്തിയും നഷ്ടപ്പെടുകയായിരുന്നു. കാഴ്ചയ്ക്കും കുറവു സംഭവിച്ചു. ചികിത്സ പലതും മാറിമാറി ചെയ്തു എങ്കിലും അസുഖങ്ങളിൽ നിന്ന് പൂർണ്ണമായി മുക്തയാകാൻ മദറിനു കഴിഞ്ഞില്ല. രോഗക്കിടക്കയിലും പ്രാർത്ഥനകൾ മുടക്കിയിരുന്നില്ല. ബഥനിയുടെ ആരംഭകാലം മുതൽ മഠത്തിൽ സേവനം ചെയ്തിരുന്ന പുതുപ്പള്ളിക്കാരി മാർത്താ പഥ്യാഹാരം പാകം ചെയത് ക്രമമായി കൊടുത്തുവന്നു. അതു വളരെ ത്യാഗപൂർവ്വം സംതൃപ്തിയോടെ കഴിച്ചിരുന്നു. പഥ്യം നോക്കുന്നതിൽ വളരെ നിഷ്ഠവച്ചിരുന്നു. ഡോക്ടറുടെ നിർദ്ദേശങ്ങൾ അക്ഷരാർത്ഥത്തിൽ അനുവർത്തിച്ചുപോന്നു. മഠത്തിൽ അംഗങ്ങൾ തീരെ കുറവായിരുന്നു. തീരെ വയ്യാത്ത അവസ്ഥയിൽ സിസ്റ്റർ പത്രീസ് പകൽ സമയത്തും T.T.C യ്ക്ക് പട്ടം ട്രെയിനിംഗ് സ്കൂളിൽ പഠിച്ചുകൊണ്ടിരുന്ന സി. ഹനിയാ, സി. ഹാദൂസാ ഇവർ രാത്രിയിലും മദറിന്റെ അടുത്തായിരിക്കുവാൻ ശ്രദ്ധിച്ചിരുന്നു.. രാത്രി മദറിനു വിളക്കിന്റെ പ്രകാശം കാണുന്നതു പ്രയാസമായി



www.malankaralibrary.com Scanned with CamScanner

രുന്നു. പരിമിതമായ അന്നത്തെ സാഹചര്യത്തിൽ ആ മുറിയിൽത്തന്നെ ഇരുന്ന് പഠിച്ചിരുന്ന സിസ്റ്റേഴ്സ് മദറിനു പ്രയാസമുണ്ടാകാത്ത തരത്തിൽ പത്രം കൊണ്ട് മറച്ചുവച്ച് എതിർവശത്തിരുന്നു റാന്തൽ വിളക്കിന്റെ അരണ്ട വെട്ടത്തിൽ പഠിച്ചിരുന്നു. "മക്കൾക്കു ഇവിടെയിരുന്നു പഠിക്കുന്നത് പ്രയാസമായിരിക്കുമല്ലോ. എന്റെ മക്കൾക്ക് പഠിക്കാൻ വെട്ടം കിട്ടത്തില്ലായിരിക്കും." മദറിന്റെ കരുതൽ അവർക്ക് ആശ്വാസം പകർന്നിരുന്നു. ഇടയ്ക്കിടെ "നിങ്ങൾക്കു ബുദ്ധിമുട്ടുണ്ടോ? എന്റെ മക്കൾ ഒത്തിരി കഷ്ടപ്പെടുന്നുണ്ടല്ലോ" എന്ന് പറയുമായിരുന്നു. "ഞങ്ങൾക്കിതു കഷ്ടപ്പാടല്ല അനുഗ്രഹമാണ്" എന്ന് സിസ്റ്റേഴ്സ്. ഒരു ദിവസം രാത്രി പ്രാർത്ഥന കഴിഞ്ഞ് സിസ്റ്റർ ഹാദൂസായോട് "മണി എത്രയായി?"ദൃഢമൗനമായതുകൊണ്ട് 'രണ്ട്' എന്ന് കാണിച്ചു. അപ്പോൾ മദർ "കർത്താവേ ഞാൻ ദൃഢമൗനം ലംഘിച്ചു. പാപിയായ എന്നോടു ക്ഷമിക്കണമെ" എന്ന് പ്രാർത്ഥിക്കുകയുണ്ടായി. മദർ ദൃഢമൗന പാലനത്തിൽ ഒരിക്കലും വീഴ്ച വരുത്തിയിരുന്നില്ല.

നല്ല ബോധമുള്ളപ്പോൾ മദറിന് ഒരു പ്രാവശ്യം രോഗീലേപനം നടത്തിയിരുന്നെങ്കിലും 1951 സെപ്റ്റംബറിൽ മദർ ശൈനായ്ക്ക് രോഗീലേപനം അഭിവന്ദ്യ മാർ ഈവാനിയോസ് പിതാവുതന്നെ വീണ്ടും നൽകി. 1951 ഒക്ടോബർ അഞ്ചു മുതൽ വളരെ ക്ഷീണിതയായി കാണപ്പെട്ടു. മദറിന് അസ്വസ്ഥതകൾ ഇടയ്ക്കിടെ അനുഭവപ്പെട്ടുകൊണ്ടിരുന്നു.

1951 ഒക്ടോബർ 9-ാം തീയതി കായംകുളം മഠത്തിന്റെ ആരംഭമായതിനാൽ മദർ ജനറൽ ആയിരുന്ന മദർ ബാസിം ഏതാനും സിസ്റ്റേഴ്സുമൊരുമിച്ച് അവിടേക്ക് പോയി. മാർ ഈവാനിയോസ് പിതാവ് പിറ്റേ ദിവസം, ഒക്ടോബർ 10-ാം തീയതി അവിടെ കുർബാന അർപ്പിച്ച് മഠം സ്ഥാപിച്ച് ഉദ്ഘാടന ചടങ്ങുനിർവ്വഹിക്കാനും പ്രോഗ്രാം തയ്യാറാക്കിയിരുന്നു. ഒക്ടോബർ 9-ാം തീയതി രാത്രി മദറിനു രോഗം കലശലായി. മദറിനെ പരിചരിച്ചിരുന്നവരോടു"മക്കളെ നിങ്ങൾ ഒത്തിരി കഷ്ടപ്പെടുന്നുണ്ടല്ലോ" എന്ന് ഇടയ്ക്കിടെ മദർ പറയുകയുണ്ടായി. സിസ്റ്റേഴ്സിനു വളരെ പ്രയാസമായി, മദറിന്റെ ഈ നിലയിൽ. സിസ്റ്റർ ഹാദൂസായും കൂടെയുള്ളവരും മുട്ടുകുത്തി അരികിൽ നിന്നു പ്രാർത്ഥിച്ചു. മദർ തന്റെ രണ്ടു കൈകളും തലയിൽ വച്ച് പ്രാർത്ഥിച്ച് അവരെ അനുഗ്രഹിച്ചു. അവർ എന്തോ നിക്ഷേപം കിട്ടിയതു പോലെ അതു സന്തോഷപൂർവ്വം സ്വീകരിച്ചു. മദർ ശൈന, മദർ ജനറലിനെ കാണണമെന്നാവശ്യപ്പെട്ടു. അത് സാദ്ധ്യമല്ലാത്ത അവസ്ഥയിൽ സിസ്റ്റേഴ്സ് വിഷമിച്ചു. മദറിന്റെ ഗുരുതരമായ നിലയെപ്പറ്റി അരമനയിൽ അറിയിച്ചു. മദറിന് അസുഖം കൂടുതലാണെന്നറിഞ്ഞ് മാർ ഈവാനിയോസ് തിരുമേനി മഠത്തിൽ വന്ന് മദറിനുവേണ്ടി പ്രാർത്ഥനകൾ നടത്തി. സിസ്റ്റേഴ്സിനോട്, ഓരോരുത്തരായി സങ്കീർത്തനങ്ങൾ വായിക്കാനും പ്രാർത്ഥിക്കുവാനും നിർദ്ദേശിച്ചു. ഒരാൾ വായിച്ചു കഴിഞ്ഞ് മറ്റൊരാൾ മാറിമാറി രാത്രി മുഴുവനും സങ്കീർത്തനങ്ങൾ വായിച്ചും പ്രാർത്ഥിച്ചും കഴിഞ്ഞു. അഭിവന്ദ്യ പിതാവ് നാലാഞ്ചിറമഠത്തിലെ പഴയ ചാപ്പൽ വരാന്തയിൽ കുറേനേരം ഇരുന്ന്



www.malankaralibrary.com Scanned with CamScanner

പ്രാർത്ഥിച്ചു. പിന്നീട് ബഹു. ഗബ്രിയേൽ O.I.C അച്ചന്റെ കൈയിൽ പിടിച്ചുകൊണ്ട് അങ്ങോട്ടുമിങ്ങോട്ടും നടന്നു പ്രാർത്ഥിച്ചുകൊണ്ടിരുന്നു. മരണാസന്നയായ മദറിന്റെ അടുത്തും വരാന്തയിലുമായി അന്നു രാത്രി അഭിവന്ദ്യ പിതാവ് പ്രാർത്ഥനയിൽ ചെലവഴിച്ചു. ഈയവസരത്തിൽ കായംകുളത്തായിരുന്ന മദർ ബാസിമിനെയും സിസ്റ്റേഴ്സിനെയും അഭിവന്ദ്യ മാർ ഈവാനിയോസ് പിതാവുതന്നെ, രാത്രിയിൽ മാർ ഈവാനിയോസ് കോളജിലെ വാൻ അയച്ച് തിരികെ വിളിപ്പിച്ചു. മദർ ബാസിമും സിസ്റ്റേഴ്സും നങ്ങ്യാർകുളം മഠം ചാപ്ലെയിനായിരുന്ന ബഹു. സി. റ്റി. കുരുവിള (മോൺ.സി.റ്റി. കുരുവിള) അച്ചനുമൊത്ത് രാത്രി രണ്ടു മണിയോടുകൂടി വന്നു ചേർന്നു. മദർ ആരെയും തിരിച്ചറിഞ്ഞില്ല. അഭിവന്ദ്യ പിതാവ് ബഹു. കുരുവിള അച്ചനുമൊരുമിച്ച് വെളുപ്പിന് അഞ്ചു മണിയോടുകൂടി അരമനയിലേക്കും ബഹു. ഗബ്രിയേൽ അച്ചൻ ആശ്രമത്തിലേക്കും തിരികെപോയി. പ്രാർത്ഥനാമന്ത്രങ്ങൾ ചൊല്ലിക്കൊണ്ട് ഏതാനും സിസ്റ്റേഴ്സ് മദറിന്റെ കിടക്കയ്ക്കരികെ നിന്നു. അവരുടെ മനസ്സിൽ ദുഃഖവും ഉത്കണ്ഠയും ഉയർന്നു.

1951 ഒക്ടോബർ 10-ാം തീയതി. പ്രഭാതനമസ്കാരം കഴിഞ്ഞ് ആറുമണിക്ക് ആശ്രമത്തിൽ നിന്നും ബഹു. കോശി കാക്കനാട്ട് അച്ചൻ (വല്യച്ചൻ) വി. കുർബ്ബാന അർപ്പിക്കാനെത്തി. സിസ്റ്റേഴ്സ് കുറെപേർ വി. കുർബ്ബാനയിൽ സംബന്ധിക്കുവാനായി പോയി. മദറിന് വലിവ് കൂടിവന്നു. "ഈശോ മറിയം യൗസേപ്പേ" എന്ന സുകൃതജപം മദർ ബാസിം ചൊല്ലി കൊടുത്തുകൊണ്ടിരുന്നു. വി. കുർബ്ബാന സമാപിച്ചു. ബഹു. വൈദികനും സിസ്റ്റേഴസ് എല്ലാവരും മദറിന്റെ മുറിയിൽ എത്തി പ്രാർത്ഥനാനിരതരായി. ആരുടെയോ വിളിക്ക് കാതോർത്ത് ക്ഷീണിതയായി കട്ടിലിൽ കിടക്കുന്നു വന്ദ്യമദർ ശൈന. വേർപാടിനൊരുക്കമായ അന്ത്യ ആശീർവാദം നൽകുകയാണ് വൈദികശ്രേഷ്ഠൻ. സമയം 8.10. സ്വർഗ്ഗം തുറന്നു. നാഥൻ വിളിച്ചു. "മകളെ വരൂ, കണ്ണ് കണ്ടിട്ടില്ലാത്ത സൗഭാഗ്യ സ്ഥലത്തേക്ക്." ആ പുണ്യപ്പെട്ട നയനങ്ങൾ അടഞ്ഞു. ശരീരം നിശ്ചലമായി. ഈറനണിഞ്ഞ കണ്ണുകളോടെ മഠാംഗങ്ങൾ തങ്ങളുടെ പ്രിയപ്പെട്ട അമ്മയെ ദൈവതൃക്കരങ്ങളിൽ സമർപ്പിച്ചു. വിങ്ങുന്ന ഹൃദയങ്ങൾ പ്രിയപ്പെട്ട അമ്മയ്ക്കു യാത്രാമൊഴി ചൊല്ലി. മദർ ശൈന ഓർമ്മയായി. ഇനി ആ ചുണ്ടുകൾ ചലിക്കയില്ല. ആ കണ്ണുകൾ തുറക്കുകയില്ല. എന്നേക്കുമായി ആ അമ്മ ഈ ലോകത്തോടു വിട പറഞ്ഞു. മദറിന്റെ മരണവാർത്ത മാർ ഈവാനിയോസ് പിതാവിനെ അറിയിച്ചു.

മദർ ശൈന! ബഥനി സന്ന്യാസിനീ സമൂഹത്തിന്റെ ആദ്യത്തെ അംഗം. അഭിവന്ദ്യ പിതാവുതന്നെ സംസ്കാരകർമ്മത്തിനു മുഖ്യകാർമ്മികൻ. താൻ സ്ഥാപിച്ചു വളർത്തിയ ബഥനിയുടെ നേതൃത്വം വഹിച്ച മദർ ശൈന, എന്നേക്കുമായി ഈ ലോകത്തോടു യാത്രപറഞ്ഞു. ആ ദീപം പൊലിഞ്ഞു പോയതിൽ പിതാവ് ദുഃഖിതനായി. വന്ദ്യ മദറിന്റെ ഭൗതികാവശിഷ്ടം സൂക്ഷിച്ചിരുന്ന കല്ലറയുടെ സ്ഥാനം മാർ ഈവാനിയോസ് പിതാവു തന്നെ കാണിച്ചു



www.malankaralibrary.com Scanned with CamScanner

തന്നതാണ്. ദീർഘവീക്ഷണമുള്ള പിതാവ് തിരുവനന്തപുരം മെട്രോ സ്റ്റുഡിയോയിൽ നിന്നും ഫോട്ടോഗ്രാഫറെ വരുത്തി സിസ്റ്റേഴ്സിന്റെയും മദറിന്റെയും ഗ്രൂപ്പ് ഫോട്ടോയും മറ്റു ഫോട്ടോകളും എടുപ്പിച്ചു എന്നതും ഈ അവസരത്തിൽ പ്രത്യേകം സ്മരണീയമാണ്. ബഹു. മദർ ശൈനായുടെ മരണത്തെ തുടർന്ന് ബഥനി മഠാംഗങ്ങൾ എല്ലാവരും തന്നെ നാലാഞ്ചിറയിലെത്തി. അനേകം വൈദികർ, ഇതര മഠാംഗങ്ങൾ, ഇടവക ജനങ്ങൾ ബന്ധുമിത്രാദികൾ എന്നിങ്ങനെ ഒരു വലിയ ജനസമൂഹത്തിന്റെ സാന്നിദ്ധ്യത്തിൽ അഭിവന്ദ്യ മാർ ഈവാനിയോസ് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ ശുശ്രൂഷകൾ നടന്നു. മരണത്തെത്തുടർന്ന് ഏതാനും ദിവസങ്ങൾ കഴിഞ്ഞ് സഹോദരൻ പത്രോസ് മാർ ഒസ്താത്തിയോസ് തിരുമേനി മദർ ശൈനായുടെ കബറിങ്കൽ വന്നു പ്രാർത്ഥിച്ചു. ഇപ്പോഴത്തെ മഠം വക ചാപ്പലിനു വലത്തുവശത്തായി നിർമ്മിച്ചിരുന്ന പുതിയ കല്ലറയിൽ മദറിന്റെ മൃതദേഹം 1951 ഒക്ടോബർ മാസം 11-ാം തീയതി സംസ്കരിക്കപ്പെട്ടു. നാലാഞ്ചിറ മഠത്തിൽ അന്നുമുതൽ ഇന്നുവരെ എല്ലാവർഷവും മദറിന്റെ ഓർമ്മ ദിവസം പൂജ്യമായി ആചരിക്കുകയും വി. കുർബാനയും ധൂപപ്രാർത്ഥനയും നടത്തുകയും ചെയ്തുവരുന്നു.

ബഥനിയുടെ "വലിയ മദറിന്റെ" ഓർമ്മകൾ ബഥനിയിൽ എന്നും നിലനിൽക്കും. സ്വർഗ്ഗത്തിൽ ബഥനിയുടെ വലിയ മദ്ധ്യസ്ഥയായിരുന്നുകൊണ്ട് മദർ നമുക്കായി പ്രാർത്ഥിക്കുന്നു. പ്രിയപ്പെട്ട മദറിന് പിൻതലമുറക്കാരായ മക്കളുടെ പ്രണാമം!!

> "എത്രയും ഉന്നതവും പ്രയോജനകരവുമായ പാഠം, തന്നെത്തന്നെ ഉള്ളവണ്ണം അറിയുകയും നിന്ദിക്കുകയും ചെയ്യുന്നതാകുന്നു."
>
> മദർ ശൈന



www.malankaralibrary.com Scanned with CamScanner

## അദ്ധ്യായം-18

# അവിസ്മരണീയമായ അനുഭവങ്ങളിലൂടെ

മദർ ശൈനായെ കാണാനും ഒപ്പം ജീവിക്കാനും ഭാഗ്യം സിദ്ധിച്ച ബഥനിയിലെ സഹോദരിമാരുടെ സ്മരണകളിൽ തെളിയുന്ന ചിത്രങ്ങൾ മനോഹരവും സ്നേഹോഷ്മളവുമാണ്.

മദറിനെ നേരിട്ടറിഞ്ഞ സിസ്റ്റർ റഹ്മാസിന്റെ വാക്കുകിൽ നിന്ന്. "മോളെ" എന്ന വിളി കാതുകളിൽ മുഴങ്ങുന്ന ഇമ്പശബ്ദം, ചുണ്ടുകളിൽ സദാവിരിയുന്ന പുഞ്ചിരി, സ്നേഹമസൃണമായ ആശ്ലേഷം. ആരാണീ അമ്മ? ബഥനി മക്കളുടെ അമ്മ. "വല്യമദർ- മദർ ശൈന"

സിസ്റ്റർ റഹ്മാസിന്റെ വാക്കുകളിൽ മാതൃസ്നേഹത്തിന്റെ ആൾ രൂപ മായി മാറിയ മദർ ഇന്നും ജീവിക്കുന്നു. സ്നേഹവും നർമ്മവും കലർന്ന മറ്റൊരനുഭവം കൂടി......

"ഞാൻ വിമൻസ് കോളജിൽ പഠിക്കുന്ന സമയം അവധിക്ക് നാലാഞ്ചിറ മഠത്തിൽ വന്ന് തലകുളിർക്കെ എണ്ണ തേച്ചുകുളിച്ച് ഊർജ്ജസ്വല യായി സന്ധ്യാനമസ്കാരത്തിനുശേഷം ഭക്തിവായനയ്ക്ക് ഒരുമിച്ച് കൂടി. അവധിയുടെ ലാഘവത്വവും കുളിയുടെ കുളിർമ്മയും കൊണ്ടു ഞാൻ സുഖ സുഷുപ്തിയിലായി. കൃത്യസമയത്ത് വായന അവസാനിച്ചു. എല്ലാവരും എഴുന്നേറ്റു, കൂട്ടത്തിൽ ഞാനും. വളരെ പതിഞ്ഞ സ്വരത്തിൽ വല്യമദർ എന്നോടു ചോദിച്ചു. "മോളെ ഇന്നു ആലപ്പുഴയിൽ നിന്ന് 'കറുപ്പു' കാരൻ വന്നിരുന്നു. അല്ലേ?" ആലപ്പുഴയും കറുപ്പും (ഒരു ലഹരി സാധനം) അറി യാവുന്ന എനിക്ക് പെട്ടെന്നു സംഗതി പിടികിട്ടി. ഞാൻ പൊട്ടിച്ചിരിച്ചു. കൂടെ കുടുകുടാ വല്യമദറും. എല്ലാവരും തിരിഞ്ഞുനോക്കി. ഒരു അമ്മയുടെ വാത്സല്യം അനുഭവിക്കുന്ന രംഗം. പിന്നെ ഒരിക്കലും ഭക്തകൃത്യങ്ങൾക്ക് ഞാൻ ഉറങ്ങിയിട്ടില്ല."

മുകളിൽ ഉദ്ധരിച്ച സംഭവത്തിൽ നിന്നും മദർ ശൈനായുടെ മാതൃ നിർവിശേഷമായ സ്നേഹം എടുത്തുപറയേണ്ടതില്ലല്ലോ.



www.malankaralibrary.com Scanned with CamScanner

സിസ്റ്റർ സ്ലീബായുടെ മഠം പ്രവേശനദിവസം........

നങ്ങ്യാർകുളങ്ങര ബോർഡിംഗിൽ പഠിച്ച സിസ്റ്റർ സ്ലീബായ്ക്ക് കൂട്ടുകാരോട് വിശേഷങ്ങൾ പറയാൻ തിടുക്കമായി. മൗനസമയം കഴിയാൻ ക്ഷമാപൂർവ്വം കാത്തിരുന്നു. അഞ്ചു മണിയായി. മണിഅടിച്ചതും ബോർഡിംഗിന്റെ ശൈലിയിൽ വായും വച്ചൊരോട്ടം. ഈ കാഴ്ച കണ്ടിട്ട് മദർ പറയുകയാണ്, "മോളെ ഒരു കണക്കിൽ ഇവിടെ ഒരു കുടുംബത്തിന്റെ അന്തരീക്ഷം ഇപ്പോഴാണ് ഉണ്ടായത്." എത്ര ശ്രേഷ്ഠമായ, മാതൃനിർവിശേഷമായ വാക്കുകൾ!

സിസ്റ്റർ സ്ലീബായുടെ ഓർമ്മകളിൽ മറ്റൊരു സംഭവം. ഞാൻ ആദ്യമായി പ്രാർത്ഥന എടുക്കാൻ തുടങ്ങിയപ്പോൾ വലിയ മദറിനോട് പറഞ്ഞു;"ഇന്നു ഞാനാണ് പ്രാർത്ഥന എടുക്കുന്നത്. മദർ പ്രാർത്ഥിക്കണമേ." അന്നു മദർ പറഞ്ഞ വാക്കുകൾ,"മോളുടെ അധരങ്ങൾക്ക് ഒരു കാവൽ മാലാഖയെ അയച്ചുതരണമേയെന്നു പ്രാർത്ഥിക്കാം. പിന്നൊരു കാര്യം. ഈ ചാപ്പലിൽ പ്രാർത്ഥനയ്ക്കു വന്നു നിൽക്കുന്നവരുടെ ഒരു മദ്ധ്യസ്ഥയായിട്ടാണ് മോളു പ്രാർത്ഥിക്കുന്നത്. സ്വർഗ്ഗീയ ഗണങ്ങളോടു ചേർന്നായിരിക്കണം. ധൈര്യമായി തുടങ്ങൂ. എന്റെ പ്രാർത്ഥന മോൾക്കുണ്ട്. അന്നു പ്രാർത്ഥന കഴിഞ്ഞുവന്ന് "എങ്ങനെയുണ്ട്?"എന്നു ചോദിച്ചപ്പോൾ "അപ്രേം മല്പാൻ തോറ്റുപോകും എന്റെ മോളുടെ പ്രാർത്ഥന കേട്ടാൽ" എന്നുപറഞ്ഞു ധൈര്യപ്പെടുത്തിയിട്ട് തിരുത്തേണ്ട ഭാഗങ്ങൾ പറഞ്ഞുതന്നു. എത്ര വിശാലമായ കാഴ്ചപ്പാട്!

സിസ്റ്റർ സ്കൊളാസ്റ്റിക്കാ (ബത്തേരി) മദറിനെ അനുസ്മരിക്കുന്നത് മറ്റൊരു വിധത്തിലാണ്.

"നാലാഞ്ചിറ ബഥനി മഠത്തിലെ അന്നത്തെ സിക്ക്റൂമിൽ ഞാൻ വന്നു നിന്നതോർക്കുന്നു. അവിടെ കുറേ പേരുണ്ട്. കൃശഗാത്രിയായ ഒരമ്മ എന്റെ നേർക്കു വരുന്നു. ഊഷ്മളമായ ആലിംഗനം "ഹാ നിൻ ഭാഗ്യം ദാവിദിൻ മകൾ മറിയാമെ...." അമ്മ പാടുന്നു. അത്ഭുത ലോകത്തിലായി ഞാൻ. മാതാവ് എന്നെ അനുഗ്രഹിക്കുകയാണോ? ഞാൻ കരയാൻ തുടങ്ങി. അന്നു കണ്ടതിൽ പിന്നെ ഞാൻ മദറിനെ കണ്ടിട്ടുമില്ല. എങ്കിലും ആ കണ്ടുമുട്ടലിന്റെ ദിവ്യാനുഭൂതി അവിസ്മരണീയമാണ്." തിരുമൂലയിൽ തിരിച്ചെത്തി മദർ ഹൂബയോടു പറഞ്ഞു, "മദർ ശൈന എന്നെ അനുഗ്രഹിച്ചു. മദർ പുണ്യവതിയാണ്." മദർ ഹൂബായുടെ കണ്ണുകൾ ഈറനണിഞ്ഞതു ഞാൻ ഓർക്കുന്നു."

സിസ്റ്റർ സോഫിയായുടെ വാക്കുകൾ മദറിനെ സംബന്ധിച്ച് മറ്റൊരു വിധത്തിലാണ്.

"1949-ൽ ഞങ്ങൾ കാണുമ്പോൾ മദർ ശൈനായുടെ രൂപവും ഭാവവും ഒരു വല്യമദറിന്റേതു തന്നെ. നല്ല വെള്ള നിറം. കാതുകൾ പണ്ടത്തെ അമ്മച്ചിമാരേപ്പോലെ വളർന്നുതൂങ്ങി, നല്ല പ്രസന്നവദനയുമായിരുന്നു. ശാലീനത നിറഞ്ഞ വിനയാന്വിതയായ ഒരു വല്യമ്മച്ചി എന്നാണ് എന്റെ പ്രഥമഓർമ്മ.



www.malankaralibrary.com Scanned with CamScanner

സന്ന്യാസ നിഷ്ഠയും ചിട്ടയും അടുക്കും ക്രമവും മദറിന്റെ കൈമുതലായിരുന്നു. ഇവയെല്ലാം കൂടി പ്രാർത്ഥനാജീവിതത്തിൽ അരക്കിട്ടുറപ്പിച്ചതായിരുന്നു വല്യമദർ എന്നു പറഞ്ഞാൽ അതിശയോക്തിയില്ല. സ്നേഹപൂർവ്വം തിരുത്തലുകൾ തരും. "മോളേ, വരാന്തയിൽ കൂടി നടക്കുമ്പോൾ മുറിക്കുള്ളിലേക്ക് ജനലുകളിൽകൂടി നോക്കരുത്." "മോളേ, മുറികളിൽ നിന്നും പുറത്തേക്കിറങ്ങുമ്പോൾ കതകടച്ചിട്ടിട്ടു പോകണം. പെൺപിള്ളേർക്കു പിറകിൽ കൈവേണം." മുറ്റം തൂക്കുമ്പോൾ "പെൺപിള്ളേർ അടിക്കുമ്പോൾ നുള്ളണമെന്നാണ്." മുറ്റത്ത് പുല്ലുള്ളതു പറിച്ചുവേണം തൂക്കാനെന്നർത്ഥം.

ഡയബറ്റിക്ക്സിന്റെ പ്രത്യേക ഭക്ഷണം - ഉണക്ക ഗോതമ്പ്, ഒറോട്ടി, കയ്പ്പൻ പാവയ്ക്ക ഇവയുടെ ഒരംശം ഭക്ഷണസമയത്താണെങ്കിൽ മുറിച്ചു തരും. ഭക്ഷിക്കുന്നതിൽ വൈമുഖ്യം കാണിച്ചാൽ ഉടൻ പറയും, "മോളെ നമ്മുടെ കർത്താവിന്റെ പങ്കപ്പാടുകൾക്കുള്ള പരിഹാരം നമ്മളാണു ചെയ്യേണ്ടത്." എന്തൊരു ആദ്ധ്യാത്മികത! സഹനത്തോടുള്ള ദാഹം.

സിസ്റ്റർ ഹെലനായുടെ അനുഭവം:

"നിയമപാലനത്തിലും സമയനിഷ്ഠയിലും കൂട്ടക്രമത്തിലും സ്വയം നിഷ്കർഷ പാലിച്ചിരുന്ന മദർ കൂടെയുള്ളവർ അവ പാലിക്കുന്നതിൽ ശ്രദ്ധിക്കുകയും നിർദ്ദേശിക്കുകയും ചെയ്തിരുന്നു. അതുപോലെ തന്നെ അടുക്കിലും ചിട്ടയിലും കാര്യങ്ങൾ നിർവഹിക്കുന്നതിലും ശുചിത്വത്തിന്റെ കാര്യത്തിലും മദർ അത്യധികം ശ്രദ്ധ കാണിച്ചിരുന്നു. മദറിന്റെ വസ്ത്രങ്ങൾ ലളിതവും എപ്പോഴും വെടിപ്പായതുമായിരുന്നു. വളരെ നിസ്സാരമെന്നു ഗണിക്കാവുന്ന കാര്യങ്ങൾ പോലും വലിയ സൂക്ഷ്മതയോടും ശ്രദ്ധയോടും കരുതലോടും നിഷ്ഠയോടും അതിന്റെ പൂർണ്ണതയിൽ ദൈവസ്നേഹത്തെ പ്രതി ചെയ്യാനും ചെയ്യിക്കാനുമുള്ള മദറിന്റെ ശ്രദ്ധ പല അവസരങ്ങളിലും അനുഭവിച്ചറിഞ്ഞിട്ടുണ്ട്. എന്റെ ചെറിയ ഒരനുഭവം പങ്കുവയ്ക്കുന്നു. നാലാഞ്ചിറ മഠത്തിൽ ഞാൻ അർത്ഥിനിയായി വന്നകാലം. ഒരു കതകു തുറക്കാൻ ശ്രമിച്ചപ്പോൾ അൽപം ശബ്ദത്തോടുകൂടി മാത്രമെ അതു തുറക്കാൻ കഴിഞ്ഞുള്ളൂ. കതകിന്റെ സാക്ഷാ വലിച്ചുമാറ്റിയപ്പോൾ ഉണ്ടായ ശബ്ദം!! അതു കേട്ട് എവിടെ നിന്നോ എത്തിയ മദർ അടുത്തു വന്ന് വളരെ ശാന്തമായി അതു തിരുത്തിയ വിധം ഇന്നും ഓർമ്മയിൽ സജീവമാണ്. "മോളേ! നോക്കിക്കേ, കതകും ജനലും മറ്റും തുറക്കുകയോ അടയ്ക്കുകയോ ചെയ്യുമ്പോൾ ഇങ്ങനെ വേണം ചെയ്യേണ്ടത്" എന്നു പറഞ്ഞ് ഞാൻ തന്നെ തുറന്ന കതക് മദർ അൽപം പോലും ശബ്ദമുണ്ടാക്കാതെ അടച്ചു. അതുപോലെ കതകിന്റെ ഒരു പാളി ഉള്ളിലേക്കു ഞെക്കിപ്പിടിച്ചുകൊണ്ടു അൽപംപോലും ശബ്ദമുണ്ടാകാതെ സാക്ഷാ മാറ്റി അതു തുറന്നു. മദർ ചെയ്തു കാണിച്ചു മാത്രം തൃപ്തിപ്പെടാതെ എന്നേക്കൊണ്ടു അതു ചെയ്യിച്ചു എന്നതാണ് എനിക്കു സ്മരണയായത്."

മദറിനോടുകൂടി ഏതാനും വർഷം ജീവിക്കാൻ ഭാഗ്യം സിദ്ധിച്ച സിസ്റ്റർ ഹാദൂസാ മദറിന്റെ ഉപദേശങ്ങൾ ഓർമ്മിക്കുന്നു. "ശബ്ദം കേൾപ്പിക്കാതെ



www.malankaralibrary.com Scanned with CamScanner

ജനൽ തുറക്കുകയും അടയ്ക്കുകയും ചെയ്യണം. അടയ്ക്കുമ്പോൾ കൊളുത്തുകളെല്ലാം ഇടണം. കതകും ജനലും തുറന്നു തള്ളി വിടരുത്. സാവകാശം തുറക്കുക. ബഞ്ച്, കസേര, മേശ, ഡസ്ക്ക് ഇവ ഒരു കാരണവശാലും വലിച്ചു ശബ്ദമുണ്ടാക്കരുത്. രണ്ടു പേർകൂടി പിടിച്ചു മാറ്റുകയേ ചെയ്യാവൂ. ആഴ്ചയിലൊരിക്കൽ കതകിന്റെയും ജനലിന്റെയും കുറ്റിക്കും കൊളുത്തിനും എണ്ണ ഇടണം. മണ്ണെണ്ണയും വെളിച്ചെണ്ണയും സമം ചേർത്തിടണം" . ഒരിക്കൽ ഞാൻ ഭക്ഷണം കഴിഞ്ഞ് ഭക്ഷണമുറിയിൽ നിന്നിറങ്ങി വിസിറ്റിനായി ചാപ്പലിലേക്കു വരുന്ന വഴി എന്തോ ഉറക്കെ സംസാരിച്ചു. മദർ വിളിച്ചു ശാന്തയായി പറഞ്ഞു, "ഭക്ഷണം കഴിഞ്ഞാലുടൻ ചാപ്പലിൽ പോയി ആദ്യമായി കർത്താവിനെ കണ്ടു നന്ദി പറഞ്ഞതിനു ശേഷമേ ആരോടെങ്കിലും സംസാരിക്കാവൂ. നിങ്ങൾ കുമ്പസാരിക്കുമ്പോൾ എത്രമാത്രം പതിയെ പറയുന്നുവോ അതേ രീതിയിലേ ലഘുമൗനസമയത്തു സംസാരിക്കാവൂ." മദറിന്റെ നിഷ്ഠാജീവിതവും മൗനപാലനവും എനിക്ക് വളരെ പ്രചോദനമായിരുന്നു. പ്രാർത്ഥിക്കുന്ന ഒരു നല്ല വ്യക്തിയായിരുന്നു മദർ ശൈന. പ്രാർത്ഥനയ്ക്കു നേരത്തേ ചാപ്പലിലെത്തും . മദ്ധ്യാഹ്ന പ്രാർത്ഥനയ്ക്കും സന്ധ്യാപ്രാർത്ഥനയ്ക്കും പതിനഞ്ചു മിനിറ്റ് മുൻപ് പള്ളിയിൽ ഹാജരാകും." ഇക്കാര്യങ്ങൾ നിസ്സാരങ്ങളെന്നു തോന്നും. പക്ഷേ "little things are little things, but fidelity to little things is a great thing."

മദറിനെ അടുത്തറിഞ്ഞവർക്കെല്ലാം പറയാൻ മദറിന്റെ സ്നേഹവും കരുതലും വാത്സല്യവും തുളുമ്പുന്ന ഒത്തിരി വിശേഷങ്ങൾ ഉണ്ട്. മറക്കാനാവാത്ത ആ സ്മരണകൾ അയവിറക്കുന്നവരിൽ ചുരുക്കം ചിലരേ, ബഥനിയിൽ ഇനിയും അവശേഷിച്ചിട്ടുള്ളു. മദർ ശൈനായുടെ ഉപദേശങ്ങളും നിസ്സാരമെന്നു തോന്നുന്ന പ്രവർത്തനങ്ങളും ബഥനി സിസ്റ്റേഴ്സിന്റെ എല്ലാവരുടെയും മനസ്സിൽ ഒളിമങ്ങാതെ നിലകൊള്ളുന്നു. മദറിന്റെ മാതൃകാപരമായ ജീവിതം ബഥനിമക്കളായ നമുക്ക് മാർഗ്ഗദീപമാണ്. ആ വിളക്കിന്റെ പ്രകാശം നമ്മെ മുന്നോട്ടു നയിക്കട്ടെ.



www.malankaralibrary.com Scanned with CamScanner

## അദ്ധ്യായം - 19

# അഭിമുഖങ്ങൾ

### ഒന്ന്

(എന്നെ മിഡിൽ സ്കൂളിലും ഹൈസ്കൂളിലും മലയാളം പഠിപ്പിച്ചിരുന്ന എന്റെ ഗുരുഭൂതയായ സിസ്റ്റർ തൈബൂസുമായി നടത്തിയ അഭിമുഖം. തിരുവനന്തപുരം പ്രോവിൻസിലെ അംഗമായിരുന്ന സിസ്റ്റർ തൈബൂസ് ദീർഘകാലം മദർ ശൈനായുമൊത്ത് നാലാഞ്ചിറ മഠത്തിൽ കഴിഞ്ഞിരുന്ന ആളാണ്)

*വല്യമദറിനെക്കുറിച്ച് സിസ്റ്ററിന് ഓർമ്മയുണ്ടോ?*

ഓർമ്മയുണ്ടോ എന്ന്? മഠത്തിൽ കാലുകുത്തുമ്പോൾ ആദ്യം കാണുന്നത് എന്റെ വല്യമദറിനെയാണ്. ഒരു കാൻവാസ് കസേരയിൽ ഇരുന്ന് കണ്ണുകളടച്ച് കൊന്തചൊല്ലികൊണ്ടിരിക്കുന്ന ആ ചിത്രം മറക്കാനാവില്ല. സമാധാനവും സന്തോഷവും സംതൃപ്തിയും നിറഞ്ഞുനിന്നിരുന്നു ആ മുഖത്ത് നാമധേയം പോലെ-ശൈന

*മദർ ശൈനായിൽ വിളങ്ങിയിരുന്ന പ്രധാന ഗുണങ്ങൾ?*

ദൈവാശ്രയം, ദൈവമാതൃഭക്തി, നിഷ്ഠാജീവിതം, മൗനം, അനുസരണം, സഹകരണമനോഭാവം, എളിമ, ശാന്തത, ക്ഷമ, ശുചിത്വം എന്നിങ്ങനെ.......

*വന്ദ്യ പിതാവിനോടും സിസ്റ്റേഴ്സിനോടുമുള്ള പെരുമാറ്റം എങ്ങനെയായിരുന്നു?*

സ്വർഗ്ഗ പിതാവുകഴിഞ്ഞാൽ വല്യപിതാവു മാർ ഈവാനിയോസ്. സഭയ്ക്കുവേണ്ടി തന്നത്താൻ ഉഴിഞ്ഞുവച്ചുള്ള ഒരു ജീവിതമായിരുന്നു അദ്ദേഹത്തിന്റേത്. വന്ദ്യ പിതാവിന്റെ സഭാപുനരൈക്യത്തിനുവേണ്ടിയുള്ള പരിശ്രമങ്ങൾ സമാധാനത്തിനുള്ള വഴിയെന്ന് പരിപൂർണ്ണമായി മദർ വിശ്വസിച്ചു. വന്ദ്യ പിതാവിനോടുള്ള ആദരവും ഭക്തിയും അനന്യസാധാരണമായിരുന്നു.



www.malankaralibrary.com Scanned with CamScanner

വല്യപിതാവിന് പ്രത്യേകം കസേര, ടൗവ്വൽ, പാത്രങ്ങൾ തുടങ്ങി എല്ലാ സാധനങ്ങളും പ്രത്യേകസ്ഥലത്തു സൂക്ഷിച്ചിരുന്നു. വൈദികരോട് സ്നേഹവും ബഹുമാനവും. എല്ലാവർക്കും അവരർഹിക്കുന്ന പരിഗണന നൽകിയിരുന്നു. സിസ്റ്റേഴ്സിനെ സ്വന്തം സഹോദരികളായി, മക്കളായി കരുതി സ്നേഹിച്ചിരുന്ന നല്ല അമ്മ. ആർക്കും ഒരു പ്രയാസവും വരുത്തുകയില്ല.

*ദൈവാശ്രയത്തെയും ദൈവമാതാവിനോടുള്ള ഭക്തിയെയും പറ്റി?*

വല്യമദർ എല്ലാക്കാര്യങ്ങളും ദൈവത്തെ മുൻനിർത്തിയും, ദൈവാശ്രയത്തോടുകൂടിയും ചെയ്തിരുന്നു. വല്യമദറിന്റെ ദൈവാശ്രയവും, ദൈവഭക്തിയും എന്നും ബഥനിക്ക് ഒരു മുതൽക്കൂട്ടാണ്. ദൈവമാതാവിനോട് അളവറ്റസ്നേഹവും ഭക്തിയും പ്രദർശിപ്പിച്ചിരുന്നു. ഏതാവശ്യത്തിലും മാതാവിന്റെ മാദ്ധ്യസ്ഥം തേടുകയും സാധിക്കുന്നിടത്തോളം ആ പ്രാർത്ഥനകൾ തുടരുകയും ചെയ്തിരുന്നു. "തമ്പുരാനെ പെറ്റ അമ്മച്ചി" യോടുള്ള ഭക്തിയും സ്നേഹവും മാർ ഈവാനിയോസ് പിതാവിൽ നിന്നും അതേപടി പകർത്തിയതായി കാണാം.

*പ്രാർത്ഥനാ ജീവിതത്തെപ്പറ്റി?*

വൈദികപാരമ്പര്യമുള്ള ഒരു കുടുംബത്തിലാണ് മദർ ജനിച്ചുവളർന്നത്. ചെറുപ്പം മുതലേ പ്രാർത്ഥനയിൽ കൂടുതൽ താൽപര്യം പ്രദർശിപ്പിച്ചിരുന്നു. വീട്ടിൽ വച്ചുതന്നെ നിരന്തരം ദൈവികസ്മരണയിലും, ദൈവികസംസർഗ്ഗത്തിലും ജീവിതം കഴിച്ചിരുന്നു. വി. കുർബാനയ്ക്കും യാമനമസ്കാരങ്ങൾക്കും വലിയ പ്രാധാന്യം നൽകിയിരുന്നു. കൃത്യസമയത്തിനു വളരെ മുൻപു തന്നെ ചാപ്പലിൽ എത്തും. ദീർഘസമയം പ്രാർത്ഥനയിൽ മുഴുകും. വന്ദ്യപിതാക്കന്മാർക്കുവേണ്ടി, ബഥനി സമൂഹാംഗങ്ങൾക്കുവേണ്ടി, ദൈവസ്നേഹത്തിനായി, അംഗങ്ങൾ മഠത്തിൽ വരുന്നതിനുവേണ്ടി, മലങ്കര സഭയുടെ പുനരൈക്യത്തിനുവേണ്ടി, ആഗോള സഭയ്ക്കുവേണ്ടി. മലങ്കര കത്തോലിക്കാ സഭയിലേക്ക് കടന്നുവന്നവർക്കുവേണ്ടിയെല്ലാം മദ്ധ്യസ്ഥ പ്രാർത്ഥന നടത്തിയിരുന്നു. ദൈവത്തെ സ്തുതിച്ചുകൊണ്ട് മണിക്കൂറുകൾ ചെലവിട്ടിരുന്നു.

*വല്യമദറിന്റെ നിഷ്ഠാ ജീവിതത്തെപ്പറ്റി?*

നോമ്പ്, പ്രാർത്ഥന, മൗനം, എന്നിവയിലെല്ലാം വലിയ നിഷ്ഠകാണിച്ചിരുന്നു. മൗനത്തെ അത്യധികം വിലമതിക്കുകയും സ്നേഹിക്കുകയും ചെയ്തിരുന്നു വല്യമദർ. ദൈവസംസർഗ്ഗത്തിനുള്ള ഉപാധിയായി മൗനത്തെ കണക്കാക്കിയിരുന്നു. നിരന്തരം ദൈവസാന്നിദ്ധ്യസ്മരണയിലും, നിശ്ശബ്ദ സേവനത്തിലും ആനന്ദം കണ്ടെത്തിയിരുന്നു. ദൃഢമൗനസമയത്ത് ഒരിക്കലും വല്യമദർ സംസാരിച്ചു കണ്ടിട്ടില്ല. ആംഗ്യം കൊണ്ട് സാധിക്കാവുന്നത് ആംഗ്യ



www.malankaralibrary.com Scanned with CamScanner

ത്താൽ തന്നെ ചെയ്തിരുന്നു. രാത്രി പ്രാർത്ഥന കഴിയുന്നതുമുതൽ പിറ്റേ ദിവസം വി. കുർബാന കഴിയുന്നതുവരെ ദൃഢമൗനം നിഷ്ഠയോടെ പാലിച്ചിരുന്നു. അത്യാവശ്യമെങ്കിൽ എഴുതി കാണിക്കും. അനുസരണത്തിന് വലിയ പ്രാധാന്യം നൽകിയിരുന്ന വല്യമദർ എല്ലാവർക്കും മാതൃകയായിരുന്നു.

*സഹകരണ മനോഭാവത്തെപ്പറ്റിയും സമൂഹജീവിതത്തെപ്പറ്റിയും എന്താണ് പറയാനുള്ളത്?*

അഭിവന്ദ്യ മാർ ഈവാനിയോസ് പിതാവിനോടു ചേർന്നു നിന്ന് കൂടെയുള്ളവരെക്കൂടെ സഹകരിപ്പിച്ചു മുന്നേറുന്നതിൽ വല്യമദർ 100% വിജയം കൈവരിച്ചു. മേലദ്ധ്യക്ഷകളോട് കീഴ്‌വഴക്കത്തോടെ പെരുമാറിയിരുന്നു. ഒരിക്കലും പരാതി പറഞ്ഞു കേട്ടിട്ടില്ല. വല്യമദർ ദേഷ്യപ്പെടുന്ന ഒരവസരവും കണ്ടിട്ടില്ല . മാത്രമല്ല സിസ്റ്റേഴ്സ് ഓരോരുത്തർക്കും അവരർഹിക്കുന്ന സ്നേഹവും, കരുതലും അംഗീകാരവും നൽകിയിരുന്ന ഒരു 'നല്ല അമ്മ' യായിരുന്നു. മലങ്കര കത്തോലിക്കാ സഭയിലേക്കു കടന്നു വന്ന സഹോദരങ്ങൾക്ക് ഒരു 'സ്നേഹമുള്ള അമ്മ'യെയാണ് മദറിൽ ദൃശ്യമായിരുന്നത്.

*ലാളിത്യം, ശുചിത്വം ഇവയെപ്പറ്റിയുള്ള പാഠങ്ങൾ?*

ബാഹ്യ ശുചിത്വത്തെ ആന്തരിക വിശുദ്ധിയുടെ ബഹിർസ്പുരണമായി കണ്ടിരുന്ന വല്യമദർ എല്ലാ സ്ഥലവും വൃത്തിയായി സൂക്ഷിക്കുന്നതിൽ ശ്രദ്ധിച്ചിരുന്നു. മഠവും പരിസരങ്ങളും ഏറ്റവും വൃത്തിയായി സൂക്ഷിച്ചിരുന്നു. ആഴ്ചതോറും മഠത്തിലെ എല്ലാ മുറികളും വരാന്തയും കഴുകി വെടിപ്പാക്കിയിരുന്നു. ചാപ്പലിലെ വിരികൾ, വി. കുർബാനയ്ക്കുപയോഗിക്കുന്ന വസ്ത്രങ്ങൾ, പൊതുവിലുള്ള ഷീറ്റുകൾ, തോർത്ത് തുടങ്ങിയവയെല്ലാം സമയാസമയങ്ങളിൽ വെടിപ്പായും വൃത്തിയായും അലക്കി യഥാസ്ഥാനങ്ങളിൽ ക്രമപ്പെടുത്തി വയ്ക്കുന്നതിൽ അതീവ ശ്രദ്ധപുലർത്തിയിരുന്നു.

മദറിന്റെ വസ്ത്രങ്ങൾ, സ്വന്തം ഉപയോഗസാധനങ്ങൾ ഇവ വളരെ ലളിതമായിരുന്നു. ലാളിത്യമാർന്ന ജീവിതശൈലി മറ്റുള്ളവർക്ക് മാതൃകയായിരുന്നു. സംസാരവും പെരുമാറ്റവുമെല്ലാം വിനയാന്വിതമായിരുന്നു. ശാന്തതയും സൗമ്യതയും ലാളിത്യവും മദറിൽ കണ്ടിരുന്ന സവിശേഷതകളാണ്.

*വല്യമദറിന്റെ ദീർഘ വീക്ഷണത്തെപ്പറ്റി.*

ആദ്യത്തെ സമൂഹാദ്ധ്യക്ഷ മദർ ശൈന ആയിരുന്നു. ബഥനിയുടെ ആദ്യകാലങ്ങളിൽ ദാരിദ്ര്യവും പട്ടിണിയുമൊക്കെ സഹിച്ചുകൊണ്ടാണ് നമ്മുടെ മദേഴ്സ് കഴിഞ്ഞുകൂടിയത്. കാച്ചിലും, കപ്പയും മറ്റു കിഴങ്ങുവർഗ്ഗങ്ങളും പച്ചക്കറികളുമൊക്കെ കൃഷിചെയത് അതിൽ നിന്നും ലഭിക്കുന്ന ഫലങ്ങൾ ഭക്ഷണമാക്കിയിരുന്ന ഒരു കാലഘട്ടമുണ്ടായിരുന്നു. പ്രത്യേകിച്ച് യുദ്ധകാലം. പഴങ്ങളുണ്ടാകുന്ന ഫലവൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുന്നതിൽ മദർ ശൈന ജാഗ്രത പുലർത്തിയിരുന്നു. തെങ്ങ്, മാവ്, പ്ലാവ് തുടങ്ങിയ ഫലവൃക്ഷങ്ങൾ



www.malankaralibrary.com Scanned with CamScanner

നാലാഞ്ചിറ മഠത്തിന്റെ പറമ്പിൽ വളരെ അധികമായി നട്ടുപിടിപ്പിച്ചു. മാങ്ങയും ചക്കയും തേങ്ങയും ധാരാളമായി പറമ്പിൽ നിന്നും ലഭിച്ചിരുന്നു. മാമ്പഴവും ചക്കപ്പഴവും പേരയ്ക്കായും ചാമ്പക്കായും ഞാവൽ പഴവുമൊക്കെ സുലഭമായി ഞങ്ങൾക്കു ലഭിച്ചിരുന്നു. ഇപ്പോഴും മദർ ശൈനായുടെയും മദേഴ്സിന്റെയും പ്രയത്നത്തിന്റെ ഫലം നാം അനുഭവിച്ചുകൊണ്ടിരിക്കുന്നു. നടുമുറ്റത്തുണ്ടായിരുന്ന പ്ലാവും മുൻവശത്തുണ്ടായിരുന്ന പ്ലാവും പറമ്പിൽ അവിടെയും ഇവിടെയുമായി ഉയർന്നു കാണുന്ന തെങ്ങും പ്ലാവുമൊക്കെ മദറിന്റെ ദീർഘദൃഷ്ടിയുടെയും സഹോദരസ്നേഹത്തിന്റെയും സേവനത്തിന്റെയും ഫലമാണ്.

"അനേകം പ്രയാസങ്ങളും ഞെരുക്കങ്ങളും ഉണ്ടായിരുന്നിട്ടും കർത്താവിനെയും നമ്മുടെ ദൈവവിളിയെയും മുറുകെപിടിപ്പാൻ ദൈവം അനുഗ്രഹിച്ചതിനായി സ്തോത്രം"

മദർ ശൈന



www.malankaralibrary.com Scanned with CamScanner

## രണ്ട്

### ഫാദർ പക്കോമിയൂസ്

(മദർ ശൈനായെ ബഥനിയുടെ ആരംഭകാലം മുതൽ നന്നായി അറിഞ്ഞിരുന്ന ബ. പക്കോമിയൂസ് O.I.C അച്ചൻ)

*മദർ ശൈനായെ നന്നായി അറിയാവുന്ന ആൾ എന്നനിലയിൽ, മദറിനെപ്പറ്റി എടുത്തുപറയാവുന്ന കാര്യങ്ങൾ എന്തൊക്കെയാണ്?*

എനിക്ക് മദറുമായി അടുത്തുപരിചയപ്പെടുന്നതിനും മദറിന്റെ കഴിവുകളും നന്മകളും മനസിലാക്കുന്നതിനും സാധിച്ചിട്ടുണ്ട്. സംഭവബഹുലമായ ഒരു ജീവിതമായിരുന്നില്ല അത്. പ്രത്യുത പ്രശാന്തമായ ജീവിതമായിരുന്നു മദർ ബഥനിയിൽ നയിച്ചിരുന്നത്. സൗമ്യമായ സംസാരം, ശാന്തമായ പെരുമാറ്റം, നിഷ്ക്കളങ്കസ്വഭാവം, വിനയഭാവം, മറ്റുള്ളവരോടുള്ള സ്നേഹം ഇവ മദറിലേക്ക് മറ്റുള്ളവരെ ആകർഷിച്ചിരുന്നു.

*മലങ്കര സഭയിൽ സ്ത്രീകൾക്കു സന്ന്യാസം ഇല്ലാതിരുന്ന ഒരു കാലത്ത് M. A. അച്ചൻ അങ്ങനെ ഒരു പ്രസ്ഥാനം ആരംഭിച്ചത് വലിയ ഒരു സാഹസമായിരുന്നില്ലേ? അതെപ്പറ്റി?*

മലങ്കരസഭയിൽ സ്ത്രീകൾക്ക് സന്ന്യാസം ഇല്ലാതിരുന്ന ഒരു കാലത്ത് M. A. അച്ചനാണ് അങ്ങനെ ഒരു പ്രസ്ഥാനം മലങ്കര യാക്കോബായ സഭയിൽ വേണമെന്ന് ആഗ്രഹിച്ചതും അതിനായി ബഥനിസന്ന്യാസിനീസമൂഹം സ്ഥാപിച്ചതും. അത് വലിയ ഒരു സാഹസം തന്നെയായിരുന്നു. ദൈവത്തിനായി സ്വയം പ്രതിഷ്ഠിതരായ സ്ത്രീകളെക്കൊണ്ട് വളരെയേറെ നന്മ ലോകത്തിൽ ചെയ്യാനാകുമെന്ന് അദ്ദേഹം ദൃഢമായി വിശ്വസിക്കുകയും അതിനായി മുന്നോട്ടുവന്ന കുട്ടികളെ പൂർവ്വ ബംഗാളിലുള്ള ബാരിസോളിൽ എപ്പിഫനിസിസ്റ്റേഴ്സിന്റെ സംരക്ഷണയിൻ കീഴിൽ സന്ന്യാസ പരിശീലനത്തിനായി അയയ്ക്കുകയുമുണ്ടായി.

*അർത്ഥിനികളായി അയയ്ക്കപ്പെട്ടവരുടെ സന്ന്യാസ പരിശീലനം, സന്ന്യാസ പ്രതിഷ്ഠ, ഇവയെപ്പറ്റി പറയാമോ?*

1915 മുതൽ 20 വരെ ബാരിസോളിൽ ഏകദേശം 11 അർത്ഥിനികൾ സന്ന്യാസ പരിശീലനത്തിനായി പോയി. അവരെ 1920-ൽ തിരുമൂലപുരത്തു പുതുതായി പണികഴിപ്പിച്ച മഠത്തിലേക്കു കൊണ്ടുവരികയും, എപ്പഫനി



www.malankaralibrary.com Scanned with CamScanner

സിസ്റ്റേഴ്സിന്റെ മേൽനോട്ടത്തിൽതന്നെ സന്ന്യാസപരിശീലനം തുടരുകയും ചെയ്തു. മലങ്കരസഭാ മേലദ്ധ്യക്ഷന്, സ്ത്രീകൾക്കായി സന്ന്യാസിനീ സമൂഹം സ്ഥാപിക്കുന്നതിനോട് അനുകൂല മനോഭാവം ഉണ്ടായിരുന്നില്ല. ഒരുമെത്രാനുമാത്രമേ സന്ന്യാസ പതിഷ്ഠ സ്വീകരിക്കുന്നതിന്, അധികാര മുണ്ടായിരുന്നുള്ളുതാനും, പരിശീലനകാലം വളരെഅധികം ദീർഘിച്ചു. വളരെ വർഷങ്ങൾ അർത്ഥിനികൾ വ്രതാനുഷ്ഠാനത്തിനായി കാത്തിരി ക്കേണ്ടി വന്നു.

*പിന്നെ എങ്ങനെയാണു സന്ന്യാസപ്രതിഷ്ഠ സാധിച്ചത്?*

1925 മെയ് 1-ാം തീയതി മാർ ഈവാനിയോസ് എന്ന പേരിൽ M.A അച്ചൻ മെത്രാനായി അഭിഷേകം ചെയ്യപ്പെട്ടു. അതിനുശേഷം 1925 സെപ്റ്റം ബർ 21-ാം തീയതി, ദീർഘകാലമായി സന്ന്യാസപരിശീലനത്തിൽ കഴിഞ്ഞി രുന്ന മഠത്തിലെ ആദ്യ അംഗങ്ങൾ മൂന്നുപേർ ശൈന, ഹൂബ, ദനഹ എന്നീ സുറിയാനി നാമങ്ങൾ സ്വീകരിച്ചുകൊണ്ട് മാർ ഈവാനിയോസ് തിരുമേനി യുടെ മുമ്പാകെ വ്രതവാഗ്ദാനം ചെയ്ത് തങ്ങളെത്തന്നെ ദൈവത്തിനു പ്രതിഷ്ഠിച്ചു. ബഥനി മിശിഹാനുകരണസഭയിലെ ആദ്യത്തെ അംഗമാകാ നുള്ള ഭാഗ്യം മദർ ശൈനായിക്കു കൈവന്നു. അങ്ങനെ മലങ്കര സഭയിൽ സ്ത്രീകളുടെ സന്ന്യാസ സമൂഹത്തിന് തുടക്കം കുറിച്ചു.

*സിസ്റ്റേഴ്സിന്റെ കത്തോലിക്കാ പുനരൈക്യത്തെപ്പറ്റി?*

കൊല്ലത്തുവച്ച് 1930 സെപ്റ്റംബർ 20-ാം തീയതിയാണ് മാർ ഈവാ നിയോസ് തിരുമേനിയുടെ ചരിത്രപ്രസിദ്ധമായ പുനരൈക്യം നടന്നത്. തുടർന്ന് സെപ്റ്റംബർ 22-ാം ബഥനി സന്ന്യാസിനി സമൂഹത്തിലുണ്ടായി രുന്ന അംഗങ്ങൾ പത്തുപേരും പുനരൈക്യപ്പെടുകയുണ്ടായി. അന്നുണ്ടാ യിരുന്ന അംഗങ്ങൾ എല്ലാവരും ഒന്നിച്ചുനില്ക്കാൻ കാരണം, സുപ്പീര്യറായ മദർ ശൈനായുടെ നന്മയാണ്. അന്യോന്യമുള്ള സ്നേഹവും ബന്ധവും അത്ര ദൃഢമായിരുന്നു. സഭയ്ക്കുവേണ്ടി സ്വയം ഉഴിഞ്ഞുവച്ചുകൊണ്ടുള്ള ഒരു ജീവിതമായിരുന്നു മാർ ഈവാനിയോസ് തിരുമേനിയുടേത്. സഭാപുന രൈക്യത്തിനുവേണ്ടിയുള്ള അദ്ദേഹത്തിന്റെ പരിശ്രമങ്ങൾ ശാന്തിയിലേക്കും സമാധാനത്തിലേക്കും നയിക്കുമെന്നുള്ള പരിപൂർണ്ണബോദ്ധ്യം മദർ ശൈനാ യിക്കും മഠാംഗങ്ങൾക്കെല്ലാവർക്കും ഉണ്ടായിരുന്നു.

*വല്യമദറിന്റെ ഭരണപാടവത്തെപ്പറ്റി അച്ചന് പറയാനുള്ളത്?*

വലിയ ഭരണനൈപുണ്യം ഉള്ള ആളായിരുന്നില്ല. എങ്കിലും മദർ സ്നേഹമായി സൗമ്യമായി മഠാംഗങ്ങളെ നയിച്ചിരുന്നു. എല്ലാവരുടെയും 'സീനിയർ' എന്ന നിലയിൽ എല്ലാവർക്കും നല്ലമാതൃകയായിരുന്നു. മഠത്തി ലുള്ള എല്ലാ അംഗങ്ങൾക്കും ബഹുമാന്യയായ "നല്ല അമ്മ." 1926-ൽ "മഹ ത്പ്രതിഷ്ഠ" നടത്തി തന്നെത്തന്നെ യാഗമായി ദൈവത്തിനർപ്പിച്ച മദർ ശൈന, എല്ലാവർക്കും പ്രീതിയുള്ളവളായിരുന്നു. മറ്റുള്ളവരെ അംഗീകരി



www.malankaralibrary.com Scanned with CamScanner

ക്കാനുള്ള മനസ്സ്, അമ്മയെപ്പോലെ മറ്റുള്ളവരെ കരുതാനുള്ള മനോഭാവം, സമൂഹസ്ഥാപകനായ അഭിവന്ദ്യപിതാവിനോട് ചോദിച്ചും അനുവാദത്തോടുകൂടിയും മാത്രം ഏതൊരുകാര്യവും ചെയ്യുന്ന വിധേയമനോഭാവം ഇവയെല്ലാം മദറിന്റെ ഗുണങ്ങളായി ഞാൻ മനസ്സിലാക്കിയിട്ടുള്ളവയാണ്.

*നാലാഞ്ചിറ മഠത്തിൽ, മദർ സുപ്പീര്യറായി. തുടർന്ന് അംഗമായിരുന്ന കാലത്തെപ്പറ്റി അച്ചന്.....?*

തിരുമൂലമഠത്തിൽ, 1926 മുതൽ 1936 വരെ സുപ്പീര്യറായിരുന്ന മദർ ശൈന തുടർന്നു നാലാഞ്ചിറമഠത്തിലും മൂന്നുവർഷക്കാലം സുപ്പീര്യറായി തുടർന്നു. മഠത്തിന്റെ വിസ്തൃതമായ പറമ്പ് കാടുപിടിച്ചുകിടന്നിരുന്നു. ഈ കാട്ടുപ്രദേശം വെട്ടിത്തെളിക്കുന്നതിനും, മഠം പണിയിക്കുന്നതിനുമുള്ള മേൽനോട്ടം വഹിക്കുവാൻ എനിക്കു സാധിച്ചു എന്നതിൽ സന്തോഷമുണ്ട്. 1939-ൽ രണ്ടാം ലോകമഹായുദ്ധം പൊട്ടിപ്പുറപ്പെട്ടു. രാജ്യം ദാരിദ്ര്യത്തിലും പട്ടിണിയിലുമായി. മഠത്തിലും കാലയാപനത്തിനു ബുദ്ധിമുട്ടായിരുന്നു. റേഷനായി അരിയും, ഗോതമ്പും ബജ്റായുമൊക്കെ കുറേശെ ലഭിച്ചിരുന്നു. പറമ്പിൽ വാഴ, കപ്പ, കാച്ചിൽ തുടങ്ങിയ കിഴങ്ങു വർഗങ്ങൾ കൃഷിചെയ്തിരുന്നു. അധ്വാനിച്ചു കൃഷിചെയ്തിരുന്നവയിൽനിന്നും കിട്ടുന്ന ഫലങ്ങൾ പച്ചക്കറികൾ ഇവയാണ് ആഹാരത്തിന് ഉപയോഗിച്ചുവന്നിരുന്നത്. പറമ്പിൽ പ്ലാവ്, മാവ്, തെങ്ങ്, തുടങ്ങിയ ഫലവൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുന്നതിൽ മദറും സിസ്റ്റേഴ്സും വളരെതാല്പര്യം കാണിക്കുകയും കഴിയുന്നിടത്തോളം ഫലവൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുകയും ചെയ്തു. വളരെ അധ്വാനപരവും ത്യാഗനിർഭരവുമായ ഒരു ജീവിതമാണ് മഠാംഗങ്ങൾ നയിച്ചിരുന്നത്.

*വല്യമദറിന്റെ ജീവിതത്തിലെ അവസാനനാളുകളെപ്പറ്റി.*

ദീർഘകാലം സുഖമില്ലാതെ ഒരു രോഗിയായി മദർ കഴിയേണ്ടിവന്നു. ശയ്യാവലംബിയായ മദറിനെ പല പ്രാവശ്യം പോയി കാണാൻ എനിക്കു സാധിച്ചിട്ടുണ്ട്. ദൈവതിരുമനസ്സിനു കീഴ്വഴങ്ങി എല്ലാം സഹിച്ചിരുന്നു. സഹനത്തിലും പ്രസന്നതയും സന്തോഷവും ശാന്തതയും മുഖത്തു ദൃശ്യമായിരുന്നു. ആവലാതിയോ പിറുപിറുപ്പോ ഒന്നും മദറിൽ നിന്നും വന്നിട്ടില്ല എന്ന് പറഞ്ഞു കേട്ടിട്ടുണ്ട്.

*വല്യമദറിന്റെ മരണം, സംസ്കാരം ഇവയെപ്പറ്റി?*

1951 ഒക്ടോബർ 10-ാം തീയതി വല്യമദർ നിര്യാതയായി. ഞാൻ അന്ന് കറ്റാനംപള്ളി വികാരിയായിരുന്നു. 11-ാം തീയതിയായിരുന്നു മദറിന്റെ സംസ്കാരകർമ്മം നടന്നത്. അന്ന് ഞാൻ മദറിന്റെ ആത്മശാന്തിക്കായി വി. കുർബ്ബാന അർപ്പിക്കുകയുണ്ടായി. മദറിന്റെ സംസ്കാരകർമ്മത്തിൽ പങ്കുകൊള്ളാനായി കറ്റാനത്തുനിന്ന് ഞാൻ നാലാഞ്ചിറ മഠത്തിൽ എത്തിച്ചേർന്നത് വളരെ ബദ്ധപ്പെട്ടാണ്. എങ്കിലും അത് ഒരു ഭാഗ്യമായി ഞാൻ കരുതുന്നു.




www.malankaralibrary.com Scanned with CamScanner

നാലാഞ്ചിറമഠം വകയായി പുതുതായി നിർമ്മിച്ച സെമിത്തേരിയിൽ തന്നെ സമൂഹത്തിലെ ആദ്യ അംഗമായ മദർ ശൈന സംസ്കരിക്കപ്പെട്ടു. ബഥനി സന്യാസിനി സമൂഹ സ്ഥാപകനും മലങ്കരകത്തോലിക്കാസഭയുടെ പരമാദ്ധ്യക്ഷനുമായിരുന്ന മാർ ഈവാനിയോസ് പിതാവുതന്നെയായിരുന്നു പ്രധാനകാർമ്മികൻ. അന്ന് മാർ ഈവാനിയോസ് കോളേജിന്റെ പ്രിൻസിപ്പാളായിരുന്ന ബനഡിക്റ്റ് O. I. C അച്ചൻ (അഭിവന്ദ്യബനഡിക്റ്റ് മാർ ഗ്രിഗോറിയോസ് തിരുമേനി) ആണ് മദറിന്റെ ചരമപ്രസംഗം നടത്തിയതെന്ന് ഓർമ്മിക്കുന്നു. അനേകം വൈദികരുടെയും സിസ്റ്റേഴ്സിന്റെയും, ജാതിമതഭേദമെന്യേ വന്നുകൂടിയ ജനക്കൂട്ടത്തിന്റെയും സാന്നിദ്ധ്യത്തിലും സഹകരണത്തിലുമാണ് സംസ്കാരകർമ്മം നടന്നത്. ഇന്നെന്നപോലെ വല്യമദറിനെക്കുറിച്ചുള്ള ഓർമ്മ മനസ്സിൽ മായാതെ നിൽക്കുന്നു. പാവനചരിതയായ മദർ ബഥനി മക്കൾക്ക് 'ഒരമ്മ' തന്നെയായിരുന്നു. വല്യമദറിന്റെ പാവനസ്മരണ എന്നും നിലനിൽക്കും.



www.malankaralibrary.com Scanned with CamScanner

# മദർ ശൈനായുടെ കൈയെഴുത്തുപ്രതി





www.malankaralibrary.com Scanned with CamScanner

www.malankaralibrary.com Scanned with CamScanner




മുക്കഞ്ചേരി തറവാട് (1866)
മദർ ശൈനായുടെ മൂത്തസഹോദരൻ കുഞ്ഞിച്ചെറിയ പണികഴിപ്പിച്ച വീട്




മദർ ശൈനായുടെ മൂത്തസഹോദരൻ കുഞ്ഞിച്ചെറിയയുടെ
Great Grandson (നാലാം തലമുറക്കാരൻ)
M.C. വറുഗീസും, ഭാര്യ കുഞ്ഞുഞ്ഞമ്മയും, അമ്മ ഏലമ്മയും



www.malankaralibrary.com Scanned with CamScanner



മദർ ശൈന
ബഥനിയുടെ വലിയമദർ



കർമ്മേലിലെ കർമ്മയോഗി
സ്ലീബാദാസസമൂഹസ്ഥാപകൻ
പത്രോസ് മാർ ഒസ്താത്തിയോസ് തിരുമേനി
(മദർശൈനായുടെ സഹോദരൻ)



www.malankaralibrary.com Scanned with CamScanner



മദർ ശൈനായുടെ കുടുംബത്തിലെ
പിൻതലമുറക്കാരായ സന്ന്യാസിനിമാർ
സി.റജീന, സി.ബ്രിജിറ്റ്, സി.മരിയറാണി,
സി.കൊച്ചുറാണി, സി.ശൈനാമേരി




മദർ ശൈനയുടെ
സഹോദരീപുത്രൻ ബ. പീറ്റർ രാമനാട്ട് അച്ചനും കുടുംബാംഗങ്ങളും



www.malankaralibrary.com Scanned with CamScanner

ബഥനിയിലെ ആദ്യ അംഗങ്ങൾ (1925)



മദർ ശൈന, മാർ ഈവാനിയോസ് തിരുമേനി,
മദർ ഹൂബ, മദർ ദനഹ



മദർ ശൈന, എപ്പിഫനി സിസ്റ്റേഴ്സും സമൂഹാംഗങ്ങളും ഒപ്പം (1926)

ഒന്നാം നിര : കെ. എ ഏല്യാമ്മ, (മദർ സൈബാർ), പി.പി. അന്നമ്മ (മദർ മാക്സ)

രണ്ടാം നിര : സിസ്റ്റർ ഹെലൻ, മദർ ശൈന, സിസ്റ്റർ രൂത്ത്

മൂന്നാം നിര : മദർ ഹൂബ, അച്ചാമ്മ (കറ്റോട്ട്) മദർ ദനഹ, അന്നമ്മ ആന്നിയിൽ (മദർ സൾഗ)



www.malankaralibrary.com Scanned with CamScanner

മാർ ഈവാനിയോസ് തിരുമേനി
മദർ ശൈനായോടും സമൂഹാംഗങ്ങളോടും ഒപ്പം



മുൻനിര : മദേഴ്സ് മാക്സ, ദനഹ, ബാസിം, ശൈന, സൾഗ, സൈബാർ


രണ്ടാംനിര : സിസ്റ്റേഴ്സ് ഹനോനോ, ഹഫീത്ത, ബ്രുക്സ, മദർ ഹൈമ്നൂസ്, സബ്ര, തോബ്സ

മൂന്നാംനിര : സിസ്റ്റേഴ്സ് പത്രീസ്, ഹെംസ, സെമഹ, ഹബീബ, റെസ്മ



www.malankaralibrary.com Scanned with CamScanner

മദർ ശൈനായുടെ മൃതദേഹത്തിനരികിൽ പ്രാർത്ഥനാനിരതരായി



മാർ ഈവാനിയോസ് തിരുമേനിയും സമൂഹാംഗങ്ങളും

അന്ത്യ ആശിർവാദം



www.malankaralibrary.com Scanned with CamScanner

മാർ ഈവാനിയോസ് പിതാവിനോടുകൂടി 1930 ൽ പുനരൈക്യപ്പെട്ട
ബഥനി സന്യാസിനി സമൂഹത്തിലെ പത്ത് മദേഴ്സ്



മുൻനിരയിൽ : മാക്സ, സൾഗ, ശൈന, ഹൂബ, ദനഹ, ത്രിസൂസ്
പിൻനിരയിൽ : ഹൈമ്നൂസ്, ബാസിം, സൈബാർ, തൈബൂസ്



www.malankaralibrary.com Scanned with CamScanner

സമൂഹസ്ഥാപകപിതാവ്



ആർച്ച്ബിഷപ്പ് മാർ ഈവാനിയോസ്



www.malankaralibrary.com Scanned with CamScanner

www.malankaralibrary.com Scanned with CamScanner